"ഈ ഉണങ്ങി വരണ്ട
ഭൂമിയിൽ പ്രേമത്തിന്റെ
ബീജം കിളിർക്കാൻ
പ്രേമവർഷം ചൊരിയണം.
പ്രേമസരിത്തുകൾ ഒഴുകട്ടെ.
നമുക്ക് പ്രേമത്തിന്റെ
വിള കൊയ്തെടുക്കാം."



"ആത്മീയ പ്രേമം
ഉണ്ടാകുകയും
വർദ്ധിക്കുകയും ചെയ്യും.
എന്നാൽ
ലൗകിക പ്രേമം
വരും, പോകും."

സ്വാമി ശാന്താനന്ദ പുരി

## ശ്രീമദ് ഭാഗവതം

**ആധുനിക മനുഷ്യനു നല്കുന്ന സന്ദേശം**

സ്വാമി ശാന്താനന്ദപുരി, പൂർവസമ്പ്രദായമനുസരിച്ചുള്ള ഭാഗവത മഹാപുരാണത്തിന്റെ സംഗ്രഹമോ കഥയോ ദർശനമോ ഒന്നുമല്ല ഇവിടെ അവതരിപ്പിക്കുന്നത്. നമുക്കേവർക്കും വേണ്ടി ഭാഗവതം നല്കുന്ന സന്ദേശത്തിന്റെ സംക്ഷിപ്തവും ദീപ്തവുമായ രൂപമാണ് ആവിഷ്കരിക്കുന്നത്.

നാലു ദശാബ്ദമായി സ്വാമി ചെയ്തുവരുന്ന നാമജപം, ധ്യാനം, പ്രഭാഷണം തുടങ്ങിയ മാർഗങ്ങളിലൂടെ സദ്ഗുരു സ്വാമിപുരുഷോത്തമാനന്ദജിക്ക് (വസിഷ്ഠ ഗുഹ പി.ഒ, ഗൂലാർ ദോഗി, 249303, തെഹ്റി ഗാർവാൾ, യു.പി, ഹിമാലയാസ്) നല്കുന്ന സമർപ്പണമാണിത്. പ്രശസ്തരായ സജ്ജനങ്ങളുമായി ചർച്ച ചെയ്ത കാര്യങ്ങളും അവർ ഭാഗവതത്തെപ്പറ്റി ഗ്രഹിച്ച ഉദാത്ത സംഗതികളുമെല്ലാം ഇതിൽ സ്വാംശീകരിച്ചിട്ടുണ്ട്. അറിവിന്റെ സമുദ്രം മഥനം ചെയ്യാൻ സമർത്ഥനായ സ്വാമിജി മനുഷ്യരാശിക്ക് ആത്മീയാനന്ദത്തിന്റെ അമൃതമാണ് ഇവിടെ സമ്മാനിക്കുന്നത്.

# ശ്രീമദ് ഭാഗവതം

## ആധുനിക മനുഷ്യനു നല്കുന്ന സന്ദേശം



# ശ്രീമദ് ഭാഗവതം

ആധുനിക മനുഷ്യനു നല്കുന്ന സന്ദേശം

**സ്വാമി ശാന്താനന്ദ പുരി**

വിവർത്തനം
**ഡോ. വി.എസ്. ശർമ്മ**

സ്വാമി ശാന്താനന്ദ പുരി
സദ്ഗുരു ഭക്തസമിതി
തിരുവനന്തപുരം

ശ്രീമദ് ഭാഗവതം : ആധുനിക മനുഷ്യന് നല്കുന്ന സന്ദേശം

പഠനം : സ്വാമി ശാന്താനന്ദപുരി

മലയാള പരിഭാഷ : ഡോ. വി.എസ്. ശർമ്മ

പ്രസിദ്ധീകരണം : സ്വാമി ശാന്താനന്ദ പുരി
സദ്ഗുരു ഭക്തസമിതി
തിരുവനന്തപുരം

ആദ്യ പതിപ്പ് : 2006 ആഗസ്റ്റ്

കവർ പേജ് : സി.എസ്. കൃഷ്ണഷെട്ടി

കോപ്പി : 1000

ഡി.റ്റി.പി. കമ്പോസിങ്ങും അച്ചടിയും : **അക്ഷര ഓഫ്സെറ്റ്**
വഞ്ചിയൂർ, തിരുവനന്തപുരം - 695 035
ഫോൺ : 0471-2471174

# സമർപ്പണം

സംപൂജ്യനായ ഗുരു
സ്വാമി പുരുഷോത്തമാനന്ദജിക്കും
(വസിഷ്ഠ ഗുഹ, യു.പി. ഹിമാലയം)
ഗുരുജി മുഖേന
ബഹുസഹസ്രം സാധകന്മാർക്കും

**സ്വാമി ശാന്താനന്ദ പുരി**

Srimad Bhagavatham : Its Message for the Mankind
Study in English by : Swami Shanthananda Puri

Malayalam Translation by : Dr. V.S. Sharma

Published by : Swami Shanthananda Puri
Sadguru Bhaktha Samithi
Thiruvananthapuram

First Edition : 2006, August

Copy : 1000

D.T.P & Printed at : **AKSHARA OFFSET**
Vanchiyoor, Thiruvananthapuram
Phone : 0471-2471174

# ആമുഖം

ലോകമെമ്പാടുമുള്ള ജനത, ശ്രദ്ധയിൽ നിന്നും അമൂല്യമായ ഭൂതകാല മഹത്വം വഴുതിപ്പോകയും ഇനിയും അനിശ്ചിതാവസ്ഥയിലുള്ള ഭാവിയിൽ ചുറ്റുപാടും ഭൗതികതയുടെ നിശിതാവയവങ്ങൾ മനുഷ്യനെ വലയം ചെയ്കയും കണ്ടുപിടിത്തങ്ങളും ഗവേഷണ ഫലങ്ങളും ജീവിതത്തിലേക്ക് സംഘർഷങ്ങളും പരിവർത്തനങ്ങളും തകർച്ചയും ഭീകരതയും കൊണ്ടു വരികയും ചെയ്യുന്ന തരത്തിൽ വർത്തിക്കയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ഭാഗവത പുരാണത്തെപ്പറ്റിയുള്ള പഠനം തികച്ചും സമയോചിതവും അനുയോജ്യവുമാണ്. കാലിന്നടിയിലെ മണ്ണ് ഒഴുകിപ്പോകയും നിൽക്കാൻ തന്നെ പ്രയാസമായിരിക്കയും ചെയ്യുന്ന അവസരത്തിൽ, നൈരാശ്യത്തോടെ മനുഷ്യൻ എന്തെങ്കിലും ഒരു അവലംബം ദൃഢതരമായി ആവശ്യമാണെന്ന് ആഗ്രഹിക്കുന്നു. നാമെല്ലാം ആഗ്രഹിക്കുന്ന ആ അവലംബ ബലമാണ് ഈ ഗ്രന്ഥത്തിലൂടെ സ്വാമിജി ഉപദേശിച്ചു തരുന്നത്.

പന്ത്രണ്ടു സ്കന്ധങ്ങളും 18000 ശ്ലോകങ്ങളുമുള്ള ഭാഗവത മഹാപുരാണം അത് വിരചിതമായ കാലത്തെന്നപോലെ ഇന്നും ശാശ്വതമായ ആത്മീയ വിജ്ഞാന സ്വരൂപമെന്ന നിലയ്ക്ക് അതീവ പ്രസക്തമാണ്. അറിവിന്റെ പ്രഭവസ്ഥാനമാണത്. സത്വരമായി തയ്യാറാക്കുന്ന ഭക്ഷണം, ഇന്റർനെറ്റിൽ കൂടി ലഭിക്കുന്ന വാർത്തകൾ, സത്വര വിവാഹങ്ങൾ, സത്വര വിയോഗങ്ങൾ – ഇങ്ങനെയുള്ള ജെറ്റ് യുഗത്തിരക്കുകൾക്കിടയിൽ പൗരാണികവും മതപരവുമായ വിപുല ഗ്രന്ഥങ്ങൾ വായിക്കാൻ നമുക്കു നേരം കിട്ടുകയില്ല. ഈ കാലസ്വഭാവം അംഗീകരിച്ചുകൊണ്ട് സ്വാമി ശാന്താനന്ദപുരി, പരീക്ഷിത്ത് ശൈലിയിൽ സാധനയ്ക്കും മുക്തിക്കും വേണ്ടി ഒരു 'സത്വര ലേഖം' സമ്മാനിച്ചിരിക്കുന്നു.

നമ്മുടെ മുൻഗാമികളേക്കാൾ നാം ഭാഗ്യശാലികളാണ്. അവരെപ്പോലെ ക്ലേശകരമായ ധ്യാനമോ വ്രതാനുഷ്ഠാനമോ യജ്ഞമോ പ്രയാസപൂർണമായ സേവനമോ ആരാധനയോ യാതൊന്നും നാം ചെയ്യേണ്ടതില്ല. നാം ആകെ നിർവഹിക്കേണ്ടത് സാധിക്കുമ്പോഴൊക്കെ ഭഗവാനെ സ്മരിക്കുകയും ഭഗവാന്റെ നാമം ജപിക്കുകയും ചെയ്യുക മാത്രമാണ്.

ചെന്നൈ

ജെ. പത്മനാഭയ്യർ

# പ്രസാധകരുടെ കുറിപ്പ്

സ്വാമി ശാന്താനന്ദപുരിയുടെ "ശ്രീമദ് ഭാഗവതം – ആധുനിക മനുഷ്യന് അതു നല്കുന്ന സന്ദേശം" എന്ന ഗ്രന്ഥം പ്രകാശിപ്പിക്കാൻ സാധിച്ചതിൽ 'വാക്' പ്രസാധകർ അതീവ ധന്യരാണ്.

ബാംഗ്ലൂരിൽ ദിനേശ് – രാജ് ഹിമത് സിങ്കയുടെ ഗൃഹത്തിൽ വച്ച് 1997–ൽ സംഘടിപ്പിക്കപ്പെട്ട ഭാവത സപ്താഹ വേളയിലാണ് ഈ ഗ്രന്ഥം ഇംഗ്ലീഷിൽ പ്രകാശിപ്പിച്ചത്. അതിന് മൂന്നു പതിപ്പുകൾ ആയിരിക്കുന്നു. പല പ്രാദേശിക ഭാഷകളിലും ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കപ്പെട്ടു. മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാൻ ഇതുവരെയും സാധിച്ചില്ല. ഇതാ ഇപ്പോൾ അതു സാധിച്ചിരിക്കുന്നു. പ്രശസ്ത പണ്ഡിതനും ഗ്രന്ഥകാരനുമായ ഡോ. വി.എസ്. ശർമ്മ അദ്ദേഹത്തിന്റെ ഇതര ക്ലേശങ്ങൾക്കിടയിൽ ഗ്രന്ഥം മനോഹരമായി വിവർത്തനം ചെയ്തുതന്നതിന് ഞങ്ങൾ അതീവ കൃതജ്ഞരാണ്.

ഈ ഗ്രന്ഥം പ്രിന്റ് ചെയ്തുതന്ന തിരുവനന്തപുരം അക്ഷര ഓഫ്സെറ്റിനോട് നന്ദി പറയുന്നു.

# ഗ്രന്ഥകാരന്റെ രണ്ടു വാക്ക്

ഇരുപത്തിരണ്ടു വയസ്സുവരെയും എന്റെ ആത്മീയത്വര തികച്ചും അവികസിതമായിരുന്നു. എനിക്ക് മതപരമായി ഒരു പ്രബല വിശ്വാസവും ഇല്ലായിരുന്നു. എന്റെ ഈശ്വര വിശ്വാസം പോലും നാമമാത്രമായിരുന്നു. എന്നാൽ എന്റെ ബാല്യകാലം മുതൽ ഏതാണ്ട് പതിനഞ്ചുവയസ്സുവരെയും എന്നെ കാഞ്ചി മഠത്തിലെ പരമാചാര്യ ശ്രീശങ്കരാചാര്യ സ്വാമികളെ ദർശിക്കാൻ കൂട്ടിക്കൊണ്ടു പോകുമായിരുന്നു. സ്വാമികളുടെ അനുഗ്രഹം ധാരാളമായി എനിക്കു ലഭിച്ചിരുന്നു. ഒരുപക്ഷേ, സാക്ഷാത്കാരം സിദ്ധിച്ച ആ ആത്മീയ വ്യക്തിയുമായുണ്ടായ ആ സത്സംഗത്തിന്റെ ഫലമായിട്ടായിരിക്കാം, ഇരുപത്തിരണ്ടു വയസ്സുള്ളപ്പോൾ (1950–ൽ) 'ദി ഗോസ്പൽ ഓഫ് ശ്രീരാമകൃഷ്ണ' (ശ്രീരാമകൃഷ്ണ കഥാമൃതം) എന്ന വിശിഷ്ട ഗ്രന്ഥത്തിൽ എന്റെ ശ്രദ്ധ പതിയുകയും ഈശ്വരനിയോഗം എന്നതുപോലെ അതെന്റെ പ്രഥമ ഗുരുവായി പരിണമിക്കയും ചെയ്തത്. ഈശ്വരസാക്ഷാത്കാരത്തിനുള്ള ഒരു അഭിവാഞ്ഛ എന്റെ മനസ്സിൽ രൂപപ്പെട്ടു. ധ്യാനിക്കാനും മഹാത്മാക്കളുടെ ജീവിതകഥ വായിക്കാനും എനിക്ക് താല്പര്യം ഉണ്ടായി. ഒരു ആത്മീയ മാർഗദർശകനെ കൂടാതെ തന്നെ ആത്മീയ പഥത്തിലൂടെയുള്ള എന്റെ സഞ്ചാരവും ആരംഭിച്ചു. ശ്രീരാമകൃഷ്ണ പരമഹംസ പരമ്പരയിലുള്ള ഒരാൾ തന്നെയായിരിക്കണം എന്റെ ഗുരു എന്നും അദ്ദേഹം എല്ലാ തരത്തിലും ശ്രീരാമകൃഷ്ണനെപ്പോലെ ആയിരിക്കണമെന്നും ഞാൻ ആഗ്രഹിച്ചു. നിഷ്കാമാവസ്ഥ, ഈശ്വരപ്രേമം തുടങ്ങിയവയിൽ ഉത്തമ മാതൃകയായിരിക്കണം എന്റെ മാർഗദർശി. ഈശ്വാരാനുഗ്രഹം ഉണ്ടാകാനും എന്നിൽ ഈശ്വരവിശ്വാസം ദൃഢമാകാനും ഞാൻ പ്രാർത്ഥിച്ചു.

ഋഷികേശിലെ സ്വാമി ശിവാനന്ദജി മഹാരാജ്, അൽമോറാ മേടുകളിലെ കൃഷ്ണപ്രേം (റൊനാൾഡ് നിക്സൻ) തുടങ്ങിയ മഹാത്മാക്കളെ കാണാൻ ഇടയ്ക്കിടെ ഞാൻ പോകാൻ തുടങ്ങി. ഈ സന്ദർശനങ്ങളും സത്സംഗങ്ങളും ഒരു ലക്ഷ്യത്തിനും ഒരു ഗുരുവിനും വേണ്ടിയുള്ള ആഗ്രഹത്തെ ദൃഢതരമാക്കി. 1957–ൽ യാദൃച്ഛികമായി കണ്ടുമുട്ടിയ ഒരു സഹയാത്രികൻ ഹിമാലയത്തിലെ ഒരു ഗുഹയിൽ പാർക്കുന്ന ഗുരുദേവന്റെ സവിധത്തിൽ എന്നെ കൊണ്ടെത്തിച്ചു. അത്ഭുതമെന്നു പറയട്ടെ, എന്റെ ഗുരുദേവൻ ശ്രീരാമകൃഷ്ണ പരമഹംസരുടെ ഒരു മഹാശിഷ്യനും പല കാര്യത്തിലും തുല്യതയുള്ള

വ്യക്തിയുമായിരുന്നു. ആദ്യ സന്ദർശനവേളയിൽതന്നെ, ഗുഹാശ്രമത്തിൽ ജന്മദിനാഘോഷം നടക്കുമ്പോൾ ഒരു ഭാഗവതസപ്താഹം നടത്തുവാൻ ഗുരുദേവ് നിർദ്ദേശിച്ചു. എനിക്ക് ഭാഗവതം അജ്ഞാതമായിരുന്നു. ഹൊ! ശ്രീമദ് ഭാഗവത മാർഗേണ ഗുരുദേവൻ എത്ര അമൂല്യമായ പാരസര്യവും സാധന യുമാണ് എനിക്ക് നിശ്ചയിച്ചു തന്നത്?

ഈശ്വരാനുഗ്രഹം നിതാന്തപ്രവാഹമാണ്. ഈശ്വരനെപ്പറ്റിയോ ഈശ്വരാനു ഗ്രഹത്തെപ്പറ്റിയോ അറിയാതെയാണ് മുൻകാലങ്ങൾ ഞാൻ കഴിച്ചുകൂട്ടിയത്. 1950–ൽ ഭാഗവദനുഗ്രഹത്തിന്റെ മാർഗം ആരംഭിച്ചു. ഞാൻ സ്വന്തം അവസ്ഥ യിലായിരുന്നു. സാധന പൂർണമായും കഠിനമായിരുന്നു, അഥവാ അങ്ങനെ തോന്നിച്ചു എന്നു പറയാം.

സാധനയിൽ ഉയർച്ചയും താഴ്ചയുമുണ്ടാകാറുണ്ടായിരുന്നു. ഗുരുസന്നിധാ നത്തിൽ എത്തിയ ശേഷവും അങ്ങനെ തന്നെ. പ്രത്യേകിച്ച്, ഞാൻ വിദേശ രാജ്യങ്ങളിലായിരുന്നപ്പോൾ പല വർഷങ്ങൾക്കിടയിൽ പ്രാർത്ഥന, ധ്യാനം, ഗുരു, ഈശ്വരൻ – ഇതെല്ലാം ഞാൻ മറന്നു. പക്ഷേ ഈശ്വരനും എന്റെ ഗുരുവും എന്നെ മറന്നില്ല ഒരിക്കലും. അവർ, അത്ഭുതകരമാംവിധം എന്നെ സാധനയിലേക്ക് സജീവമായി വീണ്ടും ആനയിച്ചു, ആശ്ചര്യജനകമായ മാർഗത്തിലൂടെ. സ്വയം നടക്കാൻ ശ്രമിക്കുന്ന ഒരു കുട്ടിയെ ദൈവം എപ്പോഴും പിന്തുടരും, കുട്ടി അറിയാത്തവിധം. കുട്ടി വീഴാൻ തുടങ്ങുമ്പോൾ പിടിക്കാൻ ശ്രദ്ധയോടെ കാത്തിരിക്കുകയും ചെയ്യും.

ഇക്കഴിഞ്ഞ കാലങ്ങളിലൊന്നും ഞാൻ ഭാഗവത പാരായണം കൈവിട്ടിരു ന്നില്ല. പരബ്രഹ്മസ്വരൂപമായ, കൃഷ്ണൻ, എന്റെ ആത്മാവ് തന്നെയായിട്ടാണ് ഭാഗവതത്തെ ഞാൻ ദർശിക്കുന്നത്. എന്റെ ഗുരു സമ്മാനിച്ച ശ്രീമദ് ഭാഗവത മാണ് ഒരു വെറും കഴുതയുടെ അവസ്ഥയിൽ നിന്നും ഒരു അറേബ്യൻ കുതിരയെപ്പോലെ മാറാൻ എന്നെ തുണച്ചത്. സംന്യാസത്തിന്റെ ഔപചാരി കാവസ്ഥയിലേക്ക്, നിഷ്കാമനായും നിസ്സംഗനായും അഹന്താഹീനനായും സംന്യാസിയുടെ പക്വതയുള്ളവനായും കാഷായവസ്ത്രം ധരിക്കാൻ തുടങ്ങുന്നതിനും മന്ത്രോപദേശത്തിനും മുൻപുതന്നെ എത്തിച്ചത് ആ ഭാഗവതമാണ്. ഈശ്വരാനുഗ്രഹം നമ്മോടൊപ്പം എല്ലായ്പോഴുമുണ്ടാവും. പക്ഷേ അത് നമ്മുടെ പുരുഷാർത്ഥ സാധനയുടെ നിരീക്ഷണത്തിൽ



ശ്രദ്ധിച്ചും പ്രോത്സാഹിപ്പിച്ചും ആത്മീയാവസ്ഥയിലെത്തിക്കുന്നതിന് സഹായിച്ചുകൊണ്ട് വർത്തിക്കുകയാവും. സാധനയുടെ പാരമ്യത്തിൽ ഈശ്വരാനുഗ്രഹം തന്നെയാണ് സാക്ഷാത്കാരത്തിന്റെ പടവുകളിൽ നമ്മെ തള്ളിത്തള്ളി മുൻപോട്ടു നയിക്കുന്നത്. അത് നമ്മെ മുക്തിയിലെത്തിക്കു കയും ചെയ്യുന്നു. മുമുക്ഷുവിനെ യഥാസമയം ജീവിതകരങ്ങളിൽനിന്നു മോചിപ്പിച്ച് അനായാസം മോക്ഷപദവിയിലെത്തിക്കാൻ ഈശ്വരൻ വേഗം എത്തുന്നു. ഇവിടെ, ശ്രീകൃഷ്ണനെപ്പറ്റിയുള്ള ഒരു കഥ ഓർമ്മ വരുന്നു. ഒരിക്കൽ കിണറ്റിൽ നിന്നും വെള്ളം കോരിക്കൊണ്ടിരുന്ന ഒരു ഗോപിക, തന്റെ സമീപത്തു നിന്നിരുന്ന കൃഷ്ണനോട് ആ വെള്ളക്കുടം തന്റെ തലയി ലേറ്റിക്കൊടുക്കാനാവശ്യപ്പെട്ടു. പക്ഷേ കൃഷ്ണൻ ആ അപേക്ഷ നിരസിച്ച് നടന്നുപോയി. ഗോപിക ക്ലേശിച്ച് കുടം സ്വയം തലയിലേറ്റി വീട്ടിൽ വന്നപ്പോൾ കൃഷ്ണൻ അവിടെ പാഞ്ഞുവന്ന് കുടം താഴെവക്കാൻ സഹായിച്ചു. ഈ പ്രകൃതത്തിന്റെ വൈരുധ്യം കണ്ട് ഗോപിക അതേപ്പറ്റി ചോദിച്ചപ്പോൾ കൃഷ്ണൻ ഇങ്ങനെ മറുപടി നൽകി – സ്വന്തം ഭാരം വഹിക്കാൻ ആൾക്കാർ സ്വയം ക്ലേശിച്ച് പ്രവർത്തിക്കണം. ഉചിതമായ സമയത്ത് ഞാൻ എത്തി അവരുടെ ഭാരം ലഘൂകരിച്ചുകൊടുക്കും." പുരുഷാർത്ഥ സാധനകളിൽ ഭഗവാന്റെ അനുഗ്രഹം എപ്പോഴും നമ്മെ പിൻതുടരും. എന്റെ മുഖ്യമായ സാധന ഭാഗവതം പാരായണം ചെയ്യുക തന്നെ ആയിരുന്നു. എന്നാൽ, ശ്രീകൃഷ്ണന്റെ മുരളികപോലെ ഏതോ അജ്ഞാതഹസ്തത്താൽ പ്രേരിതനായി മറ്റു ചില ആത്മീയ സാധനകളും ഞാൻ അനുഷ്ഠിച്ചുപോന്നു. ശ്രീകൃഷ്ണന്റെ അധരങ്ങളുടെ പരിധി ഒരിക്കലും വിടാത്ത ഓടക്കുഴൽ എന്തു സാധനയാണ് ഈ മഹാഭാഗ്യം സിദ്ധിക്കാൻ ചെയ്തത് എന്നു ചോദിച്ച ഗോപികമാർക്ക് മുരളി നല്കിയ മറുപടി ഒരു ഹിന്ദി കവിത ഉദ്ധരിച്ച് പറയാം.

**"പ്രഥമ ത്യജീ സുന്ദർ ബാംസ് ഝാഡീരേ**
**തന് കട്വായോ, മന് കട്വായോ**
**ഗ്രന്ഥീ ഗ്രന്ഥീ ഛിദ്വായോ**
**ജോ സുർ സ്യാമ് ബജാനാ ചാഹേ**
**സോ സുർ മേം ബജായോ**
**തബ് ജാകർ സ്യാമ് മോഹേ അപ്നാ അധർ ലഗായോ."**

"എന്റെ സാധന തികഞ്ഞ ഒരു ആത്മിയ സാധകന്റെ ആത്മാർത്ഥമായ സാധനയിൽ നിന്നും വ്യത്യസ്തമല്ല. എനിക്കു പ്രീയപ്പെട്ടവരും ഒരുമിച്ച് മുളംകൂട്ടത്തിൽ സന്തോഷമായി കഴിയുന്ന ജീവിതം ഉപേക്ഷിച്ചു പോന്ന പ്പോൾ ആരംഭിച്ചു. എന്റെ ശരീരം കഠിനമായ യാതന അനുഭവിച്ചു. (വെട്ടി ചെറുതാക്കി). എന്റെ മനോനാശം സംഭവിച്ചു. ഉള്ളിലുള്ളതെല്ലാം പുറത്തെ ടുത്തുകളഞ്ഞ് ഉള്ള് പൊള്ളയാക്കി. എന്റെ ദേഹത്തെ മുള്ളുകൾ എല്ലാം ചീകിക്കളഞ്ഞു മിനുസമാക്കി. അവസാനം എന്റെ യജമാനന്റെ ഇഷ്ടമനുസ രിച്ച് ഉപയോഗിക്കപ്പെടാൻ വിധേയനുമായി. അവിടുന്ന് ഏത് ഈണമാണോ വായിക്കാൻ ആഗ്രഹിക്കുന്നത്, അത് ഞാൻ ആലപിക്കും. എന്റെ താല്പര്യ മനുസരിച്ചല്ല അത്. അങ്ങനെയായപ്പോഴാണ് എന്റെ പ്രഭു എന്നെ കൈ ക്കൊള്ളുകയും അധരങ്ങളോട് ചേർക്കുകയും ചെയ്തത്." എന്റെ തന്നെ അനുഭവങ്ങളാൽ തന്നെ തെളിയിക്കപ്പെടുകയും ശ്രീമദ് ഭാഗവത പാഠങ്ങളാൽ അസന്ദിഗ്ദ്ധമായി അറിയപ്പെടുകയും ചെയ്ത താഴെപ്പറയുന്ന സാധനകളിൽ ഒന്നോ പലതോ ഈശ്വരസാക്ഷാത്കാരത്തിനുള്ള ആത്മീയ മാർഗത്തിൽ ഉത്തമ വിശ്വാസം, അഭിമുഖ ഭാഷണം, ആത്മാർത്ഥത എന്നിവയോടുക്കൂടി അനുഷ്ഠിക്ക മാത്രമേ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുകയുള്ളൂ.

1. നമ്മുടെ ലക്ഷ്യം തീരുമാനിക്കണം. ഈശ്വരനെത്തന്നെയാണ് തേടേണ്ടത്. നിത്യവും ഒരു പകൽനേരത്തെയും ഒരു രാത്രിയിലെയും ഒരു മാസത്തെയും ഉല്പാദനം എത്രയായിരിക്കണമെന്ന് ഫാക്റ്ററി യിലെ പ്രൊഡക്ഷൻ മാനേജർ കൺമുൻപിൽ എല്ലായ്പോഴും കാണു ന്നതുപോലെ, നാം നമ്മുടെ ലക്ഷ്യത്തെ സദാ ദൃഷ്ടിഗോചരമാക്കി വയ്ക്കണം. ഈശ്വരൻ ഒരു വിനോദവിഷയമല്ല.

2. നമ്മുടെ ലക്ഷ്യസാധനയ്ക്കു സഹായകമായ വിധം മഹർഷിമാരുടെയും മഹാപുരുഷന്മാരുടെയും ജീവിതകഥകൾ ഗ്രഹിച്ച് നമ്മുടെ ആത്മീയാ ഭിനിവേശത്തെ പ്രബലമാക്കി ലക്ഷ്യസാധനയ്ക്ക് സമഗ്രമായ പരിശ്രമം ചെയ്യണം. അമ്മാതിരി ഒരു സാന്ദ്രപ്രതീക്ഷ മാത്രമേ അന്തിമ ലക്ഷ്യ മായ ആത്മസാക്ഷാത്കാരത്തിലേക്ക് നമ്മെ നയിക്കുകയുള്ളു, എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും സമാപിച്ച് അനന്താനന്ദ പദവിയിലെത്തി ക്കുകയുള്ളു.



3. എല്ലാ മാസവും നാലഞ്ചു ദിവസം കഴിയുന്നിടത്തോളം സാധുക്കളു ടെയും സന്യാസിമാരുടെയും മഹർഷിമാരുടെയും സത്സംഗത്തിലുള്ള ആത്മീയ തരംഗം ഉൾക്കൊണ്ട് ജീവിക്കണം.

4. ഈശ്വരാനുഗ്രഹം, ഈശ്വരപ്രേമം എന്നിവയ്ക്കായി ഭഗവാനോട് നിത്യവും നാം പ്രാർത്ഥിക്കയും നമ്മുടെ പ്രശ്നങ്ങളും സന്തോഷ സന്താപങ്ങളും അവിടത്തോട് പറയുകയും വേണം. ഈശ്വരനും ഗുരുവും ആന്തരികമായി വാഴുന്നു. നമ്മുടെതന്നെ ആത്മവത്തയായി അനുഭവപ്പെടുന്നു. വൈദ്യുതിക്ക് നിയതമായ രൂപമോ ആകൃതിയോ ഇല്ലാത്തതുപോലെ, ഈശ്വരനെന്നോ, ആത്മാവെന്നോ പറയുന്ന പരമ സത്യത്തിന് നിയതരൂപമോ നിർവചനീയ ഗുണമോ ഇല്ല, പക്ഷേ അത് കൃഷ്ണനോ ശിവനോ രാമനോ ഒക്കെയായി സങ്കൽപ്പിക്കപ്പെടാവുന്ന താണ്, ഭാവനചെയ്യപ്പെടാവുന്നതുമാകുന്നു. അവസാനമായി, അന്വേഷി ക്കുന്നയാൾ തന്നെയാണ് അന്വേഷിക്കപ്പെടുന്നതും. എല്ലാ ചിന്താ രൂപങ്ങൾക്കും ആത്മാവ് പ്രഭവസ്ഥാനമാണ്. അജ്ഞമായ ഒരു അവ സ്ഥയിൽനിന്നും വ്യക്തിഗത ജീവനിൽ നിന്നും ഉയർന്ന ആത്മപദവി യിലേക്ക് ബന്ധിക്കപ്പെടുകയും ചെയ്യുന്നു.

5. നാം എന്തെങ്കിലും പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഉൾപ്പെടെ സദാ ഭഗവദ് വിചാരം ഉണ്ടായിരിക്കയും ഭഗവന്നാമം ഉച്ചരിക്കയും ചെയ്യു ന്നത് ഈശ്വരനിലേക്കുള്ള ഒരു ക്ഷിപ്രമാർഗം (hot line) ആണ്.

6. നമ്മുടെ ശരീരത്തിന്റെ ആവശ്യങ്ങൾ, ആരോഗ്യം, ധനം, ഗൃഹം, കുടുംബം തുടങ്ങിയവയെപ്പറ്റി നാം വ്യാകുലപ്പെടേണ്ടതില്ല. അങ്ങനെ യുള്ള സംഗതികളെല്ലാം നമ്മുടെ പ്രാരബ്ധവും വിധിയുമനുസരിച്ച് നടക്കും. വ്യാകുലതകളും പ്രയത്നങ്ങളും കൊണ്ട് ഒരു പ്രയോജനവും ഇല്ല. എല്ലാ പരിതഃസ്ഥിതികളെയും സംഭവങ്ങളെയും അംഗീകരിക്കാൻ നാം ശീലിക്കണം. അവ എത്രമാത്രം ദുഃഖകരവും പരിതാപകരവുമാ ണെങ്കിലും, നമ്മുടെ വസ്തുഭാരം തലയിൽ പേറികൊണ്ടിരിക്കരുത്. ട്രെയിനിലെ കംപാർട്ട്മെന്റിൽ എവിടെയെങ്കിലും സൂക്ഷിക്കുന്നതു പോലെ വച്ചാൽ മതി. ഈശ്വരനിശ്ചയത്തിന് നിരുപാധികം നാം കീഴടങ്ങി പരമലക്ഷ്യം നേടാൻ പ്രയത്നിക്കയാണ് വേണ്ടത്.

7. ആന്തരികമായ സമാധാനത്തിന് ബാഹ്യസമാധാനം ആവശ്യമാണ്. ശാന്തിയും ആനന്ദവും വേണം. അന്യരുടെ തെറ്റുകളെയും കുറ്റങ്ങളെയും ക്ഷമയോടെ സ്വീകരിക്കാനും മറക്കാനും സമസ്ത ജീവജാലങ്ങളെയും ഈശ്വരാംശമായി കാണാനും പഠിക്കണം. നമ്മെ ശകാരിക്കയോ വേദനിപ്പിക്കയോ ചെയ്യുന്നവർക്കുപോലും ക്ഷേമവും നന്മയും കൈവരാൻ നാം പ്രാർത്ഥിക്കണം. നമ്മുടെ മനസ്സിൽ അവരെപ്പറ്റി ഒരു ദുശ്ചിന്തയും ദുരഭിപ്രായവും ഉണ്ടാകാതിരിക്കാനും നാം പ്രാർത്ഥിക്കണം.

8. ആഗ്രഹം, മോഹം, കോപം, അസൂയ തുടങ്ങി നമുക്കുള്ള ന്യൂനതകളെപ്പറ്റിയും അവ ഒഴിവാക്കുന്നതിനെപ്പറ്റിയും അനാവശ്യമായി നാം വ്യാകുലപ്പെടേണ്ടതില്ല. നിരന്തരമായ ഈശ്വരചിന്ത, ആത്മബോധം, ഈശ്വരനാമ ജപം തുടങ്ങിയവയാൽ നമ്മുടെ ചിത്തം നിറയ്ക്കുകയാണെങ്കിൽ, മേല്പറഞ്ഞ വൈകല്യങ്ങളെല്ലാം നിദ്രിതമാകയും നമ്മെ നയിക്കുന്ന ദുഷ്ടവാസനകളെല്ലാം ഇല്ലാതാകയും ചെയ്തുകൊള്ളും, അവയെല്ലാം സ്വയം നശിക്കും.

9. ഈശ്വരസാക്ഷാത്കാരം നേടാൻ പ്രപഞ്ച ജീവിതത്തിൽ നിന്ന് പലായനം ചെയ്യുകയോ കാഷായം ധരിക്കയോ വേണ്ടതില്ല. ഈ ലോകത്തു ജീവിച്ചുകൊണ്ടുതന്നെ, ഗൃഹസ്ഥധർമം അനുഭവിച്ചുകൊണ്ടുതന്നെ ആത്മീയതയുടെ പരമാവസ്ഥ കൈവരിക്കാൻ സാധിക്കുന്നതാണ്. മനസ്സിൽ ലോകം നിറയാനിടയാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നു മാത്രമേയുള്ളു.

ഈ ചെറിയ പുസ്തകത്തിൽ, ഭാഗവതകഥകളെയോ ഭാഗവതീയ വിഷയങ്ങളെയോ വിവരിക്കാനോ സംഗ്രഹിക്കാനോ ഞാൻ ഉദ്യമിച്ചിട്ടില്ല. നിത്യജീവിതത്തിൽ അനുഷ്ഠിക്കാനായി സ്വീകരിക്കേണ്ട ഏതാനും സാധനകളെ പറ്റി പറയുക മാത്രമേ ചെയ്തിട്ടുള്ളു. ചില പ്രമേയങ്ങളുടെയും കഥകളുടെയും നിഗൂഢ പ്രാധാന്യത്തെയും ആന്തരാർത്ഥത്തെയും സൂചിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിലൂടെ ഒരു അനുവാചകനെയെങ്കിലും, ഒരു മുമുക്ഷുവിനെയെങ്കിലും ഭാഗവതം മൂലമോ പരിഭാഷയോ പഠിക്കാനും നിരന്തരം ഭഗവാനെ സ്മരിക്കത്തക്കവിധം അതിന്റെ ചൈതന്യം ഉൾക്കൊള്ളാനും പ്രേരിപ്പിക്കുമെങ്കിൽ ഞാൻ അനുഗ്രഹീതനായി.

**ശാന്താനന്ദ സ്വാമി**

## ഉള്ളടക്കം


| | | | | | പേജ് |
|---|---|---|---|---|---|
| 1. | | | ആമുഖം | ................. | 01-06 |
| 2. | അധ്യായം 1 | : | അധികാരി സ്കന്ധം | ................. | 07-13 |
| 3. | അധ്യായം 2 | : | സാധനാ സ്കന്ധം | ................. | 14-17 |
| 4. | അധ്യായം 3 | : | | ................. | 18-21 |
| 5. | അധ്യായം 4 | : | പുരുഷാർത്ഥ സ്കന്ധം | ................. | 22-29 |
| 6. | അധ്യായം 5 | : | സ്ഥിതി സ്കന്ധം | ................. | 30-34 |
| 7. | അധ്യായം 6 | : | പുഷ്ടി സ്കന്ധം | ................. | 35-39 |
| 8. | അധ്യായം 7 | : | വാസനാ സ്കന്ധം | ................. | 40-43 |
| 9. | അധ്യായം 8 | : | വാസനാ നിരസന സ്കന്ധം | ................. | 44-54 |
| 10. | അധ്യായം 9 | : | വംശാനുചരിത സ്കന്ധം | ................. | 55-58 |
| 11. | അധ്യായം 10 | : | നിരോധ സ്കന്ധം | ................. | 59-72 |
| 12. | അധ്യായം 11 | : | മുക്തി സ്കന്ധം | ................. | 73-85 |
| 13. | അധ്യായം 12 | : | ആശ്രയ സ്കന്ധം | ................. | 86-97 |

ഓം

ശ്രീ മാത്രേ നമഃ

ശ്രീ ഗുരുഭ്യോ നമഃ

# ശ്രീമദ് ഭാഗവതം
# അധുനിക മനുഷ്യന് നല്കുന്ന സന്ദേശം

## ആമുഖം

1. ഒരു ഭാഗത്ത് സമ്പത്തിന്റെ അനാരോഗ്യകരമായ പ്രാധാന്യം ഏകതാനമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്താകട്ടെ, ശാസ്ത്രത്തിന്റെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും വിപ്ലവാത്മകമായ വളർച്ച മനുഷ്യനെ ജീവിസഹജമായ സുഖഭോഗാദികൾക്ക് അടിമയാക്കിക്കൊണ്ടിരിക്കുന്നു. ഇവയുടെ മധ്യത്ത് ആധുനിക മനുഷ്യന്, തന്നെ സ്വാധീനിക്കുന്ന ഈ ഭ്രാന്തമായ പലായനങ്ങളിലും ഭൗതികമായ അസ്തിത്വത്തിന്റെ അർത്ഥത്തിലും താൻ ജനിച്ചതുതന്നെ എന്തിനെന്നതിനെക്കുറിച്ചുള്ള അവബോധത്തിലും സ്വാത്മവത്തയെ ദർശിക്കാനോ അസ്തിത്വത്തിന്റെ പൊരുളിനെപ്പറ്റി ചിന്തിക്കാനോ സമയം പോലും ലഭിക്കുന്നില്ല. ജീവിത പ്രാരബ്ധങ്ങളിൽ നിന്നും മുക്തനാകാൻ തനിക്ക് എന്തെങ്കിലും ചെയ്യാനുണ്ടോ എന്ന് അവൻ ആലോചിക്കുന്നുമില്ല. മനുഷ്യൻ തന്റെ മനസ്സിന്റെ ആഴങ്ങളിൽ, ചിലപ്പോഴെങ്കിലും പഴയ സൗവർണദിനങ്ങളെയും അവയുടെ ആകർഷണീയതകളിലേക്കു നയിക്കപ്പെടുന്നതിനെയും ജീവിതം ആനന്ദദായകമായ ഒരു സാന്ത്വനാനുഭവമായിരുന്ന ഘട്ടങ്ങളിലേക്ക് പിൻവാങ്ങുന്നതിനെയും ഉന്നതവും മഹത്തുമായ ലക്ഷ്യങ്ങളിലേക്ക് ഉയരുന്നതിനെയും പറ്റിയെല്ലാമുള്ള ചെറിയ ആഹ്വാനങ്ങൾ ശ്രവിക്കുന്നുണ്ടാവും. പരമസത്യം എന്ന ഒന്നിനെ ചിലർ സാക്ഷാത്കരിച്ചുവെന്നും മറ്റു ചിലർ അങ്ങനെയുണ്ടെന്ന് മനസ്സിലാക്കിയെന്നും എങ്ങനെയോ കേൾക്കുകയോ വായിക്കയോ ചെയ്ത് ഗ്രഹിച്ചിട്ടുണ്ടെങ്കിലും അതേപ്പറ്റി അന്വേഷിക്കേണ്ടതെങ്ങനെയെന്ന് മനുഷ്യന് അറിയില്ല. ഈ ഉദാത്ത യാഥാർത്ഥ്യം തന്റെ ചിന്താഗതികളെ

സംഭ്രമിപ്പിക്കുന്നുവെന്നും അതിനെ സാക്ഷാത്കരിക്കാൻ ചെറിയ രീതിയിലെങ്കിലും സാധിക്കുന്നില്ലെങ്കിൽ, താൻ ജീവിക്കുന്ന ഈ ലോകം ഒരു വ്യാജവലയമേ സൃഷ്ടിക്കൂ എന്ന് മനുഷ്യൻ തന്റെ മൂകധാരണാ മാർഗത്തിൽ മനസ്സിലാക്കുന്നു. ഈ ഭ്രമാത്മകതയിൽ, മനുഷ്യൻ, നമ്മുടെ സംസ്കാരഭണ്ഡാഗാരങ്ങളും ജ്ഞാനശേഖരങ്ങളുമായ രാമായണ-ഭാരത-ഭാഗവതാദി മഹദ്ഗ്രന്ഥങ്ങളിൽ പരതി എന്തോ തേടുന്നു. ഭൗതിക ജീവിതത്തിൽപെട്ടുഴലുന്ന ലക്ഷോപലക്ഷം ജനങ്ങൾക്ക് ശ്രീമദ് ഭാഗവതം ശാന്തിയേകാൻ പ്രാപ്തമായ ഗ്രന്ഥമാണ്. ആ പുരാണത്തിലെ കഥകളെയും പ്രമേയങ്ങളെയും ഉപകഥകളെയുമെല്ലാം വിവരിക്കുന്നതിനോ, ഭാഗവത ദർശനത്തെ വ്യാഖ്യാനിക്കുന്നതിനോ ഒന്നും നാം യത്നിക്കേണ്ടതില്ല. ഭാഗവത സന്ദേശം നമ്മുടെ നിത്യജീവിതത്തിൽ പ്രായോഗികതലത്തിൽ എങ്ങനെ സാർത്ഥകമാക്കാം എന്നതാണ് നാം ചിന്തിക്കേണ്ടത്.

2. ശ്രീമദ്ഭാഗവതം എന്താണ്? സനാതന ധർമത്തിന്റെ പ്രമാണ ഗ്രന്ഥങ്ങളെ ശ്രുതി, സ്മൃതി, പുരാണം എന്നീ മൂന്നു വിഭാഗങ്ങളിലായി തരംതിരിക്കാം: ശ്രീമദ്ഭാഗവതം യഥാർത്ഥത്തിൽ ഒരു പുരാണമാണ് – മഹാപുരാണം, പുരാണവിഭാഗത്തിൽപെടുന്നതും വേദവ്യാസ മഹർഷി-ബാദരായണൻ രചിച്ചതുമാകുന്നു. 'ഭാഗവതം' – പ്രാഥമികമായും ഭഗവാനെ സംബന്ധിച്ച രഹസ്യങ്ങൾ ആവിഷ്കരിക്കുന്നത് എന്ന അർത്ഥത്തിലാണ് ആ പദം ഉപയോഗിക്കുന്നത്. ഭഗവാൻ തന്നെ ആവിഷ്കരിക്കുന്നതാണ് – 'ഭഗവതഃ ഇദം' – അഥവാ, ' ഭഗവാനെ സംബന്ധിക്കുന്നത്' എന്നർത്ഥം. ഭഗവദ് ഭക്തന്മാരുടെ പ്രശസ്തി കൂടിയാണത്. ഭഗവാൻ നാരായണൻ ബ്രഹ്മാവിന് ഉപദേശിച്ചു കൊടുക്കുന്നതാണ് ഭാഗവതം എന്നു വിശ്വസിക്കപ്പെടുന്നു. ഈ ജ്ഞാനദീപം ബ്രഹ്മദേവൻ നാരദ മഹർഷിക്കും, അദ്ദേഹം വേദവ്യാസനും അദ്ദേഹം സ്വപുത്രൻ ശുകദേവനും ശുകമഹർഷി അർജ്ജുനന്റെ പൗത്രനും അഭിമന്യു പുത്രനുമായ പരീക്ഷിത്ത് മഹാരാജാവിനും ഉപദേശിച്ചു കൊടുത്തു. ഭാഗവതത്തിലെ മുഖ്യവിഷയം പരമസത്യമാണ്. ഈശ്വരൻ, ഭഗവാൻ, നാരായണൻ, ബ്രഹ്മം എന്നിങ്ങനെയെല്ലാം വിശേഷിപ്പിക്കപ്പെടുന്ന പരമാത്മാവു തന്നെയാകുന്നു. ആധുനിക സാഹചര്യങ്ങളിൽ



ലോകവ്യാപാരങ്ങളിൽ മുഴുകിക്കഴിയുന്ന ഒരു മുമുക്ഷുവിന് അകളങ്കമായ ആനന്ദവും നിത്യസുഖവും അനശ്വരത്വവും ഭാഗവതോക്തമായ ആത്മസാക്ഷാത്കാരത്തിലൂടെ സാധിക്കുന്നതിന് ഉചിതമായ വിവിധ ആത്മീയ പരിശീലനങ്ങളെ, ലഘുവും പുരോഗാമിയുമായ സാധനകളെ ഭാഗവതധർമ മനുസരിച്ചു തന്നെ ഉപപാദിക്കുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. ഭാഗവതത്തിൽ പ്രകടമായും അസ്പഷ്ടമായും നല്കിയിട്ടുള്ള സന്ദേശമാണിവിടെ നല്കാൻ ഉദ്ദേശിക്കുന്നത്.

3. ഭാഗവതം പന്ത്രണ്ട് സ്കന്ധങ്ങളിലായാണ് രചിച്ചിരിക്കുന്നത്. പടിപടിയായി പ്രത്യക്ഷപ്പെടുന്ന ഒരു ഗുരു, ഒരു ആത്മീയാചാര്യനെ തേടുന്നതു മുതൽ ഈശ്വരസാക്ഷാത്കാരം സിദ്ധിക്കുക എന്ന ലക്ഷ്യം വരെയുള്ള തത്ത്വമാണ് യഥാർത്ഥ പ്രമേയം. ആദ്യഭാഗത്ത്, അധികാരി സ്കന്ധത്തിൽ, ഒരു ആത്മീയ മാർഗദർശകനെ അഥവാ ഗുരുവിനെ എപ്രകാരം അന്വേഷിക്കണം എന്നും ഗുരുവിനെ തേടുന്ന ശിഷ്യന്റെ യോഗ്യതയും അർഹതയും എന്തെന്നും വിശദമാക്കുന്നു. രണ്ടാമത്തേതായ സാധനാ സ്കന്ധത്തിൽ ഒരു അന്വേഷകൻ, വിശേഷിച്ചും മൃത്യുഭയമുള്ള മുമുക്ഷു അനുഷ്ഠിക്കേണ്ട അത്യാവശ്യ സാധനകളെപ്പറ്റി ലളിതവും സുന്ദരവുമായ വാക്കുകളിൽ പരാമർശിക്കുന്നു. ഇത് പരോക്ഷമായി ജ്ഞാനം ഉപദേശിക്കുന്നതാകയാൽ ഇതിനെ ജ്ഞാന സ്കന്ധം എന്നു പറയുന്നു. സദ്യോമുക്തിക്കുള്ള സൂചനക്കുറിപ്പ് അതിലടങ്ങുന്നു. മറ്റൊരു കഠിനക്ലേശവും അനുഭവിക്കാതെ ഏഴു ദിവസം ശ്രദ്ധാപൂർവം ഭാഗവതശ്രവണം മാത്രം കൊണ്ട് മോക്ഷം ലഭിക്കാമെന്ന് പരീക്ഷിത്ത് മഹാരാജാവിന് ശുക ബ്രഹ്മർഷി ഉറപ്പു കൊടുത്തിട്ടുള്ള ഏകൈക ഗ്രന്ഥമാണ് ഭാഗവതം. അതിന്റെ സന്ദേശം ഉച്ചവും വ്യക്തവുമായിരിക്കും ഏവർക്കും. ദ്വിതീയ സ്കന്ധത്തിൽ രണ്ടു കഥകളിലൂടെ സാധകമായും സാധകമല്ലാത്ത രീതിയിലും വിവരിക്കപ്പെട്ട തത്ത്വങ്ങളുടെ പ്രായോഗിക വിശദീകരണമാണ് തൃതീയ സ്കന്ധം. ചതുർത്ഥ സ്കന്ധത്തിൽ ധർമം, അർത്ഥം, കാമം, മോക്ഷം എന്നീ നാല്

*കുറിപ്പ്: സർഗപ്രതിസർഗ സ്കന്ധം, വിസർഗ സ്കന്ധം, ജ്ഞാനക്രിയാന്വയ സ്കന്ധം എന്നിങ്ങനെ പേരുണ്ടെങ്കിലും തൃതീയ സ്കന്ധത്തിന് ഇവിടെ ഒരു പ്രത്യേക പേരു നല്കി പരാമർശിക്കുന്നില്ല.*

പുരുഷാർത്ഥങ്ങളിൽ ഓന്നോ എല്ലാമോ സാധിക്കുക എന്ന മനുഷ്യ ജീവിതലക്ഷ്യത്തെപ്പറ്റി ഉപപാദിക്കുന്നു. ഒന്നോ അതിലധികമോ പുരുഷാർത്ഥം സാധിക്കുന്നതിനായാണ് എല്ലാ മനുഷ്യരും പ്രവർത്തിക്കുന്നതെന്ന വസ്തുത പറയാതെ തന്നെ വ്യക്തമാണ്. മനുഷ്യന് ഈ മേഖലകളെ സ്വായത്തമാക്കുന്നതിനും ഈശ്വരസാക്ഷാത്കാരം നേടുന്നതിനും സഹായകമായ നാലു കഥകൾ ഈ സ്കന്ധത്തിൽ ഉദാഹരണത്തിനായി പറയുന്നു. ഒരാൾ ഭൗതികാനന്ദമോ അധിക ധനമോ മോക്ഷമോ എന്ത് ആഗ്രഹിക്കുന്നു എങ്കിലും ഭാഗവത പ്രോക്തമായ മാർഗത്തെപ്പോലെ ഇവിടെയും തുല്യമായ ഉപായം ഉപദേശിക്കുന്നു.

4. അഞ്ചാമത്തേതായ സ്ഥിതി സ്കന്ധത്തിൽ, (സ്ഥിതി എന്നാൽ ആത്മാവിൽ – ഈശ്വരനിൽ സ്ഥിരമായ ഉപസ്ഥിതി) ഏതു സാഹചര്യത്തിൽ ഏതു വിഷമങ്ങളോടുകൂടി ജീവിക്കാൻ വിധിക്കപ്പെട്ടവനാണെങ്കിലും പൂർണമായ നിസ്സംഗത പുലർത്താനും പരമാനന്ദ പദം നേടാനും സാധിക്കുന്നതെങ്ങനെയെന്ന് ചില കഥകളിൽക്കൂടി വിശദീകരിക്കുന്നു. അടുത്തതായി വരുന്ന പുഷ്ടി സ്കന്ധത്തിൽ (പുഷ്ടി – ഈശ്വരാനുഗ്രഹം, ദിവ്യാനുഭൂതി), ഈശ്വരാനുഗ്രഹമില്ലെങ്കിൽ മനുഷ്യൻ ആത്മീയ മാർഗത്തിൽ അനുഷ്ഠിക്കുന്ന ഏതൊരു കൃത്യവും നിഷ്പ്രയോജനമായിപ്പോകയേയുള്ളൂ. ധർമനിർവഹണത്തിൽ ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളത് ദൈവാനുഗ്രഹമാണ്. അതിനുള്ള അനായാസ മാർഗം ഈശ്വര നാമജപവും പ്രാർത്ഥനയുമാണ്. ആറാം സ്കന്ധത്തിൽ വിവരിക്കുന്ന കഥകൾ ഒരു കൊടുംപാപിയും ക്രൂരനുമായ അസുരനുപോലും ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ ആത്മീയസാധന സുഗമമാകും എന്ന് വിവരിക്കുന്നു. അടുത്ത വാസനാ സ്കന്ധത്തിൽ, ഈശ്വര സാക്ഷാത്കാരത്തിലേക്കു നയിക്കുന്ന സദ്വാസനകളെയും പതന കാരണമാകുന്ന ദുർവാസനകളെയും നിർവചിക്കുന്നു. മസ്തിഷ്കത്തിന്റെ സ്മൃതിഭാഗമായ ചിത്തത്തിൽ അഗാധമായി പതിഞ്ഞു കിടക്കുന്ന മുജ്ജന്മ വാസനകളാണ് ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും ഉൾപ്പെടെയുള്ള അഭിരുചികളായി പ്രത്യക്ഷപ്പെടുന്നത്. ഭാവിജന്മങ്ങളിലെയും സങ്കടാനുഭവങ്ങളിലേക്ക് നമ്മെ പ്രേരിപ്പിക്കുന്ന ഉപദേഷ്ടാക്കളാണ് വാസനകൾ. അവ പ്രാരബ്ധങ്ങളിൽ നിന്നും ഭിന്നമാണ്.



മുജ്ജന്മ കർമഫലമായി ലഭിക്കുന്ന ശിക്ഷകളും പുണ്യങ്ങളും, പാപങ്ങളും സദ്വൃത്തിയുടെ പ്രതിഫലങ്ങളുമാണ് പ്രാരബ്ധങ്ങൾ. എട്ടാമത്തേത് വാസനാനിരസന സ്കന്ധമാണ്. ഇതിൽ വാസനകളെ ഒഴിവാക്കുന്ന കാര്യം വിശദമാക്കുന്നു. ഒൻപതാമത്തേതായ വംശാനുചരിത സ്കന്ധത്തിൽ, ശ്രീരാമൻ അവതരിച്ച സൂര്യവംശത്തിന്റെയും ശ്രീകൃഷ്ണൻ അവതരിച്ച ചന്ദ്രവംശത്തിന്റെയും കഥകൾ വിവരിക്കുന്നു. ആ പ്രമേയങ്ങളോടൊപ്പം, ഏതൊരാളിന്റെയും മനസ്സിനെ ശുദ്ധീകരിക്കുന്ന അംബരീഷാദികളായ ഭക്തരാജാക്കന്മാരുടെ കഥകളും പറയുന്നുണ്ട്.

5. പത്താമത്തേതായ നിരോധസ്കന്ധത്തിൽ, (നിരോധം – നിയന്ത്രണം), ആ പേരു സൂചിപ്പിക്കുംപോലെ ഇന്ദ്രിയ മനസ്സുകളെ നിയന്ത്രിക്കുന്നതിനെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഇപ്പോഴേക്കും വാസനകൾ നിരസിക്കപ്പെടുകയും നിസ്സംഗത്വം വളരുകയും മനസ്സ് ഈശ്വരനിലേക്ക് ഏകാഗ്രമായി ധ്യാനാത്മകമായി തിരിഞ്ഞുകഴിഞ്ഞിരിക്കും. ഭഗവത് കഥാശ്രവണം കൊണ്ട് മനസ്സ് സമാധിക്ക് യോഗ്യമായി തീരുന്നു. പതിനൊന്നാമത്തേതായ മുക്തി സ്കന്ധം ഭിന്ന ആത്മീയ ഘടനയുള്ളവരായ (അഭിരുചികളും മനോഭാവങ്ങളും കഴിവുകളും ഉള്ളവരായ) മുമുക്ഷുക്കൾക്ക് ആവശ്യമായ ആത്മീയോപദേശങ്ങൾ അടങ്ങുന്നു. വൈരാഗ്യം, സത്സംഗം, വിവേകം, ഭക്തി, തത്ത്വജ്ഞാനം എന്നിവയെപ്പറ്റി ഇവിടെ വിവരിക്കുന്നു. അവസാനമായി ആശ്രയ സ്കന്ധത്തിൽ ഈശ്വരൻ മാത്രമേ പരമാശ്രയമായുള്ളൂ എന്നു സ്ഥാപിക്കുന്നു. സാധകർക്ക് സാധനാന്ത്യത്തിൽ എത്തിച്ചേരാനുള്ള അന്തിമാഭയം, വിശ്വത്തിനാകെയും ആധാരം, മുക്തിപദം, വേദപ്രമാണം – ഇതെല്ലാം ഈശ്വരനാണ്. ഇക്കാര്യം വിശദമായി ഇവിടെ പറയുന്നുണ്ട് എങ്കിലും എല്ലാ സ്കന്ധങ്ങളിലും ഈശ്വരൻ തന്നെയാണ് പരമാഭയം എന്നു വ്യക്തമാക്കിയിട്ടുണ്ടെന്ന കാര്യം സൂചിപ്പിക്കട്ടെ.

6. **"തിരോധായ പ്രവിഷ്ടോ$\!$ഽയം ശ്രീമദ്ഭാഗവതാർണവം**
**തേനേയം വാങ്മയീ മൂർതിഃ പ്രത്യക്ഷാ വർതതേ ഹരേഃ**
**സേവനാച്ഛ്രവണാത് പാഠാദ്ദർശനാത് പാപനാശിനീ."**

**(ഭാഗവത മാഹാത്മ്യം 361; 362)**

പുരാണകഥകൾ, സംഭവങ്ങൾ, സംഗതികൾ, ആത്മീയോപദേശങ്ങൾ തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്ന ഒരു സാധാരണ പുരാണമല്ല, വാഗ്രൂപത്തിൽ അതിശക്തമായ രീതിയിൽ ഈശ്വരസാന്നിധ്യം അനുഭവപ്പെടുന്ന ഒന്നാണ് ശ്രീമദ്ഭാഗവതം. ശ്രീകൃഷ്ണ ഭഗവാൻ ലോകജീവിതം സമാപിപ്പിക്കാനൊരുങ്ങുമ്പോൾ, ഭക്തന്മാർക്ക് ഒരു വിയോഗാനുഭവം ഉണ്ടാകരുതെന്നു കരുതി സ്വതേജസ്സ് ഭാഗവതത്തിൽ അന്തർഭവിപ്പിച്ചു എന്ന് ഭാഗവത മാഹാത്മ്യത്തിൽ പറയുന്നുണ്ട്. ഇനി നമുക്ക് സ്കന്ധം പ്രതി ലഭിക്കുന്ന ഭാഗവത സന്ദേശം അനുഭവിക്കാം.

☆

### അധ്യായം 1

# അധികാരി സ്കന്ധം

7. തക്ഷകദംശനമേറ്റ് ഏഴാം നാൾ മരിക്കേണ്ടിവരുമെന്ന ശാപം ഓർമ്മിച്ച്, ഈ ജന്മത്തിൽതന്നെ മോക്ഷം നേടണമെന്ന പ്രബലമായ ആഗ്രഹം പരീക്ഷിത്തു മഹാരാജാവിൽ ശക്തമായി. അവിടെ കൂടിയിരുന്ന മുനിമാരോടും ആത്മജ്ഞാനികളോടും അദ്ദേഹം ഒരു സാധാരണ മനുഷ്യൻ, വിശിഷ്യ, ആസന്നമരണനായ ഒരു വ്യക്തി ഭഗവന്നാമം ശ്രവിക്കുകയോ ഉച്ചരിക്കയോ ധ്യാനിക്കയോ എന്താണ് ചെയ്യേണ്ടത് എന്നു ചോദിച്ചു. അദ്ദേഹത്തിന്റെ ഗാഢപ്രതീക്ഷയും അഗാധമോഹവും കാരണം, അക്കാലത്തെ ഏറ്റവും പരിണതപ്രജ്ഞനായ അവധൂതൻ ശുകദേവൻ അവിടേക്കു വന്നു. പരീക്ഷിത്തു മഹാരാജാവ് അദ്ദേഹത്തോട് ഉന്നയിച്ച അതേ ചോദ്യം ശുകബ്രഹ്മർഷിയെ സന്തുഷ്ടനാക്കുകയും മറുപടി പറയാൻ സന്നദ്ധനാകയും ചെയ്തു. അങ്ങനെ ഭാഗവതം പ്രഥമസ്കന്ധത്തിലെ ആദ്യത്തെ സംവേദകസന്ദേശം ഇതായി: ലക്ഷ്യം നേടാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതിന് ഗുരുപാരമ്പര്യത്തിൽ ഉത്തമനായ ഒരാളെ ലഭിക്കുക എന്നതാണ് ആദ്യ യോഗ്യത. പിന്നെ, ക്ഷണിക്കപ്പെടാതെ തന്നെ ഗുരു മുമുക്ഷുവിന്റെ വാതിലിൽ വന്നു മുട്ടും, തുറക്കേണ്ട ജോലിയേ ശിഷ്യനുണ്ടാകൂ. പരീക്ഷിത് മഹാരാജാവിനെപ്പോലെ ഒരു മുമുക്ഷുവാകണമെങ്കിൽ, എല്ലാ മമതാബന്ധങ്ങളിലും നിന്നു മുക്തനാകണം, മോക്ഷത്തെപ്പറ്റി മാത്രം ചിന്തിക്കണം, മറ്റെല്ലാ ചിന്തകളും ഉപേക്ഷിക്കണം, സാക്ഷാത്കാരം ഒരേ ലക്ഷ്യമാകണം; ശുകദേവനെപ്പോലെ ഒരു ഗുരുവാകണമെങ്കിൽ സ്വശരീരത്തെപ്പറ്റിയുള്ള ചിന്തപോലും പരിത്യജിച്ച് ആത്മാവിൽ മനസ്സുറപ്പിച്ച് മോക്ഷം തന്നെ ലക്ഷ്യം എന്നു ദൃഢനിശ്ചയം ചെയ്യുന്നവനാകണം. ഇതെല്ലാമാണ് പ്രഥമസ്കന്ധത്തിലെ മുഖ്യസന്ദേശങ്ങൾ.

8. ആന്തരികമായ സമാധാനം തേടുന്നവർക്ക് ബാഹ്യമായ ശാന്തി തികച്ചും അത്യാവശ്യമാണെന്നതാണ് രണ്ടാമത്തെ മുഖ്യസന്ദേശം. തന്നോട്

ക്രൂരമായി പെരുമാറുകയും അസഹ്യമായ ഉപദ്രവം ചെയ്കയും ചെയ്ത വരോടുപോലും ക്ഷമയും സ്നേഹവും പ്രദർശിപ്പിക്കാനും വൈരാഗ്യ ബുദ്ധി പൂർണമായി ഉപേക്ഷിക്കാനും മുമുക്ഷു അവശ്യം ശീലിക്കേണ്ട താണ്. ഈ വസ്തുതയാണ്, തന്റെ നിർദോഷികളായ അഞ്ചു മക്കളെ നിഗ്രഹിച്ച് ചോരയുണങ്ങാത്ത അശ്വത്ഥാമാവിനെ വെറുതെ വിടാൻ അർജ്ജുനനോട് ഉപദേശിക്കുന്ന ദ്രൗപദിയുടെ കഥയിൽക്കൂടി സുതരാം വ്യക്തമാക്കുന്നത്. പരീക്ഷിത്ത് മഹാരാജാവിനെപ്പോലെ ആദർശ ശാലിയായ ഒരു മുമുക്ഷുവിനെ സൃഷ്ടിച്ച ഭദ്രമായ ആ പാരമ്പര്യം അങ്ങനെയായതിൽ അത്ഭുതപ്പെടാനില്ല.

9. അടുത്ത ഉപകഥ ദ്രൗപദിയുടെ പുത്രവധുവും പരീക്ഷിത്തിന്റെ മാതാവുമായ ഉത്തരയുടേതാണ്.

**"നാന്യം ത്വദഭയം പശ്യ യത്ര മൃത്യുഃ പരസ്പരം." (1-8-9)**

ഉത്തരയുടെ ഗർഭസ്ഥ ശിശുവിനെ ബ്രഹ്മാസ്ത്രത്താൽ അശ്വത്ഥാമാവ് നിഗ്രഹിക്കും എന്ന് ഭീഷണി ഉണ്ടായപ്പോൾ, അതികായന്മാരായ അഞ്ച് ഭർതൃപിതാക്കന്മാരെ (പാണ്ഡവപഞ്ചകം) പ്പോലും ഉപേക്ഷിച്ചിട്ട് ഉത്തര ശ്രീകോഷ്ണഭഗവാനിൽ സ്വയം സമർപിതയായി.

**"രക്ഷിഷ്യതീതി വിശ്വാസഃ രക്ഷണേ വരണം തഥാ."**

വേദേതിഹാസാദികളിൽ പറഞ്ഞിട്ടുള്ള ശരണാഗതിയുടെ അവശ്യ ഘടകങ്ങൾ ഇവിടെ പ്രസ്പഷ്ടമാക്കുന്നു - (1) ഭഗവാൻ രക്ഷിക്കും എന്ന പൂർണ വിശ്വാസം, (2) ഏതു പ്രതിസന്ധിയിലും ഭഗവത് സംരക്ഷണം തേടൽ, (3) പൂർണമായ അനന്യശരണത്വം.

10. ഈ സ്കന്ധത്തിൽ വ്യാസൻ സ്ത്രീസ്വഭാവത്തെ അത്യുന്നത പദത്തിലേക്ക് ഉയർത്തിക്കാണിക്കുന്നു. പരീക്ഷിത്തിന്റെ മാതാവ് ഉത്തര, ഉത്തരയുടെ ശ്വശ്രു ദ്രൗപദി, ദ്രൗപദിയുടെ ശ്വശ്രു കുന്തി എന്നിവർ മൂന്നുപേരും ഈശ്വരഭക്തിയുടെ വിഷയത്തിൽ എങ്ങനെ പരസ്പരം അതിശയിക്കുന്നു, നിരുപാധിക ക്ഷമ പ്രദർശിപ്പിക്കുന്നു, അവരുടെ വ്യക്തിത്വത്തിന്റെ ആത്മീയപരിണാമത്തിന്റെ സ്വഭാവ സവിശേഷതകൾ



ഏവ എന്നെല്ലാം ഇവിടെ പ്രസ്പഷ്ടമാക്കിയിരിക്കുന്നു. പരീക്ഷിത്തിന്റെ പ്രശ്വശ്രു കുന്തീദേവി ചെയ്തിട്ടുള്ള സ്തുതിയിലും പരോക്ഷ സാധനാമാർഗങ്ങൾ അടങ്ങിയിരിക്കുന്നു.

11. **"വിപദഃ സന്തു നഃ ശശ്വത്തത്ര തത്ര ജഗദ്ഗുരോ." (1-8-25)**

സർവദാ ഉദ്ധരിക്കപ്പെടാറുള്ളതും കുന്തീദേവിയുടെ സ്തുതിയിൽ അടങ്ങുന്നതുമായ ഒരു ശ്ലോകഭാഗമാണിത്. 'തനിക്ക് ദുഃഖാനുഭവങ്ങൾ ഒന്നിനു പിന്നാലെ തുടർച്ചയായി തരണേ' എന്ന ഒരു അപൂർവ വരമാണ് കുന്തി തന്റെ അനന്യസദൃശമായ സ്തുതിവാക്യത്തിലൂടെ ഭഗവാനോട് അപേക്ഷിക്കുന്നത്. ജീവിതത്തിലുണ്ടാകുന്ന ഏതൊരു സങ്കടവും ദുരന്തവും ഒരു മുമുക്ഷുവിനെ സംബന്ധിച്ചേടത്തോളം കരുണാമയനായ ഭഗവാൻ അജ്ഞാനാന്ധകാരത്തിൽ നിന്നും ഉണർത്തി എഴുന്നേല്പിക്കുന്നതിനു നല്കുന്ന ഒരു വിദ്യുത് ചികിത്സയാണ്. ഭക്തന്റെ മന്സ്സിനെ ആത്മീയപഥത്തിൽ വേഗം പുരോഗമിപ്പിക്കുന്നതിനും ലോകജീവിത നൈരാശ്യങ്ങളിലും ആഘാതങ്ങളിലും നിന്നും അകറ്റുന്നതിനും വേണ്ടി ഭഗവാൻ പൂർണ ശ്രദ്ധയോടെ വീക്ഷിക്കുന്നു എന്നതിന്റെ സുനിശ്ചിത ചിഹ്നമാണ്.

**"ജന്മൈശ്വര്യശ്രുതശ്രീഭിരേധമാനമദഃ പുമാൻ**
**നൈവാർഹത്യഭിധാതും വൈ ത്വാമകിഞ്ചനഗോചരം." (1-8-26)**

മറ്റൊരു ശ്ലോകത്തിൽ കുന്തീദേവി ശ്രീകൃഷ്ണ ഭഗവാനോടു പറയുന്നു: ജന്മനാ ഉള്ള ഐശ്വര്യം, വിദ്യത്വം, ധനം തുടങ്ങിയവയാൽ മത്തനായ ഒരാൾ അവിടുത്തെ നാമം ഉച്ചരിക്കാൻ പോലും അർഹനാകുന്നില്ല. നിസ്വന്മാരും വിനയശാലികളുമാണ് ഭഗവാനെ പ്രാപിക്കാൻ സുഗമതയുള്ള അർഹർ. വിനയം ആത്മീയ മാർഗത്തിന്റെ മുഖമുദ്രയാണ്. ഈ സന്ദർഭം ബൈബിളിലെ ഒരു പ്രസ്താവം ഓർമ്മിപ്പിക്കുന്നു - 'സമ്പന്നനായ ഒരാൾ സ്വർഗത്തിന്റെ ഗോപുരം കടക്കാൻ കഴിയുന്നതിനേക്കാൾ എളുപ്പമാണ് ഒരു ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത്.'

12. മറ്റൊരു ശ്ലോകത്തിൽ കുന്തി ഭഗവാനോടു പറയുന്നു: ഭഗവാനേ, എത്രയോ പ്രാവശ്യം അവിടുന്ന് ഞങ്ങളെ രക്ഷിച്ചിരിക്കുന്നു! ഭീമന്

വിഷം നല്കപ്പെട്ടപ്പോൾ, ഞങ്ങളുടെ ഗൃഹം അഗ്നിക്കിരയാക്കപ്പെട്ടപ്പോൾ, ഭീമന് അസുരബാധയുണ്ടായപ്പോൾ, ദ്രൗപദിയെ കശ്മലന്മാർ സദസ്സിൽ വച്ച് വസ്ത്രാക്ഷേപം ചെയ്തപ്പോൾ, വനവാസകാലത്ത് നിരവധി സങ്കടാനുഭവങ്ങൾ ഉണ്ടായപ്പോൾ, മഹാഭാരതയുദ്ധവേളയിൽ മഹാഭടന്മാരുടെ പിഴയ്ക്കാത്ത അമ്പുകൾ എന്റെ പുത്രന്മാരുടെ നേർക്ക് പാഞ്ഞപ്പോൾ, ഉത്തരയുടെ ഗർഭസ്ഥശിശു മാത്രം അവശേഷിച്ചപ്പോൾ അശ്വത്ഥാമാവ് അമ്പു തൊടുത്തപ്പോൾ – അപ്പോഴെല്ലാം അവിടുന്ന് ഞങ്ങളെ രക്ഷിച്ചുവല്ലോ." (1–8–24) ഈ പ്രസ്താവം ധ്യാനത്തിനുള്ള നല്ല ഒരു ഉപായം നമുക്കു കാട്ടിത്തരുന്നു. നമ്മുടെ ജീവിതത്തിൽ നിരവധി സന്ദർഭങ്ങളിൽ, ഒരുത്തർക്കും രക്ഷിക്കാനാവാത്തവിധം ദുരിതങ്ങളും സങ്കടാനുഭവങ്ങളും ഉണ്ടായപ്പോഴെല്ലാം ഒരു ദിവ്യശക്തിയുടെ പ്രഭാവത്തിൽ നാം രക്ഷ നേടിയതായി കാണാൻ കഴിയും. പ്രശാന്തമായ ഒരു അന്തരീക്ഷത്തിലിരുന്ന് അത്തരം സന്ദർഭങ്ങളേയും ജീവിതാനുഭവങ്ങളേയും വീണ്ടും വീണ്ടും ഓർമ്മിച്ച് ഭഗവാനെ ധ്യാനിക്കുകയാണെങ്കിൽ, മനസ്സ് ഏകാഗ്രമാക്കി ഭഗവദ് വിചാരം ചെയ്യുന്നതിനുള്ള ഉത്തമ മാർഗമായിരിക്കും അത്. ഇതേപ്പറ്റി മറ്റൊരിടത്തും (ഭാഗവതം 10–31–3) വിവിധ അപായങ്ങളിൽ നിന്നും തങ്ങളെ രക്ഷിച്ച ശ്രീകൃഷ്ണ ഭഗവാനെപ്പറ്റി ഓർമ്മിച്ചും വിലപിച്ചും കഴിഞ്ഞ ഗോപികമാരുടെ കാര്യത്തിലും – സൂചിപ്പിച്ചിട്ടുണ്ട്.

13. അഷ്ടമ സ്കന്ധത്തിൽ, സ്വപുത്രന്മാരോടും ബന്ധുക്കളോടും ദൃഢബദ്ധമായ മനസ്സിനെ വേർപെടുത്തി ഭഗവന്നിഷ്ഠമാക്കാൻ കുന്തി (1–8–41) പ്രാർത്ഥിക്കുന്നുണ്ട്. ഇമ്മാതിരി ഒരു നിസ്സംഗത്വം ഈശ്വര സാക്ഷാത്കാരത്തിന് ഏറ്റവും അത്യാവശ്യമാണ്. എന്നാൽ അത് സ്വപ്രയത്നം കൊണ്ടു മാത്രം സാധിക്കാവുന്നതല്ല, ഈശ്വരാനുഗ്രഹം കൊണ്ടു കൂടിയേ സാധിക്കൂ. അതുകൊണ്ട് നമ്മുടെ ബന്ധുമിത്രാദികളോടുള്ള സംബദ്ധതയിൽ നിന്നു മോചനം ലഭിക്കാൻ ഭഗവാനോട് നിരന്തരം നാം പ്രാർത്ഥിക്കുക തന്നെ വേണം. നമ്മുടെ പ്രാർത്ഥനയുടെ ദാർഢ്യത്തെപ്പറ്റി ഭാഗവതത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ആത്മീയ സാധനാവേളയിൽ ഉണ്ടായേക്കാവുന്ന അനുകൂല പരിതഃസ്ഥിതിയില്ലായ്ക, ഏകാഗ്രത ലഭിക്കായ്ക, നിദ്രയോ മറ്റോ മൂലമുണ്ടാകാവുന്ന



തടസ്സം തുടങ്ങിയവയെല്ലാം ആത്മാർത്ഥമായ പ്രാർത്ഥനകൊണ്ട് പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ്. പ്രാർത്ഥന ശക്തവും ബഹുഫലദായകവുമായ ഉപായമോ ഉപാധിയോ ആയി സാധനകന് അനുഭവപ്പെടും. പരിശീലനം കൊണ്ട് അനായാസമായിത്തന്നെ സാധകൻ ശ്രമത്തിൽ വിജയിക്കയും ചെയ്യും.

14. വിഷയാസക്തി, അക്രമം, അസൂയ, പാതകം തുടങ്ങിയവയെ പ്രതിപാദിക്കുന്ന കഥകൾ പാരായണം ചെയ്യരുതെന്നും ഭഗവത് സ്തുതിപരവും നാമസങ്കീർത്തനപരവുമായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യണമെന്നും വ്യാസഭഗവാൻ പരോക്ഷമായി സാധകരെ ഉപദേശിക്കുന്നുണ്ട്. നമ്മുടെ യുവതലമുറക്കാരിൽ നല്ല ഒരു വിഭാഗം പേരും നിർഭാഗ്യവശാൽ കല്പിതകഥകളും പ്രേമവും കുറ്റകരമായ പ്രവൃത്തികളും അടങ്ങുന്നതുമായ ഗ്രന്ഥങ്ങൾ വായിക്കാൻ താല്പര്യപ്പെടുന്നു. നമ്മുടെ മനസ്സ് സംശുദ്ധമാക്കി ഈശ്വരോന്മുഖമാക്കൻ മേല്പറഞ്ഞ തരത്തിലുള്ള ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് പൂർണമായും ഒഴിവാക്കണം. അല്ലെങ്കിൽ ലക്ഷ്യസാധനയിൽ നിന്നും നാം അകറ്റപ്പെടും.

**"തദ്വാഗ്വിസർഗോ ജനതാഘവിപ്ലവോ
യസ്മിൻ പ്രതിശ്ലോകമബദ്ധവത്യപി
നാമാന്യനന്തസ്യ യശോങ്കിതാനി യത്
ശൃണ്വന്തി ഗായന്തി ഗൃണന്തി സാധവഃ"** (1-5-11)

വ്യാകരണപരമായി അബദ്ധമാണെങ്കിൽപോലും ഭഗവാന്റെ നാമവും മഹിമയും വാഴ്ത്തുന്ന ഗ്രന്ഥങ്ങൾ മാത്രമേ സാധുജനങ്ങൾ വായിക്കയും പഠിക്കയും ഗാനം ആലപിക്കയും ചെയ്യൂ എന്ന് വ്യാസഭാഗവാൻ ഉദ്ധൃത ശ്ലോകത്തിൽ വ്യക്തമാക്കുന്നു.

15. നാരദ മഹർഷിയുടെ ആദ്യകാല ജീവിതകഥ സത്സംഗം, സാധുജന സേവനം, ഭക്തജനസേവ തുടങ്ങിയവയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. പൂർവജന്മത്തിൽ, ധാർമികനിഷ്ഠയുള്ള ഒരു ഗൃഹത്തിലെ അതിഥി ഭവനത്തിൽ ഒരു പരിചാരകയുടെ പുത്രനായിട്ടാണ് നാരദൻ പിറന്നത്. മഴക്കാലത്ത് അതിഥി മന്ദിരത്തിൽ അഭയം തേടിയെത്തുന്ന സാധു

ജനങ്ങൾക്ക് വേണ്ട ശുശ്രൂഷ ചെയ്യുന്നതിനും അവർ പറഞ്ഞിരുന്ന ഭഗവത് കഥകൾ കേൾക്കുന്നതിനും നാരദന് അവസരം കുട്ടിക്കാലത്തു തന്നെ ലഭിച്ചിരുന്നു. അവിടെ വന്ന സാധുക്കളിൽ ഒരാൾ ആ ബാലന് മന്ത്രോപദേശവും നല്കി. കഠിന വ്രതധ്യാനാദികളാൽ ആ ബാലൻ അടുത്ത ജന്മത്തിൽ ബ്രഹ്മാവിന്റെ പുത്രനായി ജനിക്കയും മഹർഷി പദത്തിൽ ദേവർഷിയായിത്തീരുകയും ചെയ്തു. ഭാഗവതത്തിൽ പലേടത്തും സത്സംഗത്തിന്റെ പ്രാധാന്യം ഉറപ്പിച്ചു പറയുന്നുണ്ട്.

**“രഹൂഗണൈതത്തപസാ ന യാതി**
**ന ചേജ്യയാ നിർവപണാദ് ഗൃഹാദ്വാ**
**ന ഛന്ദസാ നൈവ ജലാഗ്നിസൂര്യൈ-**
**ർവിനാ മഹത്പാദരജോഽഭിഷേകം.”** (5-12-12)

പഞ്ചമസ്കന്ധത്തിൽ ജഡഭരതൻ രഹൂഗണ രാജാവിനു നല്കിയ ഉപദേശത്തിൽ പറയുന്നു – കഠിനപ്രയത്നം, ധ്യാനം, വേദധർമാനുഷ്ഠാനം, ആദിത്യാരാധന, ദേവോപാസന, ഈശ്വരാരാധന, യാഗം, ഗൃഹസ്ഥ ധർമത്യാഗം എന്നിവയാലൊന്നും ഒരാൾക്ക് ഈശ്വര സാക്ഷാത്കാരം നേടാനാവില്ല. സംന്യസ്തന്മാരുടെ പാവനപാദധൂളിയിൽ വീണ്ടും വീണ്ടും ആറാടിയാൽ മാത്രമേ സാക്ഷാത്കാരം സാധ്യമാകൂ.” ശ്രീകൃഷ്ണൻ ഏകാദശ സ്കന്ധത്തിൽ ഉദ്ധവർക്ക് നല്കിയ അന്ത്യ സന്ദേശത്തിലും പ്രസ്താവിക്കുന്നു – “യോഗം, ധർമാനുഷ്ഠാനം, വേദപഠനം, പ്രതിജ്ഞകൾ, യാഗാദി ചടങ്ങുകൾ, തീർത്ഥാടനം, പാവങ്ങൾക്കായുള്ള സാമൂഹിക സേവനം, ആത്മീയ നിഷ്ഠ എന്നിവയ്ക്കൊന്നും ലോകജീവിതത്തോടുള്ള സംഗവും ബന്ധവും ഇല്ലാതാക്കാൻ സത്സംഗത്തെപ്പോലെ കഴിയുകയില്ല.”

16. ഭഗവദ്ഗീതയിലെ ആദ്യാധ്യായം ‘വിഷാദയോഗം’ എന്നാണ് അറിയപ്പെടുന്നത് – ‘വിഷാദത്തിന്റെ യൗഗിക മാർഗം.’ സ്വന്തം രക്ഷിതാക്കളോടും ബന്ധുമിത്രാദികളോടും യുദ്ധം ചെയ്യണമല്ലോ എന്ന വിഷാദത്തിൽ അർജുനൻ മുഴുകിയപ്പോൾ, ആ ദുഃഖം ഭഗവാൻ ഗീതയിലൂടെ നല്കിയ ഉപദേശമാകുന്ന ഏണിപ്പടി ആത്മീയമായ ഉത്കർഷത്തിന് നിദാനമായി ഭവിച്ചു. അതുപോലെ, ഏഴുനാൾക്കകം ജീവിതം അവസാനിക്കുമെന്ന ശാപം ഗ്രസിച്ചപ്പോൾ പരീക്ഷിത്തിന് ഭാഗവതം പോലെയൊരു നിസ്തുല നിധി ശുകബ്രഹ്മർഷിയാൽ ഉപദേശിക്കപ്പെടാൻ ഭാഗ്യം സിദ്ധിച്ചു. ഒരു ദുഃഖത്തിൽ നിന്നും മറ്റൊരു ദുഃഖത്തിലേക്ക് നയിക്കുക മാത്രം ചെയ്യുന്ന പ്രപഞ്ചവിഷയങ്ങളോട് നിസ്സംഗമായിരിക്കാൻ ശീലിക്കയും ഓരോ സങ്കടാനുഭവവും ആത്മീയ ഉത്കർഷത്തിനുള്ള പടിയായി കരുതുകയും വേണം.



17. ഈമാതിരി ദിവ്യ ഉപദേശങ്ങളും ശ്രീമദ് ഭാഗവതത്തിലെ പ്രഥമ സ്കന്ധത്തിലെ പ്രായോഗിക നിർദ്ദേശങ്ങളും അനുഗ്രാഹക സന്ദേശങ്ങളും സ്വീകരിച്ച് ആശ്വസ്തനായും ഉദ്ദീപ്തനായും ഏതൊരു ആധുനിക സാധകനും സ്വയം സ്വീകരിച്ച ആത്മീയ മാർഗത്തിലൂടെ പുരോഗമിക്കാം. അതിനുള്ള അമൂല്യനിധിയാണ് അടുത്തു വരുന്ന സാധനാസ്കന്ധം.

☆

# അധ്യായം 2

# സാധനാ സ്കന്ധം

18. **"തസ്മാദ് ഭാരത സർവാത്മാ ഭഗവാനീശ്വരോ ഹരിഃ
ശ്രോതവ്യഃ കീർതിതവ്യശ്ച സ്മർതവ്യശ്ചേച്ഛതാഭയം**

**ഏതാവാൻ സാംഖ്യയോഗാഭ്യാം സ്വധർമപരിനിഷ്ഠയാ
ജന്മലാഭഃ പരഃ പുംസാമന്തേ നാരായണസ്മൃതിഃ"**

**(ഭാഗവതം II. 1, 5, 6)**

ഋജുവും സംശയഛേദിയുമായ ഒരു ഉത്തരം പരീക്ഷിത്ത് മഹാരാജാവിന്റെ ചോദ്യത്തിന് നല്കിക്കൊണ്ടാണ് സാധനാ സ്കന്ധം ആരംഭിക്കുന്നത്. ശുകദേവൻ മറുപടി നല്കി – "സകല ജീവജാലങ്ങളിലും അന്തര്യാമിയായി വർത്തിക്കുന്ന സർവാത്മസ്വരൂപിയായ ഭഗവാൻ മാത്രമാണ് നിരന്തരം സ്മരിക്കപ്പെടേണ്ടതായുള്ളത്. നിർഭീകതയുടെയും അനന്താനന്ദത്തിന്റെയും പരമോച്ചാവസ്ഥ നേടാൻ ഭഗവാന്റെ നാമം ഉരുവിടുകയും സ്തുതികൾ വിവരിക്കുകയും ചെയ്യണം. മരണശയ്യയിൽ കിടക്കുന്ന അവസ്ഥയിൽ ഭഗവന്നാമം ഒരു പ്രാവശ്യമെങ്കിലും ജപിച്ചാൽ ജീവിതത്തിന്റെ സമഗ്രലക്ഷ്യവും നിറവേറപ്പെടുന്നതാണ്." പരമാത്മസ്വരൂപനായ ഭഗവാനെ സദാ സ്മരിക്കുക എന്നതാണ് എല്ലാ സാധനകളുടെയും പൊരുൾ. ഇവിടെ ഉദ്ധൃത വാക്യത്തിൽ പരാമൃഷ്ടനാകുന്ന ഭഗവാൻ ക്ഷേത്രത്തിലോ വിഗ്രഹത്തിലോ മാത്രം വസിക്കുന്ന ചൈതന്യരൂപിയല്ല, പക്ഷിയോ പുഴുവോ മനുഷ്യനോ ഏതു ജീവജാലത്തിലും സർവാത്മഭാവത്തിൽ, സാധകന്റെ ഉള്ളിൽ ഉൾപ്പെടെ എല്ലാവരിലും കുടികൊള്ളുന്ന ആത്മാവാണ്. ആ ഭഗവാൻ നമ്മെ ജീവിതവാസനകളിലും ലോകസാധാരണമായ ക്രോധം, അന്യരോട് വിരോധം, ഭയം, ആഗ്രഹം, അസൂയ, അക്രമം, കോപം, അത്യാഗ്രഹം തുടങ്ങിയവയിൽ നിന്നും മോചിപ്പിക്കും. സാധകൻ സർവത്ര ആത്മാവിനെ മാത്രമേ ദർശിക്കുകയുള്ളൂ.



**"പുത്രേതി തന്മയതയാ തരവോ/ഭിനേദു-
സ്തം സർവഭൂതഹൃദയം മുനിമാനതോ/സ്മി."**

**(ഭാഗവതം 1-2-2)**

ഭാഗവതത്തിൽ ഭഗവാന്റെ സർവാത്മഭാവത്തെപ്പറ്റി രണ്ടിടത്ത് വിവരിച്ചിട്ടുണ്ട്.

ഒന്നാമത്, ഭാഗവതകഥാഖ്യാനാരംഭത്തിൽ സൂതൻ മൊഴിയുന്ന സ്തുതി വാക്യത്തിലാണ്. ശുകദേവനെപ്പറ്റി മനോഹരമായ ഒരു കഥയുണ്ട്. പതിനാറു വർഷം മാതൃഗർഭത്തിൽ വസിച്ചശേഷം ശുകൻ മാതാപിതാക്കളെ ഉപേക്ഷിച്ചിട്ട് വനാന്തരത്തിലേക്കു പോയി. അദ്ദേഹത്തിന്റെ പിതാവ് വേദവ്യാസൻ സ്നേഹാധിക്യവും ശോകകാഠിന്യവും മൂലം "മകനേ, മകനേ" എന്നു വിളിച്ചുകൊണ്ട് പിന്നാലെ പോയി. ഗുരുദേവൻ അത്യുച്ചമായ ഒരു അവസ്ഥയിലായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ചുറ്റുമുള്ള സകലതും വൃക്ഷാദികളും അദ്ദേഹത്തിനുവേണ്ടി വ്യാസഭഗവാനോട് 'മടങ്ങിപ്പോകാൻ' ആവശ്യപ്പെട്ടു.

രണ്ടാമത്, ചതുർത്ഥസ്കന്ധത്തിൽ (IV. 8–80), ധ്രുവൻ അഞ്ചാം വയസ്സിൽ, വിശ്വത്തെയാകെ സ്വാത്മസ്വരൂപത്തിൽ സങ്കല്പിച്ച് കഠിനവ്രതം – തപസ്സ് – ശ്വാസനിയന്ത്രണംപോലും ചെയ്തു നിർവഹിച്ചു. ധ്രുവൻ പ്രപഞ്ചത്തെയാകെ താദാത്മ്യവത്കരിച്ചതുകൊണ്ട്, എല്ലാ ജീവജാലങ്ങളുടെയും ശ്വാസോച്ഛ്വാസം ബാധിതമാകയും അവർക്ക് ജീവൻ നിലനിർത്താൻകൂടി പ്രയാസം നേരിടുകയും ചെയ്തു.

**"തന്മൂലത്വാദച്യുതേജ്യാ സർവജീവാത്മതർപണം."**

**(ഭാഗവതം VII. 14-36)**

സപ്തമസ്കന്ധം പതിനാലാം അധ്യായത്തിൽ നാരദൻ പറയുന്നു – ഭഗവാൻ സർവമൂലമാകയാൽ എല്ലാറ്റിനേയും സേവിക്കയും സന്തോഷിപ്പിക്കയും ചെയ്യുന്നത് ഭഗവദാരാധനം തന്നെയാണ്.

20. പരീക്ഷിത്തിന്റെ ചോദ്യത്തിന് മറുപടി പറയവേ, ഭഗവന്നാമങ്ങൾ ഉച്ചത്തിൽ ചൊല്ലുന്നതും മനസ്സാ വഹിക്കുന്നതും നിർഭീകതയുടെയും

വൈരാഗ്യബുദ്ധിയുടെയും തലത്തിലേക്കെത്താനുള്ള അനായാസ മാർഗ മാണ്. ഈ സംഗതി ആറാം സ്കന്ധത്തിൽ വിശദമായി ചർച്ച ചെയ്യു ന്നതാണ്.

21. സാധനാസ്കന്ധത്തിൽ രണ്ടുതരത്തിലുള്ള ധ്യാനത്തെപ്പറ്റി വിവരിക്കു ന്നുണ്ട് – 1. ഭഗവാന്റെ വിശ്വരൂപം – പാതാളം ഭഗവദ്പാദം, വിവിധ ജലധാരകൾ ഭഗവാന്റെ രക്തവാഹിനികൾ, പർവതം അസ്ഥിപഞ്ജരം – എന്നിങ്ങനെ കണ്ട് ധ്യാനിക്കുക. 2. ഭഗവദ് രൂപത്തെ അവയവം പ്രതി ധ്യാനിക്കുക – ഭഗവത്പാദം, നഖം, കാൽമടമ്പ്, മുട്ട്, കാൽ, തുട, അരക്കെട്ട്, കയ്യ്, ഉരസ്സ്, താടി, ചെവി, മൂക്ക്, കണ്ണ്, തലമുടി – എന്നി പ്രകാരം അംഗംപ്രതി ഭാവന ചെയ്യുക. ഭഗവാന്റെ രൂപത്തിൽ വിശ്വസി ക്കുന്ന (സരൂപാരാധനയിൽ പ്രിയമുള്ള) വർക്ക്, രണ്ടാമത് പറഞ്ഞ സാധനാമാർഗമാണ് പരിശീലിക്കാനും ഭക്തിമാർഗത്തിൽ ദൃഢിഷ്ഠ രാകുംവരെ പൂർണോപാസന ചെയ്യാനും അനുയോജ്യം. (ഭക്തിയോഗം II. 2–814). ജ്ഞാനമാർഗാവലംബികളായ മുമുക്ഷുക്കൾക്ക് മനോ നിഗ്രഹം, ഇന്ദ്രിയ നിഗ്രഹം, വൈരാഗ്യം, വിവേകം തുടങ്ങിയ യോഗ്യത കളും അത്യാവശ്യ ഉപാധികളും അവലംബിക്കേണ്ടതുണ്ട്. ഭക്തി യോഗത്തെ ആശ്രയിക്കുന്നവർ ഭഗവത്പാദങ്ങളെ പൂർണ മനസ്സാലെ ശരണം പ്രാപിക്കാനും ഇതര ചിന്തകളെല്ലാം ഉപേക്ഷിച്ച് ഭഗവദ് ദൃഷ്ടി യിൽ തന്നെ മനസ്സ് ഉറപ്പിച്ച് ആ ചിന്തയിൽ സദാ മുഴുകിയിരിക്കാനു മുള്ള കഴിവു മാത്രമാണ് വേണ്ടത്.

22. **"ന ഭാരതീ മേ/ങ്ഗ മൃഷോപലക്ഷ്യതേ**
**ന വൈ ക്വചിന്മേ മനസോ മൃഷാ ഗതിഃ**
**ന മേ ഋഷീകാണി പതന്ത്യസത്പഥേ**
**യന്മേ ഹൃദൗത്കണ്ഠ്യവതാ ധൃതോ ഹരിഃ** (ഭാഗവതം II-6-33)

ഭഗവത്പാദങ്ങളെ ആത്മാർത്ഥമായി മനസ്സാ ധരിക്കുന്ന സംഗതി ബ്രഹ്മാവ് സ്വപുത്രനായ നാരദനോടു പറയുന്ന സുന്ദരമായ ഈ പ്രസ്താവത്തിൽ അടങ്ങുന്നു.

"എന്റെ ഹൃദയത്തിൽ ഈശ്വരചിന്ത സർവവിധേനയും പ്രഗാഢമായി രിക്കുമ്പോൾ, സ്വാഭാവികമായും എന്റെ നാവിൽ നിന്നും ഒരു വ്യാജ



പ്രസ്താവവും വരികയില്ല, എന്റെ മനസ്സ് ഒരു അയഥാർത്ഥ വസ്തുവി ലേക്കും പോകയില്ല, എന്റെ ഇന്ദ്രിയങ്ങൾ എന്നെ അപഥത്തിലേക്ക് ഒരിക്കലും നയിക്കയുമില്ല. അങ്ങനെ ഒരു മുമുക്ഷുവിന് ആവശ്യമായ എല്ലാ ഗുണങ്ങളും അയത്നമായി ആർജിക്കാൻ കഴിയും.

23. രണ്ടാമത്തെ സാധനാ (സ്കന്ധ) വിഷയകമായ ഏറ്റവും പ്രധാനം ഭാഗം ചതുഃശ്ലോകീഭാഗവതത്തിൽ (ഭാഗവതത്തിലെ നാലു ശ്ലോകങ്ങൾ) ഭാഗവതത്തിന്റെ താത്ത്വികസാരസർവസ്വം നാരായണൻ ബ്രഹ്മാവിന് ഉപദേശിച്ചു കൊടുക്കുന്നുണ്ട്. (11-9-32 – 35) – (1) ബ്രഹ്മതത്ത്വം, (2) മായാതത്ത്വം, (3) ജഗത്തത്ത്വം, (4) ജിജ്ഞാസ്യതത്ത്വം – ആ നാലു തത്ത്വങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം –

1. വിശ്വം ആവിർഭവിക്കുന്നതിനു മുമ്പ്, അതായത് സൃഷ്ടിക്കും മുമ്പ്, പരമാത്മാവ് (ബ്രഹ്മം, ഭഗവാൻ) മാത്രമേ ഉണ്ടായിരുന്നുള്ളൂ. മഹാ പ്രളയത്തിൽ സർവവും തിരോഭവിച്ചുകഴിഞ്ഞ് ഈ വിശ്വമാകെയും ഇല്ലാതായ ശേഷവും ബ്രഹ്മം ഉണ്ടായിരിക്കും – (ബ്രഹ്മതത്ത്വം)

2. സർപ–രജ്ജുക്കളെന്നപോലെ (ഇരുട്ടിൽ കയറ് സർപമാണെന്നും മറിച്ചും കരുതാനിടയാകുന്നതുപോലെ) സത്യം ഒന്നുമില്ലാതെ, ഉണ്ടെന്നു തോന്നിപ്പിക്കുക മാത്രം ചെയ്യുന്ന അവസ്ഥ – ഈശ്വരന്റെ ആവരണശക്തി) – (മായാതത്ത്വം)

3. ഭഗവാൻ ഈ വിശ്വത്തിനു മുഴുവൻ ആദികാരണമായും എല്ലാ ജീവജാലങ്ങളിലും അന്തര്യാമിയായും വർത്തിച്ച് എല്ലാറ്റിനും ശക്തി പകരുകയും (സജീവമാക്കുകയും) ചെയ്യുന്നു.

4. ഒരു യഥാർത്ഥ ജ്ഞാനാർത്ഥി, അയാൾക്ക് ഗ്രഹിക്കാനാവുന്ന എല്ലാം – എല്ലാ ആവശ്യങ്ങളും അറിവുകളും അന്വയം, വ്യതിരേകം (അനുയോജ്യത, വ്യത്യസ്തത) എന്നീ രണ്ടു രീതികളിലൂടെ സർവ ദേശത്തും സർവകാലത്തും നിലനില്ക്കുന്ന പരമസത്യത്തെ മനസ്സി ലാക്കണം – (ജിജ്ഞാസ്യതത്ത്വം)

☆

## അധ്യായം 3

24. **പൃഷ്ടോ വാർതാ പ്രതിബ്രൂയാദ്ഭർതുഃ പാദാവനുസ്മരൻ.**

**(ഭാഗവതം III-2-3)**

ഭാഗവതത്തിൽ തൃതീയസ്കന്ധം മുതൽ പലേടത്തും, ആരെങ്കിലും ഒരു പ്രശ്നം ഉന്നയിക്കുമ്പോൾ മറുപടി പറയുന്നതിനുമുൻപ് അല്പ നേരം ഭഗവാനെ സ്മരിക്കുന്നതായി എടുത്തുകാണിക്കുന്നുണ്ട്. ഇത് എല്ലാ മുമുക്ഷുക്കളും നിത്യജീവിതത്തിൽ അനായാസമായി പ്രയോഗി ക്കാവുന്നതും സുന്ദരവുമായ ഒരു വിദ്യയാണ്. എന്തെങ്കിലും നിസ്സാര ലൗകിക ജീവിതവിഷയത്തെക്കുറിച്ചാണെങ്കിൽ പോലും ഒരാൾ ചോദ്യം ഉന്നയിക്കുമ്പോൾ, അതിനു സമാധാനം നല്കും മുൻപ് ഭഗവത് സ്മരണ യോടും ഒരു നാമം ഉച്ചരിച്ചുകൊണ്ടും മറുപടി നല്കാൻ ശീലിക്കുന്നതു നന്നാണ്. ഓരോ ചോദ്യത്തിനും മറുപടി പറഞ്ഞുകഴിയുമ്പോഴും ഭഗവന്നാമോച്ചാരണം ചെയ്യുന്നതിനും ശ്രമിക്കാവുന്നതാണ്. ഇത് നിരന്തരമായ ഭഗവത് സ്മരണയ്ക്ക് നമ്മെ വളരെ സഹായിക്കും. ഒരു ചോദ്യം ഉന്നയിക്കപ്പെട്ട് അതിനു മറുപടി പറയാൻ തുടങ്ങുമ്പോൾ ഭഗവാൻ രാമനെപ്പറ്റി ചിന്തിക്കയും 'രാമ രാമ' എന്നു പറഞ്ഞ് മറുപടി നല്കാൻ തുടങ്ങുകയും ചെയ്യുക, ചോദ്യത്തിന് സമാധാനം നല്കി കഴിയുമ്പോഴും 'രാമ' എന്നു പറയാൻ മനസ്സിലെങ്കിലും തയ്യാറെടുക്കുക. ഇത് ഭാഗവതം നല്കുന്നതും നമുക്ക് എളുപ്പത്തിൽ പ്രയോഗിക്കാവു ന്നതും ഫലപ്രദവുമായ ഒരു അത്ഭുത സന്ദേശമാണ്. വിദുരരും ഉദ്ധവരും, വിദുരരും മൈത്രേയനും മറ്റും തമ്മിലുള്ള ചർച്ചകളും സംഭാഷണങ്ങ ളുമെല്ലാം സ്വാഭാവികമായും ഭഗവാനെ കേന്ദ്രീകരിച്ചുള്ളതും ആത്മീയ വിഷയകവും ആണെന്നതും ഒരിക്കലും ലൗകിക കാര്യമായുള്ള കൊച്ചു വർത്തമാനങ്ങളാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. ആധുനിക കാലത്ത്, ഏതൊരു മുമുക്ഷുവും സാധകനും കേവലമായ വ്യർത്ഥസംവാദങ്ങ ളിലും ഭൗതിക വിഷയ ചർച്ചകളിലും ഏർപ്പെടുകയും സുഹൃത്തുക്കളും സാമൂഹികസന്ദർശനങ്ങളുമായി നേരം പാഴാക്കുകയും ചെയ്യുന്നതിനു പകരം അവരുടെ സംഭാഷണങ്ങളും മറ്റും ആത്മീയവിഷയങ്ങളെ ചുറ്റിപ്പറ്റി മാത്രമായി വ്യാവർത്തിപ്പിക്കേണ്ടതാണ്.



സമ്പത്ത്, ഗൃഹം, സുഹൃത്ത്, സ്നേഹബന്ധം എന്നിങ്ങനെയുള്ള കാര്യങ്ങളിലും മരണം മൂലമുള്ള കഷ്ടത, മോഹം, പരാജയം, അസൂയ തുടങ്ങിയവയിലും നിന്നുള്ള മോചനം ആഗ്രഹിക്കുന്നുവെങ്കിൽ 'ഞാൻ', 'എന്റെ' (അഹം, മമ) എന്ന ചിന്ത ഉപേക്ഷിച്ച് ഭഗവാനിൽ ശരണം പ്രാപിക്ക തന്നെ വേണം. (ഭാഗവതം III. 9.6)

26. ഭാഗവതത്തിൽ പ്രത്യക്ഷീഭവിക്കുന്ന കഥാപാത്രങ്ങളെല്ലാം അകാരണ മായി കല്പിക്കപ്പെട്ട നാമങ്ങളല്ല, അവർക്ക് വിവിധ ഉപകഥകളിലൂടെ വിശദീകൃതമായിട്ടുള്ളവിധം അഗാധവും പ്രധാനവുമായ ഒരു പ്രതീകാ ത്മക സ്വഭാവമാണുള്ളത് എന്ന വസ്തുത ഒരു സർവസാധാരണ സംഗതിയാണ്. ഉദാഹരണത്തിന്, രണ്ടു ഭീകര അസുരന്മാരായ ഹിരണ്യാക്ഷനും ഹിരണ്യകശിപുവും യഥാക്രമം ലോഭം (ധനാസക്തി), ഭോഗം (സുഖതൃഷ്ണ) എന്നീ രണ്ട് ആസുരീഭാവങ്ങളുടെ പ്രതീകങ്ങ ളാണ്. ഹിരണ്യത്തിൽ അക്ഷമുള്ളവൻ (സ്വർണത്തിൽ നേട്ടമുള്ളവ നാണ് ഹിരണ്യാക്ഷൻ); ഹിരണ്യകശിപുവാകട്ടെ, സ്വർണക്കട്ടിലിൽ (ഹിരണ്യ + കശിപു) ശയിക്കുന്നവനാണ്. സ്വാഭാവികമായും ലോഭം ലോകത്തെ മുഴുവൻ ജയിക്കാൻ പ്രേരിപ്പിക്കുന്നു, ഈശ്വരഹസ്ത ങ്ങളാൽ മാത്രമേ അത് അവസാനിക്കൂ. ഇതുപോലെ, ആറാം സ്കന്ധ ത്തിൽ അജാമിളന്റെ കഥ നമുക്കു ലഭിക്കുന്നു. അജയിൽ മിളൻ (മായയിൽ മുഴുകിയവൻ) ആണ് അജാമിളൻ.

27. വരാഹാവതാര കഥയിൽ, ഭഗവാൻ ഒരു വരാഹരൂപിയായി അവതരി ക്കുന്നതായി കാണുന്നു. ഭഗവാന് സർവാന്തര്യാമിയായിരിക്കെത്തന്നെ വരാഹത്തെപ്പോലെ ഏറ്റവും താഴ്ന്ന ഒരു ജീവിയുടെ രൂപത്തിലും പ്രത്യക്ഷപ്പെടാൻ കഴിയുമെന്ന് തെളിയിക്കുന്നു.

28. തൃതീയ സ്കന്ധത്തിന്റെ ഉത്തരാർദ്ധത്തിൽ ദേവഹൂതി സ്വന്തം പുത്രന്റെ പാദത്തിൽ സർവസമർപ്പണം ചെയ്യുന്നു. സ്വപുത്രൻ ഭഗവദവതാരമായ കപിലനാണെന്നും സ്വഗുരുവാണെന്നും ആ മാതാവ് മനസ്സിലാക്കുന്നു. കപിലൻ സ്വമാതാവിന് സാംഖ്യദർശനത്തിന്റെ വിശദാംശങ്ങൾ ഉപദേ ശിച്ചു കൊടുക്കുന്നു. (കപിലന്റേതായ സാംഖ്യസൂത്രങ്ങളിൽ നിന്നും

വ്യത്യസ്തമാണിത്.) കപിലോപദേശത്തിന്റെ മുഖ്യ സവിശേഷത താഴെ പറയുന്നതാണ്.

**"ചേതഃ ഖല്വസ്യ ബന്ധായ മുക്തയേ ചാത്മനോ മതം
ഗുണേഷു സക്തം ബന്ധായ രതം വാ പുംസി മുക്തയേ."**
**(ഭാഗവതം III-25-15)**

ബന്ധ–മുക്തികൾക്ക് ഉത്തരവാദി മനസ്സു തന്നെയാണ്. ഒരു സ്റ്റിയറിംഗ് ചക്രം പോലെയാണ് മനസ്സ്. ലൗകിക വിഷയങ്ങളുടെ ഭാഗത്തേക്കു തിരിച്ചാൽ ബന്ധനമാകും, ഈശ്വരോന്മുഖമാക്കിയാൽ മുക്തിയും. 'അഹം', 'മമ' എന്നീ സങ്കല്പങ്ങളിൽ കൂടി പ്രകടമാകുന്ന മോഹം, സ്വാർത്ഥത തുടങ്ങിയ മാലിന്യങ്ങളിൽ നിന്നും എപ്പോഴും മനസ്സിനെ മുക്തമാക്കിയാൽ മാത്രമേ നിരന്തരം ഈശ്വരാഭിമുഖ്യത്തോടെ പരിശുദ്ധ മായി വർത്തിക്കുകയുള്ളൂ. (ഭാഗവതം III. 25.16) 'എന്റെ' എന്ന ഭാവ ത്തോടെ ലൗകിക വിഷയങ്ങളുമായുള്ള ബന്ധത്തിൽ കഴിയുന്നതിൽ നിന്നും മുക്തനാകണമെങ്കിൽ, മോക്ഷത്തിനുള്ള കവാടമായ സജ്ജന– സാധുജനസംഗം സാധിക്കണം. അങ്ങനെ സത്സംഗത്തിനുള്ള താത്പര്യം നിസ്സംഗതയിലേക്കു നയിക്കും. (III. 25.20, 24)

29. ഇനി ഒരു ചോദ്യം. ഒരു സാധുവിനെ, ശുദ്ധാത്മാവിനെ എങ്ങനെ തിരിച്ചറിയാം? ഒരു തീർത്ഥപുരുഷൻ ക്ഷമാശീലനും സദാ സഹിഷ്ണുവും ശാന്തചിത്തനുമായിരിക്കും; സർവലോകമിത്രവും അജാത ശത്രുവും പ്രശാന്തനുമായിരിക്കും. സാധുജനങ്ങൾക്ക് ഭഗവാനോട് ദൃഢഭക്തിയുണ്ടായിരിക്കും, ഈശ്വരനുവേണ്ടി ബന്ധുമിത്രാദികളെയും കർമവ്യാപാരങ്ങളെയും അവർ പരിത്യജിക്കും, ഏതു കഷ്ടതയും സഹിക്കാൻ തയ്യാറായിരിക്കും, എല്ലാ സമയവും ഈശ്വരസ്തുതി കേൾക്കുന്നതിലും വിവരിക്കുന്നതിലും തല്പരരുമായിരിക്കും. അക്കൂട്ടർ സമ്പൂർണമായും ഭഗവാനെ ശരണം പ്രാപിച്ചവരും നിരുപാധികം സമർപ്പിച്ചവരുമായിരിക്കും. അമ്മാതിരി സാധുജനങ്ങളുടെ സമ്പർക്ക മാണ് ഉണ്ടായിരിക്കേണ്ടത്. (III. 25. 21–23)

30. കപിലൻ ഒരു സാധനയായി നിർദ്ദേശിക്കുന്നത് ഈശ്വര സാമിപ്യവും ഈശ്വര സമ്പർക്കവും ശീലിക്കുക എന്നതാണ്. സാധനയുടെ ഒരു ഘട്ടത്തിൽ, ഭക്തന് ഭഗവാന്റെ മനോഹര രൂപങ്ങൾ ദർശിക്കാൻ കഴിയുമെന്നും ആ ദിവ്യരൂപങ്ങൾ വരദായകങ്ങളാണെന്നും ആ രൂപങ്ങളോട് സ്വതന്ത്രമായി സംസാരിക്കാൻ കഴിയുമെന്നും ഗ്രഹിക്കണം. (III.25.35). ഈ ഇരുപതാം ശതകത്തിൽ, ദിവ്യാംബയോട് സംഭാഷണ സമ്പർക്കാദികൾ പുലർത്താൻ സാധിച്ചിരുന്ന പ്രഖ്യാതരാണ് ശ്രീരാമകൃഷ്ണ പരമഹംസരും കഥാമൃതകാരനായ മഹേന്ദ്രനാഥഗുപ്തനും പരമഹംസ യോഗാനന്ദയും.



31. സ്വശരീരത്തെയോ തന്നെയോ തന്റെ കർമ്മങ്ങളെയോ കുറിച്ചൊന്നും ഒരു സാധകൻ വ്യാകുലപ്പെടേണ്ട ആവശ്യമില്ല. പുലർത്തലും ശരീര സ്വഭാവവുമെല്ലാം കാലേകൂട്ടി തീരുമാനിക്കപ്പെട്ടതും സുനിശ്ചിതവുമാക്കി ഭഗവദിച്ഛയനുസരിച്ച് വർത്തിക്കുന്ന സംഗതികളാണ്. ഈശ്വര സാക്ഷാത്കാരത്തിന്, സ്വദേഹാഭിമാനം പുലർത്തുക എന്ന ശക്തവും അവസാനത്തേതുമായ വിഘ്നത്തെ തരണം ചെയ്തേ കഴിയൂ. ആത്മാവിൽ നിരതനായി ശാരീരികബന്ധങ്ങളെല്ലാം വിസ്മരിച്ച് പ്രബുദ്ധനായ ഒരു ആത്മജ്ഞാനിയുടെ അവസ്ഥ കപിലൻ ഇപ്രകാരം വിവരിക്കുന്നു –

"ഇരിക്കുമ്പോഴോ എഴുനേൽക്കുമ്പോഴോ ഒന്നും സ്വശരീരത്തെപ്പറ്റി ഒരു ജ്ഞാനസിദ്ധൻ ബോധവാനായിരിക്കയില്ല. ഒരു മദ്യപാനി താൻ വസ്ത്രം ധരിച്ചിട്ടുണ്ടോ നഗ്നനാണോ എന്നതിനെപ്പറ്റി അറിവില്ലാത്തവനായിരിക്കുന്നതുപോലെ, സിദ്ധൻ, ഈശ്വരനിശ്ചയപ്രകാരം (പ്രാരബ്ധം അനുസരിച്ച്) ജന്മവേളയിൽ ശരീരം നേടിയതും മരണവേളയിൽ ശരീരം നശിക്കുന്നതും ഒന്നും അറിയുന്നില്ല; അതേപ്പറ്റിയൊന്നും ബോധവാനായിരിക്കുന്നില്ല." (III. 28.37). ഇത് അരുണാചലത്തിലെ ശ്രീരമണ മഹർഷി തമിഴിലേക്ക് (പിന്നീട് മലയാളത്തിലേക്കും) പരിഭാഷപ്പെടുത്തിയിട്ടുള്ള ഒരു അപൂർവ ശ്ലോകമാണ്.

☆

അധ്യായം 4

# പുരുഷാർത്ഥ സ്കന്ധം

32. ക്രതുപ്രേഷസ്ത്വത്തഃ ക്രതുഫലവിധാനവ്യസനിനോ
ധ്രുവം കർതുഃ ശ്രദ്ധാവിധുരമഭിചാരായ ഹി മഖാഃ"

(ശിവമഹിമ്ന സ്തോത്രം)

ഭാഗവതം ചതുർത്ഥസ്കന്ധത്തിലെ ആദ്യകഥ ദക്ഷപ്രജാപതിയുടെയും വിപുലമായി ഒരുക്കിയ ദക്ഷയജ്ഞത്തിന്റെയും നാശവുമായി ബന്ധപ്പെട്ടതാണ്. ഭഗവദ്ഭക്തിയിൽ ശ്രദ്ധ, സകല അനുഷ്ഠാനങ്ങളുടെയും സാമഗ്രികളുടെയും പ്രവൃത്തികളുടെയുമെല്ലാം നിദാനഭൂതനായ ഭഗവാനോടുള്ള പ്രശ്രയഭാവം – ഇതില്ലെങ്കിൽ എന്തെല്ലാം വൈദികാനുഷ്ഠാനങ്ങളും മംഗളകർമങ്ങളും എത്ര സമർത്ഥമായി നിർവഹിച്ചാലും, അവയൊന്നും ഫലദായകമായിരിക്കയില്ല എന്ന് ദക്ഷയാഗ കഥ നമ്മെ പഠിപ്പിക്കുന്നു.

സാധനയുടെ ഒരു ഘട്ടത്തിൽ, ലൗകികരുമായുള്ള സകല ബന്ധവും ആത്മീയ ജീവിതത്തിന് പുരോഗമിക്കാൻ സഹായിക്കുന്ന ചർച്ചകളും സംഭാഷണങ്ങളുമെല്ലാം നാം ഉപേക്ഷിക്കുക തന്നെ വേണം. ഈശ്വര പ്രേമം തീരെയില്ലാതിരുന്ന സ്വപിതാവിന്റെ യാഗാഗ്നിയിൽ സ്വയം ആത്മാഹുതി ചെയ്ത് ഭസ്മീഭൂതയാകാനാണ് ശിവപത്നിയായ സതി ആഗ്രഹിച്ചത്. (IV.4.22) ഭാഗവതത്തിലെ എല്ലാ ഉപാഖ്യാനങ്ങളിലും കൂടി വീണ്ടും വീണ്ടും ഈശ്വരപ്രേമവും നിതാന്ത ഈശ്വരസ്മരണയും മോക്ഷലബ്ധിക്ക് ആവശ്യമാണെന്ന് വ്യാസൻ ദൃഢമായി പറയുന്നു.

33. ധ്രുവനെ സംബന്ധിക്കുന്നതായ ദ്വിതീയ ഉപാഖ്യാനത്തിൽ ധ്രുവമാതാവായ സുനീതി പുത്രനു നല്കുന്ന ഉപദേശം ഏതൊരു സാധകനും ആവശ്യമായതാണ്. സുനീതി പറയുന്നു: "നിന്നെ ദ്രോഹിക്കയോ നിന്റെ വികാരങ്ങളെ വ്രണപ്പെടുത്തുകയോ ചെയ്തത് ആരുതന്നെ ആയാലും അവരോട് ഒരു വിരോധവും വച്ചു പുലർത്തരുത്. മറ്റൊരാൾക്ക്



എന്തെങ്കിലും ഉപദ്രവമോ കഷ്ടതയോ ഉളവാക്കിയാൽ, കർമനിയമം അനുസരിച്ച്, ആ ദുഷ്കർമ ഫലം ചെയ്തയാളിനെത്തന്നെ വലയം ചെയ്യുന്നതാണ്." അതുകൊണ്ട് ഒരു സാധകന് തന്നെ ദ്രോഹിച്ചയാളിന്റെ നേർക്ക് വിദ്വേഷമോ ദുർമനസ്സോ ഉണ്ടാകാൻ പാടില്ല. ഒരു സാധകൻ ആശ്രയിക്കേണ്ട ഏകൈകമായ ശരണം ഭഗവാൻ, ഭഗവാൻ മാത്രമാണ്. ആ ശരണാഗതി എല്ലാ കഷ്ടങ്ങളും സങ്കടങ്ങളും ഏതു പ്രകാരത്തിലുള്ള ദുഃഖവും സ്വാഭാവികമായും അവസാനിപ്പിക്കും.

"മാമംഗളം താത പരേഷു മംസ്ഥാ
ഭുങ്‌തേ ജനോ യത്പരദുഃഖദസ്തത്." (IV-8-17)

"ആരാധയാധോക്ഷജപാദപത്മം
യദീച്ഛസേ/ധ്യാസനമുത്തമോ യഥാ." (IV-8-19)

"ഹൃദയപൂർവം അവിടുത്തെ തേടുക, ഭജിക്കുക. സമ്പത്ത്, യശസ്സ്, ഉദ്യോഗകയറ്റം, ഉദ്യമവിജയം തുടങ്ങി എല്ലാ അഭിലാഷങ്ങളും പൂർണമാകും. ഏറ്റവും അസാധ്യമായ വരം പോലും ഭഗവാൻ ഭക്തന് പ്രദാനം ചെയ്യും."

34. വാസനകൾ പൂർണമായും നശിക്കാതിരിക്കുന്നിടത്തോളം ലൗകിക തൃഷ്ണകളെ ഒഴിവാക്കുക അസാധ്യമായിരിക്കും. പ്രാരംഭഘട്ടത്തിൽ, ആഗ്രഹങ്ങൾ നിറവേറുന്നതിന് ഭക്തൻ, അച്ഛനും അമ്മയും ഗുരുവും എല്ലാമായ ഈശ്വരനെ അഭയം പ്രാപിച്ച് ആശാപൂർത്തി വരുത്തുന്നതിൽ തെറ്റൊന്നുമില്ല. ഭൗതികമായ നേട്ടങ്ങൾ തേടുന്ന ഭക്തനെ നാലു തരത്തിലുള്ള ഭക്തന്മാരിൽ അർത്ഥാർത്ഥിയായിട്ടാണ് ഭഗവദ്ഗീത പരിഗണിക്കുന്നത്. സാധകൻ, നിരന്തരം ഭഗവന്നാമം ജപിക്കയും ഭഗവത് സ്മരണയോടെ ജീവിക്കയും ചെയ്താൽ, മനസ്സ് പരിശുദ്ധമാകയും മോക്ഷം ഉൾപ്പെടെ സകല ആഗ്രഹങ്ങളും ശമിക്കയും ചെയ്യുന്ന ഒരു പ്രഭാതം വിടരും.

35. ഒരു നിശ്ചയവുമുണ്ടായിരുന്നില്ലെങ്കിലും ഈശ്വരനെ തപസ്സു ചെയ്യാനും വ്രതം അനുഷ്ഠിക്കാനും കേവലം അഞ്ചുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന ധ്രുവൻ നിശ്ചയിച്ചു. പ്രഥമാധ്യായത്തിൽ പരീക്ഷിത്തിന്റെ

കാര്യം പറഞ്ഞതുപോലെ, ധ്രുവൻ ദൃഢവ്രതനായി, അചഞ്ചലനായി, ക്ലേശങ്ങളാൽ പിൻതിരിയാതെ ലക്ഷ്യസാധനയ്ക്കായി വനത്തിലേക്കു പോയി. ധ്രുവന്റെ ആത്മാർത്ഥവും പ്രഗാഢവുമായ ഈശ്വരദർശനമോഹം അർഹനായ ഒരു ഗുരുവിനെ ആകർഷിച്ചു വരുത്താനിടയാക്കി. ഭഗവദ്ദർശനത്തിനുവേണ്ടി തപസ്സ് അനുഷ്ഠിക്കാൻ പോകുന്ന ധ്രുവന്റെ മനഃസ്ഥിതി പരീക്ഷിച്ചറിഞ്ഞ് മാർഗമധ്യേ വനത്തിൽ അനുഷ്ഠിക്കേണ്ട കർമങ്ങളും മന്ത്രവും ഉപദേശിച്ചു കൊടുത്തു. 'ധ്രുവ' പദത്തിന്റെ അർത്ഥം ദൃഢനിശ്ചയം എന്നാണ്, അത് ഈ കുമാരന് നന്നായി യോജിക്കുന്നു. ഇവിടെ, ബാലന് ഒരു ഗുരുവിനെ തേടേണ്ടതായി വന്നില്ല. യഥാർത്ഥത്തിൽ, ഒരു ഗുരുവിന്റെ ആവശ്യകതയെപ്പറ്റി ധ്രുവന് അറിയുകപോലുമില്ലായിരുന്നു. രമണ മഹർഷി ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതുപോലെ, ഗുരു എപ്പോഴും ആന്തരവർത്തിയാണ്, ആവശ്യാനുസാരം വെളിയിൽ പ്രസ്പഷ്ടനാകുന്നു, സാധകന്റെ അഭിലാഷവും ആത്മാർത്ഥതയുമനുസരിച്ച് ദൃശ്യനാകുന്നു. ഒരു ശിശുവിനെപ്പോലെ, ഈശ്വരലാഭത്തിനായി കേഴുകയും വിലപിക്കുകയും വേണം.

36. **സഹസ്രശീർഷാപി തതോ ഗരുത്മതാ**
**മധോർവനം ഭൃത്യദിദൃക്ഷയാ ഗതഃ**

മാനവരാശിയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി, ധ്രുവന്റെ തീവ്ര പരിശ്രമവും ഗാഢസാധനയും, വിശപ്പും ദാഹവും പോലുള്ള ശാരീരിക ക്ലേശാവഗണനയുമെല്ലാം കൊണ്ടു സന്തുഷ്ടനായ ഭഗവാൻ ധ്രുവന്റെ സമീപം ആഗതനായി. വിശ്വപുരുഷനായി ആയിരം ശിരസ്സും കണ്ണുകളും പാദവുമെല്ലാമായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. അസാധാരണനായ ഈ പഞ്ചവർഷീയ ബാലൻ, തന്റെ സർവ ജീവജാലങ്ങളേയും സ്വന്തം തപോകാഠിന്യത്താൽ സ്തബ്ധമാക്കുന്ന തപസ്വി തന്നെ രണ്ടു കണ്ണുള്ളയാളായിട്ടല്ല സഹസ്രാക്ഷനായി കാണട്ടെയെന്ന് ഭഗവാൻ ഒരുപക്ഷേ കരുതിയിട്ടുണ്ടാവാം. ഒരു ബാലഭക്തന് ദർശനം അനുവദിക്കാൻ തത്പരനാകാതെ, അന്യാദൃശനായ ആ ഭക്തബാലന്റെ ദർശനത്തിനായിരിക്കാം ഭഗവാൻ പ്രത്യക്ഷപ്പെട്ടത് എന്നും ഭാഗവതം പറയുന്നു. അത്തരം ഭക്തന് സ്തുതി!



37. **"മഹത്തമാന്തർഹൃദയന്മുഖയുതോ**
**വിധത്സ്വ കർണായുതമേഷ മേ വരഃ"**

ഒരു ഉപകഥയിൽ, പൃഥു മഹാരാജാവ് ഭഗവാനുമായി ചെയ്യുന്ന സംഭാഷണം ഉദ്ബോധകമാണ്. ഒരാൾക്ക് അനുഷ്ഠിക്കാവുന്ന അനായാസ സാധന സാധുക്കളും സജ്ജനങ്ങളുമായ പാവനന്മാരുമായി സമ്പർക്കം പുലർത്തുകയും ഭഗവത് സങ്കീർത്തന ശ്രവണം ചെയ്കയുമാണ്. ആ ശ്രവണം എത്രയായാലും മടുപ്പിക്കുകയില്ല. അതുകൊണ്ട്, ഭഗവല്ലീലകളുടെ വർണന മഹാന്മാരായ സംന്യാസിമാരിൽ നിന്നും കേട്ട് ഹൃദയത്തിൽ ഉൾക്കൊള്ളാൻ ഉപകരിക്കുമാറ് ആയിരം കർണപുടങ്ങൾ നല്കണേയെന്നാണ് പൃഥു ഭഗവാനോട് പ്രാർത്ഥിക്കുന്നത്.

38. **അഹം ഭവാന്ന ചാന്യസ്ത്വം ത്വമേവാഹം വിചക്ഷ്വ ഭോഃ**
**(IV-28-62)**

ഓരോ ജീവാത്മാവും ബ്രഹ്മം – പരമാത്മ ചൈതന്യം അല്ലാതൊന്നുമല്ല. ആഗ്രഹങ്ങൾ കാരണം ആ ആത്മാവ് ശരീര – മനഃ – ബുദ്ധി സംഘാതരൂപത്തിൽ ലയിക്കയും സ്വരൂപവും സ്വപ്രകൃതം പോലും വിസ്മരിക്കയും ചെയ്ത് ശരീരം, മനസ്സ്, ബുദ്ധി എന്നിവയുമായി സാത്മ്യം പ്രാപിക്കുന്നു. ഈ തെറ്റായ സാത്മ്യം, ആരംഭത്തിൽ തന്നെ കഷ്ടതകളും വാർദ്ധക്യം, ബന്ധുവിയോഗം, മരണം തുടങ്ങിയ ക്ലേശാനുഭവങ്ങളും ഉളവാക്കുന്നു. ജീവാത്മാവ് ഭഗവാനെ വിസ്മരിച്ചാലും, പരമാത്മാവ് ജീവനെ ഒരു നിമിഷം പോലും മറക്കുന്നില്ല. ഒരു ജന്മത്തിലോ പല ജന്മങ്ങളിലോ പരമാത്മാവു തന്നെ ഗുരുവും ശുഭാശംസിയുമായി ജീവനെ ഇങ്ങനെ പഠിപ്പിക്കുന്നു. "ഞാൻ നീ തന്നെയാണ്. നീ മറ്റാരുമല്ല, നീ ഞാൻ തന്നെയാകുന്നു." "ത്വമേവാഹം, നാന്യഥാ അഹം ത്വമേവ ച."

ഈ ശ്രദ്ധേയ സത്യം പുരഞ്ജനോപാഖ്യാനത്തിൽ കഥാരൂപേണ വ്യക്തമാക്കിയിട്ടുണ്ട്. 'അജ്ഞാതൻ' (അജ്ഞാതനായ പരമാത്മാവ്) എന്ന നാമമുള്ള ഒരു ഹംസത്തോടൊപ്പം താമസിച്ചിരുന്ന ഒരു ഹംസമായിരുന്നു പുരഞ്ജനൻ. പുരഞ്ജനൻ ഒരിക്കൽ പുറമേക്കു പോകയും

സുന്ദരിയായ ഒരു കന്യകയെ (ബുദ്ധി) കാണാനിടയാകയും വിവാഹിതനാകയും അവർക്ക് കുട്ടികൾ ഉണ്ടാകയും ചെയ്തു. പുരഞ്ജനൻ പൂർണമായും ലൗകിക ജീവിതത്തിൽ മുഴുകി. അവസാനം കാലം, ജര, ജ്വരം എന്നീ മൂന്ന് അസുരന്മാർ പുരഞ്ജനന്റെ രാജ്യം ആക്രമിക്കയും അയാൾ സ്വപത്നിയെപ്പറ്റി ചിന്തിച്ചുകൊണ്ട് മരണമടയുകയും ചെയ്തു. അടുത്ത ജന്മത്തിൽ പുരഞ്ജനൻ ഒരു രാജകുമാരിയായി ജനിച്ചു. ഭർത്താവ് മരണമടഞ്ഞപ്പോൾ അവൾ വിലപിച്ച് അനാശ്വസ്തയായി കഴിഞ്ഞു. അപ്പോൾ പൂർവജന്മസുഹൃത്തായ 'അജ്ഞാതൻ' ആ രാജകുമാരിയുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട് സ്വന്തം യഥാർത്ഥ രൂപം പ്രദർശിപ്പിച്ച് 'അജ്ഞാത' സാദൃശ്യം ബോധ്യപ്പെടുത്തുകയും ചെയ്തു.

39. ഭഗവാന്റെ മായാശക്തി കൊണ്ടാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നത്. ഓരോ ജീവാത്മാവും പരമാത്മാവുമായി ഐക്യമുള്ളതാണെങ്കിലും, ശരീരവുമായി ജീവാത്മാവിന്റെ തെറ്റായ സാത്മ്യം കാരണം ആരും യാഥാർത്ഥ്യം ഗ്രഹിക്കുന്നില്ല. 100 വാട്ട് ബൾബും 1000 വാട്ട് ബൾബും വളരെയധികം പ്രകാശമുള്ളതും കൂടുതൽ പ്രശസ്തവുമാണെന്നു കണ്ട് '100' വാട്ട് ബൾബ് വളരെ പരിതാപാവസ്ഥയിലാണ്. ഈ ഭയം, 100 വാട്ട് ബൾബിനും 1000 വാട്ട് ബൾബിനും പ്രകാശം നല്കുന്നത് ഒരേ വൈദ്യുതി തന്നെയാണെന്ന് '0' വാട്ട് ബൾബിന് അറിയാത്തതുകൊണ്ടാണ്. അറിയാമായിരുന്നെങ്കിൽ സങ്കടമോ ആവലാതിയോ ഉണ്ടാകുമായിരുന്നില്ല. കഷ്ടത, ദുഃഖം, മരണം തുടങ്ങിയതെല്ലാം ബൾബിനു മാത്രമാണ്, വൈദ്യുതിക്കല്ല; അതിനെ യാതൊന്നും ബാധിക്കുന്നില്ല. ഈ യാഥാർത്ഥ്യം ബൾബിനെ ബോധ്യപ്പെടുത്താൻ എന്തു ചെയ്യണം? 'സത്യത്തിൽ ഞാൻ ആരാണ്' എന്ന് അറിയാൻ പ്രേരണ നല്കുന്ന ഒരു ദിവ്യമാപിനി 'തെർമോസ്റ്റാറ്റ്' ആത്മാവിനെ വശപ്പെടുത്തി സത്യം ഗ്രഹിക്കാൻ ഉപദേശിക്കുന്ന ഒരു ഗുരു എല്ലാവരിലുമുണ്ട്.

40. പന്ത്രണ്ട് സ്കന്ധങ്ങളിൽ നാം ഇതുവരെ നാലെണ്ണം പരിചയപ്പെട്ടു. നമ്മുടെ ആത്മീയ യാത്രയുടെ മൂന്നാമത്തെ ഘട്ടത്തിലെത്തിയിരിക്കുന്നു. നമ്മുടെ ആത്മീയ - സാഹസിക യത്നത്തിൽ നമുക്ക് പ്രചോദിത



രാകാൻ ഉതകുന്ന ജ്ഞാനസാഗരത്തിൽ നിന്നു ലഭിക്കുന്ന അമൂല്യമായ പ്രായോഗിക ഉപദേശവും സാർത്ഥസന്ദേശവുമാണ് നമ്മുടെ മുൻപിലുള്ളത്. നാം മുൻപോട്ടു പോകുന്നതിനുമുമ്പ്, ഒരു നിമിഷമിരുന്ന് നമ്മുടെ ചിന്തകളെ ഒന്നു ക്രോഡീകരിക്കാം, ഇതുവരെ ആർജിച്ച സന്ദേശങ്ങളുടെ മുഖ്യ അംശങ്ങളെ ഒന്നടുക്കി നോക്കാം.

1. ഒരു മുമുക്ഷുവിന്റെ ലക്ഷ്യസാധനയ്ക്കുള്ള ഉദ്ദേശ്യവും അഭിലാഷവും തീവ്രവും അഗാധവുമാണെങ്കിൽ, അയാൾ അന്യോപദേശം ലഭിക്കയോ പരിശീലനം സാധിക്കയോ ചെയ്തിട്ടില്ലാത്തയാളാണെങ്കിൽപോലും, ഒരു ഗുരുവിന്റെ ആവശ്യകതയെപ്പറ്റി ബോധവാനല്ലെങ്കിൽക്കൂടി, അയാളുടെ വാതിലിൽ ക്ഷണിക്കപ്പെടാതെ തന്നെ അർഹനായ ഒരു ഗുരു വന്ന് തട്ടും. ഇതിനു രണ്ട് ഉദാഹരണങ്ങളാണ് പരീക്ഷിത്തിന്റെ ഗുരു ശുകദേവനും ധ്രുവന്റെ ഗുരു നാരദനും. ഗുരു എല്ലായ്പോഴും ആന്തരമായി വർത്തിച്ച് സാധകന്റെ ആഗ്രഹവും വ്യഗ്രതയും അനുസരിച്ച് ബാഹ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

2. ആന്തരിക സ്വച്ഛതയും ശാന്തിയും തേടുന്ന ഒരു സാധകന് ബാഹ്യമായ സമാധാനം അത്യാവശ്യമാണ്. സഹിഷ്ണുതയും സ്നേഹവും വിരോധം, ദുർമനസ്സ് എന്നിവയെ അകറ്റണം. ആത്മീയ പുരോഗതിയുടെ നിർണായക ഘടകം വിനയമാണ്.

3. താൻ കടന്നുപോന്ന സങ്കടാനുഭവങ്ങളും അവമൂലം ഉണ്ടായ തകർച്ചയും നാശവും അവയിൽ നിന്നെല്ലാം ഭഗവാൻ തന്നെ രക്ഷിച്ചതുമായ മഹൂർത്തങ്ങളെ ഓരോന്നായി അയവിറക്കി നന്ദിപൂർവം ഈശ്വര സ്മരണയിൽ കഴിയുന്നത് മനസ്സിനെ മറ്റു വഴിക്കു വിടാതെ ഭഗവദ്ധ്യാനം ചെയ്യുന്നതിനുള്ള ഒരു ഉത്തമ മാർഗമാണ്, കുന്തീദേവിയും ഗോപികമാരും ഇതിന് നല്ല പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

4. യഥാർത്ഥമായ മമതാ ത്യാഗം, വൈരാഗ്യം, ബന്ധുജനങ്ങളോടും സ്വയാർജിത വസ്തുക്കളോടുമുള്ള നിസ്സംഗത എന്നിവ ഈശ്വര സാക്ഷാത്കാരത്തിന് അത്യാവശ്യമാണ്. പക്ഷേ ഇവ ഈശ്വരാനു

ഗ്രഹം കൊണ്ടേ ലഭ്യമാകൂ. അതുകൊണ്ട് എല്ലാ വിഘ്നങ്ങളും തരണം ചെയ്യുന്നതിന് ഈശ്വരാനുഗ്രഹം ലഭിക്കാൻ നാം ആവർത്തിച്ച് പ്രാർത്ഥിക്കുക തന്നെ വേണം. സാധകന് പ്രാർത്ഥന ഏറ്റവും ശക്തമായ ഉപാധിയാണ്.

5. മനുഷ്യന്റെ മൗലിക പ്രവണതകളെ പരിപോഷിപ്പിക്കുന്ന ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് ശരിയല്ല. ഭഗവത് സങ്കീർത്തനപരമായ ഗ്രന്ഥങ്ങൾ സാധകൻ വായിക്കണം. അവ ഈശ്വരസ്തുതിപരങ്ങളായിരിക്കണം.

6. യാഗം, ധർമപ്രവൃത്തികൾ, വേദപഠനം, വൈദികാനുഷ്ഠാനങ്ങൾ തുടങ്ങിയവയൊന്നും നമ്മെ ഈശ്വരന്റെ അടുത്തെത്തിക്കുകയില്ല, സാധുജന സമ്പർക്കവും സജ്ജന സേവനവും ഭക്തജന സത്സംഗവുമാണ് ഈശ്വരലാഭത്തിന് ഏറ്റവും നല്ല മാർഗം.

7. സ്വാത്മാവു തന്നെയായി ഏവരിലും കുടികൊള്ളുന്ന പരമാത്മസ്വരൂപനായ ഈശ്വരനെ നിരന്തരം സ്മരിക്കുകയാണ് എല്ലാ സാധനകളുടെയും കാതൽ. ഈശ്വരനാമം ജപിക്കൽ, ഈശ്വരകഥകൾ വിവരിക്കൽ തുടങ്ങിയ കാര്യങ്ങൾ നിർഭീകതയുടെയും ആനന്ദത്തിന്റെയും പരമപദത്തിൽ എത്തിച്ചേരാൻ സഹായിക്കും. ഈ സർവാത്മ ഭാവം, ഏവരിലും ഈശ്വരനെ ദർശിക്കാനുള്ള കഴിവ് വാസനകളെ നിരോധിക്കാൻ സഹായിക്കും. ഈ സർവാത്മഭാവത്തിന്റെ അത്യുന്നത പദത്തിലാണ് ശുകദേവനും ധ്രുവനും.

8. മനോനിയന്ത്രണം, ഇന്ദ്രിയ നിഗ്രഹം, വൈരാഗ്യം, വിവേകം തുടങ്ങിയ ചില അവശ്യ ഉപാധികളാണ് ജ്ഞാനയോഗം വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ഭക്തിമാർഗാവലംബിയായ സാധകൻ മനസ്സിനെ ഭഗവത് പാദങ്ങളിൽ ഉറപ്പിച്ചു നിർത്താനും ഇതര ചിന്തകളെ അകറ്റി നിർത്താനും ഈശ്വരദർശനം ലഭിക്കാൻ ദീർഘവും ആത്മാർത്ഥവുമായ ആഗ്രഹം പ്രകടിപ്പിക്കാനും മാത്രം യത്നിച്ചാൽ മതിയാകുന്നതാണ്.



9. ഏതൊരു സങ്കീർണ പ്രശ്നത്തിനു സമാധാനം പറയാൻ ഉദ്യമിക്കുമ്പോഴും തുടക്കത്തിലും അവസാനത്തിലും ഈശ്വരനെ സ്മരിക്കുന്നത് നല്ല ഒരു ശീലമായിരിക്കും. എല്ലാ പാരായണവും ശ്രവണവും ഭാഷണവുമെല്ലാം ഈശ്വരവിഷയകമായിരിക്കുമ്പോൾ ലക്ഷ്യസാധനയിൽ നിന്നും മനസ്സ് വ്യാവർത്തിക്കപ്പെടുന്നില്ല.

10. മോക്ഷത്തിനും ബന്ധത്തിനും ഉത്തരവാദി മനസ്സുതന്നെയാണ്. ലോകവിഷയങ്ങളുടെ ഭാഗത്തേക്ക് സ്റ്റീയറിങ് ചക്രം തിരിച്ച് ബന്ധനത്തിലേക്കു നയിക്കാനും ഈശ്വരോന്മുഖമാക്കി തിരിച്ച് മോക്ഷപദത്തിലെത്തിക്കാനും മനസ്സിനു കഴിയും.

11. മോക്ഷത്തിനുള്ള കവാടം സത്സംഗമാണ്. അങ്ങനെ സത്സംഗം നിസ്സംഗത്തിനുള്ള മാർഗമായി ഭവിക്കുന്നു.

12. ഒരാൾ സമ്പൂർണ സഹിഷ്ണുവായിരിക്കയും പ്രശാന്ത ചിത്തനും സർവലോകബന്ധുവും ദൃഢമായി ഈശ്വരനിൽ മനസ് ഉറപ്പിച്ചവനും, ബന്ധുജന – സ്വാർജിതവസ്തു പരിത്യാഗിയും ആയിരിക്കയും ഈശ്വരനു വേണ്ടി സർവ സമർപ്പണം ചെയ്തും ഏതു സങ്കടവും സഹിക്കാൻ സന്നദ്ധനായും സദാ സമയവും ഈശ്വരനാമം ജപിച്ചും സ്തുതികൾ പാടിയും കഴിയുകയാണെങ്കിൽ അയാൾ തികഞ്ഞ സാധുവാണെന്നു പറയാം. അത്തരം പവിത്രജനങ്ങളുമായാണ് നിരന്തരസംഗം നേടേണ്ടത്.

13. അസ്തിത്വം, കർമം, വളർച്ച, നാശം, മരണം തുടങ്ങി എല്ലാ ശാരീരികാവസ്ഥകളും ഈശ്വരേച്ഛയനുസരിച്ച് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവയും ആസൂത്രിതവുമാണ്. അതുകൊണ്ട് ഒരു സാധകൻ സ്വശരീരത്തെപ്പറ്റി വ്യാകുലപ്പെടേണ്ടതില്ല.

☆

## അധ്യായം 5

# സ്ഥിതി സ്കന്ധം

41. ഈ സ്കന്ധത്തിൽ മുഖ്യമായും രണ്ടു കഥകളാണുള്ളത് - ഒന്ന്, പരമാത്മ സ്വരൂപവും ബ്രഹ്മസ്വരൂപവുമായി അവധൂതനായി ആദർശാത്മക ജീവിതം നയിക്കുന്ന ഋഷഭദേവന്റെ കഥയാണ്. രണ്ടാമത്, ആത്മീയ സാധനയ്ക്കുവേണ്ടി വനത്തിലേക്കു പോയെങ്കിലും ഒരു മാനിനോടുള്ള അതിരു കവിഞ്ഞ മമതമൂലം ആത്മീയ സാധനാ ശ്രേണിയിൽ നിന്നും നിലംപതിച്ച ഋഷഭദേവപുത്രൻ ഭരതന്റെ കഥയാണ്. അദ്ദേഹത്തിന് സ്വവാസനകൾ അവസാനിച്ച് ഉത്തുംഗപദത്തിലേക്കെത്താൻ രണ്ടു ജന്മം കൂടി എടുക്കേണ്ടിവന്നു. ഈ രണ്ടു കഥകളും ആത്മീയ പുരോഗതി നേടിയ ജീവാത്മാക്കൾ ശുദ്ധബോധത്തിന്റെ തുരീയാവസ്ഥയിൽ പ്രതിഷ്ഠിതരാകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്നു. ആത്മീയമായി പുരോഗമിക്കാൻ ഒരാൾ എല്ലാം ത്യജിച്ച് വനവാസത്തിനു പോകണമെന്നു നിർബന്ധമില്ല എന്ന് ഈ കഥകളുടെ ആമുഖത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. "കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്നീ ആറ് രിപുക്കളോടൊത്തു ജീവിക്കുകയാണെങ്കിൽ, കാട്ടിൽ പോയാൽ പോലും സംഭീതനായിത്തന്നെ കഴിയും, ഒരു മനഃശാന്തിയും ലഭിക്കയുമില്ല."

**"ജിതേന്ദ്രിയസ്യാത്മരതേർബുധസ്യ
ഗൃഹാശ്രമഃ കിം നു കരോത്യവദ്യം."** (V-1-17)

ജ്ഞാനിയായ ഒരാൾക്ക് ശരീരം നിലനിർത്തേണ്ടതായുണ്ട്, പൂർവജന്മ ഫലമായ പ്രാരബ്ധങ്ങൾ കാരണം ചെയ്യുന്ന പ്രവൃത്തികളുടെ ഗുണദോഷഫലങ്ങൾ അഹംഭാവമില്ലാതെ അനുഭവിക്കയും വേണം. ബുദ്ധിമാനായ ഒരാൾ, ആത്മാരാധനയിലും ധ്യാനത്തിലും ഏർപ്പെടുന്ന സ്വഭാവമാണെങ്കിൽ ഇന്ദ്രിയങ്ങളെ നിഗ്രഹിച്ച് ഒരു ഗൃഹസ്ഥനായിത്തന്നെ ജീവിച്ചുകഴിയുകയാണെങ്കിൽ ആത്മീയ ജീവിതത്തിന് ഒരു ബാധയും ഉണ്ടാകുന്നില്ല.



**"വനേ/പി ദോഷാഃ പ്രഭവന്തി രാഗിണം
ഗൃഹേ/പി പഞ്ചേന്ദ്രിയനിഗ്രഹസ്തപഃ"** (യോഗവാസിഷ്ഠം)

മേൽപറഞ്ഞ കാര്യം യോഗവാസിഷ്ഠത്തിലും പറയുന്നുണ്ട് - "ലോകസംഗം തരണം ചെയ്യാനാകാത്ത ഒരാൾ ന്യൂനതകൾ കാരണം കാട്ടിൽ വസിക്കയാണെങ്കിൽ പോലും ആത്മീയ സാധനയിൽ തടസ്സങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഗൃഹസ്ഥനായിരുന്നുകൊണ്ടുതന്നെ പഞ്ചേന്ദ്രിയങ്ങളെയും നിയന്ത്രിച്ചു ജീവിക്കുന്നപക്ഷം അതൊരു തപസ്സാണ്."

42. രാജാ ഭരതൻ വനവാസത്തിനു പോയശേഷം, തന്റെ ആശ്രമത്തിലേക്ക് ഒരു മാൻകിടാവിനെ കൊണ്ടുവന്നു. അതിനോടുള്ള സ്നേഹകാരുണ്യങ്ങൾമൂലം ഈശ്വരാരാധനയുടെയും ആത്മീയ സാധനയുടെയും കാര്യം പൂർണമായി വിസ്മരിച്ചു. ഈ അഗാധ ബന്ധം കാരണം അദ്ദേഹം അടുത്ത ജന്മത്തിൽ ഒരു മാനായി പിറന്നു! ഇതിനു വിപരീതമാണ്, സപ്തമസ്കന്ധത്തിൽ, അസുര രാജാവായ ഹിരണ്യകശിപുവിന്റെ പുത്രൻ പ്രഹ്ലാദൻ ഈശ്വരനാമം ഉച്ചരിക്കുന്നതുപോലും അക്ഷന്തവ്യമായ അപരാധമായി കരുതപ്പെടുന്ന ഏറ്റവും നീചവും സങ്കല്പാതീതവുമായ ഗാർഹികാന്തരീക്ഷത്തിൽ ജീവിക്കേണ്ടി വന്നത്. വിഷം നല്കപ്പെടുക, പിതൃകിങ്കരന്മാർ കൂർത്ത ആയുധങ്ങൾ പ്രയോഗിക്കുക, പർവത ശിഖരത്തിൽ നിന്നും തള്ളിയിടുക, തീയിൽ പതിപ്പിക്കുക എന്നു തുടങ്ങി അനേകം കഷ്ടാനുഭവങ്ങൾ ഉണ്ടായിട്ടും അതൊന്നും ശ്രദ്ധിക്കാതെ പ്രഹ്ലാദൻ ഭഗവന്നാമങ്ങൾ ഉച്ചരിച്ചു കൊണ്ടുതന്നെ സ്വപിതാവായ അസുര രാജാവിനെ പ്രഹ്ലാദൻ പരാജയപ്പെടുത്തി. അവസാനം ഭഗവാൻ നരസിംഹ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഓരോരുത്തരുടെയും പ്രാരബ്ധം അനുസരിച്ചാണ് പരിതഃസ്ഥിതി രൂപപ്പെടുന്നത്, അത് അനുകൂലമാകുന്ന ഒരു ദിനം വന്നുചേരും. **"സർവാഃ സുഖമയാ ദിശഃ"** എല്ലാ വഴിക്കും, അന്തരീക്ഷമാകെയും പ്രശാന്തവും സന്തോഷപ്രദവുമായി പരിണമിക്കും.

43. ഋഷഭദേവൻ സ്വപുത്രനു നല്കുന്ന ഉപദേശ ഭാഷണങ്ങളിൽ, സാധനയുടെ ഭാഗമായുള്ള പരിശീലനക്രമങ്ങളും നടപടികളും വിവരിച്ച് അഹന്താനാശം വരുത്തി ആത്മലാഭം നേടാൻ നിർദ്ദേശിക്കുന്നു. (V.5.10.13)

1. ഗുരുവിന്റെ ഉപദേശങ്ങൾ പിന്തുടരുക, ഗുരുവിനോട് ആദരവും ഈശ്വരഭക്തിയുമുണ്ടായിരിക്കുക.

2. സന്തോഷ സന്താപങ്ങൾ, താപശീതങ്ങൾ, സമ്പത്തും ദാരിദ്ര്യവും തുടങ്ങി ജീവിതത്തിലെ എല്ലാ വിരുദ്ധ വിഷയങ്ങളെയും സമാന മായി സമീപിക്കുക.

3. എല്ലാ ലോകവിഷയങ്ങളിലും നിന്ന് ദുഃഖമേ ലഭിക്കൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കുക.

4. 'ഞാനാര്' എന്ന അന്വേഷണം തുടരുകയും സദാ ധ്യാനിക്കുകയും ചെയ്യുക.

5. മോഹം ഒഴിവാക്കി നിർവികാരത വളർത്തുക.

6. മനസ്സിൽ നിന്നും എല്ലാ ആഗ്രഹങ്ങളും ഒഴിവാക്കുക.

7. ഈശ്വരനെ പ്രാർത്ഥിക്കുക, ഭഗവന്നാമജപവും സങ്കീർത്തനവും ഭഗവത് കഥകളും ശ്രവിക്കുക. സത്സംഗം നേടുക, പവിത്രജനങ്ങളും സാധുക്കളുമായി ബന്ധപ്പെടുകയും ഭക്തന്മാർക്ക് സേവനം നല്കയും ചെയ്യുക.

8. ശത്രുതയും വിരോധവും ഇല്ലാതെ, എല്ലാറ്റിനേയും സമഭാവനയോടെ വീക്ഷിക്കാൻ ശീലിച്ച്, ശരീരവുമായുള്ള താദാത്മ്യം ഇല്ലാതാക്കി, ബന്ധുജനങ്ങളും ഗാർഹിക വിഷയങ്ങളും സ്വത്തുക്കളുമായുള്ള ബന്ധം ഉപേക്ഷിച്ചു ജീവിക്കുക.

9. ഏകാന്തതയിൽ യോഗസാധന അനുഷ്ഠിക്കുക, പ്രാണനിയന്ത്രണം സാധിക്കുക, ഇന്ദ്രിയ മനസ്സുകളെ അടക്കുക.

10. 'സത്തി'ൽ പൂർണമായി വിശ്വസിക്കുക, ബ്രഹ്മചര്യം പാലിക്കുക, എപ്പോഴും ജാഗ്രതയോടും ശ്രദ്ധയോടും കൂടിയും സംഭാഷണം നിയന്ത്രിച്ചും ജീവിക്കുക.



11. ക്ഷമയോടും സഹിഷ്ണുതയോടും ഉത്സാഹത്തോടും കൂടി എല്ലാ ആത്മീയ സാധനകളും അനുഷ്ഠിക്കുക.

12. പ്രപഞ്ചവസ്തുക്കളിലെല്ലാം ഈശ്വര സാന്നിധ്യം ദർശിക്കുക, ആത്മ ജ്ഞാനം നേടുകയും യഥാർത്ഥാനുഭവം കൊണ്ട് പഠിച്ചതെല്ലാം സ്വയം ബോധ്യപ്പെടുകയും ചെയ്യുക.

ഈ പറഞ്ഞ കാര്യങ്ങളെല്ലാം ഒരാൾ ഒരേ സമയത്തുതന്നെ നിർവഹി ക്കണമെന്നില്ല. താരതമ്യേന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ മാത്രം പരിശീലിക്കാൻ തയ്യാറായാലും സാധിച്ചാലും സ്വാഭാവികമായും മറ്റുള്ളവ തുടർന്നു വന്നുകൊള്ളും. ഇത്രയും നീണ്ട ഒരു നിർദ്ദേശം കണ്ട് ആരും വ്യാകുലപ്പെടേണ്ടതില്ല.

44. ഋഷഭൻ ഒരു അവധൂതൻ (നഗ്നനായി സഞ്ചരിക്കുന്ന സന്യാസി) ആയി. ആദ്യ ജൈനതീർത്ഥങ്കരൻ ഋഷഭനാണെന്നു കരുതപ്പെടുന്നുമുണ്ട്. അദ്ദേഹത്തിന്റെ അവസ്ഥ പരമോച്ചമാണ്. രാജ്യം ഉപേക്ഷിച്ച് നാട്ടിലും കാട്ടിലും സഞ്ചരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം സ്വശരീരമാകുന്ന ഭാണ്ഡം മാത്രമേ പേറിയിരുന്നുള്ളൂ. ആരെങ്കിലും എന്തെങ്കിലും സംസാ രിക്കാനിടയായാൽ അദ്ദേഹം ഓരോ പ്രകാരത്തിലാണ് ഓരോരിക്കൽ പെരുമാറുക – കേൾവി നഷ്ടപ്പെട്ടവനായോ മൂകനായോ അന്ധനായോ ഭ്രാന്തനായോ നടിക്കും. ആൾക്കാർ ഭീഷണിപ്പെടുത്തിയാൽ അദ്ദേഹം ഒരിക്കലും ചഞ്ചലചിത്തനാകുമായിരുന്നില്ല. അടിച്ചാലും കല്ലെറി ഞ്ഞാലും തുപ്പിയാലും പറയാൻ കഴിയാത്ത എന്തു സാധനം നേർക്ക് എറിഞ്ഞാലും ഏതെങ്കിലും വിധത്തിൽ അഴുക്കു പുരട്ടിയാലുമൊന്നും ഒരു ഇളക്കവുമില്ല! ഉപാധികൾ ഒന്നുമില്ലാതെ അദ്ദേഹം ആത്മരതനായി. പരമസത്യമെന്നപോലെ, സത്യം മാത്രമായി നിലനിന്നു, സ്വയം പീഡി തനും പീഡകനുമായി കഴിഞ്ഞു. 'അഹ'ത്തെ – 'ഞാൻ എന്റെ' എന്ന ഭാവത്തെ പൂർണമായി ഉപേക്ഷിച്ചു. അദ്ദേഹം സ്വയശസ്സിലും ആത്മാവിലും സ്വയം പ്രതിഷ്ഠിതനായി. ഇതാണ് പൂർണജ്ഞാനിയായ ഒരു അവധൂതന്റെ – അത്യാശ്രമിയുടെ സ്വഭാവ വിവരണം. ഒരാൾ ആ പദത്തിൽ എത്തിയാൽ, ആ വ്യക്തി സാക്ഷാത്കാരം നേടിയ ആളാ ണെന്നു ഗ്രഹിക്കാം.

45. ഭരതൻ അനുയോജ്യനായ പിതാവ് രാജാ ഋഷഭന്റെ അനുയോജ്യനായ പ്രഥമ പുത്രനായിരുന്നു. ഭരതന്റെ കഥയിലെ ഒരു ഭാഗം നാം മുൻപ് കണ്ടു – നിസ്സഹായനായ ഒരു മാൻകുട്ടിയോടു തോന്നിയ കാരുണ്യം സംഗതയിലും വ്യാമോഹത്തിലും കലാശിച്ചു. കാരണമെന്തുതന്നെ യാവട്ടെ, സ്വഗൃഹാദികളെല്ലാം പരിത്യജിച്ച് ഏകാന്തത തേടി വനത്തി ലേക്കു യാത്രയായ ഭരതന് സംഗഭാവത്തെ ഉപേക്ഷിക്കാൻ സാധിച്ചില്ല. അടുത്ത ജന്മത്തിൽ മാനായി കഴിയവേ, പൂർവജന്മസ്മരണ പൂർണ മായും ഭഗവത്കൃപയാൽ ഭരതനുണ്ടായി. അതോടുകൂടി ശ്രദ്ധാലുവാ കയും മാതാവായ മാനിനെ ഉപേക്ഷിച്ച് ഒരു ഏകാന്ത ആശ്രമം തേടി എല്ലാ സഹവാസവും ഉപേക്ഷിച്ച് ഭൂതകാല ന്യൂനതകളെയും മറ്റും ഓർമ്മിച്ച് പശ്ചാത്തപിച്ച് ഉണക്ക ഇലയും പുല്ലും തിന്ന് ജീവിക്കാനാ രംഭിച്ചു. അടുത്ത ജന്മം ബ്രാഹ്മണ പുത്രനായിട്ട് ആയിരുന്നു. അപ്പോഴും പൂർവജന്മ കഥകൾ അനുസ്മരിച്ച് പെരുമാറാൻ തുടങ്ങി. പഠനാദിക ളിൽ ഒരു താല്പര്യവുമില്ലാതെ ഭ്രാന്തനോ മൂകനോ ബധിരനോ അന്ധനോ ആണെന്ന മട്ടിൽ പെരുമാറി. കവർച്ചക്കാർ ഒരിക്കൽ ഭരതനെ കാളിക്ക് ഗുരുതി കൊടുക്കാൻ (ബലിയർപ്പിക്കാൻ) കൊണ്ടുപോയപ്പോൾ പോലും അചഞ്ചലനായിട്ടാണ് പെരുമാറിയത്. കാളീമാതാവ് രൗദ്ര രൂപിണിയായി പ്രത്യക്ഷപ്പെട്ടു കവർച്ചക്കാരെ നിഗ്രഹിച്ച് ഭരതനെ രക്ഷിച്ചപ്പോഴും യാതൊരു മാറ്റവും ഉണ്ടായില്ല. പൂർണമായും ഭഗവാനു സമർപ്പിച്ച പരമഹംസഭക്തന്റെ ഭീതിരഹിതമായ അവസ്ഥ ഇതുതന്നെ യാണ്. സർവാത്മഭാവം ഉള്ളതുകൊണ്ട് ആരോടും വിരോധഭാവമോ വിദ്വേഷമോ ഇല്ലാതെയും എല്ലാപേരോടും മൈത്രീഭാവം പുലർത്തിയും കഴിയാൻ സാധിക്കുന്നു. (V.9.20) ഏവരിലും ഈശ്വരനെ ദർശിക്കുന്നു. അവസാനം, രഹൂഗണന് ഉപദേശം നല്കാൻ ഭരതൻ വായ തുറന്നു (15–ാം ഖണ്ഡികയിൽ പറഞ്ഞു). ഭരതൻ സാധനയെ ഇപ്രകാരം സുന്ദരമായി സംഗ്രഹിച്ചു പറയുന്നു:

“ഈശ്വരന്റെയും ഗുരുവിന്റെയും പാദസ്മരണമാകുന്ന ഉപാധി കൊണ്ട് ജ്ഞാനിയായി ഉയർന്ന് മായയെ നശിപ്പിക്കണം. കാമക്രോധാദി ഷഡ് വികാരങ്ങളിൽ നിന്നു മോചനം നേടി ആത്മാവിന്റെ യാഥാർത്ഥ്യം സാക്ഷാത്കരിക്കണം.” (ഭാഗവതം V. 11. 15–17)

☆

## അധ്യായം 6

# പുഷ്ടി സ്കന്ധം

46. ഈ അധ്യായത്തിൽ, ആത്മീയ ജീവിതത്തിലെ അജ്ഞാതമായ ഒന്നിനെ, ഈശ്വരാനുഗ്രഹത്തെപ്പറ്റിയാണ് ഉപപാദിക്കുന്നത്. അവിജ്ഞാതവും അപ്രവചനീയവും ആയതിനാൽ ഇതിനെ ‘എക്സ്–ഫാക്റ്റർ’ എന്ന് പോൾ ബ്രണ്ടൺ വിശേഷിപ്പിക്കുന്നു. ഭഗവദനുഗ്രഹത്തിന് സുനിശ്ചി തോപായങ്ങളായ, ഹൃദയത്തിന്റെ ആഴങ്ങളിലുള്ള ഭക്തിവിശ്വാസങ്ങ ളോടുകൂടിയുള്ള ഈശ്വര സ്മരണവും അറിഞ്ഞുമറിയാതെയുമുള്ള അഗാധമായ ആരാധനയുമാണ് ആവശ്യമെന്ന് ഈ സ്കന്ധത്തിൽ നിർദ്ദേശിക്കുന്നു.

47. സ്വയം അധഃപതിച്ച്, മാതാപിതാക്കളെയും ഗൃഹത്തെയുമെല്ലാം ഉപേ ക്ഷിച്ച് ഒരു വേശ്യാസ്ത്രീയിൽ ജനിച്ച സന്താനങ്ങളുമായി പാപ ലോലുപമായ ജീവിതം നയിക്കയായിരുന്നു അജാമിളൻ എന്ന ബ്രാഹ്മ ണൻ. അവസാന പുത്രന്റെ പേര് നാരായണൻ എന്നായിരുന്നു. വിധിവൈപരീത്യത്താൽ ഒരുനാൾ യമകിങ്കരന്മാർ തന്റെ ജീവിതം അപഹരിക്കാൻ വന്നെത്തിയത് അജാമിളൻ കണ്ടു പരിഭ്രമിക്കയും ഭയചകിതനാകയും ചെയ്ത്, ദൂരെ കളിച്ചുകൊണ്ടിരുന്ന അവസാന പുത്രനായ നാരായണനെ വിളിക്കയും ചെയ്തു. പെട്ടെന്ന്, എവിടെ നിന്നോ നാല് വിഷ്ണുഭൃത്യന്മാർ അവിടെ പ്രത്യക്ഷപ്പെട്ടു. അവരുമായി വാഗ്വാദത്തിൽ ഏർപ്പെട്ട യമകിങ്കരന്മാർക്ക് ഭഗവാൻ നാരായണനോട് പ്രാർത്ഥിച്ച ഒരാളിന്റെ ജീവൻ അപഹരിക്കുന്നത് ഉചിതമല്ലെന്ന് ബോധ്യമായി മടങ്ങി. അങ്ങനെ, അവർ അജാമിളനെ മരണത്തിൽ നിന്നും രക്ഷിക്കുക മാത്രമല്ല, ഭാഗവന്നാമം ഉച്ചരിക്കുന്നതിന്റെ മഹത്വം ഉപദേശിച്ചു കൊടുക്കുകയും ചെയ്തു. അറിയാതെപോലും ഒരു ഭഗവന്നാമോച്ചാരണം എത്ര അത്ഭുതഫലമാണ് ഉളവാക്കുന്നത്!

48. **“അയം ഹി കൃതനിർവേശോ ജന്മകോട്യംഹസാമപി**
**യദാ നാരായണായേതി ജഗാദ ചതുരക്ഷരം**

**സ്ത്രീരാജപിതൃഗോഹന്താ യേ ച പാതകിനോഽപരേ**
**സർവേഷാമപ്യധവതാമിദമേവ സുനിഷ്കൃതം."**

**(ഭാഗവതം VI - 2. 7, 8, 9, 10)**

"സ്ത്രീഹത്യ, ഗോഹത്യ, രാജഹത്യ, പിതൃഹത്യ, മദ്യപാനം, മോഷണം തുടങ്ങിയ പാതകങ്ങൾ ചെയ്തവർപോലും ഭഗവന്നാമജപത്താൽ പരിശുദ്ധരായി തീരുന്നു, പാപമുക്തരായി തീരുന്നു." കോടി ജന്മാന്തരങ്ങളിൽ ചെയ്ത കൊടുംപാപങ്ങളെപ്പോലും കഴുകി ശുദ്ധീകരിക്കാൻ ഭഗവാന്റെ ഒരു നാമജപം തന്നെ മതിയാകുന്നതാണ്. അബോധപൂർവമായോ, താഴെ വീഴാനിടയാകുമ്പോഴോ, സർപ്പദംശനമേല്ക്കുമ്പോഴോ, അന്യരുമായി തമാശകൾ പറയുന്നതിനിടയിലോ പോലും ഭഗവാന്റെ ഒരു നാമം ജപിച്ചാൽത്തന്നെ എല്ലാ പാപങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്.

49. **"തേ ദേവസിദ്ധപരിഗീതപവിത്രഗാഥാ**
**യേ സാധവഃ സമദൃശോ ഭഗവത്പ്രപന്നാഃ**
**താൻ നോപസീദത ഹരേർഗദയാഭിഗുപ്താൻ**
**നൈഷാം വയം ന ച വയഃ പ്രഭവാമ ദണ്ഡേ."**

**(ഭാഗവതം VI-3-27)**

**"ജിഹ്വാ ന വക്തി ഭഗവദ്ഗുണനാമധേയം**
**ചേതശ്ച ന സ്മരതി തച്ചരണാരവിന്ദം**
**കൃഷ്ണായ നോ നമതി യച്ഛിര ഏകദാപി**
**താനാനയധ്വമസതോഽകൃതവിഷ്ണുകൃത്യാൻ."**

**(ഭാഗവതം VI-3-29)**

സ്വകിങ്കരന്മാരെ തടഞ്ഞുകൊണ്ട് മൃത്യുദേവനായ യമൻ ഭഗവദ്ഭക്തന്മാരുടെ മഹത്വം ഇങ്ങനെ സംക്ഷേപിച്ചു പറയുന്നു:

"സമദർശികളും ഈശ്വരസമർപ്പിതരുമായ ഭക്തന്മാരുടെ മഹത്വം ദേവന്മാരും ഈശ്വര തുല്യന്മാരും പ്രകീർത്തിക്കുന്നു. അവർ എല്ലായ്പോഴും സർവസംരക്ഷകനായ ഭഗവാന്റെ പരിരക്ഷണത്തിലായിരിക്കും. അമ്മാതിരി ഭക്തന്മാരെ സ്വർഗത്തെ കരുതി സമീപിക്കപോലും ചെയ്യരുത്. അവർ എന്റെ പരിധിക്കുമപ്പുറത്താണ് (VI.3.27) മറിച്ച്,



ഭഗവന്നാമം ഒരിക്കൽപോലും ഉച്ചരിക്കാത്തവരും ഭഗവത്പാദങ്ങളെ ഒരിക്കൽപോലും സ്മരിക്കാത്ത മനസ്സുള്ളവരും ഭഗവത് സവിധത്തിൽ ഒരിക്കൽപോലും ഭക്തിപൂർവം ശിരസ്സു നമിക്കാത്തവരുമായ ദുഷ്ടരെ വേഗം എന്റെ മുൻപിൽ ആനയിക്കുക.

50. **"ഹാ ഗോവിന്ദേതി ചുക്രോശ കൃഷ്ണാ മാം ദൂരവാസിനം**
**ഋണമേതത്പ്രവൃദ്ധം മേ ഹൃദയാന്നാപകർഷതി."**

ദുര്യോധനനും ദുശ്ശാസനനും പൊതുവേദിയിൽവച്ച് വസ്ത്രാക്ഷേപം ചെയ്ത് അപമാനിതയായ ദ്രൗപദി ഭഗവാന്റെ നാമം ഉച്ചരിച്ചു കേണപ്പോൾ ചെയ്യേണ്ട കർത്തവ്യം അനുഷ്ഠിക്കാതെയിരുന്നതുകൊണ്ട് ശ്രീകൃഷ്ണഭഗവാൻ ദ്രൗപദിയോട് അധർമണനായി. "ദ്രൗപദി ഗോവിന്ദാ എന്ന് ഉറക്കെ വിളിച്ച് കരഞ്ഞപ്പോൾ ഞാൻ അകലെ ദ്വാരകയിലായിരുന്നു. അങ്ങനെ അവർ എന്നെ തീരാത്ത, തീർക്കാനാകാത്ത കടത്തിലായി, ദിവസംതോറും എനിക്ക് അതു മറക്കാൻ കഴിയാത്ത അവസ്ഥയിലുമാണ് ഞാൻ" എന്ന് ശ്രീകൃഷ്ണൻ ആത്മഗതമായി പറയാറുണ്ട്.

51. ആറാം സ്കന്ധത്തിലെ രണ്ടാമത്തെ മുഖ്യ കഥ വൃത്രാസുരന്റേതാണ്. അജയ്യമായ ശക്തിയുള്ള വൃത്രാസുരൻ ഇന്ദ്രനുമായി യുദ്ധം ചെയ്തപ്പോൾ, വൃത്രാസുരൻ ഭഗവാനെ ദീർഘമായി സ്തുതിച്ചു പ്രാർത്ഥിച്ചു. ആ സ്തുതിയുടെ അവസാനത്തെ ആറു ശ്ലോകങ്ങൾ പ്രശസ്ത ഭക്തനും പുഷ്ടിമാർഗ സ്ഥാപകനുമായ ശ്രീ വല്ലഭാചാര്യൻ വ്യാഖ്യാനിച്ചപ്പോൾ അത് ഭാഗവത സാരസർവസ്വമാണെന്നു വിശേഷിപ്പിക്കയുണ്ടായി. വൃത്രൻ പ്രാർത്ഥിച്ചു: "ഭഗവൻ! ഒരാൾ, ഭൗതികജീവിത പുരോഗതിയിൽ തടസ്സങ്ങൾ ഉണ്ടായി ലക്ഷ്യങ്ങളൊന്നും സാധിക്കാനാകാതെ നിരാശനായിത്തീരുമ്പോൾ, അയാളെ ആത്മീയപഥത്തിലേക്ക് തിരിച്ചു വിടാൻ ഈശ്വരാനുഗ്രഹം ഉണ്ടാകുന്നതിന്റെ വ്യക്തമായ സൂചന കാണാം. ഭഗവാനേ! നിസ്വന്മാരും നിസ്വനാണെന്നു ദൃഢമായി വിശ്വസിക്കുന്നവരുമൊഴികെ എല്ലാപേർക്കും അങ്ങ് അപ്രാപ്യനാണ്."

"ഭഗവൻ! അടുത്ത ജന്മത്തിലെങ്കിലും എന്നെ ഭഗവദ് ഭക്തദാസനായി ജനിക്കാൻ അനുഗ്രഹിക്കണേ, മനസ്സും ശരീരവും വാക്കുംകൊണ്ട് അങ്ങയെ മാത്രം ആരാധിക്കാൻ കഴിയണേ."

"ഭഗവൻ! ഒരു ചക്രവർത്തിയായി ഭൂസ്വർഗപാതാളങ്ങളെ ഭരിക്കാനോ അനന്ത സമ്പത്തുള്ളവനാകാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ഏതെങ്കിലും അത്ഭുതശക്തിയോ മോക്ഷം പോലുമോ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് അവിടുന്നു മാത്രം മതി."

"ഭഗവൻ! എന്റെ പ്രഗാഢവും ദീർഘവുമായ കാത്തിരിപ്പിനെപ്പറ്റി ഞാൻ എങ്ങനെ വർണിക്കട്ടെ? പറക്കമുറ്റാത്ത കുരുന്നുപക്ഷികൾ വിശന്ന് തള്ളപ്പക്ഷി മടങ്ങിവരാൻ കാത്തിരിക്കുന്നതുപോലെ ഞാൻ അങ്ങയെ കാണാൻ ഹൃദയപൂർവം പ്രതീക്ഷിച്ചിരിക്കയാണ്. കിടാങ്ങൾ തള്ള പ്പശുവിനെ കാത്തിരിക്കുന്നതുപോലെ, യാത്ര കഴിഞ്ഞ് വരുന്ന ഭർത്താവിനെ ഭാര്യ പ്രതീക്ഷിച്ചിരിക്കുന്നതുപോലെ ഞാൻ കാത്തിരിക്കുന്നു."

ഭഗവൻ! അങ്ങയുടെ ഭക്തദാസനായി ജനിക്കാൻ ഞാൻ യോഗ്യനല്ല എന്ന് കരുതുന്നുവെങ്കിൽ എനിക്ക് സാധുജനങ്ങളുമായുള്ള സഹവാസമെങ്കിലും അനുവദിച്ചാലും! ഈ വരത്തിനും ഞാൻ അർഹനല്ലെങ്കിൽ, ശരീരം, കളത്രപുത്രാദികൾ, ഗൃഹം, ഇതര സ്വത്തുക്കൾ എന്നിവയെ സംബന്ധിച്ചുള്ള മായാജാലത്തിൽ കുടുങ്ങിയവരുടെ കൂട്ടത്തിൽ ഒരാളായി ജനിക്കാതിരിക്കാനെങ്കിലും എനിക്കു വരം നല്കി അനുഗ്രഹിച്ചാലും! ഈശ്വരനെപ്പറ്റി ഒരു ചിന്തപോലുമില്ലാതെ കേവലം ഭൗതികവീക്ഷണം മാത്രമുള്ള ദുഷ്ടവ്യക്തികളുമായി എനിക്ക് സമ്പർക്കം ഉണ്ടാകാതിരിക്കട്ടെ. (VI. 11. 23-27) സാധനയുടെ പ്രാരംഭ ഘട്ടത്തിൽ, കേവലം ഭൗതിക വിഷയതല്പരന്മാരുമായുള്ള സഹവാസം ദോഷകരമാകുമെന്നതുകൊണ്ട് എന്തു വിലകൊടുത്തും അത് ഒഴിവാക്കുകതന്നെ വേണം.

52. **"ഭവാനതാർഷീന്മായാം വൈ വൈഷ്ണവീ ജനമോഹിനീം**
**യദ് വിഷായാസുരം ഭാവം മഹാപുരുഷതാം ഗതഃ"**

**(ഭാഗവതം VI-12-20)**

മുകളിൽ വിവരിച്ചവിധം വൃത്രാസുരൻ ഉറക്കെ പ്രാർത്ഥിക്കുന്നതുകണ്ട് ഇന്ദ്രനുപോലും സ്വനേത്രങ്ങളെ വിശ്വസിക്കാനായില്ല. അദ്ദേഹം പരസ്യമായി അഭിനന്ദിച്ചു - "എല്ലാവരേയും വഞ്ചിതരാകുന്ന മായാ



വലയം പൊട്ടിച്ചെറിയാൻ അങ്ങയ്ക്കു കഴിഞ്ഞത് അത്ഭുതം തന്നെ! ആസുരപ്രകൃതം പൂർണമായി തകർത്ത് അങ്ങ് ഒരു മഹാപുരുഷന്റെ പദത്തിലേക്ക് ഉയർന്നിരിക്കുന്നു.

53. ഈശ്വരാനുഗ്രഹത്തിന്റെ പ്രഭാവലയത്തിനു പുറത്തായി ആരുംതന്നെ ഈ ഭൂമിയിലില്ല. അജാമിളനെപ്പോലെ ഒരു നീചപാപിയോ വൃത്രനെ പോലെ ഒരു അസുരനോ ആരുതന്നെയായാലും ഭഗവാന്റെ ദിവ്യ മാനദണ്ഡം ഏതെങ്കിലും ഒരുനാൾ ഏതൊരു വ്യക്തിയേയും ഏതെങ്കിലുമൊരു ആത്മീയപഥത്തിലേക്ക് ക്രമേണ നയിക്കുന്നതാണ്. ശ്രീരാമകൃഷ്ണപരമഹംസരെപ്പോലെ ചില വിശിഷ്ട വ്യക്തികളൊഴികെ സിദ്ധന്മാരായ ചിലർ അവരുടെ മാർഗമാണ് ഈശ്വരപ്രാപ്തിക്ക് ഏറ്റവും എളുപ്പമായുള്ളതെന്ന് ദൃഢമായി പറയാറുണ്ടെങ്കിലും ഈശ്വരൻ അനന്തനാണ്, ഭഗവത്പ്രാപ്തിക്കുള്ള മാർഗവും അനന്തമാണ്. സ്വന്തം ഭക്തന്മാരിലും അനുഗാമികളിലും സ്വന്തം മാർഗത്തെപ്പറ്റി ദൃഢവിശ്വാസമുളവാക്കാനായാണ് അവർ ഇങ്ങനെ പ്രതിജ്ഞചെയ്തു പറയുന്നത്. ഒരു ഭിഷഗ്വരൻ, രോഗിയുടെ ശരീരഘടനയനുസരിച്ച് സമാനരോഗങ്ങൾക്ക് വിവിധ ഔഷധങ്ങൾ നിശ്ചയിച്ചു കൊടുക്കുന്നു. ആത്മീയ മാർഗവും ഇതുപോലെയാണ്. ഒരാളിന്റെ ആത്മീയ ഘടന, അഭിരുചി, സന്നദ്ധത, കഴിവ്, പ്രതീക്ഷ, ലക്ഷ്യപ്രാപ്തിക്കുള്ള അഭിനിവേശം തുടങ്ങിയവയനുസരിച്ച് ഒരു ദിവ്യപഥം സ്വീകരിക്കാൻ ഈശ്വരാനുഗ്രഹത്തിന്റെ പ്രേരണയുണ്ടാകുന്നു. അഥവാ, വ്യക്തിഭേദം അനുസരിച്ച് വാസനകളും കഴിവും അടിസ്ഥാനമാക്കിയാവും മാർഗലബ്ധിയും.

☆

## അധ്യായം 7

# വാസനാ സ്കന്ധം

54. ഭഗവദനുഗ്രഹത്തിന്റെ കാര്യത്തിൽ ഒരിക്കലും പക്ഷപാതിത്വം ഭവാൻ പ്രദർശിപ്പിക്കാറില്ലെന്ന് ഒരു ചോദ്യത്തിന് ഉത്തരമായി പരീക്ഷിത്ത് മഹാരാജാവിനോട് ശ്രീ ശുകൻ സ്കന്ധാരംഭത്തിൽ പറയുന്നുണ്ട്. ഈശ്വരാനുഗ്രഹം ആത്യന്തികമായി ആത്മാനുഗ്രഹം തന്നെയാണ്. ഭഗവാൻ എല്ലായ്പോഴും ദേവപക്ഷത്താണെന്നും അസുരനിഗ്രഹത്തിന് ദേവന്മാരെ സഹായിക്കാറുണ്ടെന്നും പറയുന്നതു ശരിയല്ല. അഴുക്കുള്ളതോ ശുദ്ധമോ ആയ വെള്ളത്തിലും കുഴികളിലും കുളങ്ങളിലുമെല്ലാം ചന്ദ്രബിംബം പതിയുന്നതു തുല്യമായിരിക്കുന്നതുപോലെ, ഈശ്വരാനുഗ്രഹം ഏവരിലും സമമായിട്ടാണ് പ്രസരിക്കുന്നത്. എന്നാൽ ദുഷ്കർമ ഫലം, ജന്മാന്തരവാസന എന്നിവയനുസരിച്ച് ഓരോ വ്യക്തിയിലും ദൈവാനുഗ്രഹവും വ്യത്യസ്ത രീതിയിലായിരിക്കും. ഒരു ഗുപ്താർത്ഥത്തിൽ എല്ലാ ഈശ്വരന്മാരും അസുരന്മാരും നമ്മിൽ തന്നെ വസിക്കുന്നു. ചില വ്യക്തികൾ ദൈവീസമ്പത്തിനെ പരിപോഷിപ്പിക്കുന്നു; മറ്റു ചിലർ ആസുരീസമ്പത്തിനെയും – വ്യത്യസ്ത അനുപാതങ്ങളിലാണ് പോഷണം നടക്കുന്നത്. ഒരേ വ്യക്തിയിൽ തന്നെ ഈ രണ്ടുതരം പ്രവണതകളും തമ്മിലുള്ള സംഘട്ടനം – ദേവ-അസുര യുദ്ധം നടക്കുന്നു എന്ന് ആലങ്കാരികഭാഷയിൽ പറയാം. ഈ രണ്ടു പ്രവണതകളുടെയും അനുപാതമനുസരിച്ച് ദൈവാനുഗ്രഹത്തിന്റെ സാഫല്യവും അളവും വ്യക്തിഭിന്നമായിട്ടായിരിക്കും. **"തസ്മാത് കേനാപ്യുപായേന മനഃ കൃഷ്ണേ നിവേശയേത്."** നമ്മുടെ ഭാഗത്ത്, നാം എല്ലായ്പോഴും പൂർണരൂപത്തിൽ – സ്നേഹം, മൈത്രി, ഭക്തി, വിരോധം, ശത്രുത തുടങ്ങി ഏതെങ്കിലും മാർഗത്തിൽ മനസ്സിനെ ഈശ്വരാർപ്പിതമാക്കി വച്ചുകൊണ്ടിരിക്കണം. നിരന്തരമായ ഈശ്വരസമ്പർക്കം പുലർത്തിക്കൊണ്ട് നിങ്ങൾ ഏറ്റവും കഠിനമായും ഉത്തമ രീതിയിലും പ്രയത്നിക്കണം. (ഭാഗവതം VII. 1.30–31)



55. സപ്തമസ്കന്ധത്തിലെ പ്രധാന കഥ, എല്ലാ സദ്വാസനകളുമുള്ള ആദർശഭക്തനായ പ്രഹ്ലാദനും എല്ലാ അസദ്വാസനകളുമുള്ളവനും അഹങ്കാരത്തിന്റെ ദുഷ്ടപ്രതീകവുമായ തൽപിതാവ് ഹിരണ്യകശിപുവും ഉൾപ്പെട്ട ഉപാഖ്യാനമാണ്. പല സാധകരും 20–30 വർഷക്കാലം വിവിധ സാധനകൾ അനുഷ്ഠിച്ചിട്ടും ആത്മീയ പുരോഗതി നേടാൻ സാധിക്കുന്നില്ല എന്നു വിലപിക്കുന്നു. പുത്രനുണ്ടാവാൻ ദിവസവും 101 ആൽപ്രദക്ഷിണം വയ്ക്കാൻ ഉപദേശം ലഭിച്ച നവവധു ഓരോ പ്രദക്ഷിണം കഴിയുമ്പോഴും തനിക്ക് ഗർഭഭാരമുണ്ടോ എന്നറിയാൻ വയറ്റിൽ തടവി നോക്കുന്നതുപോലെയാണ് നാം. ലോകജീവിതത്തിൽ ഈശ്വരനെ വിസ്മരിച്ച് അനേകം ജന്മം കഴിച്ചുകൂട്ടുന്നു, ഇരുപതോ മുപ്പതോ വർഷം സാധന ചെയ്തിട്ട് ഈ ജന്മത്തിൽ തന്നെ പരമസാഫല്യം ലഭിക്കണമെന്ന് ആശിക്കയും ചെയ്യുന്നു. പ്രഹ്ലാദനെപ്പോലെയൊരു ബാലന്റെ ആത്മീയാവബോധം വേദവ്യാസൻ വർണിച്ചിട്ടുള്ളതുമായി നാം സ്വയം താരതമ്യം ചെയ്തു നോക്കണം.

56. വ്യാസൻ പറയുന്നു – "പ്രഹ്ലാദൻ അഞ്ചുവയസ്സു പ്രായമുള്ളപ്പോൾ പോലും മറ്റു കുട്ടികളെപ്പോലെ കളിയിലും കളിപ്പാട്ടങ്ങളിലും താല്പര്യമുള്ള ബാലനേ ആയിരുന്നില്ല. ലോകവിഷയങ്ങളെപ്പറ്റി ഒരു പ്രതികരണവുമില്ലാതെ, ഒരു ആഭിമുഖ്യവും കാണിക്കാതെ സദാ അന്തർമുഖനായും മനസ്സ് ഈശ്വര ചിന്തയിൽ മുഴുകിയവനായുമാണ് കഴിഞ്ഞത്. ഇരിക്കുമ്പോൾ, നടക്കുമ്പോൾ, സംസാരിക്കുമ്പോൾ, ഭക്ഷണം കഴിക്കുമ്പോൾ, പാനം ചെയ്യുമ്പോൾ, കിടക്കുമ്പോൾ – ഇതുപോലെ ശാരീരികമായ ഒരു കർമത്തിലും മനസ്സുകൊണ്ട് തത്പരനായിരുന്നില്ല, പ്രത്യുത, ഈശ്വരോന്മുഖമായി വർത്തിച്ചു. ഏകാന്തത്തിലിരിക്കുന്ന വേളയിൽ ഭഗവദ് ദർശനത്തിനുവേണ്ടി കരയുക കൂടി ചെയ്യുമായിരുന്നു. അല്ലാത്ത സമയത്ത്, ഒരു ലജ്ജയുമില്ലാതെ പൊട്ടിച്ചിരിക്കയും നൃത്തം ചവിട്ടുകയും ഭഗവന്നാമങ്ങൾ ഉച്ചത്തിൽ പാടുകയും ചെയ്യും. ചിലപ്പോൾ സ്വയം ഭഗവാനെന്നു നടിച്ച് അനുകരിക്കും. മറ്റു ചില അവസരങ്ങളിൽ ഭഗവാൻ തന്നെ ആശ്ലേഷിക്കുന്നതായി സങ്കല്പിച്ച് അചഞ്ചലനായിരിക്കും, ബാഷ്പമുതിരുന്ന കണ്ണുകൾ അടച്ചും അടിമുടി വിറച്ചും ഈശ്വരസാമീപ്യം അനുഭവിക്കും. ബാഹ്യ

ലോകവുമായുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം പ്രഹ്ലാദന് അകളങ്കമായ രീതിയിലാണ് പെരുമാറിയിരുന്നത്. എല്ലായ്പോഴും സത്യം മാത്രമേ പറയൂ; ഇന്ദ്രിയങ്ങളെ പൂർണമായും നിയന്ത്രിച്ചു; എല്ലാ പേരെയും സ്വാത്മഭാവത്തിൽ വീക്ഷിച്ചു; ഏവർക്കും ഉത്തമ സുഹൃത്തായി ജീവിച്ചു; പ്രായക്കൂടുതലുള്ളവരോട് മുട്ടുകുത്തി താഴ്ന്ന് ബഹുമാനത്തോടും വിനയത്തോടും കൂടി പെരുമാറി; കുട്ടികളേയും ദരിദ്രരേയും ഒരു പിതാവിന്റെ സൗമനസ്യത്തോടെ സേവിക്കാൻ തയ്യാറായി; സമപ്രായക്കാരെ സഹോദരന്മാരെന്ന മട്ടിൽ ദർശിച്ചു. ഗുരുക്കന്മാരെ ഈശ്വരഭാവത്തിൽ ആദരിച്ചു. അഭിജ്ഞനായിരുന്നിട്ടും, സമ്പത്തും സൗന്ദര്യവുമെല്ലാം ഉണ്ടായിരുന്നിട്ടും ലേശവും അഹന്തയോ ഗർവോ പ്രദർശിപ്പിച്ചിരുന്നില്ല. ഈശ്വരന് സ്വയം സമർപ്പിതനായിട്ടാണ് പ്രഹ്ലാദൻ ജീവിച്ചത്."

57. ഗുരുവിൽ നിന്നു പഠിച്ചതെന്തെന്നു പറയാൻ ഹിരണ്യകശിപു നിർബന്ധിച്ചപ്പോൾ പ്രഹ്ലാദൻ നവവിധ ഭക്തിമാർഗത്തെപ്പറ്റി വിവരിക്കുന്നു. ഭഗവാനെ കീർത്തിക്കുക, ഭഗവത് കഥകൾ പറയുക, അവ പാടുകയോ, വിവരിക്കുകയോ ചെയ്യുക, ഭഗവാനെ സ്മരിക്കുക, ഭഗവത് പാദസേവനം ചെയ്യുക, ആരാധിക്കുക, വന്ദിക്കുക, ഒരു സുഹൃത്ത് എന്നപോലെ പരിചരിക്കുക, ആത്മസമർപ്പണം ചെയ്യുക (ശരണാഗതി).

58. **"തസ്മാത് സർവ്വേഷു കാലേഷു ഭൂതേഷു ദയാം കുരുത സൗഹൃദം**
**ആസുരം ഭാവമുന്മുച്യ യയാ തുഷ്യത്യധോക്ഷജഃ"**

**(ഭാഗവതം VII-6-24)**

മനുഷ്യനോ മൃഗമോ പക്ഷിയോ കീടമോ - ആരോടും ഒന്നിനോടും അക്രമം കാണിക്കാതിരിക്കുക - ആത്മീയ പഥത്തിൽ അഹിംസ ഒരു അവശ്യ ഘടകമാണ്. പ്രഹ്ലാദൻ സതീർത്ഥ്യരോട് ഇങ്ങനെ ഉപദേശിച്ചു- "ആസുരഗുണം ഉപേക്ഷിച്ച് എല്ലാപേരോടും സൗഹൃദവും കാരുണ്യവും കാണിക്കാൻ പരിശീലിക്കുക, ഇതുമാത്രമേ ഭഗവാന് ഇഷ്ടമാകൂ."

**"ഏതാവാനേവ ലോകേ/സ്മിൻപുംസഃ സ്വാർത്ഥഃ പരഃ സ്മൃതഃ**
**ഏകാന്തഭക്തിർഗോവിന്ദേ യത് സർവത്ര തദീക്ഷണം."**

**(ഭാഗവതം VII-7-55)**

സർവ ജീവജാലങ്ങളിലും ഈശ്വരനെ ദർശിക്കാനുള്ള, എല്ലാ ചരാചരങ്ങളിലും ഈശ്വരഭാവം കാണാനുള്ള മനോഭാവം, അനന്യമായ ഭഗവദ്ഭക്തി സമ്പാദിക്കുക എന്നതാണ് ഏറ്റവും ഉത്കൃഷ്ടമായ ജീവിതലക്ഷ്യം. അഭിലാഷരാഹിത്യം തന്നെയാണ് ആത്മീയലക്ഷ്യത്തിലേക്ക് നമ്മെ എത്തിക്കുക. **"കാമാനാം ഹൃദ്യസംരോഹം ഭവതസ്തു വൃണേ വരം"** (ഭാഗവതം VII.10.7). പ്രഹ്ലാദൻ ഭഗവാനോട് ഒരു വരം മാത്രമേ യാചിക്കുന്നുള്ളൂ. "എന്റെ മനസ്സിൽ ഒരു ആഗ്രഹവും ഉണ്ടാകാതിരിക്കട്ടെ. ഈ വരം മാത്രമാണ് ഞാൻ അപേക്ഷിക്കുന്നത്. ഒരാൾ മനസ്സിൽ നിന്ന് എല്ലാ ആഗ്രഹങ്ങളെയും ഒഴിവാക്കുമ്പോൾ മാത്രമേ ദിവ്യത്വം തേടാനുള്ള അർഹത (മുമുക്ഷുത്വം) നേടുകയുള്ളൂ.

☆

## അധ്യായം 8

# വാസനാ-നിരസന സ്കന്ധം

59. ഭാഗവതം അഷ്ടമസ്കന്ധത്തിലെ ആദ്യത്തേതും അവസാനത്തേതുമായ ഉപാഖ്യാനങ്ങൾ ഗജേന്ദ്രമോക്ഷവും മഹാബലിയുടെ (വാമനാവതാരത്തിനായുള്ള) ആത്മസമർപ്പണവും സംബന്ധിച്ചുള്ളവയാണ്. ആദ്യകഥയിൽ, സദ്വാസനകൾ അടുത്ത ജന്മത്തിലെ ജീവന്മരണഘട്ടത്തിൽപോലും വളരെ ഉപകാരമാകും എന്നു തെളിയിക്കുന്നു. ആന്തരികവും ദിവ്യവുമായ മാനദണ്ഡത്തെ (Thermostat) ക്രിയാത്മകമാക്കുന്നത് സദ്വാസനകളാണ്. നാം ലൗകിക ജീവിതത്തിൽ എത്രമാത്രം ഉൾപ്പെട്ടിരിക്കയാണെങ്കിലും ഒരു ദുരന്തമോ സങ്കടാനുഭവമോ ഉണ്ടാകുമ്പോൾ, ആ അടിയന്തിര ഘട്ടത്തിൽ ഭഗവാൻ മാത്രമേ നമുക്കു രക്ഷകനായുള്ളൂ എന്നു കരുതി പ്രാർത്ഥിക്കാൻ നാം നിർബദ്ധരാകും. സങ്കടങ്ങൾ നിരന്തരം തന്നിൽ വന്നു പതിക്കണേ എന്ന പ്രാർത്ഥിച്ച കുന്തീദേവിയെ നാം പ്രഥമാധ്യായത്തിൽ കണ്ടില്ലേ? പൂർണമായ കഷ്ടാനുഭവവും സങ്കടവും പരമാനന്ദത്തിലേക്കു നയിക്കുന്ന ചവിട്ടുപടികളാകയാൽ അവയെ നാം താല്പര്യപൂർവം കൈക്കൊള്ളണം.

60. ഗജേന്ദ്രമോക്ഷം കഥയിലും അഗാധമായ ഒരു ഗുപ്തപ്രാധാന്യം അടങ്ങുന്നു. ആ ഗജരാജൻ കാലം കടന്നു പോകുന്നതിനെപ്പറ്റി ചിന്തിക്കാതെ പിടിയാനയോടും കുട്ടികളോടും കൂടി ത്രികൂടാചലത്തിന്റെ മുകളിൽ വിഹരിക്കുകയായിരുന്നു. ഒരു നാൾ ഗജേന്ദ്രൻ ഒരു പുഴയിലിറങ്ങി ജലക്രീഡ നടത്തിക്കൊണ്ടിരിക്കെ, ഒരു മുതല അതിന്റെ കാലിൽ പിടികൂടി. അവർ തമ്മിൽ കുറേ വർഷം പരസ്പരം മല്ലിട്ടു. മറ്റ് ആനകൾ സഹായിച്ചുവെങ്കിലും അതിന് മുതലയുടെ പിടി വിടുവിച്ച് സ്വയം സ്വതന്ത്രനാകാൻ കഴിഞ്ഞില്ല. കാലക്രമത്തിൽ മറ്റു ആനകളെല്ലാം ഉപേക്ഷിച്ചു പോയി – ഗജേന്ദ്രൻ യുദ്ധം ചെയ്ത് ശക്തിയെല്ലാം അവസാനിച്ച് തകർച്ചയുടെ വക്കിലെത്തി. പെട്ടെന്നുതന്നെ ദൈവാനുഗ്രഹത്താൽ, താൻ പൂർവജന്മത്തിൽ ചെയ്തിരുന്ന ഒരു പ്രാർത്ഥന ഗജേന്ദ്രൻ



ഓർമ്മിച്ച് ഭഗവാനെ വന്ദിച്ചു. ഭക്തിമയവും ദാർശനിക മഹത്വമുള്ളതുമായ ആ പ്രാർത്ഥന ഭക്തിലഹരിയോടെ ഗജേന്ദ്രൻ ചൊല്ലി സ്തുതിച്ചു. അത്ഭുതം! പ്രാർത്ഥന കേട്ട് ഭഗവാൻ അവിടെ പ്രത്യക്ഷപ്പെടുകയും ഗജേന്ദ്രനെ അനുഗ്രഹിച്ച് രക്ഷിക്കുകയും ചെയ്തു.

61. ഈ ലോകത്തെ എല്ലാ ജീവാത്മാക്കളുടെയും കഥ തന്നെയാണ് ആലങ്കാരിക ശൈലിയിൽ ഗജേന്ദ്രമോക്ഷം കഥയിലൂടെ പറഞ്ഞിരിക്കുന്നത്. എല്ലാ ജീവന്മാരും സത്വ-രജസ്തമോഗുണങ്ങളോടുകൂടി (ത്രികൂടം), കളത്രപുത്രാദികളോടുകൂടി, തനിക്കു വേണ്ടി കരുതിയിട്ടുള്ളത് എന്താണെന്നു ചിന്തിക്കാതെ ലൗകിക വിഷയങ്ങളിൽ മുഴുകി കഴിയുകയാണ്. വാർദ്ധക്യത്തിൽ, ഈശ്വര നിശ്ചയമനുസരിച്ച് പെട്ടെന്ന് ഒരു ദിവസം ആഘാതാനുഭവം ഉണ്ടാകുന്നു, ചലിക്കാൻ പോലും നിർവാഹമില്ലാതെ കഠിന വാതരോഗം പിടിപെടുന്നു എന്നുതന്നെയിരിക്കട്ടെ. ബന്ധുമിത്രാദികളെല്ലാം അധികം വൈകാതെ ഉപേക്ഷിച്ചു പോകും, മരുന്നുകളും വിഫലമാകും. അനിവാര്യ സുഹൃത്തായ ഭഗവാൻ മാത്രമേ ശരണമായുള്ളൂ എന്നു ബോധ്യപ്പെട്ട് അന്ധകാരാവൃതനായ രോഗി ഈശ്വരനെപ്പറ്റി ചിന്തിക്കാൻ തുടങ്ങുന്നു. ഭഗവാൻ അയാളെ കൈക്കൊള്ളുകയും ചെയ്യുന്നു.

62. ഇത് കേവലം ഒരു പുരാണ കഥയായി തള്ളിക്കളയാൻ പാടില്ല. ഇതേപോലൊരു സംഭവം 1991 ഡിസംബർ ലക്കം 'അഖണ്ഡജ്യോതി' മാസികയിൽ (ശാന്തികുഞ്ജ്, ഹരിദ്വാർ) രേഖപ്പെടുത്തിയിട്ടുണ്ട്.

കടൽക്കരയിലെ ഒരു ഗ്രാമത്തിൽ താമസിച്ചിരുന്ന ആൽഫ്രെഡ് ജോൺസൺ ബഡ്ഫെയർ (Alfred Johnson Budfair) മുത്തുവാരുന്ന ഒരാളായിരുന്നു. തിന്നുക, കുടിക്കുക, മദ്യപിക്കുക, സന്തോഷിക്കുക എന്നീ ആദർശങ്ങൾ പുലർത്തി ആനന്ദം മാത്രം ലക്ഷ്യമാക്കി കഴിയുകയും പള്ളിയേയോ ദൈവത്തേയോപറ്റി ആദരം ഇല്ലാതിരിക്കുകയും ചെയ്ത ഒരു സുഖലോലുപനായിരുന്നു. ഒരു ദിവസം, അയാൾ വെള്ളത്തിനടിയിൽ ഊളിയിട്ട് മുത്തു തേടിക്കൊണ്ടിരുന്നപ്പോൾ എട്ടു കൈകളുള്ള ഒരു ഭീകര ജന്തു അയാളെ ചുറ്റി ദേഹത്ത് അള്ളിപ്പിടിച്ച് മുറിവേല്പിച്ചു. അയാളുടെ മുഖംമൂടി കീറിപ്പോയി. കയ്യിൽ കരുതിയിരുന്ന

ആയുധം തെറ്റി താഴെ വെള്ളത്തിൽ വീണുപോകയും ചെയ്തു. തന്നെ ആക്രമിച്ചിരിക്കുന്ന ക്രൂര ജന്തുവിന്റെ ഭയപ്പെടുത്തുന്ന കണ്ണുകളിലേക്കു നോക്കി അയാൾ നിലവിളിച്ചു. "ദൈവമേ!" എന്ന് അറിയാതെ വാവിട്ടു വിളിച്ചു കരഞ്ഞു ബോധംകെട്ടു. കുറേ കഴിഞ്ഞു ബോധം വീണ്ടുകിട്ടിയപ്പോൾ, അയാൾ താൻ കടൽക്കരയിൽ കിടക്കുന്നതായും ആ ഭീകര ജന്തു മുറിഞ്ഞും ജീവൻ നഷ്ടപ്പെട്ടും അടുത്തു കിടക്കുന്നതായും കണ്ടു. മറ്റുള്ളവരാൽ കൂടെ പോയിരുന്ന ചങ്ങാതി അയാളെ തേടിപ്പോയപ്പോൾ ആ ഭീകരജന്തു ആൽഫ്രെഡിനെ ചുറ്റിയതായും എന്നാൽ പിന്നീട് സ്വയം വ്രണിതമായി ബോധം കെട്ടു കിടക്കുന്നതായും കണ്ടുവെന്നു പറഞ്ഞു. തന്നെ രക്ഷിച്ചത് ദൈവം തന്നെയാണെന്നും മറ്റാരുമല്ലെന്നും മനസ്സിലാക്കിയ ആൽഫ്രെഡിന്റെ കണ്ണുകളിൽ കൃതജ്ഞതാപുരസ്സരമായ ബാഷ്പകണം നിറഞ്ഞു. അയാൾ തന്നെ രക്ഷിച്ച ദൈവത്തോട് കടപ്പെട്ടവനായി. ഈ സംഭവത്തിന് ദൃക്സാക്ഷിയായിരുന്ന ചാൾസ് ഫിൽമോർ (Charles Philmore) ആൽഫ്രെഡിന്റെ ജീവിതകഥയുടെ സന്ദേശം പ്രചരിപ്പിക്കാനായി യൂണിറ്റി സ്കൂൾ ഓഫ് ക്രിസ്റ്റ്യാനിറ്റി എന്ന സ്ഥാപനം ആരംഭിച്ചു.

63. വലിയ മുഴുപ്പുള്ള ശരീരവും ആനുപാതികമല്ലാത്ത ചെറിയ ബുദ്ധിയുമുള്ള ആന ഒരു സാധാരണ മനുഷ്യനെ പ്രതിനിധീകരിക്കുന്നു എന്നു പറയാം. നമ്മുടെ വർത്തമാനകാല ജീവിതത്തെ ഭരിക്കുന്ന ദുർവാസനകളെ തുടച്ചുകളയാനുള്ള ഒരു മാർഗമാണ് ദുരിതം വരുമ്പോൾ ഭഗവാനെ സ്മരിക്കുന്നത്. മഹാബലിയെ സംബന്ധിക്കുന്ന കഥയിൽ, നാം സമ്പന്നാവസ്ഥയിലായിരിക്കുമ്പോൾ നമ്മുടെ എല്ലാ സ്വത്തുക്കളും ദാനം ചെയ്യുന്നത് നമ്മുടെ വാസനകളെ ദൂരീകരിക്കാൻ ഒരു സുഗമ മാർഗമാണെന്ന് തെളിയിക്കപ്പെടുന്നു. ആത്മീയ ഉത്കർഷത്തിന് ജീവിത ദുരിതാനുഭവങ്ങളെ ചവിട്ടുപടികളായി ഉപയോഗിക്കാം എന്നു രണ്ട് ഉപാഖ്യാനങ്ങളും വ്യക്തമാക്കുന്നു. അതുകൊണ്ട്, നമുക്കുണ്ടാകുന്ന ക്ലേശങ്ങളെ വിലപിക്കയോ നിരാശപ്പെടുകയോ ചെയ്യാതെ സ്വീകരിക്കയാണു വേണ്ടത്.

64. അനശ്വരത്വം ലഭിക്കാനായി പാലാഴിമഥനം നടത്തിയ കഥയാണ് അടുത്തത്. ഭഗവദുപദേശമനുസരിച്ച് അനശ്വരത്വ ലബ്ധിക്കായി



ദേവന്മാരും അസുരന്മാരും കൂടി പാലാഴി കടയാൻ നിശ്ചയിച്ചു. മന്ദര പർവതം കടകോൽ ആയി. പക്ഷേ അത് ഉറച്ചിരിക്കായ്കയാൽ ഭഗവാൻ പർവതത്തെ ഉറപ്പിച്ചുവയ്ക്കാനായി സ്വയം ഒരു കൂർമരൂപിയായി അതിനെ തന്റെ മേൽ ഉറപ്പിച്ചു നിർത്തി. കടയാനുള്ള കയറായിരുന്നു അനന്ത സർപത്തിന്റെ വായിൽ നിന്നും ഹലാഹലം എന്ന കൊടും വിഷം ഛർദിക്കപ്പെട്ടു. അത് താഴെ പതിച്ചാൽ പ്രപഞ്ചം മുഴുവൻ സംഹരിക്കപ്പെടുമായിരുന്നു. ഉടനെ തന്നെ ഭഗവാൻ ശിവൻ പ്രത്യക്ഷപ്പെട്ട് ആ വിഷം സ്വയം പാനം ചെയ്ത് ആ പ്രതിസന്ധി തരണം ചെയ്തു.

65. അത്ഭുതാശ്വമായ ഉച്ചൈശ്രവസ്സ്, മഹാശക്തിയും വെളുപ്പ് നിറവുമുള്ള ഐരാവതം എന്ന ഗജം, കൗസ്തുഭം എന്ന അമൂല്യവും അപൂർവവുമായ രത്നം, അതിസുന്ദരിയായ ഒരു കന്യക – ഐശ്വര്യദേവതയായ ലക്ഷ്മി – ഇതെല്ലാം പാലാഴിയിൽ നിന്നു ലബ്ധമായി. അനുയോജ്യ വ്യക്തികൾ ഇതെല്ലാം ഓരോന്നായി സ്വീകരിച്ചു. അവസാനം വിശിഷ്ടമായ ദിവ്യാമൃതവും ലഭിച്ചു.

66. വിശാലമായ അർത്ഥത്തിൽ, പാലാഴിമഥന കഥ അനശ്വരത്വവും പരമമായ ആനന്ദവും നേടുന്നതിനുള്ള മുഖ്യകവാടമായ ധ്യാനക്രമത്തിന്റെ ഒരു ആലങ്കാരിക മാതൃകയാണെന്നു പറയാം. മനസ്സിന്റെ മഥനമാണ് ധ്യാനം, ലൗലിക ചിന്തകളെയും വാസനകളാകുന്ന വിഷവാതകത്തെയും പുറത്തേക്കു വിടുക (**'വിഷയാൻ വിഷവത് ത്യജ'**) 'വിഷമാണെന്നറിഞ്ഞ് ലൗകികതകളെ പരിത്യജിക്കുക' (അഷ്ടാവക്ര ഗീത). അവസാനം ആനന്ദാമൃതം നുകരുക. ഈശ്വരാനുഗ്രഹം, ഗുരുകൃപ എന്നിവ കൊണ്ടു മാത്രമേ സാധകൻ ധ്യാനിക്കുന്നതിനെപ്പറ്റി ചിന്തിക്കുകയുള്ളൂ. ധ്യാനം പരിശീലിക്കുന്നതിനിടയിൽ പലേ വിഘ്നങ്ങളും ഉണ്ടാകും. മനസ്സിൽ ഓരോ ചിന്തകൾ കടന്നുവന്ന് സ്ഥിരതയും ശാന്തതയും സമ്പാദിക്കാൻ സാധിക്കാതെ വരും. ആരംഭം മുതൽ എല്ലായ്പോഴും നമ്മോടുകൂടിയുണ്ടാവുന്ന ദൈവത്തെ പ്രാർത്ഥിക്കുക തന്നെയാണ് മനസ്സിനെ ദൃഢതരമാക്കാനുള്ള അനായാസ മാർഗം.

**"യദാ സംഹരതേ ചായം കൂർമോഽങ്ഗാനീവ സർവശഃ"**

**(ഭഗവദ്ഗീത II-58)**

ആമ കയ്കാലുകൾ ഉള്ളിലേക്കു വലിക്കുന്നതുപോലെ മനസ്സിനെ ഒതുക്കണം. കൂർമാവതാരമായി ഭഗവാൻ പ്രത്യക്ഷപ്പെട്ട് മന്ദരപർവതമാകുന്ന കടകോലിന്റെ താഴ്വശം ഉറപ്പിച്ച് മഥനം സുഗമമാക്കിയ പ്രവൃത്തിയുടെ പ്രാധാന്യം, ഏതൊരു ഭീഷണിയുണ്ടാകുമ്പോഴും ആമ തന്റെ കരചരണാദികളെ ഉള്ളിലേക്ക് പിൻവലിച്ച് സ്വയം നിയന്ത്രിക്കുന്നതുപോലെ എല്ലാ ലോക ബന്ധങ്ങളിൽ നിന്നും പിൻവാങ്ങിക്കഴിയണം എന്നു സൂചിപ്പിക്കുന്നു എന്നതാണ്. ലോകകാര്യങ്ങളിൽ നിരന്തരം ഏർപ്പെടുന്നതുകൊണ്ടാണ് മനസ്സ് അസ്വസ്ഥമാകുന്നത്. ധ്യാനം ശീലിക്കുന്നയാൾ ഒരു ഘട്ടത്തിൽ മലിനവും വിഷാത്മകവുമായ ഐന്ദ്രിയ ചിന്തകളും വിദ്വേഷാദികളും കൂടുതൽ ശക്തിയോടും പൂർണതയോടും കൂടി പ്രത്യക്ഷപ്പെടുന്നതായി കണ്ടെന്നു വരാം. ഇതാണ് ഹലാഹല വിഷം. ഒരു കുണ്ടിലെ വെള്ളം നീക്കി വൃത്തിയാക്കുമ്പോൾ ദുർഗന്ധവും മാലിന്യവും കൊണ്ട് സഹിക്കാൻ ആകാതെ തോന്നും. ഇത്തരം സന്ദർഭങ്ങളിൽ നിർവികാരതയുടെയും വൈരാഗ്യത്തിന്റെയും പ്രതീകമായ ശിവൻ തന്നെയാണ് താൻ എന്നു സ്വയം ചിന്തിക്കുകയാണ് പരിഹാരമാർഗം. നാം ഐന്ദ്രിയാഭിനിവേശങ്ങളോ വിദ്വേഷാദികളോ ഒന്നും കൊണ്ട് സന്തോഷിക്കാനോ അവയെ ഉണർത്താനോ ഉദ്യമിക്കരുത്. പ്രത്യുത, നിസ്സഹായമായി അലയുന്ന അവയുമായി സഹകരിക്കാതെയും, അംഗീകരിക്കുകപോലും ചെയ്യാതെയും, അവയുടെ ആവിർഭാവവും തിരോധാനവും ഗണിക്കാതെയുമിരിക്കയാണ് വേണ്ടത്. മലിന വിചാരങ്ങൾ നമ്മുടെ അവബോധ തലത്തിൽ ഉണ്ട് എങ്കിൽ അവ പുറത്തുപോകാൻ അനുവദിക്കണം, നാം ശാന്തമായിരുന്ന് അവയുടെ ബഹിർഗമനം ശ്രദ്ധയോടെ നിരീക്ഷിക്കണം. സാധാരണയായി ഒരു ലൗകിക ചിന്ത ചീത്തയല്ല, പക്ഷേ അത് വലുതായി ആവർത്തിച്ച് നമ്മിൽ വർത്തിച്ചാൽ അതൊരു വിഷമാകും.

67. ധ്യാനത്തിൽ ദൃഢചിത്തരാകുന്നതിന്റെ അടുത്ത പടി, അത്ഭുത ശക്തികളോ സിദ്ധികളോ നേടുകയാണ്. ഉദാഹരണം: അന്യരുടെ മനസ്സ് ഗ്രഹിക്കുക, മറ്റൊരിടത്തു സംഭവിക്കുന്ന സംഗതികൾ കാണുക, നടക്കാനിരിക്കുന്ന കാര്യങ്ങൾ പ്രവചിക്കുക തുടങ്ങിയവ. കൗസ്തുഭവും സുന്ദരിയും ക്ഷീരാബ്ധി മഥനത്തിൽ ലഭിച്ചത് മേല്പറഞ്ഞ കാര്യങ്ങ



ളുടെ പ്രതീകങ്ങളായാണ്. അത്ഭുത വിദ്യകൾ പ്രയോഗിക്കുന്നവർ ഈ ശക്തിപ്രകടനം നടത്തുമ്പോൾ പേരും പ്രശസ്തിയും വേഗം കൈവരും. സത്യത്തിൽ, ഈ പറഞ്ഞ തരം സിദ്ധികൾ സാധകനെ ലക്ഷ്യത്തിൽ നിന്നു പിൻതിരിപ്പിക്കുന്ന പ്രതിബന്ധങ്ങളല്ലാതൊന്നുമല്ല. പല സാധകരും ഇത്തരം സിദ്ധികളുടെ മാസ്മരവലയത്തിൽ സ്വയം നശിച്ച് ആത്മീയ മാർഗത്തിൽ പുരോഗമിക്കാനാവാതെ ഭവിക്കുന്നു. എന്നാൽ ഈ സിദ്ധികളിൽ താല്പര്യമില്ലാതെ, ധ്യാനാദി സാധനകളിൽ നിഷ്ഠയോടെ തുടരുകയാണെങ്കിൽ, ക്ഷമാശീലരായ അത്തരം മുമുക്ഷുക്കൾ വൈകാതെ ഭഗവത് സാക്ഷാത്കാരമാകുന്ന അമൃതം അന്തിമമായി നേടുകതന്നെ ചെയ്യും.

68. ഇനിയത്തെ പ്രധാന കഥ മഹാബലി രാജാവിന്റെ ആത്മത്യാഗത്തിന്റേതാണ്. ഭഗവാൻ ബ്രഹ്മചാരിയും വടുവുമായി വാമനനായി അവതരിച്ച് താൻ നടത്തുന്ന യാഗത്തിന് മൂന്നടി ഭൂമി വേണമെന്ന് ബലിയോട് അപേക്ഷിക്കുന്നു. ഇത്ര നിസ്സാരമായ ദാനം ആവശ്യപ്പെട്ട വാമനനോട് ജീവിതത്തിൽ ആവശ്യമുള്ള എല്ലാ കാര്യങ്ങളും നിറവേറുന്നതിനു വേണ്ട വിപുലമായ ഒരു ദാനം ആവശ്യപ്പെട്ടുകൊള്ളാൻ, തന്റെ അളവറ്റ സ്വത്തിൽ അഹങ്കരിച്ചുകൊണ്ട് ബലി നിർദ്ദേശിച്ചു. പക്ഷേ വാമനൻ തന്റെ എളിയ ആവശ്യം മാത്രം നിറവേറിയാൽ മതിയെന്ന് ഉറപ്പിച്ചു പറഞ്ഞു. അപേക്ഷ സ്വീകരിച്ച് ദാനം നല്കാൻ ബലി തയ്യാറായപ്പോൾ, ആവശ്യമായ ചടങ്ങുകൾ നിർവഹിക്കവേ വാമനൻ തന്റെ വിശ്വരൂപത്തിലേക്ക് വളർന്ന് ഭൂസ്വർഗപാതാളങ്ങളെ കാലടികളിൽ ഒതുക്കി. ആദ്യത്തെ കാലടി ബലിയുടെ ലോകവും രണ്ടാമത്തെ കാലടി സ്വർഗവും അധീനമാക്കി, മൂന്നാമത്തെ അടിവയ്ക്കാൻ സ്ഥലമില്ലാതായി. തന്റെ രണ്ടു ചുവടുകളിൽ മറ്റെല്ലാം അധീനമായിക്കഴിഞ്ഞു; മൂന്നാമത്തെ കാലടി എവിടെ വയ്ക്കും? ബലി ലേശവും മടിക്കാതെ സ്വന്തം ശിരസ്സു താഴ്ത്തി അവിടെ ഭഗവത്പാദം വച്ചുകൊള്ളാൻ അപേക്ഷിച്ചു.

69. ഈ കഥ പല പ്രകാരത്തിൽ നിഗൂഢ രീതിയിൽ പ്രാധാന്യമർഹിക്കുന്നു. നാം നമ്മുടെ ഹൃദയത്തിൽ ഭഗവാനുവേണ്ടി ലേശം സ്ഥലം കരുതിവയ്ക്കയും ഒരു ദിവസത്തെ 24 മണിക്കൂറിൽ ഏതാനും നിമിഷമെങ്കിലും

ഭഗവത്സ്മരണത്തിനായി നാമജപത്തിനും പ്രാർത്ഥനയ്ക്കുമായി മാറ്റുകയും ചെയ്താൽ, നമ്മുടെ ഹൃദയം മുഴുവൻ നിർഭരനായി കഴിയാനും 24 മണിക്കൂർ നേരവും തനിക്കുള്ളതാക്കാനും ഭഗവാൻ സന്നദ്ധനാകുന്ന ഒരു ദിവസം വൈകാതെ തന്നെ വന്നുചേരും. തികഞ്ഞ ആത്മാർത്ഥതയോടെ നാം ഭഗവാനെ ഒരടി സമീപിച്ചാൽ, ഭഗവാൻ അനേകം അടി നമ്മുടെ സമീപത്തേക്കു വരും. ഇതാണ് സാധനയുടെ രഹസ്യം.

70. രണ്ടാമത്, അഹംഭാവവും ഗർവ്വുമാണ് ആത്മീയ പുരോഗതിക്കുള്ള പ്രധാന തടസ്സങ്ങൾ. ആത്മീയഗതിക്ക് നന്നായി ശ്രമിക്കുന്ന ഒരു സാധകന് അഹന്തയും ഗർവ്വും വിഘ്നങ്ങളായി മുൻപോട്ടു നീങ്ങാനാവാതെ വിഷമിക്കുമ്പോൾ, പരിമിതികളെയെല്ലാം പരിഹരിച്ചു കൊടുക്കാൻ ഭഗവാൻ തന്നെ വന്ന് സാധകനെ ശരിയായ മാർഗത്തിലേക്കു നയിക്കും. യഥാർത്ഥ മുമുക്ഷു സ്വയം തകരുന്നത് ഭഗവാന് ഇഷ്ടമല്ല. ബൈബിളിലും ഭാഗവതത്തിലെമ്പാടും ആവർത്തിച്ചു പറയുന്നതുപോലെ, ഒരു സമ്പന്നന് സ്വർഗ ഗോപുരം തുറന്നു കിട്ടുന്നതിനേക്കാൾ എത്രയോ എളുപ്പമാണ് ഒരു ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുന്നത്!

71. **"ബ്രഹ്മൻ യമനുഗൃഹ്ണാമി തദ്വിശോ വിധുനോമ്യഹം**
**യന്മദഃ പുരുഷഃ സ്തബ്ധോ ലോകം മാം ചാവമന്യതേ."**

**(ഭാഗവതം VIII-22-24)**

പ്രഹ്ലാദന്റെയും ബ്രഹ്മാദി ദേവന്മാരുടെയും സാന്നിധ്യത്തിൽ ഭഗവാൻ മഹാബലിയോടു പറയുന്നു ഒരാളെ ധനം, അധികാരം തുടങ്ങിയവയിൽ നിന്നും വേർപെടുത്തി വിനീതനാക്കുന്നെങ്കിൽ, അത് ഭഗവദനുഗ്രഹം ഉണ്ടാകുന്നതുകൊണ്ടുമാത്രമാകുന്നു, അത് ഒരു അനുഗ്രഹം തന്നെയാകുന്നു. ഒരിക്കൽ ഒരാൾ ധനവും പദവിയും മൂലം അഹങ്കാരിയായാൽ സർവ ലോകത്തെയും ഈശ്വരനെയും ധിക്കരിക്കയും അവമതിക്കുകയും ചെയ്യും. ഹൃദയം ശുദ്ധമാക്കി ഭഗവത് സാക്ഷാത്കാരം നേടാനുള്ള എളുപ്പ മാർഗം സ്വന്തപ്പെട്ട സകല വസ്തുക്കളും ദാനധർമം ചെയ്യുകയാണ്, കേവലം നിസ്വനായി പരിണമിക്കുകയാണ്.



72. ഗുരുവിന്റെ ശാപമുണ്ടായിട്ടുപോലും, സത്യപാലനം ചെയ്താൽ സർവ ധനസമ്പത്തും പദവിയും നഷ്ടപ്പെടുമെന്ന ഉപദേശം ലഭിച്ചിട്ടും ബലി സത്യത്തിൽ നിന്നു വ്യതിചലിക്കാത്ത ദൃഢചിത്തത പ്രദർശിപ്പിച്ചതാണ് അദ്ദേഹത്തിന്റെ കഥയിലെ മറ്റൊരു മുഖ്യ സംഗതി. ആത്മീയ പുരോഗതിക്ക് ഇമ്മാതിരി സമ്പൂർണ സത്യവ്രതം അനിവാര്യമായ ഒരു ഘടകമാകുന്നു.

73. അഞ്ചുമുതൽ എട്ടുവരെയുള്ള സ്കന്ധങ്ങളിൽ പറഞ്ഞ മുഖ്യ സംഗതികളെപ്പറ്റി നമുക്ക് വേഗം ഒരു വിഹഗവീക്ഷണം നടത്തുന്നത് നമ്മുടെ ആത്മീയ സാധനയിൽ മുൻപോട്ടു പോകുന്നതിനു സഹായകമായിരിക്കുമല്ലോ.

1. ആത്മീയ പുരോഗതി നേടാൻ നാം ഗൃഹസ്ഥ ധർമങ്ങൾ ഉപേക്ഷിച്ച് വനത്തിലേക്കു പോകേണ്ട ആവശ്യമില്ല. പ്രാപഞ്ചിക ജീവിതത്തോടുള്ള സംഗം ഉപേക്ഷിക്കാൻ തയ്യാറല്ലെങ്കിൽ, ജീവിക്കുന്നത് കാട്ടിലായാലും വിഘ്നങ്ങൾ വന്നുകൊണ്ടിരിക്കും. ഗൃഹസ്ഥനായിരുന്നുകൊണ്ടുതന്നെ ഒരാൾ പഞ്ചേന്ദ്രിയ നിയന്ത്രണം സാധിക്കുന്ന പക്ഷം അതുതന്നെ ഒരു തപസ്സാണ്.

2. ഋഷഭദേവൻ സ്വപുത്രന്മാർക്കു നല്കിയ ഉപദേശത്തിൽ വിവിധ സാധനാകർമങ്ങൾ അടങ്ങുന്നു.

- ഗുരൂപദേശം സ്വീകരിക്കുക, ഗുരുവിനോടും ഈശ്വരനോടും ഭക്തിയുണ്ടായിരിക്കുക.
- സമ്പത്ത്, ദാരിദ്ര്യം, സന്തോഷം, സന്താപം എന്നിങ്ങനെയുള്ള വിരുദ്ധ വിഷയങ്ങളോട് സമദർശിത്വം പാലിക്കുക.
- പ്രാപഞ്ചിക വിഷയങ്ങളെല്ലാം നമുക്ക് ദുഃഖം മാത്രമേ തരൂ എന്നു മനസ്സിലാക്കുക.
- 'ഞാനാര്' എന്ന ചോദ്യത്തിന് സമാധാനം നേടുകയും അതേപ്പറ്റി ധ്യാനിക്കുകയും ചെയ്യുക.
- എല്ലാ ആഗ്രഹങ്ങളും ലോഭവിദ്വേഷാദികളും മനസ്സിൽ നിന്ന് പൂർണമായി ഒഴിവാക്കി നിർവികാരതയും സമത്വ ഭാവവും വളർത്തുക.

- ഈശ്വരാരാധന, ഭഗവന്നാമജപം, ഭഗവത് കഥാശ്രവണം, സത്സംഗം, സാധുജന–ഭക്തജനസേവനം.
- ശരീരവുമായുള്ള താദാത്മ്യത്തിൽ നിന്നും എല്ലാ ഇന്ദ്രിയങ്ങളെയും പിൻവലിക്കുക, ബന്ധുക്കളോടും ഗൃഹത്തോടും സ്വത്തുക്കളോടും മറ്റുമുള്ള ഐക്യഭാവം ഉപേക്ഷിക്കുക.
- ഏകാന്തത്തിലിരുന്ന് യോഗസാധന അനുഷ്ഠിക്കുക, പ്രാണങ്ങളെ നിരോധിക്കുക, ഇന്ദ്രിയ മനസ്സുകളെ നിയന്ത്രിക്കുക.
- 'സത്തി'ൽ പൂർണമായി വിശ്വസിക്കുക, ബ്രഹ്മചര്യനിഷ്ഠ പാലിക്കുക, ജിഹ്വയെ നിയന്ത്രിക്കുക.
- എല്ലാ ആത്മീയ സാധനകളും ക്ഷമയോടും സഹിഷ്ണുതയോടും ഉത്സാഹത്തോടും കൂടി നിർവഹിക്കുക.
- സർവതിലും ഈശ്വരനെ ദർശിക്കുക, വേദാന്തജ്ഞാനം ആർജി ക്കയും സ്വാനുഭവം കൊണ്ട് ആ ജ്ഞാനം ദൃഢമാക്കുകയും ചെയ്യുക.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങളിൽ ഒരെണ്ണമെങ്കിലും ആത്മാർത്ഥമായി പരിശീലിക്കാൻ കഴിയുമെങ്കിൽ മറ്റുള്ളവയും ക്രമേണ സാധിക്കാം.

3. കോടാനുകോടി ജന്മങ്ങളിൽ ചെയ്തുപോയ പാപങ്ങൾ പോലും ഒറ്റ ഭഗവന്നാമോച്ചാരണത്താൽ വിപാടനം ചെയ്യാം. അറിയാതെ ചെയ്യുന്ന ഒരു നാമജപം പോലും അതിന്റെ തരംഗത്താൽ സർവ പാപങ്ങളെയും ദുരിതങ്ങളെയും കഴുകിക്കളയാൻ സഹായകമാകും. ഭഗവന്നാമം ജപിച്ചയാൾക്ക് ഈശ്വര സംരക്ഷണം ലഭിച്ചു എന്നതുകൊണ്ട് മൃത്യു ദേവനായ യമനുപോലും അയാളെ ഒന്നും ചെയ്യാൻ സാധിച്ചില്ല.

4. ഉപദ്രവം ചെയ്യുമെന്നതുകൊണ്ട് തികഞ്ഞ ലൗകികന്മാരുമായുള്ള സമ്പർക്കം ഒഴിവാക്കണം.

5. പ്രാരബ്ധം എന്തുതന്നെയായാലും, ലോകസംഗം എത്രതന്നെയായാലും ആരും ഭഗവാന്റെ വീക്ഷണവലയത്തിനു പുറത്തല്ലാത്തതിനാൽ, ഏതെങ്കിലും ആത്മീയപഥത്തിൽ സഞ്ചരിക്കുന്നതിന് ഭഗവാൻ ആരെയും സഹായിക്കും.



6. അനുഗ്രഹദാന വിഷയത്തിൽ ഭഗവാൻ ഒരിക്കലും പക്ഷപാതിത്വമോ ഇഷ്ടാനിഷ്ടമോ ഒന്നും പ്രദർശിപ്പിക്കാറില്ല. ഭഗവാനെപ്പറ്റി സർവദാ ചിന്തിച്ച് അവിടത്തോട് സഹകരിക്കുക മാത്രമാണ് നമ്മുടെ ധർമം.

7. അനേകം വർഷം സാധനകൾ അനുഷ്ഠിച്ചിട്ടും വേണ്ടത്ര പുരോഗതി നേടാൻ സാധിച്ചില്ലെങ്കിൽ നാം നിരാശരാകരുത്. ഒരുപക്ഷേ അത് നമ്മുടെ പ്രാരബ്ധം കൊണ്ടായിരിക്കാം. സംഭൃതപ്രാരബ്ധങ്ങളെ കഴുകിക്കളയാൻ ഏറെക്കാലം വേണ്ടിവരും; അഥവാ നമ്മുടെ ആത്മാർ ത്ഥതയും സമർപ്പണവും പൂർണമാകാഞ്ഞിട്ടാണെന്നും വരാം. നിരാശ പ്പെടാതെ കൂടുതൽ വിശ്വാസത്തോടും ഏകാഗ്രതയോടും കൂടി നാം മുൻപോട്ടു പോകണം.

8. ഈശ്വരസാക്ഷാത്കാരത്തിനാവശ്യമായ വ്യവസ്ഥ സ്വപിതാവിനോട് പ്രഹ്ലാദൻ പറയുന്നുണ്ട് – "ഈശ്വര മഹിമയും ഭഗവത് കഥകളും കേൾക്കുക; അവയെപ്പറ്റി ഗാനാലാപനമോ ചർച്ചയോ നടത്തുക, ഭഗവത് സ്മരണ ഉണ്ടായിരിക്കുക, ഭഗവത് പാദങ്ങളെ സേവിക്കുക, ആരാധി ക്കുക, സേവകനോ സുഹൃത്തോ ആയി പരിചരിക്കുക, ആത്മ സമർപണം (ശരണാഗതി) സാധിക്കുക."

9. അഹിംസ, അക്രമരാഹിത്യം, സർവ ജീവലോക കാരുണ്യം, ആഗ്രഹ മില്ലായ്മ തുടങ്ങിയവ നമ്മെ ഈശ്വരനിലേക്കെത്തിക്കുന്നതാണ്.

10. സാധനാവേളയിൽ ഉണ്ടായേക്കാവുന്ന ദുരിതങ്ങൾ നമ്മെ നിരാശ പ്പെടുത്തരുത്. അവയെല്ലാം ആത്മീയോത്കർഷത്തിനായി ഭഗവാൻ നമുക്കു നല്കുന്ന ചവിട്ടുപടികളാണ്.

11. നിത്യജീവിതത്തിൽ നാം നമ്മുടെ ഹൃദയത്തിൽ ഭഗവാന് അല്പം ഇടം നല്കിയാൽ, നമ്മുടെ ഹൃദയത്തിലാകെയും ഭഗവാൻ വസിക്കും.

നാം ഭഗവാന്റെ സമീപത്തേക്ക് ഒരു കാലടി വച്ചാൽ, ഭഗവാൻ നമ്മുടെ സമീപത്തേക്ക് അനേകം കാലടി വയ്ക്കും.

12. നമ്മുടെ മനസ്സിൽ നിന്ന് സകല മലിനചിന്തകളെയും കഴുകിക്കളയുകയും ഇടയ്ക്കിടെ സ്വയം പരിശോധിക്കുകയും പ്രഗാഢമായ ഈശ്വര ഭക്തിയാകുന്ന ഉപകരണം കൊണ്ട് മനസ്സ് വെടിപ്പാക്കുകയും വേണം.

13. ആത്മീയാനുഭവങ്ങളും സിദ്ധികളും നമ്മെ പിൻതിരിപ്പിച്ച് നമ്മുടെ സാധനയേയും പരമലക്ഷ്യം നേടുന്നതിനേയും തടസ്സപ്പെടുത്തരുത്. യാതൊരു പ്രതികരണവും പ്രകടമാകാത്തവിധം സിദ്ധികളെ അവഗണിക്കണം.

14. സ്വധർമത്തിൽ പൂർണവിശ്വാസമുള്ള സാധകന് ധർമഭ്രംശം വരാൻ ഭഗവാൻ അനുവദിക്കുകയില്ല. ഉചിതമായ സമയത്ത് ഭഗവാൻ അനുഗ്രഹം ചൊരിഞ്ഞ് ഭക്തനെ തുണയ്ക്കും. ഇത് ഒരു സമ്പൂർണ സത്യമാണെന്ന് നാം വിശ്വസിക്കണം.

☆

### അധ്യായം 9

# വംശാനുചരിത സ്കന്ധം

74. രണ്ടു രാജവംശങ്ങളിലെ ചില പ്രധാന രാജാക്കന്മാരുടെ പലവിധ കഥകളും ഏതാനും ഭക്തന്മാരുടെ കഥകളുമാണ് ഈ സ്കന്ധത്തിൽ വിവരിക്കുന്നത്.

അന്യർ ചിലർ നശിപ്പിക്കാൻ ശ്രമിച്ചാലും ഒരു യഥാർത്ഥ ഭക്തൻ എപ്രകാരം പ്രതികാരമില്ലാതെയിരിക്കുന്നു എന്നും അത്തരം ഭക്തന്മാരെ അവർ അപേക്ഷിച്ചില്ലെങ്കിൽക്കൂടി അവരെ രക്ഷിക്കുന്ന വിഷയത്തിൽ ഭഗവാൻ എത്ര ശ്രദ്ധാലുവാണെന്നും അംബരീഷ മഹാരാജാവിന്റെ കഥ തെളിയിക്കുന്നു. മറ്റൊരു മുഖ്യ സംഗതിയും സ്ഥാപിക്കുന്നുണ്ട്. ഭഗവത് സമർപ്പിതനായ ഒരാളെ ഉപദ്രവിക്കയോ സങ്കടപ്പെടുത്തുകയോ ചെയ്കയാണെങ്കിൽ, ഭഗവദ് വിരോധത്തിന് അയാൾ വിധേയനാകയും മറ്റൊരു ദേവന്റെയും ഇടപെടലിനോ സംരക്ഷണത്തിനോ ഇടയാകാത്ത വിധം വിഷമത്തിലാകയും ചെയ്യും. പീഡനവിധേയനായ ഭക്തൻ വിചാരിച്ചാൽ മാത്രമേ അയാൾക്ക് പിന്നെ രക്ഷ നേടാനാകു. അതേ സമയം, ഒരു യഥാർത്ഥ ഭക്തൻ ലേശമെങ്കിലും അപ്രിയ മനോഭാവമോ വിരോധമോ വൈരമോ പ്രദർശിപ്പിക്കാതെ തന്നെ ഉപദ്രവിച്ച വ്യക്തിയോട് ക്ഷമിക്കാനും പൊറുക്കാനും സന്നദ്ധതയുള്ളവനായിരിക്കയും ചെയ്യും. ഈ മാതിരി സ്വഭാവ സവിശേഷതകൾ ഒരു ആത്മീയ സാധകന്, ആദർശവാനായ ഭക്തന് സ്വന്തം മാർഗത്തിൽ പുരോഗമിക്കുന്നതിനുള്ള കഴിവിന്റെ മാനദണ്ഡങ്ങളാണ്.

75. ഒരു സാധകന് ഒരു ലൗകിക മനുഷ്യന്റെ ഹ്രസ്വസമ്പർക്കം പോലും എത്ര വിനാശകരമായ ഫലമാണ് ഉണ്ടാക്കുക എന്നു തെളിയിക്കുന്നതാണ് സൗഭരിയുടെ കഥ. സൗഭരി യമുനാനദിയിൽ അനേകം വർഷങ്ങളായി കഠിന തപസ്സ് അനുഷ്ഠിക്കുകയായിരുന്നു. ഒരു ദിവസം സൗഭരി കണ്ണു തുറന്നു നോക്കിയപ്പോൾ മത്സ്യങ്ങളുടെ രാജാവ്

സ്വകുടുംബവുമായി സന്തോഷിച്ചിരിക്കുന്നത് കാണാനിടയാകയും അത് വിവാഹം ചെയ്യാൻ സൗഭരിക്ക് മോഹം ജനിപ്പിക്കകയും ചെയ്തു. തന്റെ യോഗസിദ്ധികൾ പ്രയോഗിച്ച് സൗഭരി സ്വയം സുന്ദരനായി മാറി അൻപതു രാജകുമാരിമാരെ വിവാഹം ചെയ്ത് സ്വന്തം സിദ്ധികൾ കൊണ്ടു നിർമിച്ച കൊട്ടാരങ്ങളിൽ അവരോടൊരുമിച്ച് സുഖമായി വാണു, പക്ഷേ ആത്യന്തികമായ ഒരു സംതൃപ്തിയും ലഭിച്ചില്ല.

**"സംഗം ത്യജേത മിഥുനവ്രതിനാം മുമുക്ഷുഃ**
**സർവാത്മനാ ന വിസൃജേദ് ബഹിരിന്ദ്രിയാണി**
**ഏകശ്ചരൻ രഹസി ചിത്തമനന്ത ഈശേ**
**യുഞ്ജീത തദ് വ്രതിഷു സാധുഷു ചേത് പ്രസംഗഃ"**

**(ഭാഗവതം IX-6-51)**

പെട്ടെന്ന് സൗഭരിക്ക് ജ്ഞാനോദയമുണ്ടായി അത്ഭുതത്തോടുകൂടി പറഞ്ഞു – "ദീർഘകാലമായി പരമാത്മാവിനെ ധ്യാനിച്ചുകൊണ്ടിരുന്ന ഞാൻ ഒരു മത്സ്യത്തിന്റെ പ്രവൃത്തി കണ്ട് ഉന്നതമായ പദവിയിൽ നിന്നും താഴെ പതിച്ചുവല്ലോ, കഷ്ടം! ലൗകികന്മാരുമായുള്ള സമ്പർക്കം എല്ലായ്പോഴും സാധകൻ ഒഴിവാക്കണം, ബാഹ്യവസ്തുക്കളിലേക്കു തിരിയാൻ ഇന്ദ്രിയങ്ങളെ അനുവദിക്കയുമരുത്. അയാൾ, പൂർണമായ ഏകാന്തതയിൽ ഭഗവാനെപ്പറ്റി വിചാരിച്ചുകൊണ്ടുതന്നെ വർത്തിക്കണം. അല്ലെങ്കിൽ അനുപേക്ഷണീയരായ സാധുജനങ്ങളുമായുള്ള സമ്പർക്കത്തിൽ കഴിയണം."

76. ഈ സ്കന്ധത്തിൽ രാമായണകഥ സംഗ്രഹിച്ചിരിക്കുന്നു.

**"സ്ത്രീസംഗിനാം ഗതിമിതി പ്രഥയംശ്ചചാര." (ഭാഗവതം IX-10-11)**

സീതാന്വേഷണാർത്ഥം വനത്തിൽ വിലപിച്ചുകൊണ്ട് അലയുന്ന ശ്രീരാമനെപ്പറ്റി വ്യാസൻ പറയുന്നു – "ഒരു പുരുഷൻ സ്ത്രീസമ്പർക്കം മോഹിച്ച് എത്ര ശോചനീയമായ അവസ്ഥയിലേക്ക് താണിരിക്കുന്നു എന്നു ഭഗവാൻ സ്പഷ്ടമാക്കുകയാണിവിടെ." ഇതേ ആശയം തന്നെ പുരൂരവസ്സിന്റെ കഥയിലും കൂടി വിശദമാക്കിയിട്ടുണ്ട്. യയാതിയുടെ



വാർദ്ധക്യം യുവാവായ പുത്രൻ പുരുവിന് നല്കി പകരം യുവത്വം സ്വീകരിച്ച് ആയിരം വർഷം ഐന്ദ്രിയസുഖങ്ങൾ നേടി ജീവിച്ച കഥയിലും ഇതു വ്യക്തമാണ്.

**"ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി**
**ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർദ്ധതേ.**

**മാത്രാ സ്വസ്രാ ദുഹിത്രാ വാ നാവിവിക്താസനോ ഭവേത്**
**ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കർഷതി."**

**(ഭാഗവതം IX-19-14 & 17)**

അപ്പോഴും തന്റെ ഐന്ദ്രിയ ജീവിതം സംതൃപ്തമായില്ല എന്നു കണ്ടു യയാതി പശ്ചാത്തപിച്ചു പറയുന്നു – "ലൈംഗികതൃഷ്ണയാൽ എത്ര തന്നെ ആഗ്രഹങ്ങൾ നിറവേറ്റപ്പെട്ടാലും തൃപ്തിയാകയില്ല. പൂർണമാക്കാൻ ആഗ്രഹിക്കുന്നിടത്തോളം അഗ്നിയിൽ ഒഴിച്ച നെയ്യ് പോലെ അത് ആളിക്കത്തും, തുടർന്നും ആഗ്രഹിച്ചുകൊണ്ടേയിരിക്കും. മാതാവായാലും സഹോദരിയായാലും പുത്രിയായാലും ഏതൊരു സ്ത്രീയുമായുമുള്ള സഹവാസം കുറയ്ക്കണം. എത്രതന്നെ ബുദ്ധിമാനായ ആളാണെങ്കിലും അവരെല്ലാം ലൗകിക ജീവിതത്തിന് പ്രേരണ നല്കിക്കൊണ്ടിരിക്കും. ദുർമാർഗ സഞ്ചാരിയാകാൻ ഇടയാകയും ചെയ്യും.

77. ഈ സ്കന്ധത്തിലെ അവസാന ഉപാഖ്യാനം രന്തിദേവന്റെയാണ്. രാജ്യത്ത് ഭയങ്കരമായ ക്ഷാമം ഉണ്ടായപ്പോൾ ധാന്യവും വെള്ളവും ഇല്ലാതെ, വിശക്കുന്ന പ്രജകൾക്ക് ഒന്നും നല്കാനാകാതെയായി. ഒരു ജലപാനം പോലുമില്ലാതെ രന്തിദേവനും കുടുംബാംഗങ്ങളും 48 ദിവസം കഴിച്ചുകൂട്ടി. എങ്ങനെയോ ഒരിക്കൽ കുറച്ച് ആഹാരവും ജലവും ലഭിച്ചപ്പോഴേക്കും വിശന്നു വലയുകയായിരുന്ന ജനങ്ങൾ ഓരോരുത്തരായി ഭക്ഷണവും ജലവും യാചിച്ച് രന്തിദേവനെ സമീപിച്ചു. അവരിലെല്ലാം ഈശ്വരനെ കണ്ട അദ്ദേഹം സ്വന്തം പക്കലുണ്ടായിരുന്നതെല്ലാം അവർക്ക് ദാനം ചെയ്തു. സ്വയം ആസന്നമരണനായി ഒരിറ്റു ജലം സേവിക്കാനായി തുടങ്ങുമ്പോൾ, ഒരു പാവം തന്റെ ഉണങ്ങി വരണ്ട ചുണ്ടു നനയ്ക്കാനും മാത്രം വെള്ളം തരണേ എന്നു യാചിച്ചു. തെല്ലും മടിക്കാതെ രന്തിദേവൻ ആ ജലശകലം അയാൾക്കു നല്കി.

**"ന കാമയേƒഹം ഗതിമീശ്വരാത് പരാ-
മഷ്ടർദ്ധിയുക്താമപുനർഭവം വാ
ആർതിം പ്രപദ്യേƒഖിലദേഹഭാജാ-
മന്തഃ സ്ഥിതോ യേന ഭവന്ത്യദുഃഖാഃ"** **(ഭാഗവതം IX-21-12)**

രന്തിദേവൻ ഭഗവാനോടു പ്രാർത്ഥിച്ചു – "ഭഗവാനേ! മുക്തിയോ ഏതെങ്കിലും ഉന്നത പദവിയോ നിരവധി സമ്പത്തോ യാതൊന്നും ഞാൻ യാചിക്കുന്നില്ല. എല്ലാപേരുടെയും ഹൃദയത്തിൽ വസിച്ച് അവരുടെയെല്ലാം ദുഃഖങ്ങളും കഷ്ടതകളും എനിക്കു സ്വയം കൈക്കൊള്ളാൻ എന്നെ അനുവദിച്ചാലും! അങ്ങനെ അവരെ ദുഃഖമുക്തരാക്കാൻ എനിക്കു കഴിയുമാറാകട്ടെ!"

☆

## അധ്യായം 10

# നിരോധ സ്കന്ധം

78. ഭാഗവതത്തിലെ ഏറ്റവും വിപുലമായ സ്കന്ധം ദശമമാണ്, ൯൦ അധ്യായങ്ങളാണതിലുള്ളത്. തൊട്ടടുത്ത് തൃതീയസ്കന്ധം – അതിൽ 33 അധ്യായങ്ങളുണ്ട്. ദശമത്തിൽ മുഖ്യമായും ശ്രീകൃഷ്ണലീലാവർണനമാണ്. ശ്രീകൃഷ്ണന്റെ ജീവിതത്തിന്റെ ഗുപ്തമായ പ്രാധാന്യത്തെ പരിഗണിക്കുന്നില്ലെങ്കിൽ പോലും, എല്ലാം പുരാണകഥകളാണെന്നു സങ്കല്പിച്ചാലും നാം അത് വായിക്കുംതോറും ഭഗവാന്റെ ബാല്യലീലകൾ, മഹിമകൾ തുടങ്ങിയവയെല്ലാം അനാവൃതങ്ങളാകും. അവ എത്ര പുരാണസംബന്ധിയായിരുന്നാൽക്കൂടി മാനവരൂപത്തിൽ അവതരിച്ച ഭഗവാന്റെ കഥകളാണെന്ന വസ്തുത നാം ഓർമ്മിക്കണം. ആ കഥകൾ കേട്ടാൽത്തന്നെ ഒരു സാധകന്റെ വാസനകൾ നശിക്കും. ഒരു അതീത ബോധതലത്തിലേക്ക്, സമാധ്യവസ്ഥയിലേക്ക് സാധകഹൃദയം ഉത്തീർണമാകും – "യത്ര യത്ര മനോ യാതി തത്ര തത്ര സമാധയഃ" എവിടെയാണോ മനസ്സ് ഉറയ്ക്കുന്നത് അവിടെ സമാധ്യനുഭവമുണ്ടാകും. അതുകൊണ്ടാണ് ഈ സ്കന്ധത്തിന് ചിന്താനിരോധകം – 'നിരോധ സ്കന്ധം' എന്ന് പേരു നല്കിയത്. ഇത് ലക്ഷ്യപ്രാപ്തിക്കുള്ള ഒരു വിദ്യയാണ്. ലബ്ധമാകുന്ന എല്ലാ വഴികളും മായയുടെ (അസത്തിന്റെ) പരിധിക്കുള്ളിലാണ്. എന്നാൽ, മേല്പറഞ്ഞ വിദ്യ ഈശ്വരസാക്ഷാത്കാരത്തിലേക്ക് നയിക്കുന്നിടത്തോളം അത് അയഥാർത്ഥമോ മറ്റുള്ളതോ എന്ന കാരണത്തിന് എന്തു പ്രസക്തി?

**"നൈഷാതിദുഃസഹാ ക്ഷുന്മാം ത്യക്തോദമപി ബോധതേ
പിബന്തം ത്വന്മുഖാംഭോജച്യുതം ഹരികഥാമൃതം."**

**(ഭാഗവതം X-1-13)**

സ്കന്ധാരംഭത്തിൽ, ഒൻപതു സ്കന്ധവും കേട്ടതിനുശേഷം പരീക്ഷിത്ത് മഹാരാജാവ് ഏകാഗ്രതയിലും ശ്രദ്ധയിലും ആമഗ്നനായി. അത് ഈ

ചോദ്യത്തിൽ നിന്നു വ്യക്തമാണ്. "അങ്ങയുടെ മുഖത്തുനിന്നും പ്രസരിക്കുന്ന ഭഗവത് കഥാമൃതം ഞാൻ പാനം ചെയ്തുകൊണ്ടേയിരിക്കുകയാണ്. വിശപ്പും ദാഹവും ഒന്നും ഏശാത്ത രീതിയിൽ ഞാൻ നിർഭരനായിരിക്കുന്നു. കഴിഞ്ഞ നാലു ദിവസമായി ഞാൻ ഭക്ഷണമോ പാനീയമോ കഴിച്ചിട്ടില്ല."

79. ജ്യേഷ്ഠനായ ബലരാമനും ഇടയച്ചങ്ങാതിമാരും ശ്രീകൃഷ്ണൻ മണ്ണു തിന്നുന്നു എന്ന് മാതാവിനോടു പറയുമ്പോൾ കൃഷ്ണൻ അതു അപ്പാടെ നിരസിക്കുന്നു. ധർമപ്രതിഷ്ഠാപനത്തിനായി അവതരിച്ചിരിക്കുന്ന കൃഷ്ണൻ തന്നെ കള്ളം പറഞ്ഞു എന്നതിൽ ഏവരും കോപിഷ്ഠരാകുമെന്നത് സ്വാഭാവികമാണ്. എന്നാൽ ഇവിടെ ഒരു മഹത്തായ ആത്മീയ രഹസ്യം അടങ്ങിയിരിക്കുന്നു. കൃഷ്ണൻ ഒരിക്കലും കള്ളം പറഞ്ഞിട്ടില്ല. ഭഗവാനായിരിക്കേ 'കർതൃഭാവ'മില്ല. ശരീരവും ഇന്ദ്രിയങ്ങളും പ്രാരബ്ധവും കർമവും വിധിയുമെല്ലാമനുസരിച്ച് ഓരോ പ്രവൃത്തി ചെയ്യുന്നു എന്നല്ലാതെ, ആത്മീയ പരിണാമം സിദ്ധിച്ച ആത്മാവ് കേവല സാക്ഷിയും ബോധവുമായിരിക്കുകയല്ലാതെ 'അഹം' ഭാവമോ കർതൃത്വമോ ഒന്നും ബാധിക്കുന്നതേയില്ല. കർമത്തിൽ അകർമത്വം എന്ന ഈ അവസ്ഥയാണ് ഏതൊരു സാധകനും എത്തിച്ചേരാൻ ശ്രമിക്കേണ്ടത്.

80. 'ദാമോദരലീല'യിൽ യശോദ ശ്രീകൃഷ്ണബാലനെ ശിക്ഷിക്കാനായി ഒരു ഉരലിൽ ബന്ധിച്ചിടുന്നതിനു ശ്രമിക്കുന്നു, പക്ഷേ എത്ര കയർ ഉപയോഗിച്ചിട്ടും രണ്ടിഞ്ച് നീളം തികയാതെ വരുന്നു. വീട്ടിലുള്ള എല്ലാ കയറുകളും ഉപയോഗിച്ച് പലതവണ ശ്രമിച്ചിട്ടും ബന്ധിക്കാൻ നീളം തികയുന്നില്ല. ഇത്, ഒരു സാധകനും സ്വയത്നം കൊണ്ട് മാത്രം ഈശ്വരസാക്ഷാത്കാരം നേടാമെന്നു ബോധ്യപ്പെടുത്താനാണ്. അവസാനം ഭഗവദനുഗ്രഹം ലഭിച്ചാൽ ശരിയാകും, അതിന് പ്രാർത്ഥിക്ക തന്നെ വേണം.

81. **"വാണീ ഗുണാനുകഥനേ ശ്രവണൗ കഥായാം**
**ഹസ്തൗ ച കർമസു മനസ്തവ പാദയോർനഃ**



**സ്മൃത്യാം ശിരസ്തവ നിവാസജഗത്പ്രണാമേ**
**ദൃഷ്ടിഃ സതാം ദർശനേ/സ്തു ഭവത്തനൂനാം."**

(ഭാഗവതം X-10-38)

കുബേരന്റെ രണ്ടു പുത്രന്മാർ അർജുനവൃക്ഷങ്ങളായി ശാപഗ്രസ്തരായി കഴിയവേ, ഉണ്ണികൃഷ്ണൻ ആ മരങ്ങളെ വേരോടെ പിഴുതു വീഴ്ത്തിയപ്പോൾ രണ്ടു യുവാക്കളായി പൂർവരൂപം പ്രാപിച്ചു. അവർ ഭഗവാനോട് ഒരു വരം യാചിച്ചു –

"ഭഗവാനേ, ഞങ്ങളുടെ നാവ് അവിടുത്തെ മഹാലീലകൾ പാടാനും, ഞങ്ങളുടെ ചെവികൾ ഭഗവത് സങ്കീർത്തനം കേൾക്കാനും, മനസ്സ് ഭഗവത് പാദസ്മരണത്തിനും, ശിരസ്സ് അങ്ങയെ നമസ്കരിക്കുന്നതിനും, കണ്ണുകൾ ഭക്തന്മാരായ സാധുക്കളെ ദർശിക്കുന്നതിനും തല്പരങ്ങളായി ഭവിക്കുവാൻ അനുഗ്രഹിക്കണേ."

82. ഭാഗവതത്തിൽ ഈശ്വരസംഗമം സാധിക്കുന്നതിന് മോഷണത്തിന്റെ മാർഗം എന്ന ഒരു വിചിത്രയോഗം – 'സ്തേയ യോഗം' എന്നൊന്നിനെപ്പറ്റി പറയുന്നു. (ഭാഗവതം X. 8 . 29, 31). യോഗസംബന്ധമായ എല്ലാ ഗ്രന്ഥങ്ങളും പ്രമാണങ്ങളും സാധകൻ അവശ്യം പുലർത്തേണ്ട ഒരു ഗുണമായി അസ്തേയത്തെ അംഗീകരിച്ചിട്ടുണ്ട്. ശ്രീകൃഷ്ണൻ പാലും തൈരും വെണ്ണയും മറ്റും കവർന്നത് ഒരു യോഗമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട് – ഭഗവാനിലേക്കുള്ള വഴി. തത് ത്വം അസി – ഈശ്വരസാക്ഷാത്കാരത്തിലേക്ക് ഒരാളെ നയിക്കുന്നത് ആ വിചാരവും ധ്യാനവുമാണെന്ന് വിശ്വസിക്കപ്പെടുന്നു. സാധകന്റെ വീക്ഷണമനുസരിച്ച് 'ത്വം' അടിസ്ഥാനമാക്കിയുള്ള സാധന അസ്തേയം നിർദ്ദിഷ്ടമായിരിക്കുന്നു. 'സ്തേയയോഗം' 'തത്' ആണ്. അതിനെ ആസ്പദമാക്കി ശ്രീകൃഷ്ണ ഭഗവാന്റെ ചോരണാദി ക്രിയകൾ (ലീലകൾ) കേട്ട്, സമാധിയിലേക്കു നയിക്കുന്ന ഏകാഗ്ര ശ്രദ്ധ മനസ്സ് കൈവരിക്കുന്നു.

83. **"തത്തേ/നുകമ്പാം സുസമീക്ഷമാണോ**
**ഭുഞ്ജാന ഏവാത്മകൃതം വിപാകം**
**ഹൃദ്വാഗവപുർഭിർവിദധന്നമസ്തേ**
**ജീവേത യോ മുക്തിപദേ സ ദായഭാക്."** (ഭാഗവതം X-14-8)

മറ്റൊരു കഥയിൽ, വൃന്ദാവനത്തിലെ ഇടയബാലന്മാരോടൊപ്പം ധൂളി പുരണ്ട ദേഹവുമായി കളിച്ചു നടക്കുന്ന സാധാരണക്കാരനായി തോന്നിപ്പിക്കുന്ന ബാലനായ കൃഷ്ണൻ യഥാർത്ഥത്തിൽ ഈശ്വരൻ തന്നെയാണോ എന്ന് പരിശോധിക്കണമെന്ന് സ്വയം വഞ്ചിതനായ സ്രഷ്ടാവ് ബ്രഹ്മാവ് ആഗ്രഹിക്കുന്നു. ഭഗവാൻ മറക്കാനാവാത്ത ഒരു പാഠം ബ്രഹ്മാവിനെ പഠിപ്പിച്ചപ്പോൾ അദ്ദേഹം പശ്ചാത്തപിക്കാനും ഭഗവാനെ സ്തുതിക്കാനും തുടങ്ങി. ഈശ്വര സാക്ഷാത്കാരത്തിനു സഹായകമായ മൂന്നു സാധനകൾ ആ സ്തുതിയിലടങ്ങുന്നു. മുകളിൽ ഉദ്ധരിച്ച ശ്ലോകത്തിൽ ബ്രഹ്മാവ് ഇങ്ങനെ കീർത്തിക്കുന്നു – "ഭഗവൻ! പ്രാർത്ഥിക്കയും അവിടത്തെ അനുഗ്രഹത്തിനായി സദാ പ്രതീക്ഷിച്ചിരിക്കയും ചെയ്യുന്നയാൾ ശാന്തമായി സന്തോഷങ്ങളും പ്രാരബ്ധ ഫലത്താൽ വന്നുചേരുന്ന സങ്കടങ്ങളും അനുഭവിക്കയും മനോ വാക് കായങ്ങളാൽ അങ്ങയെ പ്രണമിച്ച് മുക്തിക്ക് അർഹത നേടുകയും ചെയ്യുന്നു. അങ്ങനെ, ഇത് ഒരു ത്രിത്വസാധനയാണ് – 1. ഈശ്വരാനുഗ്രഹത്തിനായുള്ള അനുസ്യൂത പ്രാർത്ഥന; 2. പ്രാരബ്ധം മൂലമുള്ള സന്തോഷ സന്താപങ്ങൾ ശാന്തമായി അനുഭവിക്കുക; 3. മനോവാക്കായങ്ങൾ കൊണ്ട് ഭഗവാനെ പ്രണമിക്കുക. ഈശ്വരാനുഗ്രഹത്തിനായി എല്ലായ്പോഴും കേഴുകയും പ്രാർത്ഥിക്കുകയും വേണം. ഈശ്വരന്റെ സഹായം തന്നെ ഭഗവത്പ്രാപ്തിക്കായി സ്വീകരിച്ചുകൂടെ? ജീവിതത്തിലുണ്ടാകുന്ന ദുഃഖങ്ങളോടും കഷ്ടതകളോടും മല്ലിടരുത്, അവ പൂർവജന്മ കർമഫലമായി അനുഭവിക്കേണ്ടി വരുന്നവയാണ്. അതെല്ലാം മനസ്സിനെ ശുദ്ധീകരിക്കാനുള്ളവയാണ്. ഈശ്വര വിശ്വാസത്തെ പൂർണമായി സ്വീകരിക്കുകയും എല്ലാ ദുരിതങ്ങളെയും ഉത്സാഹത്തോടെ സഹിക്കുകയും ചെയ്യുന്നതു തന്നെ ഒരു സാധനയാണ്. നിരന്തരം ഈശ്വരനെ സ്മരിക്കുക, മനോവാക്കായങ്ങളെ ഭഗവാങ്കൽ സമർപ്പിക്കുക, മനുഷ്യരാശിക്ക് പ്രയോജനകരമാകും വിധം നിഃസ്വാർത്ഥമായ സേവനം അനുഷ്ഠിക്കുക, ഭഗവാനെ അനുസ്യൂതം ധ്യാനിക്കുക, മൂകമായോ വാക്കുകൾ പോലും ഭഗവാനു സമർപ്പിച്ചോ, ഭഗവന്നാമവും ഭഗവൽകീർത്തനവും ചൊല്ലാനായി മാത്രം ശബ്ദിക്കുക – ഇതെല്ലാം ആത്മീയ ലക്ഷ്യസാധനയ്ക്കുള്ള സുനിശ്ചിതോപായങ്ങളാകുന്നു.



84. ദശമസ്കന്ധത്തിൽ 21–ാം അധ്യായത്തിൽ 'വേണുഗീത'യെ സംബന്ധിച്ച് രസകരമായ ഒരു കഥയുണ്ട്. ഗോപികമാർ ശ്രീകൃഷ്ണ ഭഗവാനോട് വളരെ സാന്ദ്രമായ പ്രേമഭക്തിയുള്ളവരാണ്. അവർ എവിടെ നോക്കിയാലും പ്രകൃതി ഒന്നാകെ ശ്രീകൃഷ്ണന്റെ സൗന്ദര്യത്തിൽ വശീകൃതരായി ആരാധനയിൽ മുഴുകി കഴിയുകയാണെന്ന് ഭാവന ചെയ്യുന്നു. കൃഷ്ണന്റെ ഓടക്കുഴൽ വിളി കേൾക്കാൻ കൂട്ടംകൂടി വരുന്ന മാൻപേടകളെ കണ്ട് അവർ അസൂയപ്പെടുന്നു. അതുപോലെ പശുക്കിടാങ്ങളും തള്ളപ്പശുവിന്റെ പാൽ കുടിക്കാൻ മറന്നുനിൽക്കുന്നു, അകിട്ടിൽ നിന്ന് പാൽ ചുരത്തപ്പെട്ട് തള്ളപ്പശുക്കളും മുരളീനാദം ശ്രവിക്കാൻ കാതോർത്തു നിന്നുപോകുന്നു. നദികളും പുഴകളും തരംഗങ്ങളാകുന്ന കൈകളിൽ താമരപ്പൂക്കളും പേറി ശ്രീകൃഷ്ണപാദങ്ങളെ കെട്ടിപ്പുണർന്ന് അർച്ചിക്കാനായി പാഞ്ഞുവരികയാണെന്ന് തോന്നുന്നു. ഭഗവാന്റെ മുരളിയിൽ നിന്നുതിരുന്ന മധുരസംഗീതം കേൾക്കാൻ താല്പര്യപൂർവം കണ്ണടച്ച് മരക്കൊമ്പുകളിലിരിക്കുന്ന പക്ഷികൾ യഥാർഥത്തിൽ മുനിമാർ വേഷപ്രച്ഛന്നരായി വന്നിരിക്കുന്നവരാണ്. മനോഹരമായ നിശാവേളയിൽ ഭഗവാന്റെ മുരളീരവം ഒഴുകി വരുമ്പോൾ, പ്രേമഭരിതമായ ഹൃദയത്തോടുകൂടിയ ഗോപികമാർ എന്തു വീട്ടുജോലിയും മാറ്റിവച്ച് ആ മധുരഗാനാലാപനം കേൾക്കാൻ പുറത്തേക്കോടിവരും. സ്വഭർത്താവിനും കുട്ടികൾക്കും ഭക്ഷണം കൊടുത്തുകൊണ്ടിരിക്കയാണെങ്കിൽ, പശുക്കളെ കറക്കുകയാണെങ്കിൽ, വസ്ത്രധാരണം ചെയ്തുകൊണ്ടിരിക്കയാണെങ്കിൽ എല്ലാം ഇടയ്ക്ക് നിർത്തിവെച്ച് പാറിക്കിടക്കുന്ന തലമുടിയും വസ്ത്രം ശരിക്കു ധരിക്കാതെ സ്വശരീരത്തെപ്പോലും മറന്നാണ് ഗോപികമാർ ഓടിയെത്തുന്നത്. നമ്മളിൽ എത്രപേർ നമ്മുടെ കർത്തവ്യങ്ങളുപേക്ഷിച്ച് ഭഗവാനിലേക്ക് തിരിയും? അവിടുത്തെ ആഹ്വാനം നമ്മുടെ ഹൃദയത്തിൽ മുഖരിതമാകുന്നു, പക്ഷേ ആരും അത് കേൾക്കുന്നില്ല.

85 **"ദുഃസഹപ്രേഷ്ഠവിരഹതീവ്രതാപധുതാശുഭാഃ**
**ധ്യാനപ്രാപ്താച്യുതാശ്ലേഷ നിവൃത്യാ ക്ഷീണമങ്ഗലാഃ"**

**(ഭാഗവതം X-29-10)**

**"ജഹുർഗുണമയം ദേഹം സദ്യഃ പ്രക്ഷീണബന്ധനാഃ"**

**(ഭാഗവതം X-29-11)**

യമുനാതീരത്ത് കൃഷ്ണസമീപത്തേക്ക് പോകാൻ സാധിച്ച ഗോപികമാർക്കു മാത്രമേ ഭഗവാന്റെ സഹവാസം ലഭിച്ചുള്ളൂ എന്നതാണ് ഈ കഥയിലെ സുന്ദരമായ ഒരു വശം. ഭർത്താക്കന്മാരാൽ തടസ്സം ചെയ്യപ്പെട്ട് വാതായനങ്ങളടഞ്ഞ ഇരുട്ടുമുറികളിൽ ബന്ധുക്കളാൽ അടയ്ക്കപ്പെട്ട് പുറമേ പോകാൻ സാധിക്കാതെ വന്ന ഗോപികമാർക്കും സദ്യോമുക്തി ലഭിച്ചു. അവരുടെ പുണ്യപാപങ്ങൾ പൂർണമായും ഇല്ലാതായതുകൊണ്ടാണ്, അവയുടെ ഫലം അനുഭവിക്കാനായി ജീവിച്ചിരിക്കേണ്ടതില്ലാത്തതിനാലാണ് അങ്ങനെ സദ്യോമുക്തി ലഭ്യമായത്. സ്വഗൃഹത്തിനുള്ളിൽ അടച്ചിടപ്പെട്ട ഗോപികമാരാകട്ടെ, അവർ വളരെ കഷ്ടത്തിലായി ഭഗവദ് വിയോഗ ദുഃഖത്തിന്റെ അഗ്നിജ്വാലയിൽ അവരുടെ ദേഹം വേവുകയുമായിരുന്നു. അവരുടെ പാപഭാരം ആ കഠിനദുഃഖം കൊണ്ടുതന്നെ അവസാനിച്ചു. ഗോപസ്ത്രീകൾ ധ്യാനിക്കുമ്പോൾ ഭഗവാനെ ആലിംഗനം ചെയ്തതായും മറ്റും ഭാവന ചെയ്ത് പരമാനന്ദം അടയുന്നു, ഈ അത്യാഹ്ലാദം അവരുടെ പുണ്യശേഖരത്തെയും സമാപിപ്പിക്കുന്നു. ഇങ്ങനെ അവർ, പ്രാരബ്ധമനുസരിച്ചുള്ള പുണ്യവും പാപവും അവസാനിക്കുമ്പോൾ പെട്ടെന്നുതന്നെ ജനനമരണക്ലേശമാകുന്ന സംസാരബന്ധത്തിൽ നിന്നും മുക്തരായി ശരീരനാശവും മോക്ഷവും പ്രാപിക്കുന്നു. ഇതാണ് സാധനയുടെ ഉത്തുംഗത. പ്രഗാഢമായ ഈശ്വരാഭിനിവേശം മാത്രമാണ് മോക്ഷലബ്ധിക്കുള്ളതാക്കോൽ. കാളിയുടെ ദർശനം കിട്ടുന്നില്ലല്ലോ എന്നു വ്യസനിച്ചും നിരാശപ്പെട്ടും സ്വന്താ ഗളച്ഛേദത്തിനുവരെ തയ്യാറായ ശ്രീരാമകൃഷ്ണ പരമഹംസർക്ക് സാക്ഷാത്കാരത്തിനുള്ള വഴി തെളിഞ്ഞു. ഗോപികമാരുടെ ഈശ്വരപ്രേമം, ഭക്തി എന്നിവ അവരുടെ 'അഹം' ഭാവത്തെ പൂർണമായും അലിയിച്ച് ഇല്ലാതാക്കി. ധാർമികതയുടെ പരിധികളെ പോലും ലംഘിക്കാനും സമൂഹത്തിന്റെ പഴി കേൾക്കാനും കൂടി അവർ സന്നദ്ധരായി. യഥാർത്ഥത്തിൽ അവർക്ക് ശരീരബോധം തന്നെ ഇല്ലാതായി. അവർ കൃഷ്ണനിൽ തന്നെ വസിച്ചു, ശരിയുടെയും തെറ്റിന്റെയും ധർമത്തിന്റെയും പാപത്തിന്റെയും സീമകൾക്കപ്പുറത്താ



യിരുന്നു. ഈ ഗോപികമാർ ഉത്കൃഷ്ടരായ ആദർശാത്മക ഭക്തകളാണെന്ന് ശ്രീനാരദൻ ഭക്തിസൂത്രത്തിൽ വിവരിക്കുന്നു.

86. ശ്രീകൃഷ്ണൻ തങ്ങളുടെ മനോഹരനായ അയൽവാസി മാത്രമല്ലെന്നും ബ്രഹ്മദേവന്റെ പ്രത്യേകാഭ്യർത്ഥന അനുസരിച്ച് ലോകനന്മയ്ക്കായി അവതരിച്ച ഭഗവാൻ തന്നെയാണെന്നും ഗോപികമാർക്ക് നല്ലതുപോലെ അറിയാമായിരുന്നു. തങ്ങളുടെയിടയിൽ നിന്നും ഭഗവാൻ മറയുമ്പോൾ ചെയ്യുന്ന വിലാപത്തിനിടയിൽ അവർ ഈ അറിവ് പ്രകാശിപ്പിക്കയും ചെയ്യുമായിരുന്നു. (ഭാഗവതം – ഗോപികാഗീതം – X–31–4) "കൃഷ്ണ! അങ്ങ് കേവലം ഒരു ഗോപബാലൻ മാത്രമല്ല എന്ന് ഞങ്ങൾക്കറിയാം. അവിടുന്ന് എല്ലാ ജീവികളിലും വസിക്കുന്ന, ഹൃദയങ്ങളിൽ സർവസാക്ഷിയായി വർത്തിക്കുന്ന ചൈതന്യസ്വരൂപനാണ്. ഈ ലോകത്തെ മുഴുവൻ രക്ഷിക്കാനായി ബ്രഹ്മദേവന്റെ അഭ്യർത്ഥനയനുസരിച്ച് ഞങ്ങളുടെ യാദവവംശത്തിൽ ഇടയക്കിടാങ്ങൾക്കിടയിൽ പിറന്നിരിക്കയാണല്ലോ."

87. തനിക്കു പ്രിയമുള്ളയാളിന്റെ സന്തോഷത്തിലും നന്മയിലും ആഹ്ലാദിക്കുകയും സങ്കടാവസ്ഥയിൽ സ്വയം ദുഃഖിക്കുകയും ചെയ്യുന്നതാണ് ഭക്തിയുടെ ഭദ്രമാതൃക. കൃഷ്ണൻ പശുക്കളെ മേയ്ക്കാൻ കാട്ടിലേക്ക് നിത്യവും പോകുമ്പോൾ തങ്ങളുടെ മാനസികമായ അവസ്ഥ എന്താണെന്ന് വൃന്ദാവന വാസികളായ ഗോപികമാർ വിലാപത്തിനിടയിൽ പറഞ്ഞുപോകാറുണ്ട് – "ഭഗവാനേ, അങ്ങ് പശുക്കളെ മേയ്ക്കാൻ കുഞ്ഞുകാലുകളിൽ കല്ലും മുള്ളും കൊണ്ട് ചോരപൊടിച്ചും കൊണ്ട് കാട്ടിലേക്കു പോകുമ്പോൾ ഞങ്ങൾ എത്ര സങ്കടമനുഭവിക്കുന്നു!"

**"തവ കഥാമൃതം തപ്തജീവനം**
**കവിഭിരീഡിതം കല്മഷാപഹം**
**ശ്രവണമങ്ഗളം ശ്രീമദാതതം**
**ഭുവി ഗൃണന്തി തേ ഭൂരിദാ ജനാഃ"** **(ഭാഗവതം XI-31-9)**

ഗോപികമാർ പാടുകയും കരയുകയും ചെയ്യുന്നു – "ഭഗവാൻ! സങ്കടങ്ങൾ സഹിക്കാനാകാതെ വിഷമിക്കുന്ന ഹൃദയങ്ങളെ അങ്ങയുടെ

മഹത്വ സങ്കീർത്തനങ്ങളാകുന്ന ദിവ്യാമൃതം ഉത്തേജിപ്പിക്കയും സന്തോഷിപ്പിക്കയും ചെയ്യുന്നു. ബുദ്ധിശാലികൾ പറഞ്ഞിട്ടുള്ളതുപോലെ, ആ കഥകൾ നമ്മുടെ വാസനകളെയും പാപങ്ങളെയും നശിപ്പിക്കുവാൻ ശക്തമാണ്. അന്യരിലേക്ക് അറിവു സംക്രമിപ്പിക്കുന്ന ഭഗവന്മഹിമാ ജ്ഞാനം സ്വായത്തമാക്കിയിട്ടുള്ള ഭക്തന്മാരാണ് യഥാർത്ഥ സമ്പന്നർ."

88. ശുകദേവൻ ശ്രീകൃഷ്ണനും ഗോപികമാരുമായുള്ള രാസക്രീഡ വിവരിച്ചുകൊണ്ടിരുന്നപ്പോൾ, പരീക്ഷിത്ത് മഹാരാജാവ് ആധുനിക സ്ത്രീപുരുഷന്മാരുടെ മനസ്സിനെ വിഷമിപ്പിക്കുന്ന ഒരു പ്രസക്ത പ്രശ്നം പെട്ടെന്ന് ഉന്നയിച്ചു – "ഉന്നതമായ ധർമത്തെ പുനഃസ്ഥാപിക്കുന്നതിനും ലോകത്ത് നന്മയും സദാചാരവും കൈവരുത്തുന്നതിനുമായി അവതരിച്ചു എന്നു പറയുകയും അതേ സമയം, അന്യപത്നിമാരുമായി സഹവസിച്ച് അത് നിന്ദനീയ പാപമാണെന്ന് പ്രമാണങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ പോലും ആ നിഷിദ്ധ വിഷയത്തിന്റെ പേരിൽ അന്യരുടെ വിമർശനം ഏല്ക്കുകയും ചെയ്യുന്ന ഭഗവാന്റെ മഹിമകളെ എങ്ങനെ സങ്കീർത്തനം ചെയ്യാൻ കഴിയും?"

89. മനസ്സിലാക്കിയ വസ്തുതകൾ ഒന്ന് എണ്ണിപ്പറയാം –

1. പരിശുദ്ധ ജ്ഞാനസ്വരൂപം എന്ന നിലയ്ക്ക് സ്വമഹത്വം പൂർണമായും പ്രകാശിപ്പിച്ച ഭഗവാൻ തന്നെയാണ് കൃഷ്ണൻ – "കൃഷ്ണസ്തു ഭഗവാൻ സ്വയം" "കൃഷ്ണൻ ഈശ്വരൻ തന്നെയാണ്, മറ്റാരുമല്ല." ഈ വിശ്വത്തെ മുഴുവനും സകല ജീവജാലങ്ങളും ഏതൊരു സത്യത്തിന്റെ സ്വരൂപം തന്നെയാണോ, അതാണ് കൃഷ്ണൻ. ഭഗവാന്റെ ലീലകൾ സമന്വയിക്കപ്പെടാതെയും ഭഗവാനുമായി ബന്ധപ്പെടാതെയും ഇരിക്കുന്നെങ്കിൽ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിന് നിലനില്പ് യഥാർത്ഥത്വമോ ഇല്ല. മാണ്ഡൂക്യകാരികയിൽ, ഭഗവല്ലീല ഭഗവാന്റെ സ്വാഭാവമാണ്. **"ദേവസ്യൈഷസ്വഭാവോഽയം"** എന്നു പ്രസ്താവിക്കുന്നു.

2. ഗോപികമാരും അവരുടെ ഭർത്താക്കന്മാരും കുട്ടികളും ഉൾപ്പെടെ എല്ലാ പ്രപഞ്ച ജീവികളുടെയും ഹൃദയത്തിൽ വസിക്കുന്ന പരമാത്മാവാണ് കൃഷ്ണൻ. അദ്ദേഹം ഒരു ബാഹ്യവ്യക്തിയല്ല, ഗോപികമാർ ഉൾപ്പെടെ സകലരുടെയും ആത്മാവാണ്. അദ്ദേഹം എല്ലാവരുടേതുമാണ്. എല്ലാപേരും അദ്ദേഹത്തിന്റേതുമാണ്. അദ്ദേഹത്തിൽ നിന്നു വ്യത്യസ്തമല്ലാത്ത അദ്ദേഹത്തിന്റെ തന്നെ ആന്തരികശക്തിയുടെ ലീലകളാണ് ഇക്കാണായ എല്ലാ വസ്തുവും വിഷയവും.



3. സ്ത്രീപുരുഷന്മാരുടെയും ഇതര ജീവികളുടെയും ശരീരം നിർമ്മിതമായിരിക്കുന്ന പഞ്ചഭൂതങ്ങൾ കൊണ്ടല്ല ഭഗവാന്റെ ദേഹം രൂപപ്പെട്ടിരിക്കുന്നത്. ഭഗവദ്ശരീരം പൂർണ ബോധമാണ്.

**"രേമേ രമേശോ വ്രജസുന്ദരീഭി–**
**ര്യഥാർഭകഃ സ്വപ്രതിബിംബവിഭ്രമഃ"** (ഭാഗവതം X-33-17)

രാസക്രീഡാപരാമർശത്തിനിടയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു – "ഒരു കണ്ണാടിയിലോ ജലത്തിലോ പ്രതിബിംബിക്കുന്ന സ്വന്തം രൂപം കൊണ്ടെന്നതുപോലെയാണ് ഭഗവാൻ ഒരു ശിശുവായി ഗോപസ്ത്രീകളോടൊത്ത് ലീലകളാടിയത്." അപ്പോൾ, ഗോപികളാരാണ്! അഥവാ എല്ലാ ജീവികളും തന്നെ എന്താണ്? ഭഗവാനല്ലാതെ മറ്റാരുമല്ല, അഥവാ അദ്ദേഹത്തിന്റെ പ്രതിബിംബങ്ങളെന്ന് നിങ്ങൾക്കു കരുതാം. അപ്പോൾ, ആരുമായിട്ടാണ്, എന്തുമായിട്ടാണ്, ഭഗവല്ലീലകൾ നടന്നത്? അദ്ദേഹത്തിന്റെ തന്നെ ആത്മാവുമായി, പ്രതിബിംബങ്ങളുമായി!

4. നാം ഒരു കാര്യം കൂടി ഓർമ്മിക്കണം. ഗോപികമാരിൽ, വൃന്ദാവനത്തിൽ ഭഗവാനോടൊപ്പം ജീവിച്ച് ആനന്ദിക്കാൻ മോഹിച്ച് തീവ്ര സാധനകളുടെ ഫലമായി ഗോപസ്ത്രീകളായി ജനിച്ച ദിവ്യനാരിമാരും ഉഗ്രതപസ്സ്, സത്യതപസ്സ്, ഹരിധാമൻ തുടങ്ങിയ ഋഷിമാരുമുണ്ടായിരുന്നു. മനുഷ്യരൂപത്തിൽ ജനിച്ച് ഭഗവാനോടൊപ്പം ലീലകളാടാൻ മോഹിച്ച പല വേദസ്തുതികളും ഗോപികമാരായി ജനിച്ചിരുന്നു. ഗോപികമാരെ 'പ്രേമസന്യാസിനി'മാരെന്നാണ് ചൈതന്യമഹാപ്രഭു വിശേഷിപ്പിക്കുന്നത്. അവരുടെ പ്രേമം ഉത്കൃഷ്ടവും പരിശുദ്ധവുമാണ്, അതിന് ശാരീരികമോ രതിവിഷയകമോ

ആയ യാതൊന്നുമില്ല. ഇച്ഛാപൂർവമല്ലാതെയും പ്രവർത്തിക്കുന്ന ഇത്തരം ഭക്തന്മാരെ പൗരാണിക സങ്കല്പമനുസരിച്ചുള്ള സാധാരണ ധാർമിക മാനദണ്ഡങ്ങളും നന്മകളും മറ്റും ത്യജിക്കുകയേയുള്ളൂ. ശ്രീനാരദന്റെ ഭക്തിസൂത്രത്തിൽ ഒരു പ്രസ്താവമുണ്ട് –

**"വേദാനപി സന്യസ്യതി കേവലമവിച്ഛിന്നാനുരാഗം ലഭതേ."**

5. കൃഷ്ണനെ അഖണ്ഡ ബ്രഹ്മചാരിയായിട്ടാണ് വേദങ്ങളിൽ സങ്കല്പിച്ചിട്ടുള്ളത്. രാസക്രീഡാവേളയിൽ കൃഷ്ണന് കഷ്ടിച്ച് പത്തുവയസു പ്രായമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് കൃഷ്ണന് അപ്പോൾ ഗോപികമാരുമായുണ്ടായിരുന്ന ബന്ധത്തിന് ശാരീരികവും രതിവിഷയകവുമായ അർത്ഥം കല്പിക്കുന്നത് അസംബന്ധമാണെന്ന് സാമാന്യബുദ്ധിയിൽ തന്നെ ഗ്രഹിക്കാം.

6. **"ആസാമഹോ ചരണരേണുജുഷാമഹം സ്യാം
വൃന്ദാവനേ കാമപി ഗുല്മലൗഷധീനാം."**

**(ഭാഗവതം X-47-61)**

ശ്രീകൃഷ്ണന്റെ സന്ദേശവുമായി മഥുരയിൽ നിന്നും വൃന്ദാവനത്തിലേക്ക് പോയ ഉദ്ധവർ, ഗോപികമാർ സംസ്കാരമില്ലാത്ത ചില ഗ്രാമീണ സുന്ദരിമാരായിരിക്കാമെന്നും അവർ ശ്രീകൃഷ്ണനിൽ ഭ്രമിച്ചിരിക്കയാവുമെന്നുമാണ് വിചാരിച്ചത്. എന്നാൽ അദ്ദേഹം അവരുടെ അഗാധവും നിരുപമവുമായ പ്രേമം കണ്ടു ഞെട്ടിപ്പോയി. അദ്ദേഹം പ്രാർത്ഥിച്ചു –"ഭഗവാനേ, വൃന്ദാവനത്തിലെ ഒരു ചെടിക്കൂട്ടമോ വള്ളിയോ പുല്ലോ എന്തെങ്കിലുമായി പിറന്നെങ്കിൽ ഈ ഗോപികമാർ അരികിലൂടെ നടന്നുപോകുമ്പോഴെങ്ങാനും അവരുടെ പാദധൂളി ദേഹത്തു പതിച്ച് ഞാൻ അനുഗൃഹീതനാകുമായിരുന്നു!"

90. ഗോപികമാരുമായി ശ്രീകൃഷ്ണൻ നടത്തിയ രാസക്രീഢയുടെ കഥ പാടുകയോ കേൾക്കുകയോ ചെയ്താൽ രത്യാസക്തി ഉൾപ്പെടെ ഹൃദയത്തിനുണ്ടാകുന്ന സകല രോഗങ്ങളും ഇല്ലാതെയാവും. തികഞ്ഞ



ലൗകികന്മാരെ രാഗാദി രതിവിഷയങ്ങളിൽ നിന്നും പിൻതിരിപ്പിച്ച് ഈശ്വരോന്മുഖരാക്കാൻ വേണ്ടിയാണ് രാസക്രീഡാകഥ പറഞ്ഞിട്ടുള്ളതെന്നാണ് പ്രശസ്ത വ്യാഖ്യാതാവായ ജീവഗോസ്വാമി അഭിപ്രായപ്പെടുന്നത്.

91. അടുത്ത കഥയിലെ പ്രധാന പ്രമേയമായ രുഗ്മിണീ സ്വയംവരം നടക്കുന്നത് ഭഗവാന്റെ യൗവനപ്രാപ്തിക്കു ശേഷമാണ്. വിദർഭ രാജാവായിരുന്ന ഭീഷ്മകന്റെ പുത്രിയായിരുന്നു രുഗ്മിണി. മഹർഷിമാരും ഇതര സന്ദർശകരും ദ്വാരകാധിപനായ ശ്രീകൃഷ്ണന്റെ മഹിമകൾ വർണിക്കുന്നതുകേട്ട രുഗ്മിണി താൻ അദ്ദേഹത്തെ മാത്രമേ വിവാഹം ചെയ്യൂ എന്നു നിശ്ചയിച്ചു. എന്നാൽ ജ്യേഷ്ഠൻ രുഗ്മി കൃഷ്ണനുമായി നല്ല ബന്ധമല്ലാതിരുന്നതിനാൽ രുഗ്മിണിയും ചേദീഭൂപനായ ശിശുപാലനുമായുള്ള വിവാഹം നിശ്ചയിച്ചു. വിവാഹ ദിവസംകൂടി തീരുമാനിച്ചു. അത് വളരെ അടുത്തായിരുന്നു. രുഗ്മിണി വളരെ പരിഭ്രമിക്കുകയും, 'ശ്രീകൃഷ്ണൻ വന്ന് ബലമായി തന്നെ ഹരിച്ചുകൊണ്ടുപോകണ'മെന്ന സന്ദേശം വിശ്വസ്തനായ ഒരു ബ്രാഹ്മണൻ മുഖേന അയയ്ക്കുകയും ചെയ്തു. സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു: "ഭഗവാൻ, ത്രിലോകൈകസുന്ദര! അങ്ങയുടെ മഹത്വത്തെപ്പറ്റി അറിഞ്ഞ നാൾ മുതൽ ഞാൻ അങ്ങയിൽ അനുരക്തയായിരിക്കുകയാണ്. അവിടുത്തെ പ്രശംസകൾ എന്റെ കർണപുടങ്ങളിൽ പ്രവേശിച്ച് ദേഹത്തെയാകെ ശീതീകരിക്കുന്നു, ഞാൻ അങ്ങയെ പ്രതീക്ഷിച്ചിരിക്കുന്നു. അങ്ങയുടെ രൂപം കാണുന്നത് മാത്രമാണ് കണ്ണിന്റെ സാഫല്യം. ഞാൻ അങ്ങയുടേതാണ്. ശിശുപാലനോ മറ്റാരാളോ എന്നെ അവകാശപ്പെടാനിടയാകരുത്. ഭഗവാനേ, ഞാൻ അനുഭവിച്ച വ്രതങ്ങളും പ്രതിജ്ഞകളും അങ്ങയ്ക്കും ഗുരുക്കന്മാർക്കുമായി ചെയ്ത ആരാധനകളും എന്റെ ആഗ്രഹം സഫലമാക്കുന്നതിനായിട്ടാവട്ടെ! നാളെ ശിശുപാലൻ എന്നെ വരിക്കും മുൻപ് അങ്ങ് വേഷപ്രച്ഛന്നനായി സൈന്യാധിപ സമേതനായി വന്ന് ബലമായി എന്നെ ഗ്രഹിച്ചുകൊണ്ടുപായാലും! ഭഗവാൻ ശിവൻ പോലും തമോഗുണനാശത്തിനായി ആരുടെ പാവന പാദധൂളിയാണോ ആഗ്രഹിക്കുന്നത് അത് അങ്ങയുടേതാണ്. ഈ ജന്മത്തിൽ ഞാൻ മനസ്സിലാക്കിയ അങ്ങയുടെ അനുഗ്രഹം എനിക്കു ലഭിക്കുന്നില്ലെങ്കിൽ, കഠിനമായ വ്രതങ്ങൾ അനുഷ്ഠിച്ച് ജീവിതം അവസാനിപ്പിക്കുകയും ജന്മാന്തരങ്ങ

ളിലും അങ്ങയെ ലഭിക്കുംവരെ യത്നിക്കുകയും ചെയ്യും എന്നു നിശ്ചയമാണ്.

92. താൻ വളരെ ആഗ്രഹിച്ചിരുന്ന മോക്ഷം ലഭിക്കുന്നെങ്കിൽ, അതിന് മരിക്കാൻ രണ്ടുനാൾ മാത്രം പരീക്ഷിത്തിന്റെ ജീവിതത്തിൽ അവശേഷിച്ചതായി പറഞ്ഞ ശുകദേവൻ, രുഗ്മിണിയുടെ കാല്പനിക പ്രേമകഥ പരീക്ഷിത്ത് മഹാരാജാവിനോടു വിവരിക്കുന്നത് വിചിത്രമായി തോന്നാം. യഥാർത്ഥത്തിൽ രുഗ്മിണി കൃഷ്ണനയച്ച 'പ്രേമസന്ദേശം', ജീവാത്മാവ് പരമാത്മാവിനയച്ച ഒരു പ്രേമലേഖനം തന്നെയാണ്.

'രുഗ്മിണി' എന്നാൽ 'സ്വർണരൂപിണി' എന്നർത്ഥം. ജീവാത്മാവിനെ സ്വർണനിറമുള്ളതായിട്ടാണ് ('ഹിരണ്മയഃ പുരുഷഃ') പ്രാചീന ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുള്ളത്. എല്ലാ ജന്മത്തിലും ഒരു ജീവൻ (കുട്ടികളെ രക്ഷിക്കുന്ന) ശിശുപാലനെ വേൾക്കുന്നു. വിവാഹം, സമ്പാദനം, സന്താനോല്പാദനം – ഇതെല്ലാമാണ് സാധാരണ ജീവന്മാർ അനുഷ്ഠിക്കുന്ന കർത്തവ്യങ്ങൾ. ഒരു അപൂർവ ജീവനാണ് സത്സംഗത്തിൽ ഈശ്വര മഹിമ കേൾക്കുന്നത്. ശ്രവണം ആത്മീയതയുടെ ആദ്യപടിയാണ്. ഭഗവാനെപ്പറ്റി ഒരിക്കൽ കേട്ടുകഴിഞ്ഞാൽ ഹൃദയം സമർപ്പിതമാകുന്നു; ശിശുപാലനെ വേൾക്കാൻ ജീവൻ തയ്യാറാകുന്നില്ല, ഈശ്വരനെത്തന്നെ ലഭിക്കാനാഗ്രഹിക്കുന്നു. ജീവൻ നിസ്സഹായാവസ്ഥയിലാവുന്നു. അപ്പോൾ ഭഗവാൻ തന്നെ ആ ജീവനെ ലൗകിക പരിതഃസ്ഥിതികളിൽ നിന്നും വഹിച്ചുകൊണ്ടുപോകും. ഈ ജന്മത്തിൽ ഈശ്വരാനുഗ്രഹം ലഭിക്കുന്നില്ലെങ്കിൽ, ഭഗവാനെ ലഭിക്കും വരെ ജന്മാന്തരങ്ങളിൽ തപസ്യ അനുഷ്ഠിക്കാൻ ജീവൻ സന്നദ്ധനാകുന്നു. അത് ദൃഢനിശ്ചയവും പൂർണസമർപ്പണവുമായിരിക്കും. നമ്മുടെ ആത്മീയാന്വേഷണം വിജയപ്രദമാക്കാൻ അതു സഹായിക്കയും ചെയ്യും. ഇതാണ് രുഗ്മിണിയുടെ പ്രേമസന്ദേശത്തിന്റെ പൊരുൾ. ഇത് കേവലം ഒരു ഭൗമിക പ്രണയ കഥയല്ല.

93. സത്യഭാമയേയും മറ്റേഴു രാജകുമാരിമാരെയും പിന്നീട് ഭൗമാസുരന്റെ തടവറയിൽ സങ്കടപ്പെട്ടു കഴിയുന്ന 16,000 രാജകുമാരിമാരെയും കൃഷ്ണൻ വരിച്ച കഥയാണടുത്തത്. ഭഗവല്ലീലകളും ഭഗവന്മഹത്വവും പാടി നടക്കുന്നതിൽ ഒരിക്കലും ക്ഷീണിക്കാത്ത നാരദമുനി കൃഷ്ണന്റെ



16,008 പത്നിമാരുടെയും ഗൃഹങ്ങൾ സന്ദർശിക്കാൻ പോയപ്പോൾ, എല്ലാ ഗൃഹങ്ങളിലും വിവിധ ഗൃഹസ്ഥധർമങ്ങൾ അനുഷ്ഠിച്ചുകൊണ്ടു ജീവിക്കുന്ന ഓരോ കൃഷ്ണന്മാരെ കാണുകയുണ്ടായി. ചില ഗൃഹങ്ങളിൽ കുട്ടികളെ ലാളിക്കുന്നു. മറ്റു ചില ഗൃഹങ്ങളിൽ ബ്രാഹ്മണ ഭോജനം നടത്തിയ ശേഷം അവശിഷ്ടങ്ങളും ഇലകളും സംഭരിക്കുന്നു, ചിലേടത്ത് ധ്യാനനിരതനായിരിക്കുന്നു, മറ്റു ചിലേടത്ത് സചിവന്മാരോട് ഗൃഹസംബന്ധിയായ പ്രവൃത്തികൾ നിർദ്ദേശിക്കുന്നു, മറ്റു ഗൃഹങ്ങളിൽ പുരാണപാരായണവും ഭഗവത് സങ്കീർത്തനങ്ങളും കേൾക്കുന്നു, ഇനി ചില ഗൃഹങ്ങളിൽ മാതാപിതാക്കൾക്ക് ആവശ്യമായ ശുശ്രൂഷകൾ ചെയ്യുന്നു – എന്നിങ്ങനെയാണ് കർമപടലം.

**"സ്മായാവലോകലവദർശിതഭാവഹാരി-**
**ഭ്രൂമണ്ഡലപ്രഹിതസൗരതമന്ത്രശൗണ്ഡൈഃ**
**പല്യസ്തു ഷോഡശസഹസ്രമനങ്ഗബാണൈ-**
**ര്യസ്യേന്ദ്രിയം വിമഥിതും കരണൈർ ന വിഭ്വ്യഃ"**

**(ഭാഗവതം XI-6-18)**

ഭഗവാൻ ഒരു ആദർശ ഗൃഹസ്ഥനെപോലെ അഭിനയിക്കുകയാണെങ്കിലും, സുന്ദരികളായ ആ 16000–ൽപരം പത്നിമാരും വിഷയസൂചകമായ കണ്ണിറുക്കലും നോട്ടവും പുരികചലനവും ഇമവെട്ടിക്കലും പുഞ്ചിരിക്കലും ഇതര ഉപായങ്ങളും കൊണ്ട് ആകർഷിച്ചിട്ടും ഭഗവാന് ഒരു ചാഞ്ചല്യവുമില്ലാതെ പൂർണമായ നിസ്സംഗത പാലിച്ചുകൊണ്ടുതന്നെ കഴിഞ്ഞിരുന്നു. (പിന്നെ പത്താം വയസ്സിൽ രാസക്രീഡകളാടി എന്നു പറയുന്നതിനെക്കുറിച്ച് എന്തു പറയും!)

എട്ട് പ്രധാന പത്നിമാർ അഷ്ടസിദ്ധികളെയും 16000 ഭാര്യമാർ പതിനാറിനം പ്രചോദക സംഗതികളെയും പ്രതിനിധീകരിക്കുന്നു. എല്ലാ പ്രചോദനങ്ങളും നമ്മിൽ പ്രയുക്തമാകുന്നത് ഒന്നോ പതിനൊന്നോ ഇന്ദ്രിയങ്ങൾ മുഖേനയാണ് (5 ജ്ഞാനേന്ദ്രിയങ്ങൾ, 5 കർമേന്ദ്രിയങ്ങൾ, പിന്നെ മനസ്സും). പ്രചോദന വിധേയമാകുന്നത് പഞ്ചഭൂതാത്മകശരീരമാണ്. (പൃഥി–അപ്–തേജസ്–വായു–ആകാശം). ഇങ്ങനെ പതിനാറ് ഘടകങ്ങളുടെ വിവിധ തരത്തിലുള്ള സമന്വയ വിശ്ലേഷണങ്ങളുടെ

ഫലമായി പ്രചോദനങ്ങളെ ഉൾക്കൊള്ളുന്നു. ശ്രീകൃഷ്ണന്റെ 16008 ഭാര്യമാർ ഇതാണ് സൂചിപ്പിക്കുന്നത് എന്നു കരുതാം.

94. യുധിഷ്ഠിരൻ രാജസൂയം നടത്തിയപ്പോൾ, ഭഗവാൻ കൃഷ്ണൻ ശിശുപാലന്റെ ഗളച്ഛേദം ചെയ്തു. അന്നേരം ശിശുപാലന്റെ ദേഹത്തു നിന്നു പുറപ്പെട്ട ഒരു പ്രകാശം ഭഗവാന്റെ ദേഹത്തേക്കു പ്രവേശിച്ചു.

**"ധ്യായംസ്തന്മയതാം യാതോ ഭാവോ ഹി ഭവകരണം."**

**(ഭാഗവതം X-74-76)**

മൂന്നു ജന്മങ്ങളായി ശിശുപാലന്റെ മനസ്സിൽ ഭഗവാനോടുള്ള പൂർണ ശത്രുത വളർന്നിരിക്കയായിരുന്നു. ആ ശത്രുതാവിരോധം വർധിച്ച് എപ്പോഴും ഭഗവാനെത്തന്നെ മനസ്സിൽ വിചാരിച്ചുകൊണ്ടിരിക്കയുമായിരുന്നു. അവസാനം അയാൾ ഭഗവാനുമായി ഐക്യം പ്രാപിച്ചു. ജന്മനിദാനം മനസ്സാണ്. അനസ്യൂതമായ വിചാരം, അത് വിരോധിച്ചു കൊണ്ടുള്ളതായിട്ടുപോലും ശിശുപാലൻ ഭഗവാനിൽ ലയിച്ചുചേർന്നു.

95. ഭഗവാന് ഭക്തന്മാരുടെ പരിശുദ്ധ പ്രേമമല്ലാതെ യാതൊന്നും ആവശ്യമില്ല എന്നും മറ്റ് എന്തിനേക്കാളും മൂല്യവത്താണ് ആ ഭക്തിയെന്നും തന്റെ പൂർവകാല സതീർത്ഥ്യനായ സുദാമാവിന്റെ കഥയിലൂടെ ഭഗവാൻ സുവ്യക്തമാക്കിയിരിക്കുന്നു. കൃഷ്ണൻ പറയുന്നു – "ഒരു ഇല, ഒരു ഫലം, അല്പം ജലം (പുഷ്പം, ഫലം, തോയം) – ഇതൊന്നെങ്കിലും പ്രേമത്തോടും യഥാർഥ ഭക്തിയോടും കൂടി സമർപ്പിച്ചാൽ അതുമാത്രം മതി ഭഗവദാഹ്ലാദത്തിന്." (ഭാഗവതം X. 81.4)

**"സർവാസാമപി സിദ്ധീനാം മൂലം തച്ചരണാർച്ചനം."**

**(ഭാഗവതം X-81-19)**

പ്രേമപൂർവം ഭഗവാനെ ആരാധിച്ചാൽ ഒരുവന് സമ്പത്തോ ലോകൈശ്വര്യമോ ഒക്കെ വേണമെങ്കിൽ അത് നേടുകയും ചെയ്യാം.

☆

## അധ്യായം 11

# മുക്തി സ്കന്ധം

96. ഒരു സ്കന്ധത്തിൽ ആത്മീയസാധനയുടെ സമഗ്രലക്ഷ്യവും ഒതുക്കുന്നതും ഏറ്റവും ഉപദേശാത്മകവും അമൂല്യവുമാകയാൽ, ഉദ്ധവരോട് ഭഗവാൻ ഉപദേശിക്കുന്ന ഉദ്ധവഗീത അടങ്ങുന്നതായ ഏകാദശ സ്കന്ധത്തെ പണ്ഡിതന്മാരും ഭക്തന്മാരും വളരെ വിലപ്പെട്ടതായി കരുതിപ്പോരുന്നു. ഈ വസ്തുത പരിഗണിച്ച്, ഇത്, ഒരർത്ഥത്തിൽ പൂർവസ്കന്ധങ്ങളിൽ സ്പഷ്ടമാക്കിയ സംഗതികളുടെ ആവർത്തനവുമാണ് എന്നു പറയാം.

97. നിമിരാജൻ (വിദേഹൻ) നവയോഗീശ്വരന്മാരോട് ചെയ്യുന്ന സംഭാഷണങ്ങളോടെയാണ് ഈ സ്കന്ധം സമാരംഭിക്കുന്നത്. ആദ്യയോഗി കവി, ഈശ്വരസാക്ഷാത്കാരത്തിലേക്കു നയിക്കുന്ന ചില നിഷ്ഠകളെ വിവരിക്കുന്നു –

1. എല്ലാ തരത്തിലുമുള്ള ഭയങ്ങളും സങ്കടങ്ങളും ഉണ്ടാകുന്നത് നമുക്ക് ശരീരവുമായുള്ള താദാത്മ്യബോധം കൊണ്ടാണ്. ദേഹത്തിന് ഒരു യഥാർത്ഥ നിലനില്പ് ഇല്ല, അത് 'അസത്' ആണ്. നമ്മുടെ ഭയതാപാദികളിൽ നിന്ന് മോചനം നേടാൻ വിശ്വാത്മാവായ ഭഗവാനെ ആരാധിക്കുക തന്നെ വേണം. (ഭാഗവതം XI. 2.33)

2. പ്രകൃത്യാ ഉള്ള ഗുണങ്ങൾ അനുസരിച്ച് മനോവാക്കായങ്ങൾ കൊണ്ട് നാം ചെയ്യുന്ന എല്ലാ കർമങ്ങളും ഭഗവാന് സമർപ്പിക്കുന്നു. കർമി കർമഫലങ്ങളെല്ലാം ഭഗവാനിൽ ചെന്നു ചേരണമെന്ന് ആഗ്രഹിക്കരുത്. ഇങ്ങനെയുള്ള കർമങ്ങൾ ഭഗവാനു സമർപ്പിതങ്ങളെങ്കിൽ അവ നമ്മെ സംബന്ധിക്കുന്നില്ല.

3. ഇളകിയാടിക്കൊണ്ടിരിക്കുന്ന മനസിനെ നിയന്ത്രിച്ച് എല്ലാ ചിന്തകളിൽ നിന്നും സ്വതന്ത്രമാക്കണം.

4. എല്ലാ സംഗങ്ങളും പരിത്യജിച്ച് ഭഗവത് കീർത്തനങ്ങൾ ആലപിച്ചും കൂസലില്ലാതെ ഉറക്കെ നാമം ജപിച്ചും ജീവിക്കണം.

5. അനഹങ്കാരബുദ്ധി പരിപോഷിപ്പിക്കുന്നതിന് പരമാത്മാവിന്റെ ആവിഷ്കരണ രൂപങ്ങളായ നദികളെയും സാഗരങ്ങളെയുമെല്ലാം പ്രണമിക്കണം.

6. അനുസ്യൂതമായ ധ്യാനം ഭക്തിയും നിർവികാരതയും ഭഗവാനെക്കുറിച്ചുള്ള പ്രഗാഢ ജ്ഞാനവും അന്തിമമായി മോക്ഷവും സംസിദ്ധമാക്കും. (ഭാഗവതം XI. 2–36, 38, 39, 41, 43)

95. അടുത്തതായി, രണ്ടാമത്ത യോഗി ഹരി ഉത്തമഭക്തൻ ആരെന്നു നിർവചിക്കുന്നു. സർവ ജീവജാലങ്ങളെയും ഭഗവത്സ്വരൂപമെന്ന നിലയ്ക്കു വീക്ഷിക്കുക, എല്ലാ ജീവജാലങ്ങളുടെയും ആത്മാവ് ഈശ്വരൻ തന്നെയാണെന്നു ധരിക്കുക – ഇങ്ങനെ വിചാരിക്കുന്നയാളാണ് ഉത്തമ ഭക്തൻ. മനസ്സിൽ ആഗ്രഹങ്ങളുടെ ഒരു ബീജം പോലും മുളയ്ക്കാത്തതാരാണോ, ഭഗവാൻ ആർക്ക് ശരണീയനായിരിക്കുന്നുവോ, അയാൾ ഉത്തമ ഭക്തനാണ്. ഈശ്വരചിന്തയിൽ എന്നും സമയലേശത്തിനുപോലും വ്യതിചലിക്കാത്തയാളും ത്രിലോക വിഭൂതകളാൽ ആകൃഷ്ടനാകാത്തയാളും ഉത്തമ ഭക്തനാണ്. (ഭാഗവതം X. 2–45, 50, 53)

96. ഇനിയൊരു യോഗി – പ്രബുദ്ധൻ, നമ്മെയെല്ലാം മായാലോകത്തിൽപെടുത്തുന്ന ഭഗവാന്റെ മായയിൽനിന്നും പുറത്തുവരുന്നതിന് താഴെ പറയുന്ന സാധനകൾ നിർദ്ദേശിക്കുന്നു.

1. സാധകൻ ആദ്യമായി ബ്രഹ്മനിഷ്ഠനും വേദാന്തിയുമായ ഒരു ഗുരുവിനെ പ്രാപിക്കണം. ആ ഗുരുവിൽ നിന്നും സാധനകൾ അഭ്യസിക്കയും ഗുരു സ്വാത്മാവും ഭഗവാനുമാണെന്ന് കരുതി പെരുമാറുകയും വേണം.

2. സത്സംഗത്തിൽ കഴിയുകയും ലോകവിഷയങ്ങളിൽ നിന്നും മനസ്സിനെ മോചിപ്പിക്കയും ചെയ്യുക. കാരുണ്യം, സൗഹൃദം, സഹജീവികളുമായി പെരുമാറുമ്പോൾ വിനയം, പരിശുദ്ധി, സഹിഷ്ണുത,



മൗനം, ഋജുത, പുരാണഗ്രന്ഥപഠനം, ബ്രഹ്മചര്യം, അഹിംസ, വ്രതം, സമദർശിത തുടങ്ങിയ ഗുണങ്ങൾ സാധകൻ സ്വയം പരിപോഷിപ്പിക്കണം. പ്രപഞ്ചവസ്തുക്കളെല്ലാം ഈശ്വരത്വാവിഷ്കാരങ്ങൾ തന്നെയാണെന്ന് കാണണം. ഭഗവന്മഹിമകൾ കേൾക്കുക, ആലപിക്കുക, അവയെപ്പറ്റി ധ്യാനിക്കുക എന്നിവയിൽ സദാ മുഴുകണം. കളത്രപുത്രാദികളെയും സ്വത്തുക്കളുമെല്ലാം ഭഗവത്പാദങ്ങളിൽ സമർപ്പിക്കണം. ഇതെല്ലാം ശീലിക്കുന്നയാൾക്ക് അനായാസമായി മായയെ തരണം ചെയ്യാൻ സാധിക്കും. (ഭാഗവതം XI. 3–21, 23, 25, 27, 28)

100. ദത്താത്രേയ അവധൂതൻ പ്രകൃതിയിലെ 24 ഗുരുക്കന്മാരിൽ നിന്നും ഓരോ പ്രധാന പാഠങ്ങൾ പഠിച്ചതാണ് അടുത്ത പ്രശസ്ത കഥ. ഭൂമി, വായു, ആകാശം, ജലം, അഗ്നി, ചന്ദ്രൻ, സൂര്യൻ, പ്രാവ്, മലമ്പാമ്പ്, സമുദ്രം, ശലഭം, തേനീച്ച, ഗജം, മധുഹാരി, മാൻ, മത്സ്യം, വാരനാരി പിംഗള, കുരരപ്പക്ഷി, ശിശു, കന്യക, അമ്പ് ഉണ്ടാക്കുന്നയാൾ, സർപ്പം, എട്ടുകാലി, വേട്ടാവളിയൻ എന്നിവരാണ് ആ 24 ഗുരുക്കന്മാർ. ഇവരിൽ നിന്നെല്ലാം സാധകമായോ നിഷേധകമായോ (സ്വീകാര്യമോ അസ്വീകാര്യമോ ആയി) ഓരോ അറിവുകൾ ദത്താത്രേയൻ നേടി.

1. **ഭൂമി** – അനേകം പേരുടെ കാലിന്നടിയിൽ ചവിട്ടുകൊണ്ടു പീഡിതയാണെങ്കിലും ഭൂമാതാവ് അചഞ്ചലയായി വർത്തിക്കുന്നു. അതുപോലെ, ആത്മനിയന്ത്രണം നേടിയ ഒരാൾ സ്വമാർഗത്തിൽ ബാഹ്യാക്രമണമോ ഉപദ്രവമോ എന്തുതന്നെ ഉണ്ടായാലും സ്ഥിരചിത്തനായിരിക്കണം. അതുപോലെ, ഭൂമിയിലെ പർവതങ്ങളും വൃക്ഷങ്ങളും ചെയ്യുന്നവിധം അന്യർക്കുവേണ്ടി ജീവിക്കാൻ ശീലിക്കണം.

2. **വായു** – ഏതെങ്കിലും വസ്തുവുമായി ബന്ധപ്പെടുമ്പോഴല്ലാതെ ഒരിക്കലും വായുവിൽ കലർപ്പ് ഒന്നുമുണ്ടാകുന്നില്ല. അതുപോലെ നിസ്സംഗതയോടെ ജീവിക്കണം.

3. **ആകാശം** – സർവസ്ഥലത്തും വ്യാപിച്ചിരിക്കുന്ന ആകാശം എല്ലാ വസ്തുക്കളിലുമുണ്ടെങ്കിലും ഒന്നിന്റെയും സവിശേഷത ഉൾക്കൊള്ളുന്നില്ല. അതുപോലെ, സകല ചരാചരങ്ങളിലും അന്തര്യാമി

യായിരിക്കുന്ന പരമാത്മാവുമായി മാത്രം സാത്മ്യം നേടുകയാണ് ഒരു മഹർഷി ചെയ്യേണ്ടത്; ഒരു പ്രപഞ്ച വസ്തുവുമായും താദാത്മ്യം വേണ്ട.

4. **ജലം** – ഗംഗാജലം എല്ലാ മനുഷ്യരേയും ഒരു ദർശനം കൊണ്ടോ സ്പർശം കൊണ്ടോ സ്തുതി കൊണ്ടോ പരിശുദ്ധരാക്കുന്നതു പോലെ, ഒരു മഹർഷി ശുദ്ധസ്വഭാവിയും സുഹൃത്തും മധുര പ്രകൃതക്കാരനുമായിരുന്നാൽ സർവരേയും പവിത്രീഭൂതരാക്കാം.

5. **അഗ്നി** – തപഃസ്വാധ്യായാദികൾ കൊണ്ട് ഒരു മഹർഷി നിർബാധവും നിഷ്കളങ്കവുമായ ജീവിതം നയിക്കുന്നു. അഗ്നിയെപ്പോലെ ഏതു വസ്തു ഭുജിച്ചാലും, ഗുപ്തമായ മഹിമ നിലനില്ക്കും, അത് ആത്മാർത്ഥതയുള്ള ഭക്തന്മാരെ ബോധ്യപ്പെടുത്തുകയും ചെയ്യും; ദാതാക്കൾ നല്കുന്ന ഏതു ഭോജ്യവും അഗ്നി ദഹിപ്പിക്കുന്നതു പോലെ, ഭൂത വർത്തമാന ഭാവികാല പാപങ്ങളെ ചാമ്പലാക്കും.

6. **ചന്ദ്രൻ** – ചന്ദ്രന്റെ കലകൾക്കു മാത്രമാണ് പ്രത്യക്ഷമാകലും തിരോഭവിക്കലും; ചന്ദ്രസ്വരൂപത്തിന് മാറ്റമില്ല. അതുപോലെ, ശരീരത്തിനാണ് വളർച്ചയും നാശവും; ആത്മാവിന് അതൊന്നുമില്ല.

7. **സൂര്യൻ** – സൂര്യൻ കിരണങ്ങൾ കൊണ്ട് ജലം വലിച്ചെടുക്കുകയും അനുകൂല കാലാവസ്ഥയിൽ മഴയായി ചൊരിയുകയും ചെയ്യുന്നതു പോലെ, യോഗി ഇന്ദ്രിയങ്ങൾ മുഖേന ലോകവിഷയങ്ങളെ ഗ്രഹിക്കുന്നുണ്ടെങ്കിലും ഒന്നിലും മുഴുകുന്നില്ല. ഒരേ സൂര്യൻ വിവിധ പാത്രങ്ങളിൽ വച്ചിരിക്കുന്ന ജലത്തിൽ പ്രതിഫലിക്കുന്നു. അതു പോലെ ഒരേ ആത്മാവാണ് നിരവധി ജീവികളിലായി പ്രത്യക്ഷീഭവിക്കുന്നത്.

8. **പ്രാവ്** – ഒരിക്കൽ ഒരു പ്രാവ് തന്റെ കുട്ടികൾ ഒരു നായാട്ടുകാരന്റെ വലയിൽ കുടുങ്ങിയിരിക്കുന്നതായി കണ്ടു. ദുഃഖിതയായ പ്രാവ് തന്റെ കുട്ടികളോടുള്ള മമതയും വൈകാരികബന്ധവും കാരണം സ്വയം വലയ്ക്കുള്ളിൽ കടന്ന് നായാട്ടുകാരനെ അത്ഭുതപ്പെടുത്തി. ഇതുപോലെ, ഒരു ഗൃഹസ്ഥൻ സ്വന്തം ഇന്ദ്രിയങ്ങളെ



നിയന്ത്രിക്കാൻ കഴിയാതെ പരാജയപ്പെടുന്നെങ്കിൽ, കുടുംബ ബന്ധത്തിൽ കഷ്ടതകളും സങ്കടങ്ങളും കുടുംബത്തോടൊപ്പം സഹിക്കേണ്ടതായി വരും.

9. **മലമ്പാമ്പ്** – എപ്പോഴെങ്കിലും കിട്ടുന്ന എന്തെങ്കിലും ഭോജ്യവസ്തു കൊണ്ട് മലമ്പാമ്പ് തൃപ്തിനേടുന്നതുപോലെ, വിശപ്പിനെ നിയന്ത്രിക്കയും തനിക്ക് ലഭിക്കുന്ന ആഹാരംകൊണ്ടു സംതൃപ്തനാകുകയും വേണം.

ഒരു സാധകന് ആരോഗ്യവും കർമശേഷിയും ഉണ്ടെങ്കിലും ഇന്ദ്രിയ-മനോവ്യാപാരങ്ങൾക്ക് അടിപ്പെടരുത്. ജീവിതത്തിന്റെ അന്തിമലക്ഷ്യത്തെപ്പറ്റി തികഞ്ഞ ബോധത്തോടും ശ്രദ്ധയോടും കൂടി മലമ്പാമ്പിനെപ്പോലെ ശാന്തമായി കഴിയണം.

10. **സമുദ്രം** – ഒരു മഹർഷിയുടെ അവസ്ഥ സമുദ്രത്തെപ്പോലെ, അഗാധവും ഉദാരവും മാനാതീതവും സീമാതീതവും അചഞ്ചലവുമായിരിക്കണം.

11. **ശലഭം** – അഗ്നിജ്വാലകൾ കണ്ടു ഭ്രമിക്കുന്ന ശലഭം അതിൽ വീണു ചാകുന്നു. അതുപോലെ, ആത്മനിയന്ത്രണമില്ലാത്തയാൾ യഥാക്രമം സ്ത്രീയിലോ പുരുഷനിലോ ഭ്രമിച്ച് നാശത്തിന് ഇരയാകുന്നു.

12. **പൂമ്പാറ്റ** – പൂമ്പാറ്റ അനേകം പൂക്കളിൽ നിന്നും കുറേശ്ശേ കുറേശ്ശെയായി തേൻ ശേഖരിച്ച് സൂക്ഷിക്കുന്നു. അതുപോലെ വേദാദികളിൽ നിന്നും അറിവുകൾ ശേഖരിച്ച് ജ്ഞാനിയാകാൻ ഏവരും ശ്രമിക്കണം. ഒരു സന്യാസി ശരീരം നിലനിർത്താനാവശ്യമായ ഭക്ഷണത്തിന് വീടുതോറും ഭിക്ഷ യാചിച്ച് ആവശ്യമായത് സമ്പാദിക്കണം. എന്നാൽ ഒന്നും ശേഖരിച്ചു വയ്ക്കരുത്. സമ്പാദിച്ചു കൂട്ടുകയാണെങ്കിൽ പൂമ്പാറ്റയെപ്പോലെ ആ സ്വത്തിനോടൊപ്പം നശിക്കും.

13. **ഗജം** – സമ്പർക്കം കൊണ്ട് കൊമ്പനാന പിടിയാനയ്ക്കു വശംവദനാകുന്നതുപോലെ, ബ്രഹ്മചാരി സദാ സ്ത്രീസംഗം (സ്ത്രീയാണെങ്കിൽ പുരുഷസംഗം) ഉപേക്ഷിക്കണം.

14. **മധുഹാരി** – വളരെ ക്ലേശിച്ചു സമ്പാദിക്കുന്ന പിശുക്കനായ ഒരു മനുഷ്യൻ, ആ ധനം ധർമവിഷയമായി ചെലവാക്കുകയോ സ്വന്തം സുഖത്തിനായി ഉപയോഗിക്കയോ ചെയ്യുന്നില്ല എങ്കിൽ, പൂമ്പാറ്റ ശേഖരിച്ചുവയ്ക്കുന്ന മധു മധുഹാരി അപഹരിച്ചുകൊണ്ടു പോകുന്നതുപോലെ മറ്റാരെങ്കിലും സ്വായത്തമാകും.

15. **മാൻ** – ഏതെങ്കിലും സംഗീതമാധുര്യം ആസ്വദിക്കാൻ ചെവിയോർത്തിരിക്കുന്ന പേടമാനിനെപ്പോലെ സന്യാസി ഒരിക്കലും അനിയന്ത്രിതനായി സംഗീതം കേട്ട് മുഴുകിയിരിക്കരുത്; മാൻ പിടിക്കപ്പെടുന്നതുപോലെ അധഃപതിക്കും.

16. **മത്സ്യം** – ചൂണ്ടലിലെ ഭക്ഷണം കഴിച്ച് വായിൽ മുള്ളുകൊണ്ട് മത്സ്യം പിടിക്കപ്പെടും. അതുപോലെ നാവിനു രുചിക്കുന്ന ഭക്ഷണ സാധനങ്ങളാൽ ആകൃഷ്ടനായിരുന്നാൽ നശിക്കയേയുള്ളൂ.

17. **വാരനാരി പിംഗള** – വാരനാരിയായ പിംഗള ഏതെങ്കിലും ധനികന്റെ ലൈംഗികതൃഷ്ണ പരിഹരിച്ച് ധനം സമ്പാദിക്കാൻ ഒരു അതിഥിയുടെ വരവും കാത്ത് അർദ്ധരാത്രിവരെയും പ്രതീക്ഷിച്ചിരുന്നു. പെട്ടെന്ന്, തനിക്ക് ദുഃഖവും ഭയവും മനഃക്ലേശവും മാത്രം നല്കുന്ന നിസ്സാര മനുഷ്യരെ കാത്തിരുന്ന് അവരുടെ പിന്നാലെ ഇത്രകാലവും പോയല്ലോ എന്നോർത്ത് ഒരു ഖേദം, തന്റെ ഉള്ളിലുള്ള ശാശ്വതപ്രേമികനായ ഭഗവാനെ ഇതുവരെ ചിന്തിച്ചില്ലല്ലോ എന്ന വ്യസനം അവരിൽ ഉദിച്ചു. ദുഃഖവും സങ്കടവും മാത്രം പ്രദാനം ചെയ്യുന്ന ഐന്ദ്രിയാനന്ദങ്ങൾക്ക് വേണ്ടിയുള്ള പരക്കംപായൽ അവസാനിപ്പിച്ച് ഭഗവാനെ ശരണം പ്രാപിക്കുകയാണ് വേണ്ടത് എന്ന പാഠം പിംഗള പഠിപ്പിക്കുന്നു.

18. **കുരരപ്പക്ഷി** – തന്റെ ചുണ്ടിൽ ഒരു മാംസക്കഷണവുമായി പറന്ന ഒരു കുരരപ്പക്ഷിയെ വലിയ ചില പക്ഷികൾ പിന്തുടർന്ന് ആക്രമിച്ചു. മാംസം ചുണ്ടിൽ നിന്നും താഴെയിട്ടപ്പോൾ പക്ഷിക്ക് ശാന്തി ലഭിച്ചു. അതുപോലെ, ഐന്ദ്രിയ സുഖത്തിനായി എത്രമാത്രം അന്വേഷിച്ചു നടക്കുന്നുവോ, അത്രമാത്രം സങ്കടം അനുഭവിക്കേണ്ടതായും വരും. എല്ലാ സ്വത്തും സങ്കടവും അശാന്തിയുമാണ് നല്കുക.



19. **ശിശു** – ഒരു കുട്ടി മാനാപമാനങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല. മനഃക്ലേശമില്ലാതെയും അത്യാഹ്ലാദത്തോടെയും അത് സ്വയം ക്രീഡകളാടിക്കഴിയുന്നു. ഒരു ഋഷി ഈ പെരുമാറ്റം അനുവർത്തിക്കണം.

20. **കന്യക** – അവിവാഹിതയായ ഒരു കന്യക നെല്ല് കുത്തിക്കൊണ്ടിരുന്നപ്പോൾ തന്റെ കൈവളകൾ തട്ടി ശബ്ദമുണ്ടാക്കുന്നതായി കണ്ടു. അതുമൂലമുള്ള ശല്യം ഒഴിവാക്കാനായി അവൾ ഒരു വള ഒഴികെ മറ്റെല്ലാ വളകളും അഴിച്ചു മാറ്റിവച്ചു. അപ്പോൾ ശബ്ദമില്ലാതെ ജോലി ചെയ്യാൻ സാധിച്ചു. അനേകം പേർ ഒരുമിച്ചു താമസിക്കയാണെങ്കിൽ വഴക്കിനും പിറുപിറുക്കലിനും ഒക്കെ ഇടയാക്കും. അതുകൊണ്ട് ഒരു മഹർഷി (സന്യാസി) കന്യകയുടെ കയ്യിലെ ഒറ്റവളപോലെ ആരോടും സംസാരിക്കാതെ ഏകനായി സഞ്ചരിക്കണം.

21. **ശരമുണ്ടാക്കുന്നയാൾ** – ഒരു കൊല്ലൻ വളരെ ഏകാഗ്രതയോടെ മൂർച്ചയുള്ള അമ്പ് ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ രാജാവും സൈനികരും തന്റെ സമീപത്തു വന്നത് ശ്രദ്ധിച്ചില്ല. അതുപോലെ, ഒരു സാധകന്റെ മനസ്സ് ആത്മാവിൽ ആമഗ്നമായിരിക്കണം, ഉള്ളിലോ പുറമേയോ ഉള്ള ഒന്നിനെപ്പറ്റിയും ശ്രദ്ധിക്കാൻ പാടില്ല.

22. **പാമ്പ്** – പാമ്പിന് സ്വന്തം ഗൃഹമില്ല. മറ്റുള്ള ജന്തുക്കൾ ഉണ്ടാക്കുന്ന മാളങ്ങളിലാണ് അതു പാർക്കുന്നത്. ഒരു മഹർഷി (സന്യാസി) എല്ലായ്പോഴും ഒരു സഞ്ചാരിയും സ്വഗൃഹമില്ലാത്തയാളുമായിരിക്കണം. സ്വന്തം വീടുണ്ടാക്കി താമസിക്കുന്നത് ദുഃഖവും ക്ലേശവും മാത്രമേ വരുത്തുകയുള്ളൂ.

23. **എട്ടുകാലി** – ചിലന്തി സ്വശരീരത്തിൽ നിന്നും വരുന്ന നൂൽ കൊണ്ട് വല നിർമ്മിക്കുകയും അതിൽ വിഹരിക്കുകയും പിന്നീട് സ്വയം പിൻവലിച്ച് പോകയും ചെയ്യുന്നു. അതുപോലെ, പരമാത്മാവ് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു, വ്യാപിക്കുന്നു, പിൻവലിക്കുന്നു – എല്ലാം ഭഗവന്നിശ്ചയം.

24. **വേട്ടാവളിയൻ** – അത് ഒരു പുഴുവിനെ കൊണ്ടുവന്ന് സ്വന്തം സുഷിരത്തിൽ വയ്ക്കുന്നു. ആ പുഴു പേടിച്ച് വേട്ടാവളിയനെപ്പറ്റി

തന്നെ ചിന്തിച്ച് അനസാനം ഒരു വേട്ടാവളിയനായിത്തന്നെ പരിണമിക്കുന്നു. ഇതുപോലെ ഒരു സാധകൻ ഭഗവാനിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിച്ച് സാരൂപ്യാവസ്ഥ കൈവരിക്കണം.

ഈ ഇരുപത്തിനാല് ഗുരുക്കന്മാരെ താഴെ പറയുംവിധം തരംതിരിക്കാം.

1. സാധകമായ പാഠനം നല്കുന്ന ഗുരുക്കന്മാർ : 14 – ഭൂമി, വായു, ആകാശം, ജലം, അഗ്നി, ചന്ദ്രൻ, സൂര്യൻ, മലമ്പാമ്പ്, സമുദ്രം, ശിശു, അമ്പ് ഉണ്ടാക്കുന്നയാൾ, എട്ടുകാലി, വേട്ടാവളിയൻ.

2. നിഷേധാത്മക ഉപദേശം (നിരസിക്കപ്പെടേണ്ട പാഠം) നല്കുന്ന ഗുരുക്കന്മാർ : 7 – പ്രാവ്, ശലഭം, ആന, മാൻ, മത്സ്യം, കുരരപക്ഷി, കന്യക.

3. സ്വീകാര്യവും അസ്വീകാര്യവുമായ ഉപദേശം (സാധകവും നിഷേധാത്മകവുമായ പാഠം) നല്കുന്നവർ : 3 – തേനീച്ച, മധുഹാരി, പിംഗള.

ഇങ്ങനെ, പ്രകൃതിയിലെ 24 ഗുരുക്കന്മാരിൽ നിന്നും നാം പാഠങ്ങൾ സ്വീകരിക്കാൻ ഉപദേശിച്ച ദത്താത്രേയൻ, സ്വന്തം ശരീരം തന്നെയാണ് ഏറ്റവും നല്ല ഉപദേഷ്ടാവ് എന്നു പറഞ്ഞ് ഉപസംഹരിക്കുന്നു – "ഒരാൾക്ക് തന്റെ തന്നെ ശരീരത്തിൽ നിന്ന് അമൂല്യ ഉപദേശങ്ങൾ പലതും സ്വീകരിക്കാൻ കഴിയും. നിരവധി സങ്കടങ്ങൾ നല്കുന്ന ജനനമരണങ്ങൾ കണ്ട് നാം നിർവികാരത (താല്പര്യമില്ലായ്മ) ശീലിക്കണം. സത്യജ്ഞാനവും വിവേകവും ശരീരത്തിൽ നിന്നും പഠിക്കാം. മരണശേഷം ഈ ശരീരം നായയ്ക്കോ ജംബൂകനോ ഉള്ളതാവും ഈ ശരീരം എന്നു മനസ്സിലാക്കി നാം നിസ്സംഗരായിരിക്കാൻ ശ്രമിക്കണം. ഈ മനുഷ്യശരീരം അസംഖ്യം ജന്മങ്ങൾക്കുശേഷമാണ് അപൂർവാനുഗ്രഹമായി നമുക്കു ലഭിക്കുന്നത്. അതുകൊണ്ട് ബുദ്ധിശാലിയായ ഏതൊരു വ്യക്തിയും പരമലക്ഷ്യമായ മോക്ഷം നേടാൻ ഈ ശരീരം ഉപയോഗിക്കാൻ യത്നിക്കണം. മറ്റു പ്രകാരത്തിൽ പ്രവർത്തിക്കയും ഇന്ദ്രിയങ്ങൾക്ക് അടിമപ്പെടുകയും ചെയ്യുന്നത് ആത്മഹത്യാപരമാണ്.



നാം സൂക്ഷ്മനിരീക്ഷകരാണെങ്കിൽ പ്രകൃതിമാതാവിൽ നിന്നും അനേകം പാഠങ്ങൾ പഠിക്കാൻ കഴിയുമെന്ന് അവധൂതൻ ദത്താത്രേയൻ വ്യക്തമായി വിശദീകരിച്ചു തന്നിരിക്കുന്നു.

101. അടുത്തു വരുന്നത് ഭഗവാന്റെ ഹംസാവതാരമാണ്. ഒരിക്കൽ ഒരു സംശയം പരിഹരിക്കാനായി ബ്രഹ്മാവിന്റെ പുത്രന്മാരായ സനകൻ, സനന്ദനൻ, സനാതനൻ, സനത്കുമാരൻ എന്നിവർ പിതാവിനോട് ചോദിച്ചു – എല്ലാ ലോകവിഷയങ്ങളും മനസ്സിൽ കടന്നുകൂടുകയും ബോധ–ഉപബോധ തലങ്ങളിൽ അഗാധമായി സ്ഥാനം നേടുകയും ചെയ്യുന്നു. ഇതിനു പകരമെന്നോണം, മനസ്സും പ്രപഞ്ചവിഷയങ്ങളിൽ ഇഷ്ടാനിഷ്ടരൂപത്തിൽ പ്രവേശിക്കുന്നു. ഇങ്ങനെ മനസ്സും പ്രപഞ്ചവിഷയങ്ങളും 'ഹൽവ'യിലെ വിവിധ വസ്തുക്കളെന്നപോലെ സങ്കലിതമായിരുന്നാൽ മനസ്സിനെ പ്രപഞ്ചത്തിലെ വിഷയങ്ങളിൽ നിന്ന് എങ്ങനെ വേർപെടുത്താൻ കഴിയും?

102. ബ്രഹ്മദേവന് മറുപടി പറയാനാകാത്തതിനാൽ ഭഗവാൻ തന്നെ ഒരു ഹംസത്തിന്റെ രൂപത്തിൽ അവരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു – "അവയെ ഒന്നിൽനിന്നും മറ്റുള്ളതിനെ വേർപെടുത്താൻ ശ്രമിക്കരുത്." **"മദ്രൂപ ഉഭയം ത്യജേത്"** (ഭാഗവതം XI. 13–26) നിങ്ങളുടെ മനസ്സിൽ നിന്നും പ്രപഞ്ചം മുഴുവൻ ബഹിർഗമിച്ചിരിക്കുന്നു. ലോകവിഷയങ്ങൾ ചിന്തകൾ മാത്രമാണ്. ലോകം നിങ്ങളുടെ മനസ്സിൽ സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. നിങ്ങൾ ലോകവിഷയങ്ങളെപ്പറ്റി ചിന്തിക്കയും ചെയ്യുന്നു. ലോകത്തെയും ലോകവിഷയങ്ങളെയും ഒന്നിച്ച് ദൂരെ എറിയുക. എന്നിട്ട് പരമാത്മഭാവത്തിൽ വർത്തിക്കുക. ഇതാണ് സാധനയുടെ പരമ മാർഗോപദേശം."

103. മനുഷ്യൻ തന്റെ യഥാർത്ഥമായ അവസ്ഥ അറിയാൻ കൂട്ടാക്കുന്നില്ല, സത്യനിഷ്ഠനാകാനാഗ്രഹിക്കുന്നുമില്ല, ഒരു കൃത്രിമാവസ്ഥയിൽ 'സ്തബ്ധത' പരിശീലിച്ചു കഴിയുന്നു – ഇതാണ് മനുഷ്യരാശിയുടെ ദുരന്തകഥ. ഇതെപ്പറ്റി അടുത്ത ഖണ്ഡികയിലും പറയുന്നുണ്ട്. യോഗവാസിഷ്ഠത്തിൽ ഇതേപ്പറ്റി സംവദിക്കുന്നുണ്ട്; സമീപകാലത്ത് രമണമഹർഷി, ഒരു ദിവസം അല്പനേരമെങ്കിലും ലോകവിഷയചിന്തകളെ

ഒഴിവാക്കാൻ പരിശീലിച്ചാൽ വളരെ വേഗം നമുക്ക് നമ്മുടെ മാനസികാവസ്ഥ ചിന്താവിമുക്തമാക്കി വയ്ക്കാൻ കഴിയുമെന്ന് ഉപദേശിക്കയുണ്ടായി. 'ഞാൻ' എന്നും 'ലോകം' എന്നും മറ്റുമുള്ള ആശയങ്ങളെല്ലാം കേവലം ചിന്തകളാണ്. നിദ്രാവേളയിൽ നമുക്ക് ചിന്തകളില്ല, ചിന്താമുക്തമായ വേളയിൽ അവശേഷിക്കുന്നത് യഥാർത്ഥ ആത്മാവാണ്, അത് ഈശ്വരസ്വരൂപവുമാകുന്നു. ബ്രഹ്മനിഷ്ഠനാകുക (ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, നിസ്സംഗനായി, ഒന്നിലും ഉൾപ്പെടാത്തവനായി, കർമങ്ങളിൽ നിന്നും മുക്തനായി, ബാഹ്യമായ സന്തോഷസന്താപാദിളിൽ വിമുഖനായി) മനസ്സിനെ ദൃഢമാക്കുക. ചിന്താരഹിതനായിരിക്കാൻ നമുക്ക് കഴിയില്ല എന്ന ഒരു പൂർവധാരണ ദൃഢമായി വച്ചുകൊണ്ടാണ് നാം സമീപിക്കുന്നത് എന്നതാണ് തെറ്റ്, ഇത് വലിയ ഒരു വിഘ്നകാരണമാണ്. ഇതിൽ നിന്നും ഒരാൾക്ക് മുക്തനാകാൻ കഴിയുമെങ്കിൽ മാർഗം അനായാസമാകും. ഒരു ചിന്തയുമില്ലാത്ത അവസ്ഥയാണ് യഥാർത്ഥമായ സ്ഥിതി. നമ്മുടെ യഥാർത്ഥ സ്ഥിതിയിൽ തന്നെ വർത്തിക്കാൻ എന്താണ് പ്രയാസം?

104. കൃഷ്ണനോട് ഉദ്ധവൻ സുന്ദരമായ ഒരു പ്രശ്നം ഉന്നയിക്കുന്നു – "പ്രശസ്തി, നന്മ, സത്യം, ഇന്ദ്രിയനിഗ്രഹം, സമ്പത്ത് തുടങ്ങിയവയാണ് യഥാർത്ഥത്തിൽ നേടേണ്ടത് എന്ന് വ്യത്യസ്ത ലക്ഷ്യങ്ങളെപ്പറ്റി വിവിധ മഹദ്വ്യക്തികൾ പറയുന്നു. അവയെല്ലാം പരസ്പരം ഒന്നിനൊന്നു മേലെയാണോ എല്ലാം നല്ല രീതിയിൽ പകരം വയ്ക്കാവുന്നവയാണോ?"

**"അകിഞ്ചനസ്യ ദാന്തസ്യ ശാന്തസ്യ സമചേതസഃ
മയാ സന്തുഷ്ടമനസഃ സർവാഃ സുഖമയാഃ ദിശാഃ"**

**(ഭാഗവതം XI-14-13)**

ഈശ്വരസാക്ഷാത്കാരം മാത്രമാണ് ഒരാളിന്റെ പരമ ലക്ഷ്യമെന്ന് ഭഗവാൻ കൃഷ്ണൻ മറുപടി നല്കുന്നു. മറ്റു പ്രകാരത്തിൽ ആരെങ്കിലും പ്രഖ്യാപിക്കയോ സ്വലക്ഷ്യത്തെപ്പറ്റി വിചാരിക്കയോ ചെയ്യുന്നെങ്കിൽ അവർ മായാമോഹിതരായി തെറ്റായ രീതിയിൽ നയിക്കപ്പെടുകയാണ്.



105. സാധനയുടെ പ്രാരംഭഘട്ടങ്ങളിൽ, സാധകൻ ഒരു പ്രത്യേക പരിതഃസ്ഥിതി അനുകൂലമാണെന്നും മറ്റൊന്ന് അസുഖകരമോ സാധനയ്ക്ക് പ്രതികൂലമോ ആണെന്നും മറ്റും വിവേചിക്കാറുണ്ട്. എന്നാൽ, മനസ്സ് വേണ്ടവിധം പരിഹാരം നേടുകയും സമദർശിത കൈവരികയും എല്ലാ സ്വത്തും സമ്പത്തും ത്യജിക്കുകയും സ്വാത്മരതനായിത്തീരുകയും ചെയ്തു കഴിഞ്ഞാൽ ഏതു സാഹചര്യവും ചുറ്റുപാടും അനുകൂലമായും സന്തോഷപ്രദമായും അനുഭവപ്പെടും.

106. സാധകൻ സ്വയം ധ്യാനലീനനായി ഭഗവന്നാമജപം, സങ്കീർത്തന ശ്രവണം തുടങ്ങിയവയിൽ മുഴുകി കഴിയുമ്പോൾ അയാൾക്ക് ചിത്തശുദ്ധി സാധ്യമാകുകയും ഭഗവാൻ എന്ന സൂക്ഷ്മതത്ത്വം ദർശിക്കുകയും ചെയ്യും. എന്നാൽ പ്രപഞ്ച വിഷയങ്ങളെപ്പറ്റി മാത്രം ചിന്തിക്കുന്നയാൾ ലോകമഗ്നനായും ഭവിക്കും. ഈശ്വരധ്യാനനിരതനായി കഴിയുന്നയാൾ പരമസത്യസ്വരൂപനായ ഈശ്വരനിൽ മുഴുകുകയും ചെയ്യും. ഫലപ്രദമായ ഈശ്വരധ്യാനത്തിന് ഒരാൾ പുരുഷനാണെങ്കിൽ സ്ത്രീയുടെയും സ്ത്രീയാണെങ്കിൽ പുരുഷന്റെയും സഹവാസം ഒഴിവാക്കണം. ഏകാന്തതയിൽ ഇരുന്ന് ധ്യാനിക്കണം. ബന്ധനത്തിലും കഷ്ടതയിലും എത്തിക്കുന്ന സ്ത്രീപുരുഷ ബന്ധത്തെപ്പോലെ മറ്റൊന്നും അത്ര ദോഷകരമാവില്ല. (ഭാഗവതം XI. 14–26, 27, 29, 30)

107. **"നൃദേഹമാദ്യാം സുലഭം സുദുർലഭം
പ്ലവം സുകല്പം ഗുരുകർണധാരം
മയാനുകൂലേന നഭസ്വതേരിതം
പുമാൻ ഭവാബ്ധിം ന തരേത് സ ആത്മഹാ."**

**(ഭാഗവതം XI-20-17)**

ഒരു മനുഷ്യശരീരം ഉണ്ടെങ്കിൽ മാത്രമേ എല്ലാ സാധനകളും നമുക്കു ചെയ്യാൻ കഴിയൂ. ഈ ദേഹം ഏറ്റവും സമർത്ഥമായ ഒരു വഞ്ചിയാണ്. ഗുരുവിനെ വഞ്ചിക്കാരനാക്കുക. അദ്ദേഹം സമുദ്രം തരണം ചെയ്യാൻ നമ്മെ നയിക്കും. ഈശ്വരാനുഗ്രഹം അനുകൂലമായ കാറ്റാണ്. അതുണ്ടെങ്കിൽ തോണിക്ക് സുഗമമായി സഞ്ചരിക്കാനും സംസാരസാഗരം

തരണം ചെയ്യാനും സാധിക്കും. ഈ തരത്തിൽ നാം നമ്മുടെ ശരീരത്തെ ഉപയോഗിക്കുന്നില്ലെങ്കിൽ അത് ആത്മഹത്യക്കു സമമാണ്.

108. സാംഖ്യ-ജ്ഞാന-ഭക്തിയോഗങ്ങളെപ്പറ്റി ശ്രീകൃഷ്ണൻ ഉപദേശിക്കുന്നതുകേട്ട് ഉദ്ധവരുടെ മനസ്സ് തളർന്നു. നിരാശനായി അദ്ദേഹം അവസാനം ഭഗവാനോട് ചോദിച്ചു – "ആത്മനിയന്ത്രണം സാധിക്കാത്ത ഒരാൾക്ക് അങ്ങ് ഉപദേശിച്ച ഈ യോഗമാർഗങ്ങളെല്ലാം പ്രയോഗിക്കാൻ പ്രയാസമാണ്. ഭഗവത്പ്രാപ്തിക്ക് ഒരു സുഗമ മാർഗം ഉപദേശിച്ചു തന്നാലും."

ശ്രീകൃഷ്ണൻ ഇങ്ങനെ വിശദീകരിച്ചു –

1. നിങ്ങൾ ഏതു ജോലിയിൽ ഏർപ്പെട്ടിരിക്കയാണെങ്കിലും ഭഗവാനെ നിരന്തരം സ്മരിച്ചുകൊണ്ട് സ്വധർമം നിർവഹിക്കയും അത് ഭഗവാന് സമർപ്പിക്കുകയും ചെയ്യുക. കർമഫലം എന്തായിരിക്കണമെന്നും അതിൽ സന്തോഷിക്കാമെന്നും പ്രതീക്ഷിച്ചിരിക്കാതെ കർമം സമ്പൂർണമായും ഭഗവാന് അർപ്പിക്കുക. ലോകത്തെ ഒരു ബാഹ്യ കേന്ദ്രത്തിൽ നിന്നുമുള്ള പ്രതിഫലം – സന്തോഷം തേടാതെ സ്വാത്മാവിൽ തന്നെ നിരതനായിരിക്കുക.

2. ഭക്തന്മാരും സാധുജനങ്ങളും ധാരാളമുള്ള ആശ്രമങ്ങളിലും അത്തരം സ്ഥലങ്ങളിലും പോകുക.

3. ദീപാവലി തുടങ്ങിയ സുദിനങ്ങൾ ഭജനയും ഭഗവന്നാമജപ സങ്കീർത്തനാദികളും സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള ഗാനങ്ങളും മറ്റും ഏർപ്പാടുചെയ്ത് ആഘോഷിക്കുക.

4. ഈശ്വരൻ സർവവ്യാപിയാണെന്നു കാണാൻ ശീലിക്കുക – ഉള്ളിലും പുറത്തും ഈശ്വരൻ തന്നെ. ബാഹ്യശരീരവും ഈശ്വരൻ, ആന്തരത്തിലും ഭഗവാൻ തന്നെ. എല്ലായിടവും ഈശ്വരമയം. പ്രാരംഭത്തിൽ ആ ഭാവന സാങ്കല്പികമായിരിക്കും. എന്നാൽ ക്രമേണ ഈ ബോധം യഥാർത്ഥമാണെന്നും എല്ലാറ്റിലും ഭഗവാൻ പ്രകാശിക്കുന്നു എന്നുള്ള വസ്തുത സത്യമാണെന്നും മനസ്സിലാകും. ഉന്നതകുല ജാതനായ ബ്രാഹ്മണൻ, അധഃകൃതൻ, ചോരൻ, സംന്യാസി, അക്രമി, അഹിംസാവാൻ – ഇങ്ങനെ എല്ലാപേരും ഈശ്വര സൃഷ്ടികൾ തന്നെയാണെന്നും വ്യത്യസ്തരല്ലെന്നും സങ്കീർണമായ 'അഹം ബുദ്ധി' ഇല്ലാതെ സമദർശിതയോടെ വീക്ഷിക്കാൻ ഒരു ശീലം നാം വളർത്തിയെടുക്കണം. അസൂയ, വൈരം, ശത്രുത, ഉച്ച-നീച സങ്കല്പം, അഹന്ത ഇവയിൽ നിന്നെല്ലാം മോചനം കിട്ടാൻ ഈ വീക്ഷണം സഹായിക്കും. ഈശ്വരസാക്ഷാത്കാരത്തിന് ഈ സമദർശന മനോഭാവ പരിപോഷണവും സർവരിലും ഈശ്വരനെ ദർശിക്കലും പ്രധാന സാധനകളാണ്.



5. സ്വധർമം പരിപൂർണമായി ഭഗവാന് സമർപ്പിക്കുന്നയാൾക്ക് ഈശ്വരാനുഗ്രഹവും അനശ്വരത്വവും ഭഗവത് സാത്മ്യവും വേഗം നേടാൻ സാധിക്കുന്നതാണ്. (ഭാഗവതം XI. 29. 9–12, 14, 15, 34)

☆

## അധ്യായം 12

# ആശ്രയ സ്കന്ധം

109. സത്യം, കാരുണ്യം, ക്ഷമ തുടങ്ങിയ നന്മകളെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലിയുഗത്തിലെ ബഹുമുഖ പതനം വിവരിച്ചുകൊണ്ടാണ് ദ്വാദശസ്കന്ധം ആരംഭിക്കുന്നത്. ഈ യുഗത്തിൽ ഒരാളെ ഉന്നതജാതനാണെന്നു നിർണയിക്കാനുള്ള മാനദണ്ഡം സമ്പത്താണ്. നീതി നടത്തുന്നതിൽ നിർണായക ഘടകമായി വരുന്നത് ശക്തിയായിരിക്കും, അതാവും ശരിയും. വ്യാജ പ്രവൃത്തിയും വ്യാപാരാദികളും സമാനമാകും. ഉപവീതധാരണമൊഴികെ ബ്രാഹ്മണന് ഒരു മഹത്വവുമില്ലാ എന്നു വരും. ശകാര വാക്കുകൾ ധാരാളമായി പ്രയോഗിക്കാൻ കഴിഞ്ഞാൽ പണ്ഡിതനായി അംഗീകരിക്കപ്പെടും. മനുഷ്യർ ജീവിക്കുന്നത് ഭുജിക്കാൻ മാത്രമായി തീരും. പ്രശസ്തിയും അംഗീകാരവും നേടാനായിട്ടായിരിക്കും നന്മ കാണിക്കലും ധർമാചരണവുമെല്ലാം. ഭരണകർത്താക്കൾ ലോഭികളും ക്രൂരന്മാരും കൊള്ളക്കാർക്കു സമന്മാരുമായി അധഃപതിക്കും. സംന്യാസി മഠങ്ങൾ ഗൃഹത്തെപ്പോലെ ആനന്ദിക്കാനുള്ള സ്ഥലമാകയും ആശ്രമവും ഗൃഹവും തമ്മിൽ വ്യത്യാസമില്ലാതാകയും ചെയ്യും. ഇങ്ങനെ, കലിയുഗം പുരോഗമിക്കുമ്പോൾ, മനുഷ്യർ മൃഗതുല്യരാകുമ്പോൾ, തിന്മകൾ ഇല്ലാതാക്കാൻ വേണ്ടി ഭഗവാൻ കൽക്കി രൂപത്തിൽ അവതരിക്കും. അപ്പോൾ മുതൽ കൃതയുഗം ആരംഭിക്കും.

110. താൻ മരിക്കാൻപോണു എന്ന വിചാരം ഉപേക്ഷിക്കണമെന്നും അത് മൃഗങ്ങൾക്കുമാത്രം അനുയോജ്യമായ ചിന്തയാണെന്നും പറഞ്ഞ് ഏഴാം ദിവസം പരീക്ഷിത്ത് മഹാരാജാവിനായുള്ള ഭാഗവതോപദേശം ശ്രീശുകൻ ഉപസംഹരിക്കുന്നു. യഥാർത്ഥ ആത്മാവ് ഒരിക്കലും ജനിക്കുന്നില്ല, ഉണർന്നിരിക്കുന്ന അവസ്ഥയിലുള്ള മൃത്യു-ശാരീരിക മരണം – സ്വപ്നത്തിൽ സ്വശിരച്ഛേദം നടന്നതായി അനുഭവിക്കുന്നതുപോലെയാണ്. ആത്മാവ് ശരീരവുമായി ഒന്നുചേർന്നിരിക്കുന്നതല്ല. സാക്ഷി



മാത്രമാണ്, മരണം അതിനെ ബാധിക്കുന്നുമില്ല. ഇത് വൈദ്യുതി ബൾബിൽ നിന്നും വ്യത്യസ്തമായിരിക്കുന്നതുപോലെയാണ്. ബൾബ് തകർന്നു തരിപ്പണമായാലും വൈദ്യുതി അബാധിതമായിത്തന്നെയിരിക്കുന്നു. ഭഗവാൻ അന്യാദൃശമായ സ്വമായയാൽ മനസ്സിനെ സൃഷ്ടിച്ചിരിക്കുന്നു, ശരീര- മനസ്സുകളുടെ സമന്വയമായ ആത്മാവിനെ സാക്ഷ്യപ്പെടുത്താൻ നാം ഉദ്യമിക്കുന്നു, അങ്ങനെ ജനനമരണ ചക്രത്തിൽ കുടുങ്ങുകയും ചെയ്യുന്നു. പരീക്ഷിത്ത് മഹാരാജാവ് ശ്രീശുകനെ പ്രണമിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഭഗവാന്റെ മഹിമാനുവർണനം ഏഴുനാൾ കേൾക്കാൻ സാധിച്ചതുകൊണ്ട് സർവഭയ വിമുക്തനായിത്തീർന്നിരിക്കുന്നതായും പരമമായ ബ്രഹ്മാനന്ദം അനുഭവിക്കുന്നതായും പ്രഖ്യാപിക്കുകയും ചെയ്തു. ശ്രീശുകൻ പോയ ശേഷം, ബ്രഹ്മസാത്മ്യഭാവത്തിൽ ലീനചിത്തനായി ഭവിച്ച് ശരീരാവബോധം തന്നെ ഇല്ലാതായി; ശാപവിധി അനുസരിച്ച് സർപരാജനായ തക്ഷകൻ വന്ന് പരീക്ഷിത്തിനെ മാരക ദംശനമേല്പിച്ചു. ഏഴുദിവസം ഭഗവല്ലീലകൾ ശ്രവിച്ച് അനന്താനന്ദപദം നേടിയ പരീക്ഷിത്ത് രാജന്റെ അനുഭവം അന്യാദൃശ്മായ ഒന്നുതന്നെയാണ്.

111. **"കൃതേ യദ് ധ്യായതോ വിഷ്ണും ത്രേതായം യജതോ മഖൈഃ ദ്വാപരേ പരിചര്യായാം കലൗ തദ് ഹരികീർത്തനാത്."**

ഓരോ യുഗത്തിനും ജനങ്ങളുടെ ധാർമികതലം അനുസരിച്ച് ധർമത്തിന് ഉച്ച-അധഃ മാനദണ്ഡങ്ങളുണ്ട്; ഭഗവൽപ്രാപ്തിക്ക് അനുഗുണമായ നിർദ്ദേശവുമുണ്ട്. കലിയുഗത്തിന്റെ വിവിധ വൈകല്യങ്ങൾ വിവരിച്ച ശേഷം, വ്യാസൻ, ഈ യുഗത്തിൽ ഈശ്വരനെ അനായാസമായി പ്രാപിക്കുന്നതിനുള്ള മാർഗനിർദ്ദേശം നൽകി. അക്കാര്യത്തിൽ കലിയുഗം ഭാഗ്യദായകമാണെന്ന് പ്രശംസിക്കുന്നു. കലിയുഗം എല്ലാ തിന്മകളുടെയും കേദാരമാണെന്നു സമ്മതിക്കുന്നതോടൊപ്പം, വർത്തമാനകാല മനുഷ്യൻ ധാർമികമായ ചെളിക്കുണ്ടിൽ പതിക്കുന്നതിന് നാം സാക്ഷിയാകുന്നു. എന്നാൽ ഈശ്വര സാക്ഷാത്കരത്തിന് എല്ലാ സംഗങ്ങളിൽ നിന്നു മുക്തമാകാനും ഭഗവത് സംകീർത്തനം ചെയ്യാനും ഭഗവന്നാമജപം ചെയ്യാനും കേൾക്കാനും കലിയുഗം ഉത്തമ കാലമാണ്.

അങ്ങനെ കലിയുഗത്തിന് ഒരു വൈശിഷ്ട്യമുണ്ട്. മറ്റു പ്രകാരത്തിൽ പറഞ്ഞാൽ, കൃതയുഗത്തിൽ വിഷ്ണുധ്യാനം കൊണ്ടും ത്രേതായുഗത്തിൽ യാഗങ്ങൾ കൊണ്ടും ദ്വാപര യുഗത്തിൽ സമർപ്പണ പൂർവമായ സേവനവും ആരാധനയും കൊണ്ടും ഒരാൾക്ക് എന്തെല്ലാം നേടാമോ അതെല്ലാം കലിയുഗത്തിൽ ഭഗവത് സംകീർത്തനം കൊണ്ടു സാധിക്കാം. എത്ര ലളിതം, നാം എത്ര വ്യത്യസ്ത ഭാഗ്യശാലികൾ, നമ്മുടെ ചുറ്റുപാടും തിന്മ വ്യാപിച്ചിരിക്കയാണെങ്കിൽക്കൂടി എത്ര അനായാസമായി ഈശ്വരപ്രാപ്തി നേടാം!

112. നാമരൂപ കല്പനയൊന്നും കൂടാതെ പരമാത്മാവിനെ സംബന്ധിച്ച് ഒരു സ്തുതിയോടുകൂടിയാണ് വ്യാസൻ ഭാഗവതം ആരംഭിക്കുന്നത്. ബ്രഹ്മസൂത്രത്തിലും ഉപനിഷത്തുകളിലും വിവരിക്കപ്പെട്ടിട്ടുള്ള വേദാന്തദർശനത്തിന്റെ സാരസർവസ്വമാണ് ആ സ്തുതി. ഭാഗവതത്തിന്റെ സമാപ്തി ശ്ലോകത്തിലാകട്ടെ, വ്യാസ ഭഗവാൻ ഈശ്വര സാക്ഷാത്കാര പഥത്തിലുള്ള എല്ലാ വിഘ്നങ്ങളും പരിഹരിക്കാൻ ഭഗവന്നാമജപത്തിനു മാത്രമേ കഴിയൂ എന്നു പ്രസ്താവിക്കുന്നു. ഇപ്പോൾ, ഒരു കൈകൊണ്ടുതന്നെ പ്രപഞ്ചജീവിതത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഈശ്വര സാക്ഷാത്കാരം സാധിക്കണമെന്ന് ആൾക്കാർ ആഗ്രഹിക്കുന്നുവെങ്കിലും, ഭക്ഷണസമയത്തോ നടക്കുമ്പോഴോ യാത്രാവേളയിലോ അടുക്കളയിൽ പാചകം ചെയ്യുമ്പോഴോ ഒക്കെ അനായാസം നിർവഹിക്കാവുന്ന ഭഗവന്നാമജപത്തിനുവേണ്ടി ബദ്ധപ്പെടാൻ മാനസികമായോ ശാരീരികമായോ മടിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. സംസ്കൃത അക്ഷരമാലയിലെ ഓരോ അക്ഷരവും ലോകത്ത് ഈശ്വരന്റെ ആവിഷ്കാരം, ഓരോ ശക്തിപ്രകാശനമാണ്. ആദ്യാക്ഷരമായ 'അ' 'अ' അമൃതവർഷിണിയായ ശക്തിയാണ്. അത് ദീർഘകാലം ഉച്ചരിച്ചാൽ ദീർഘായുസ്സു ലഭിക്കും. മായാബീജത്തെ നിയന്ത്രിക്കാൻ ആവശ്യമായ ശക്തി പ്രദാനം ചെയ്യുന്ന ഈശാനിയെയാണ് 'ഈ' എന്ന അക്ഷരം പ്രതിനിധാനം ചെയ്യുന്നത്. അതിന് മായയെ ഇല്ലാതാക്കാനും ശക്തിയുണ്ട്. ഭഗവന്നാമങ്ങൾ എല്ലാം വിവിധ ശക്തിസംഘാതങ്ങളാണ്. അവയുടെ വീചികൾ മനസ്സിലേക്കും ശരീരത്തിലേക്കും നുഴഞ്ഞുകടക്കാനും ശുദ്ധമാക്കാനും ചുറ്റുമുള്ള വ്യാപകമായ അന്തരീക്ഷത്തെ



സംശുദ്ധീകരിക്കാനും ഒരു അതീതാവബോധ തലത്തിലേക്ക് – സമാധ്യവസ്ഥയിലേക്ക് നമ്മെ ഉയർത്തി ഈശ്വര സാക്ഷാത്കാരം സുസാധ്യമാക്കാനും ഇടവരുത്തുന്നു.

113. സാധനയിൽ ഏറ്റവും ലളിത ഉപായമായ ഒരു സന്ദേശമാണ് മുൻഖണ്ഡികയിൽ പറഞ്ഞത്. ആത്മീയ ശിക്ഷണവുമായി ബന്ധപ്പെട്ടതും ധാരാളം സമയം വേണ്ടതുമായ കഠിന വ്രതങ്ങളുടെ നിഷ്ഠകളാൽ ക്ലേശിക്കുന്നവർക്ക് ഇതിൽ നിന്നും വളരെ പ്രോത്സാഹനവും ഉത്തേജനവും ലഭിക്കുന്നതാണ്. മറ്റു നിത്യജോലികളുടെ തിരക്കുകളിൽപ്പെട്ടു കഴിയുന്നവർ ഭഗവന്നാമജപത്തിനായി വളരെ സമയമൊന്നും മാറ്റിവയ്ക്കേണ്ടതായിട്ടില്ല. ഒരു നിർദ്ദേശം: സാധ്യമാകുന്ന സമയത്തെല്ലാം ഈശ്വരനാമം കുറച്ചുനേരം ഉറക്കെ ജപിക്കുക; നാമാക്ഷരങ്ങളുടെ ശബ്ദതരംഗങ്ങൾ പ്രബലമായി നിങ്ങളുടെ മനസ്സിലും ശരീരത്തിലും കൂടി പ്രസരിക്കുകയും പുതിയ ഒരു ഉണർവ് നിങ്ങൾക്ക് നൽകുകയും ചെയ്യുന്നതാണ്. അധികം വൈകാതെ തന്നെ നിങ്ങൾ അതിൽ നിന്നു വിട്ടുമാറാനാകാത്ത അവസ്ഥയിലാകും. അപ്പോൾ നിങ്ങളുടെ മനസ്സിലെ നൈരാശ്യങ്ങളും വൈരാഗ്യവും മാറി അനിർവചനീയമായ മനശ്ശാന്തിയും തന്മൂലം ജീവിതത്തിൽതന്നെ ദൃശ്യമായ പരിവർത്തനവും സംഭവിക്കുന്നതായി ബോധ്യപ്പെടും. ഇങ്ങനെ അനുഭവം ഉണ്ടാകുന്നെങ്കിൽ നാമജപത്തിനുള്ള സമയം കൂട്ടാം. നാമജപത്തിന്റെ പ്രാധാന്യം നിങ്ങൾ ഗ്രഹിക്കണം; ആത്മീയ പ്രഭാഷണങ്ങളിൽ പങ്കെടുക്കണം, സാധുജനസമ്പർക്കം നേടണം. ഇതൊന്നുമായില്ലെങ്കിൽ നിശ്ശബ്ദനായിരുന്ന് ഭഗവന്മഹിമയെപ്പറ്റി ചിന്തിച്ചു ധ്യാനിക്കുക. വിവിധ സ്കന്ധങ്ങളിലായി അനേകം ശിക്ഷണങ്ങളും സാധനകളും വിവരിക്കപ്പെട്ടിട്ടുണ്ട്. അവയിലൊന്നും തന്നെ നിങ്ങൾക്ക് സ്വീകാര്യമായില്ലെങ്കിൽ, 'ആസന്നവിധി'യായ 'കലിയുഗ വിധി' 20–21 നൂറ്റാണ്ടുകളിലേക്ക് ഏറ്റവും ഉതകുന്നതായി കരുതി സ്വീകരിക്കുക; അനുഭവിക്കുക, ഫലം നേടുക. നിങ്ങൾക്കുവേണ്ടി വാതിൽ തുറക്കാൻ ഭഗവദനുഗ്രഹം കാത്തിരിക്കുന്നു.

114. നാം ആത്മീയാന്വേഷണത്തിന്റെ സമാപ്തിയിൽ എത്തിയിരിക്കുന്നു. നവമം മുതൽ ദ്വാദശം വരെയുള്ള സ്കന്ധങ്ങളിൽ സാധനയെ

ക്കുറിച്ചു പറഞ്ഞ മുഖ്യവിഷയങ്ങളെ ഒന്ന് അനുസ്മരിക്കുന്നത് പ്രയോജനകരമായിരിക്കും.

1. അന്യർ തന്നെ നശിപ്പിക്കാൻ പ്രകടമായി ശ്രമിച്ചാലും ഒരു യഥാർത്ഥ ഭക്തൻ പ്രതികരിക്കുകയില്ല; അഭ്യർത്ഥിച്ചില്ലെങ്കിൽക്കൂടി ഭഗവാൻ അത്തരം ഭക്തനെ നിശ്ചയമായും രക്ഷിക്കും. കാരണം അയാൾ തന്നെ ദ്രോഹിച്ചയാളിനോട് അപ്രിയമോ വിരോധമോ ശത്രുതയോ ഒന്നും വച്ചുപുലർത്തുകയില്ല.

2. ഒരു സാധകൻ ലൗകികന്മാരുമായുള്ള സഹവാസം എല്ലായ്പോഴും ഒഴിവാക്കും; തന്റെ ഇന്ദ്രിയങ്ങളെ പ്രപഞ്ച വിഷയങ്ങളിലേക്ക് തിരിച്ചുവിടുകയുമില്ല. തികഞ്ഞ ഏകാന്തതയിൽ വസിക്കുകയും ഈശ്വരനെ നിരന്തരം സ്മരിക്കുകയും എന്തെങ്കിലും സഹവാസം വേണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ തന്നെ സാധുക്കളുമായുള്ള സമ്പർക്കം മാത്രം പുലർത്തുകയും ചെയ്യുന്നതാണ്.

3. നെയ്യ് ഒഴിച്ചാലെന്നപോലെ ആളിക്കത്തുന്നതാണ് മാംസ നിബദ്ധ മായ ആഗ്രഹങ്ങൾ. മാതാവായാലും സഹോദരിയായലും പുത്രി യായാലും ഒരു സ്ത്രീയുമായുള്ള സഹവാസം സദാ പുലർത്തരുത്. എത്ര ദൃഢചിത്തനായ മനുഷ്യൻ പോലും ശക്തമായ വികാരങ്ങ ളാൽ വഴിതെറ്റിപ്പോകാൻ ഇടയുണ്ട്.

4. മനുഷ്യരാശിക്കുവേണ്ടി സ്വജീവൻ പോലും ബലികഴിക്കാൻ സന്നദ്ധനായ മഹാരാജാവ് രന്തിദേവൻ ഭരണകർത്താക്കളിൽ ഒരു വ്യത്യസ്ത ഭരണാധിപനായിരുന്നു. സ്വയം മരണമുഖത്തായിരു ന്നിട്ടുപോലും അന്യരുടെ സങ്കടവും സന്താപവും ഏറ്റെടുത്ത് അവർക്ക് സുഖം നല്കാൻ അദ്ദേഹം ആഗ്രഹിച്ചു.

5. ശ്രീകൃഷ്ണ ഭഗവാന്റെ കഥ ഒരു പുരാണവിഷയം മാത്രമാണെന്ന് നാം നിസ്സാരമായി തള്ളി വിചാരിച്ചാലും, ഭഗവാൻ മനുഷ്യരൂപത്തിൽ അവതരിച്ചതിന്റെ കഥയാണെന്ന സത്യത്തിൽ നിന്നും നമുക്ക് അകലാനാവില്ല. ഭഗവത് കഥകൾ കേൾക്കുന്ന സാധകന് വാസന



കളെ നിരോധിക്കാനും സമാധിയുടെ അതീതമായ ഉപബോധ തലത്തിലേക്ക് അനായാസം ഉയരാനും ക്രമേണ സാധിക്കുന്നതാണ്.

6. ശരീരവും ഇന്ദ്രിയങ്ങളും ഒരേ പ്രാരബ്ധങ്ങളിൽ (കർമവും വിധിയും) ഏർപ്പെട്ടിരിക്കെ, ആത്മീയ പരിണാമം സിദ്ധിച്ച ഒരാൾ എല്ലാത്തിനും കേവലം സാക്ഷിബോധം പുലർത്തിക്കൊണ്ടിരിക്കയും താൻ ചെയ്യുന്നു എന്ന അഹംബുദ്ധി ലേശവും ഇല്ലാതിരിക്കയും ചെയ്യും.

7. സ്വപ്രയത്നംകൊണ്ടു മാത്രം ഈശ്വരസാക്ഷാത്കാരം നേടാമെന്ന് ഒരു സാധകൻ ഒരിക്കലും വിചാരിക്കരുത്. ഈശ്വരാനുഗ്രഹമില്ലെ ങ്കിൽ ഒന്നും നേടാനാവില്ല. അതിന് പ്രാർത്ഥിക്കണം. സദാ പ്രാർത്ഥന യിൽ നിരതനാകണം.

8. ഭഗവാന്റെ ചോരണാദി സാഹസിക കഥകൾ മാത്രം കേട്ടാൽ പോലും, മനസ്സ് ഏകാഗ്രമാകയും ആ ശ്രദ്ധ സ്തേയ യോഗത്തി ലേക്ക് – മുക്തിയിലേക്ക് നയിക്കയും ചെയ്യും.

9. ഭഗവദനുഗ്രഹത്തിനായുള്ള നിരന്തരവും പ്രഗാഢവുമായ പ്രാർത്ഥന; സന്തോഷ സന്താപങ്ങൾ ഉളവാക്കുന്ന പ്രാരബ്ധാനുഭവങ്ങൾ; ഹൃദയപൂർവ്വം ഈശ്വര പ്രണാമം, മനോ വാക് കായങ്ങളാലുള്ള ഈശ്വര ചിന്ത – ഇത് ത്രിമുഖ സാധനയാണ് എന്ന് ബ്രഹ്മാവിന്റെ ഭഗവത് സ്തുതിയിൽ പ്രസ്താവിക്കുന്നു, അതിന് പ്രേരിപ്പിക്കുന്നു.

10. ഭഗവാന്റെ സുഖസന്തോഷാദികളിൽ ആഹ്ലാദിക്കുകയും തനിക്കു പ്രിയപ്പെട്ട ഭഗവാന്റെ വിഷമാവസ്ഥയിൽ തകരുകയും ചെയ്യുന്ന താണ് ഭവ്യമായ ഭക്തിക്കു തെളിവ്. ഇതിന് ഏറ്റവും നല്ല മാതൃക യാണ് ഗോപികമാർ.

11. 'രാസക്രീഡാ' കഥ, പ്രത്യേകിച്ചും, വർണിക്കുന്ന ഭാഗങ്ങൾ ആലപി ക്കയോ ശൃംഗാര ഭാവങ്ങൾ കേൾക്കുകയോ ചെയ്താൽ പൂർണ ലൗകിക മനുഷ്യർ പോലും ഭഗവാനിലേക്ക് ആകർഷിക്കപ്പെടുകയും

ഹൃദയത്തിലെ സമസ്ത 'രോഗ'ങ്ങളെയും ദൂരീകരിക്കയും ചെയ്യുന്നതാണ്.

12. ഒരു ജീവാത്മാവ് ഭഗവാന്റെ സ്തുതികൾ കേൾക്കാനിടയാകയാണെങ്കിൽ, അത് പരമാത്മാവുമായി ലയിച്ചുചേരാൻ ആത്മാർത്ഥമായും ആഗ്രഹിക്കും. ഈ ജന്മത്തിലോ ജന്മാന്തരങ്ങളിലൂടെയോ അവസാനം ആ ലക്ഷ്യം പ്രാപിക്കയും ചെയ്യും ഇതാണ് രുഗ്മിണി ഭഗവാന് അയയ്ക്കുന്ന സന്ദേശത്തിലും സ്വയംവരത്തിലും പ്രതീകവത്കൃതമായിരിക്കുന്നത്.

13. ഭഗവാനെ നിരന്തരം ഹൃദയപൂർവം ധ്യാനിക്കണം; അത് പ്രേമഭക്തികളോടുകൂടി ആയിരിക്കണമെന്നില്ല. ഭഗവാന്റെ നേർക്ക് കടുത്ത വൈരവും ശത്രുതയും സദാ പുലർത്തിയാൽ പോലും അത് മോക്ഷപ്രദമാകാം.

14. പരിശുദ്ധ ഭക്തിയിൽ കവിഞ്ഞൊന്നും ഭഗവാൻ ഭക്തനോട് ആവശ്യപ്പെടുന്നില്ല. ഒരു പർണം, ഒരു ഫലം, ഒരു ജലകണം എന്തും ഭക്തിപൂർവം സമർപ്പിച്ചാൽ മതി, ഭഗവാൻ സന്തോഷിക്കും.

15. നിമി രാജാവിന്റെ സന്ദേഹങ്ങൾ പരിഹരിക്കുന്നതിനിടയിൽ നവയോഗീശ്വരന്മാർ ഈശ്വരസാക്ഷാത്കാരത്തിന് സഹായകമായ ഏതാനും നിഷ്ഠകൾ വിവരിക്കുന്നുണ്ട്.

i. യഥാർത്ഥത്തിൽ ഇല്ലാത്ത ശരീരവുമായി നാം സാത്മ്യം നേടുകയും ഭയശോകാദികൾക്ക് അധീനപ്പെടുകയും ചെയ്യുന്നു. വിശ്വാത്മാവായ ഭഗവാനോട് പ്രാർത്ഥിച്ചു മാത്രമേ നമുക്ക് ഈ ഭയശോകങ്ങളിൽ നിന്നു മോചനം നേടാനാകൂ.

ii. നാം മനോവാക്കായങ്ങൾ കൊണ്ടും ഇന്ദ്രിയങ്ങൾ കൊണ്ടും ചെയ്യുന്ന സകല കർമങ്ങളും ഭഗവാനു സമർപ്പിക്കണം, ആ കർമങ്ങളുടെ യാതൊരു ഫലവും സ്വയം ആഗ്രഹിക്കാതെ. ഇങ്ങനെ ഭഗവത് സമർപ്പണമായി ചെയ്യുന്ന ഒരു കർമവും നമ്മെ ബന്ധിക്കുകയില്ല.



iii. ചഞ്ചലമായ മനസ്സിനെ നിയന്ത്രിക്കയും വിചാരമുക്തമാക്കുകയും വേണം.

iv. ഭഗവന്നാമങ്ങൾ യാതൊരു മടിയും കൂടാതെ ഉറക്കെ ജപിച്ചും സ്തുതികൾ പാടിയും കേട്ടും ജീവിത സംഗങ്ങളിൽ നിന്നും മുക്തനാവണം.

v. നദികളും സാഗരങ്ങളുമെല്ലാം പരമാത്മാവിന്റെ ആവിഷ്കാരങ്ങൾ തന്നെയാണെന്നു കരുതി അവയെ പ്രണമിക്കുന്നതുകൊണ്ട് നമുക്ക് അഹംഭാവരാഹിത്യത്തെ പരിപോഷിപ്പിക്കാം.

vi. ഭഗവാനെ നിരന്തരം ധ്യാനിക്കുന്നത് നമ്മിൽ ഭക്തി ഉളവാക്കും, നിർവികാരതയും ഭഗവദ്ജ്ഞാനവും നമ്മെ മോക്ഷപദത്തിൽ എത്തിക്കും.

vii. ഭക്തന്മാരിൽ ശ്രേഷ്ഠൻ -

എല്ലാ ജീവജാലങ്ങളും ആത്മസ്വരൂപങ്ങളാണെന്നും ഭഗവാൻ തന്നെയാണ് സർവാത്മാവ് എന്നും ധരിച്ച് എല്ലാറ്റിനെയും വീക്ഷിക്കണം, അങ്ങനെയുള്ളയാൾ; സ്വമനസ്സിൽ ഒരു ആഗ്രഹവും മുളയ്ക്കാതെ ഭഗവത് സമർപ്പണബുദ്ധിയോടെയിരിക്കുന്നയാൾ; ത്രിഭുവനങ്ങളിലെയും ഐശ്വര്യങ്ങളാൽ ആകൃഷ്ടനാകാതെ, ഒരു നിമിഷാർദ്ധം പോലും ഈശ്വരചിന്തയിൽ നിന്നും വ്യതിചലിക്കാതെയിരിക്കുന്നത് ആരാണോ അങ്ങനെയുള്ളയാൾ.

viii. സത്സംഗം ചെയ്ത്, സകലരോടും കാരുണ്യവും സൗഹൃദവും പരിപോഷിപ്പിച്ച്, സംശുദ്ധി, ക്ഷമ, വിനയം, മൗനം, ഋജുത, ശാസ്ത്രജ്ഞാനം, ബ്രഹ്മജ്ഞാനം, അഹിംസ, സമദർശനം, ഭഗവന്നാമജപം, ഭഗവദ് ധ്യാനം, സ്വകളത്രപുത്രാദികളെപ്പോലും ഭഗവദ് പാദങ്ങളിൽ സമർപ്പിക്കൽ എന്നിവയാൽ പ്രാപഞ്ചിക വിഷയങ്ങളിൽ നിന്നും മനസ്സിനെ സ്വതന്ത്രമാക്കി മായയിൽ നിന്നും മുക്തി നേടാം.

16. പ്രകൃതി മാതാവ് നമുക്ക് എത്രയോ ഗുരുക്കന്മാരെ കാണിച്ചു തരുന്നു; അവരിൽ നിന്ന് നമുക്ക് സാധകമായ ഒരു പാഠം പഠിക്കാം. അത് നമ്മെ പുരോഗമിപ്പിക്കും. അല്ലെങ്കിൽ എന്തെങ്കിലും പാടില്ല എന്നു മനസ്സിലാക്കിത്തന്ന് നമ്മുടെ ആത്മീയ പഥത്തിൽ നമ്മെ മുൻപോട്ട് നയിക്കും. ദത്താത്രേയ അവധൂതൻ 24 ഗുരുക്കന്മാരെ മാതൃകയാക്കുകയും ഭൂമിയിൽ നിന്നു ക്ഷമ പഠിച്ചതുപോലെ ഓരോരുത്തരിൽ നിന്നും ഓരോ പാഠങ്ങൾ പഠിക്കാൻ സാധിക്കുന്നതെങ്ങനെയെന്നു വിവരിച്ചുതരികയും ചെയ്യുന്നു.

അവരിൽ പതിന്നാലു ഗുരുക്കന്മാർ – ഭൂമി, വായു, അന്തരീക്ഷം, ജലം, അഗ്നി, ചന്ദ്രൻ, സൂര്യൻ, മലമ്പാമ്പ്, സമുദ്രം, ശിശു, അമ്പ് ഉണ്ടാക്കുന്നയാൾ, എട്ടുകാലി, സർപം, വേട്ടാവളിയൻ എന്നിവ സാധകപാഠങ്ങൾ പഠിപ്പിക്കുന്നു.

നാം ഒഴിവാക്കേണ്ട കാര്യങ്ങളാണ് ഏഴു ഗുരുക്കന്മാർ പഠിപ്പിക്കുന്നത് – പ്രാവ്, ശലഭം, ഗജം, മാൻ, മത്സ്യം, കുരരപ്പക്ഷി, കന്യക.

അവശേഷിക്കുന്ന മൂന്നു ഗുരുക്കന്മാർ – പൂമ്പാറ്റ, മധുഹാരി, പിങ്ഗള എന്നിവർ സാധകവും നിഷേധകവുമായ പാഠങ്ങൾ പഠിപ്പിക്കുന്നു.

ഒരാൾ സ്വന്തം ശരീരത്തെയും നല്ല ഗുരുവായി കണക്കാക്കണമെന്ന് ഉപദേശിക്കുന്നു. വിവേചനവും നിസ്സംഗതയും പരിശീലിക്കാൻ സ്വയം നശിക്കുന്നതായ ശരീരം നിർവികാരത പഠിപ്പിക്കുന്നു; ഇന്ദ്രിയസുഖം ഉപേക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും പരമമായ മോക്ഷം നേടുന്നതിനുള്ള ഉപായവും മനസ്സിലാക്കിത്തരുന്നു.

17. അഭേദ്യമാംവിധം ഐക്യം പ്രാപിച്ചിട്ടുള്ള പ്രാപഞ്ചിക വസ്തു വിഷയാദികളിൽ നിന്നും മനസ്സിനെ എങ്ങനെയാണ് വേർപെടുത്തുക എന്ന പ്രശ്നം ഒരു സാധകനെ വലയ്ക്കുന്നുണ്ടാവാം. ബ്രഹ്മാവിനും തത്പുത്രന്മാരായ സനകാദികൾക്കും ഭഗവാൻ തന്നെ നല്കിയ സമാധാനം ഇതായിരുന്നു : മനസ്സിനെയും പ്രാപഞ്ചിക



വസ്തുക്കളെയും ഒരുമിച്ചു തന്നെ ദൂരെയെറിയുക. താൻ പരമാത്മാവാണെന്നു കരുതി നിസ്സംഗനായി, അഹംഭാവരഹിതനായി ഭഗവാന്റെ എല്ലാ ഗുണങ്ങളും ഉണ്ടെന്ന് സ്വയം നടിച്ച് ജീവിക്കുക. ഇതാണ് സാധനയുടെ പരമമായ പാഠം.

18. മനസ്സിൽ ഒരു ചിന്തയുമില്ലാത്ത അവസ്ഥയാണ് മനുഷ്യന് യഥാർത്ഥമായുള്ളത്, പക്ഷേ, അങ്ങനെയൊരു അവസ്ഥയിൽ വിശ്വസിക്കയോ അതുണ്ടാകണമെന്ന് ആഗ്രഹിക്കയോ ചെയ്യുന്നില്ല എന്നതാണ് ദുരന്തം. നാം നിത്യവും അല്പനേരമെങ്കിലും സാധന പരിശീലിക്കുകയാണെങ്കിൽ, മനസ്സിൽ ചിന്തകളൊന്നുമില്ലാതെ ബ്രഹ്മസ്വരൂപമെന്നോണം നിസ്സംഗമായി, ഒന്നിലും ഉൾപ്പെടാതെ, സർവകർമ സ്വതന്ത്രനായി, ബാഹ്യാവബോധരഹിതനായി പൂർണ മനഃസ്വസ്ഥത നേടാനാകും.

19. യശസ്സ്, നന്മ, സത്യം തുടങ്ങിയവയിൽ നിന്നും ഭിന്നമായി ഭഗവാനോ ആത്മാവോ മാത്രമാണ് പരമജീവിത ലക്ഷ്യം, ഈശ്വര സാക്ഷാത്കാരമാണ് നേടേണ്ടത് എന്ന് ഭഗവാൻ പ്രഖ്യാപിക്കുന്നു.

20. സാധകന്റെ മനസ്സ് അഭ്യസ്തമാകുമ്പോൾ സമദർശന ഭാവം കൈവരും. ആത്മാഹ്ലാദം ലഭിക്കും. എല്ലാ പരിതഃസ്ഥിതികളും ചുറ്റുപാടുകളും സാധനയ്ക്ക് അനുകൂലമാകയും പൂർണമായ സന്തോഷം ലഭിക്കയും ചെയ്യും.

21. ലോകവിഷയങ്ങളെപ്പറ്റി മാത്രം ചിന്തിച്ചിരുന്നാൽ മനസ്സ് അവയിൽ മുങ്ങിപ്പോകും; പരമസത്യത്തെപ്പറ്റി, ഈശ്വരനെപ്പറ്റി മാത്രം ചിന്തിച്ചിരുന്നാൽ മനസ്സ് പൂർണമായും ഭഗവന്നിഷ്ഠമാകും. പുരുഷൻ സ്ത്രീയെയും സ്ത്രീ പുരുഷനെയും സന്തത സമ്പർക്കത്തിന് സ്വീകരിക്കാതിരിക്കുക, അങ്ങനെ ചെയ്യുന്നവരുടെ സഹവാസവും ഒഴിവാക്കുക, അല്ലെങ്കിൽ വിഷമകരമായ സംഗബുദ്ധിയുണ്ടാകും. ഫലപ്രദമായ ഈശ്വരധ്യാനത്തിന് ഈ സഹവാസം ഒഴിവാക്കുക തന്നെ വേണം.

22. ജന്മാന്തരങ്ങൾക്കുശേഷം നമുക്കു ലഭിച്ച ഈ മനുഷ്യദേഹം സംസാരസാഗരം കടക്കാനുള്ള ഏറ്റവും ഉത്തമമായ നൗകയാണ്. ഗുരുവിനെ തോണിക്കാരനാക്കുക, അദ്ദേഹം നമ്മെ സമുദ്രം കടക്കാൻ സഹായിക്കും. തോണിക്ക് സുഗമമായി സഞ്ചരിക്കാൻ അനുകൂലമായ കാറ്റാണ് ഈശ്വരാനുഗ്രഹം. ഇങ്ങനെ വിശിഷ്ടമായ ഈ ശരീരവും അവസരവും മേൽപ്രകാരം വിനിയോഗിക്കാതിരിക്കുന്നത് ആത്മഹത്യക്കു സമാനമാണ്.

23. വിവിധ യോഗമാർഗങ്ങളെപ്പറ്റി ഉദ്ധവർക്ക് ചിന്താക്കുഴപ്പം ഉണ്ടായപ്പോൾ യോഗകാഠിന്യമൊന്നുമില്ലാതെ ഭഗവാനെ പ്രാപിക്കാനുള്ള ഒരു സുഗമ മാർഗം ഉപദേശിച്ചുതരാൻ ഭഗവാനോട് അഭ്യർത്ഥിച്ചു. ശ്രീകൃഷ്ണൻ പറഞ്ഞു:

i. ഭഗവത് സ്മരണയോടുകൂടി സ്വധർമങ്ങൾ അനുഷ്ഠിക്കയും അവയെല്ലാം ഭഗവാനു സമർപ്പിക്കുകയും ചെയ്യുക. ഭക്തന്മാരും സാധുജനങ്ങളും ഒത്തുകൂടുന്ന തീർത്ഥസ്ഥാനങ്ങൾ സന്ദർശിക്കുക. ദീപാവലി തുടങ്ങിയ ഉത്സവങ്ങൾ ഭഗവത് സങ്കീർത്തനാലാപത്തോടും നാമജപത്തോടുംകൂടി ആഘോഷിക്കുക.

ii. സർവ കർമങ്ങളും പൂർണമായി ഭഗവാനു സമർപ്പിക്കുന്നയാൾക്ക് ഭഗവത്കാരുണ്യവും അനശ്വരത്വവും ഭഗവത്പദവും സിദ്ധിക്കും.

24. ഭീഷണമായ ഈ കലിയുഗത്തിൽ, ഭഗവൽ സ്തുതികൾ ആലപിച്ചും ഭഗവന്നാപം ജപിച്ചും കേട്ടും ഈശ്വരസാക്ഷാത്കാരം നേടാം. നിത്യജീവിതത്തിലെ സകല കർമങ്ങളും ചെയ്തുകൊണ്ടുതന്നെ അനായസമായി നമുക്ക് ഭഗവത്പ്രാപ്തി നേടാൻ എത്രയും ലളിതമായ ഒരു ഉപായം ലഭിച്ചിരിക്കുന്ന നാം എത്ര ഭാഗ്യശാലികൾ!

115. ശ്രീമദ് ഭാഗവതം കേവലം ഒരു ഗ്രന്ഥമല്ല. ശബ്ദ (വാഗ്) രൂപത്തിലുള്ള ഭഗവദാവിഷ്കാരം തന്നെയാണ്. ഈശ്വരൻ അനന്തരൂപിയാണ്. ഭഗവത് ശബ്ദത്തിന് ബഹുവിധ അർത്ഥങ്ങളാണുള്ളത്, അതെല്ലാം



ശരിയുമാണ്; അവ സാധകന്റെ അഭിരുചിക്കും വാസനകൾക്കും കഴിവിനും അനുസൃതമായി വിവിധ തലത്തിലാണ് അവയുടെ അർത്ഥം കൈക്കൊള്ളേണ്ടത്. ഹിമാലയ സാനുക്കളിൽ, ഉത്തരപ്രദേശിൽ വസിഷ്ഠ ഗുഹയിൽ, ഗുരുവിന്റെ നിർദ്ദേശം അനുസരിച്ച് 1957–ൽ ഞാൻ ഭാഗവത സപ്താഹം ആരംഭിച്ചു. ഗുരുദേവന്റെ വർധിച്ച കാരുണ്യത്താൽ, വർഷം തോറും ഭാഗവത പാരായണം ആവർത്തിച്ചു നടത്തുന്തോറും പുതിയ അർത്ഥങ്ങൾ എന്റെ മനസ്സിൽ ഉദിച്ചുവരാൻ തുടങ്ങി. എന്റെ പല സുഹൃത്തുക്കളും പ്രേരിപ്പിച്ചതനുസരിച്ച് ഭാഗവത ചിന്തകളെ സമാഹരിച്ച് എഴുതാൻ ശ്രമിച്ചതിന്റെ ഫലമാണീ ഗ്രന്ഥം. എന്റേതായ ചില വ്യാഖ്യാനങ്ങൾ ചിലേടത്ത് ചേർത്തിട്ടുള്ളത് എന്റെ പരിമിതമായ ശാസ്ത്രജ്ഞാനത്തിന്റെയും വിവിധ സാധുക്കളിലും ഭക്തരിലും നിന്ന് സഹവാസവേളയിൽ ലഭിച്ച അറിവിന്റെയും അടിസ്ഥാനത്തിലാണ്. നമുക്ക്, ശ്രീമദ് ഭാഗവതത്തിലെ അവസാന ശ്ലോകം സ്മരിച്ചുകൊണ്ട് സർവ പാപങ്ങളും ഇല്ലാതാക്കുന്ന ഭഗവന്നാപം ജപിച്ചുകൊണ്ടും സകല സങ്കടങ്ങളും ക്ലേശങ്ങളും പരിഹരിച്ചുതരുന്ന ഭഗവാന് സമർപിച്ചുകൊണ്ടും ഇന്ദ്രിയാതീത ഈശ്വര സ്വരൂപമായ ഹരിയെ നമസ്കരിക്കാം.

**“ നാമസങ്കീർത്തനം യസ്യ സർവപാപപ്രണാശനം**
**പ്രണാമോ ദുഃഖശമനസ്തം നമാമി ഹരിം പരം.”**

**(ഭാഗവതം XII-13-23)**

☆

## *Other books authored by His Holiness*


- Sadhanas in Bhagvad Gita
- Fragrant Flowers: Soul-elevating Reminiscences of a Himalayan Monk
- The Quantum Leap into The Absolute
  (containing The Essence of Ashtavakra Gita)
- Jivanmukti: Liberation Here and Now
- Stories for Meditation
- Answers to Basic Spiritual Questions of Sadhaks
- Sri Lalita Sahasranama Stotram - An Insight
- Commentary on Siva Sahasranamam
- Instant Self-Awareness
- Sadhanas According To Yoga Vasishtha
- Golden Guidelines to Whom am I
- Infallible Vedic Remedies
- Musings of A Himalayan Monk




105. സാധനയുടെ പ്രാരംഭഘട്ടങ്ങളിൽ, സാധകൻ ഒരു പ്രത്യേക പരിതഃസ്ഥിതി അനുകൂലമാണെന്നും മറ്റൊന്ന് അസുഖകരമോ സാധനയ്ക്ക് പ്രതികൂലമോ ആണെന്നും മറ്റും വിവേചിക്കാറുണ്ട്. എന്നാൽ, മനസ്സ് വേണ്ടവിധം പരിഹാരം നേടുകയും സമദർശിത കൈവരികയും എല്ലാ സ്വത്തും സമ്പത്തും ത്യജിക്കുകയും സ്വാത്മരതനായിത്തീരുകയും ചെയ്തു കഴിഞ്ഞാൽ ഏതു സാഹചര്യവും ചുറ്റുപാടും അനുകൂലമായും സന്തോഷപ്രദമായും അനുഭവപ്പെടും.

106. സാധകൻ സ്വയം ധ്യാനലീനനായി ഭഗവന്നാമജപം, സങ്കീർത്തന ശ്രവണം തുടങ്ങിയവയിൽ മുഴുകി കഴിയുമ്പോൾ അയാൾക്ക് ചിത്തശുദ്ധി സാധ്യമാകുകയും ഭഗവാൻ എന്ന സൂക്ഷ്മതത്ത്വം ദർശിക്കുകയും ചെയ്യും. എന്നാൽ പ്രപഞ്ച വിഷയങ്ങളെപ്പറ്റി മാത്രം ചിന്തിക്കുന്നയാൾ ലോകമഗ്നനായും ഭവിക്കും. ഈശ്വരധ്യാനനിരതനായി കഴിയുന്നയാൾ പരമസത്യസ്വരൂപനായ ഈശ്വരനിൽ മുഴുകുകയും ചെയ്യും. ഫലപ്രദമായ ഈശ്വരധ്യാനത്തിന് ഒരാൾ പുരുഷനാണെങ്കിൽ സ്ത്രീയുടെയും സ്ത്രീയാണെങ്കിൽ പുരുഷന്റെയും സഹവാസം ഒഴിവാക്കണം. ഏകാന്തതയിൽ ഇരുന്ന് ധ്യാനിക്കണം. ബന്ധനത്തിലും കഷ്ടതയിലും എത്തിക്കുന്ന സ്ത്രീപുരുഷ ബന്ധത്തെപ്പോലെ മറ്റൊന്നും അത്ര ദോഷകരമാവില്ല. (ഭാഗവതം XI. 14-26, 27, 29, 30)

107. **"നൃദേഹമാദ്യാം സുലഭം സുദുർലഭം**
**പ്ലവം സുകല്പം ഗുരുകർണധാരം**
**മയാനുകൂലേന നഭസ്വതേരിതം**
**പുമാൻ ഭവാബ്ധിം ന തരേത് സ ആത്മഹാ."**

**(ഭാഗവതം XI-20-17)**

ഒരു മനുഷ്യശരീരം ഉണ്ടെങ്കിൽ മാത്രമേ എല്ലാ സാധനകളും നമുക്കു ചെയ്യാൻ കഴിയൂ. ഈ ദേഹം ഏറ്റവും സമർത്ഥമായ ഒരു വഞ്ചിയാണ്. ഗുരുവിനെ വഞ്ചിക്കാരനാക്കുക. അദ്ദേഹം സമുദ്രം തരണം ചെയ്യാൻ നമ്മെ നയിക്കും. ഈശ്വരാനുഗ്രഹം അനുകൂലമായ കാറ്റാണ്. അതുണ്ടെങ്കിൽ തോണിക്ക് സുഗമമായി സഞ്ചരിക്കാനും സംസാരസാഗരം

തരണം ചെയ്യാനും സാധിക്കും. ഈ തരത്തിൽ നാം നമ്മുടെ ശരീരത്തെ ഉപയോഗിക്കുന്നില്ലെങ്കിൽ അത് ആത്മഹത്യക്കു സമമാണ്.

108. സാംഖ്യ-ജ്ഞാന-ഭക്തിയോഗങ്ങളെപ്പറ്റി ശ്രീകൃഷ്ണൻ ഉപദേശിക്കുന്നതുകേട്ട് ഉദ്ധവരുടെ മനസ്സ് തളർന്നു. നിരാശനായി അദ്ദേഹം അവസാനം ഭഗവാനോട് ചോദിച്ചു – "ആത്മനിയന്ത്രണം സാധിക്കാത്ത ഒരാൾക്ക് അങ്ങ് ഉപദേശിച്ച ഈ യോഗമാർഗങ്ങളെല്ലാം പ്രയോഗിക്കാൻ പ്രയാസമാണ്. ഭഗവത്പ്രാപ്തിക്ക് ഒരു സുഗമ മാർഗം ഉപദേശിച്ചു തന്നാലും."

ശ്രീകൃഷ്ണൻ ഇങ്ങനെ വിശദീകരിച്ചു –

1. നിങ്ങൾ ഏതു ജോലിയിൽ ഏർപ്പെട്ടിരിക്കയാണെങ്കിലും ഭഗവാനെ നിരന്തരം സ്മരിച്ചുകൊണ്ട് സ്വധർമം നിർവഹിക്കയും അത് ഭഗവാന് സമർപ്പിക്കുകയും ചെയ്യുക. കർമഫലം എന്തായിരിക്കണമെന്നും അതിൽ സന്തോഷിക്കാമെന്നും പ്രതീക്ഷിച്ചിരിക്കാതെ കർമം സമ്പൂർണമായും ഭഗവാന് അർപ്പിക്കുക. ലോകത്തെ ഒരു ബാഹ്യ കേന്ദ്രത്തിൽ നിന്നുമുള്ള പ്രതിഫലം – സന്തോഷം തേടാതെ സ്വാത്മാവിൽ തന്നെ നിരതനായിരിക്കുക.

2. ഭക്തന്മാരും സാധുജനങ്ങളും ധാരാളമുള്ള ആശ്രമങ്ങളിലും അത്തരം സ്ഥലങ്ങളിലും പോകുക.

3. ദീപാവലി തുടങ്ങിയ സുദിനങ്ങൾ ഭജനയും ഭഗവന്നാമജപ സങ്കീർത്തനാദികളും സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള ഗാനങ്ങളും മറ്റും ഏർപ്പാടുചെയ്ത് ആഘോഷിക്കുക.

4. ഈശ്വരൻ സർവവ്യാപിയാണെന്നു കാണാൻ ശീലിക്കുക – ഉള്ളിലും പുറത്തും ഈശ്വരൻ തന്നെ. ബാഹ്യശരീരവും ഈശ്വരൻ, ആന്തരത്തിലും ഭഗവാൻ തന്നെ. എല്ലായിടവും ഈശ്വരമയം. പ്രാരംഭത്തിൽ ആ ഭാവന സാങ്കല്പികമായിരിക്കും. എന്നാൽ ക്രമേണ ഈ ബോധം യഥാർത്ഥമാണെന്നും എല്ലാറ്റിലും ഭഗവാൻ പ്രകാശിക്കുന്നു എന്നുള്ള വസ്തുത സത്യമാണെന്നും മനസ്സിലാകും. ഉന്നതകുല



ജാതനായ ബ്രാഹ്മണൻ, അധഃകൃതൻ, ചോരൻ, സംന്യാസി, അക്രമി, അഹിംസാവാൻ – ഇങ്ങനെ എല്ലാപേരും ഈശ്വര സൃഷ്ടികൾ തന്നെയാണെന്നും വ്യത്യസ്തരല്ലെന്നും സങ്കീർണമായ 'അഹം ബുദ്ധി' ഇല്ലാതെ സമദർശിതയോടെ വീക്ഷിക്കാൻ ഒരു ശീലം നാം വളർത്തിയെടുക്കണം. അസൂയ, വൈരം, ശത്രുത, ഉച്ച-നീച സങ്കല്പം, അഹന്ത ഇവയിൽ നിന്നെല്ലാം മോചനം കിട്ടാൻ ഈ വീക്ഷണം സഹായിക്കും. ഈശ്വരസാക്ഷാത്കാരത്തിന് ഈ സമദർശന മനോഭാവ പരിപോഷണവും സർവരിലും ഈശ്വരനെ ദർശിക്കലും പ്രധാന സാധനകളാണ്.

5. സ്വധർമം പരിപൂർണമായി ഭഗവാന് സമർപ്പിക്കുന്നയാൾക്ക് ഈശ്വരാനുഗ്രഹവും അനശ്വരത്വവും ഭഗവത് സാത്മ്യവും വേഗം നേടാൻ സാധിക്കുന്നതാണ്. (ഭാഗവതം XI. 29. 9-12, 14, 15, 34)

☆

# അധ്യായം 12

# ആശ്രയ സ്കന്ധം

109. സത്യം, കാരുണ്യം, ക്ഷമ തുടങ്ങിയ നന്മകളെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലിയുഗത്തിലെ ബഹുമുഖ പതനം വിവരിച്ചുകൊണ്ടാണ് ദ്വാദശസ്കന്ധം ആരംഭിക്കുന്നത്. ഈ യുഗത്തിൽ ഒരാളെ ഉന്നതജാതനാണെന്നു നിർണയിക്കാനുള്ള മാനദണ്ഡം സമ്പത്താണ്. നീതി നടത്തുന്നതിൽ നിർണായക ഘടകമായി വരുന്നത് ശക്തിയായിരിക്കും, അതാവും ശരിയും. വ്യാജ പ്രവൃത്തിയും വ്യാപാരാദികളും സമാനമാകും. ഉപവീതധാരണമൊഴികെ ബ്രാഹ്മണന് ഒരു മഹത്വവുമില്ലാ എന്നു വരും. ശകാര വാക്കുകൾ ധാരാളമായി പ്രയോഗിക്കാൻ കഴിഞ്ഞാൽ പണ്ഡിതനായി അംഗീകരിക്കപ്പെടും. മനുഷ്യർ ജീവിക്കുന്നത് ഭുജിക്കാൻ മാത്രമായി തീരും. പ്രശസ്തിയും അംഗീകാരവും നേടാനായിട്ടായിരിക്കും നന്മ കാണിക്കലും ധർമാചരണവുമെല്ലാം. ഭരണകർത്താക്കൾ ലോഭികളും ക്രൂരന്മാരും കൊള്ളക്കാർക്കു സമന്മാരുമായി അധഃപതിക്കും. സംന്യാസി മഠങ്ങൾ ഗൃഹത്തെപ്പോലെ ആനന്ദിക്കാനുള്ള സ്ഥലമാകയും ആശ്രമവും ഗൃഹവും തമ്മിൽ വ്യത്യാസമില്ലാതാകയും ചെയ്യും. ഇങ്ങനെ, കലിയുഗം പുരോഗമിക്കുമ്പോൾ, മനുഷ്യർ മൃഗതുല്യരാകുമ്പോൾ, തിന്മകൾ ഇല്ലാതാക്കാൻ വേണ്ടി ഭഗവാൻ കൽക്കി രൂപത്തിൽ അവതരിക്കും. അപ്പോൾ മുതൽ കൃതയുഗം ആരംഭിക്കും.

110. താൻ മരിക്കാൻപോണു എന്ന വിചാരം ഉപേക്ഷിക്കണമെന്നും അത് മൃഗങ്ങൾക്കുമാത്രം അനുയോജ്യമായ ചിന്തയാണെന്നും പറഞ്ഞ് ഏഴാം ദിവസം പരീക്ഷിത്ത് മഹാരാജാവിനായുള്ള ഭാഗവതോപദേശം ശ്രീശുകൻ ഉപസംഹരിക്കുന്നു. യഥാർത്ഥ ആത്മാവ് ഒരിക്കലും ജനിക്കുന്നില്ല, ഉണർന്നിരിക്കുന്ന അവസ്ഥയിലുള്ള മൃത്യു-ശാരീരിക മരണം – സ്വപ്നത്തിൽ സ്വശിരച്ഛേദം നടന്നതായി അനുഭവിക്കുന്നതുപോലെയാണ്. ആത്മാവ് ശരീരവുമായി ഒന്നുചേർന്നിരിക്കുന്നതല്ല. സാക്ഷി



മാത്രമാണ്, മരണം അതിനെ ബാധിക്കുന്നുമില്ല. ഇത് വൈദ്യുതി ബൾബിൽ നിന്നും വ്യത്യസ്തമായിരിക്കുന്നതുപോലെയാണ്. ബൾബ് തകർന്നു തരിപ്പണമായാലും വൈദ്യുതി അബാധിതമായിത്തന്നെയിരിക്കുന്നു. ഭഗവാൻ അന്യാദൃശമായ സ്വമായയാൽ മനസ്സിനെ സൃഷ്ടിച്ചിരിക്കുന്നു, ശരീര– മനസ്സുകളുടെ സമന്വയമായ ആത്മാവിനെ സാക്ഷ്യപ്പെടുത്താൻ നാം ഉദ്യമിക്കുന്നു, അങ്ങനെ ജനനമരണ ചക്രത്തിൽ കുടുങ്ങുകയും ചെയ്യുന്നു. പരീക്ഷിത്ത് മഹാരാജാവ് ശ്രീശുകനെ പ്രണമിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഭഗവാന്റെ മഹിമാനുവർണനം ഏഴുനാൾ കേൾക്കാൻ സാധിച്ചതുകൊണ്ട് സർവഭയ വിമുക്തനായിത്തീർന്നിരിക്കുന്നതായും പരമമായ ബ്രഹ്മാനന്ദം അനുഭവിക്കുന്നതായും പ്രഖ്യാപിക്കുകയും ചെയ്തു. ശ്രീശുകൻ പോയശേഷം, ബ്രഹ്മസാത്മ്യഭാവത്തിൽ ലീനചിത്തനായി ഭവിച്ച് ശരീരാവബോധം തന്നെ ഇല്ലാതായി; ശാപവിധി അനുസരിച്ച് സർപരാജനായ തക്ഷകൻ വന്ന് പരീക്ഷിത്തിനെ മാരക ദംശനമേല്പിച്ചു. ഏഴുദിവസം ഭഗവല്ലീലകൾ ശ്രവിച്ച് അനന്താനന്ദപദം നേടിയ പരീക്ഷിത്ത് രാജന്റെ അനുഭവം അന്യാദൃശമായ ഒന്നുതന്നെയാണ്.

111. **"കൃതേ യദ് ധ്യായതോ വിഷ്ണും ത്രേതായം യജതോ മഖൈഃ ദ്വാപരേ പരിചര്യായാം കലൗ തദ് ഹരികീർത്തനാത്."**

ഓരോ യുഗത്തിനും ജനങ്ങളുടെ ധാർമികതലം അനുസരിച്ച് ധർമത്തിന് ഉച്ച-അധഃ മാനദണ്ഡങ്ങളുണ്ട്; ഭഗവൽപ്രാപ്തിക്ക് അനുഗുണമായ നിർദ്ദേശവുമുണ്ട്. കലിയുഗത്തിന്റെ വിവിധ വൈകല്യങ്ങൾ വിവരിച്ച ശേഷം, വ്യാസൻ, ഈ യുഗത്തിൽ ഈശ്വരനെ അനായാസമായി പ്രാപിക്കുന്നതിനുള്ള മാർഗനിർദ്ദേശം നൽകി. അക്കാര്യത്തിൽ കലിയുഗം ഭാഗ്യദായകമാണെന്ന് പ്രശംസിക്കുന്നു. കലിയുഗം എല്ലാ തിന്മകളുടെയും കേദാരമാണെന്നു സമ്മതിക്കുന്നതോടൊപ്പം, വർത്തമാനകാല മനുഷ്യൻ ധാർമികമായ ചെളിക്കുണ്ടിൽ പതിക്കുന്നതിന് നാം സാക്ഷിയാകുന്നു. എന്നാൽ ഈശ്വര സാക്ഷാത്കരത്തിന് എല്ലാ സംഗങ്ങളിൽ നിന്നു മുക്തമാകാനും ഭഗവത് സംകീർത്തനം ചെയ്യാനും ഭഗവന്നാമജപം ചെയ്യാനും കേൾക്കാനും കലിയുഗം ഉത്തമ കാലമാണ്.

അങ്ങനെ കലിയുഗത്തിന് ഒരു വൈശിഷ്ട്യമുണ്ട്. മറ്റു പ്രകാരത്തിൽ പറഞ്ഞാൽ, കൃതയുഗത്തിൽ വിഷ്ണുധ്യാനം കൊണ്ടും ത്രേതാ യുഗത്തിൽ യാഗങ്ങൾ കൊണ്ടും ദ്വാപര യുഗത്തിൽ സമർപ്പണ പൂർവ മായ സേവനവും ആരാധനയും കൊണ്ടും ഒരാൾക്ക് എന്തെല്ലാം നേടാമോ അതെല്ലാം കലിയുഗത്തിൽ ഭഗവത് സംകീർത്തനം കൊണ്ടു സാധിക്കാം. എത്ര ലളിതം, നാം എത്ര വ്യത്യസ്ത ഭാഗ്യശാലികൾ, നമ്മുടെ ചുറ്റുപാടും തിന്മ വ്യാപിച്ചിരിക്കയാണെങ്കിൽക്കൂടി എത്ര അനായാസമായി ഈശ്വരപ്രാപ്തി നേടാം!

112. നാമരൂപ കല്പനയൊന്നും കൂടാതെ പരമാത്മാവിനെ സംബന്ധിച്ച് ഒരു സ്തുതിയോടുകൂടിയാണ് വ്യാസൻ ഭാഗവതം ആരംഭിക്കുന്നത്. ബ്രഹ്മസൂത്രത്തിലും ഉപനിഷത്തുകളിലും വിവരിക്കപ്പെട്ടിട്ടുള്ള വേദാന്തദർശനത്തിന്റെ സാരസർവസ്വമാണ് ആ സ്തുതി. ഭാഗവത ത്തിന്റെ സമാപ്തി ശ്ലോകത്തിലാകട്ടെ, വ്യാസ ഭഗവാൻ ഈശ്വര സാക്ഷാത്കാര പഥത്തിലുള്ള എല്ലാ വിഘ്നങ്ങളും പരിഹരിക്കാൻ ഭഗവന്നാമജപത്തിനു മാത്രമേ കഴിയൂ എന്നു പ്രസ്താവിക്കുന്നു. ഇപ്പോൾ, ഒരു കൈകൊണ്ടുതന്നെ പ്രപഞ്ചജീവിതത്തെ മുറുകെ പ്പിടിച്ചുകൊണ്ട് ഈശ്വര സാക്ഷാത്കാരം സാധിക്കണമെന്ന് ആൾക്കാർ ആഗ്രഹിക്കുന്നുവെങ്കിലും, ഭക്ഷണസമയത്തോ നടക്കുമ്പോഴോ യാത്രാ വേളയിലോ അടുക്കളയിൽ പാചകം ചെയ്യുമ്പോഴോ ഒക്കെ അനായാസം നിർവഹിക്കാവുന്ന ഭഗവന്നാമജപത്തിനുവേണ്ടി ബദ്ധപ്പെടാൻ മാനസി കമായോ ശാരീരികമായോ മടിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. സംസ്കൃത അക്ഷരമാലയിലെ ഓരോ അക്ഷരവും ലോകത്ത് ഈശ്വരന്റെ ആവിഷ്കാരം, ഓരോ ശക്തിപ്രകാശനമാണ്. ആദ്യാക്ഷര മായ 'അ' 'अ' അമൃതവർഷിണിയായ ശക്തിയാണ്. അത് ദീർഘകാലം ഉച്ചരിച്ചാൽ ദീർഘായുസ്സു ലഭിക്കും. മായാബീജത്തെ നിയന്ത്രിക്കാൻ ആവശ്യമായ ശക്തി പ്രദാനം ചെയ്യുന്ന ഈശാനിയെയാണ് 'ഈ' എന്ന അക്ഷരം പ്രതിനിധാനം ചെയ്യുന്നത്. അതിന് മായയെ ഇല്ലാതാക്കാനും ശക്തിയുണ്ട്. ഭഗവന്നാമങ്ങൾ എല്ലാം വിവിധ ശക്തിസംഘാതങ്ങളാണ്. അവയുടെ വീചികൾ മനസ്സിലേക്കും ശരീരത്തിലേക്കും നുഴഞ്ഞു കടക്കാനും ശുദ്ധമാക്കാനും ചുറ്റുമുള്ള വ്യാപകമായ അന്തരീക്ഷത്തെ



സംശുദ്ധീകരിക്കാനും ഒരു അതീതാവബോധ തലത്തിലേക്ക് - സമാധ്യവസ്ഥയിലേക്ക് നമ്മെ ഉയർത്തി ഈശ്വര സാക്ഷാത്കാരം സുസാധ്യമാക്കാനും ഇടവരുത്തുന്നു.

113. സാധനയിൽ ഏറ്റവും ലളിത ഉപായമായ ഒരു സന്ദേശമാണ് മുൻ ഖണ്ഡികയിൽ പറഞ്ഞത്. ആത്മീയ ശിക്ഷണവുമായി ബന്ധപ്പെട്ടതും ധാരാളം സമയം വേണ്ടതുമായ കഠിന വ്രതങ്ങളുടെ നിഷ്ഠകളാൽ ക്ലേശിക്കുന്നവർക്ക് ഇതിൽ നിന്നും വളരെ പ്രോത്സാഹനവും ഉത്തേ ജനവും ലഭിക്കുന്നതാണ്. മറ്റു നിത്യജോലികളുടെ തിരക്കുകളിൽപ്പെട്ടു കഴിയുന്നവർ ഭഗവന്നാമജപത്തിനായി വളരെ സമയമൊന്നും മാറ്റി വയ്ക്കേണ്ടതായിട്ടില്ല. ഒരു നിർദ്ദേശം: സാധ്യമാകുന്ന സമയത്തെല്ലാം ഈശ്വരനാമം കുറച്ചുനേരം ഉറക്കെ ജപിക്കുക; നാമാക്ഷരങ്ങളുടെ ശബ്ദതരംഗങ്ങൾ പ്രബലമായി നിങ്ങളുടെ മനസ്സിലും ശരീരത്തിലും കൂടി പ്രസരിക്കുകയും പുതിയ ഒരു ഉണർവ് നിങ്ങൾക്ക് നൽകുകയും ചെയ്യുന്നതാണ്. അധികം വൈകാതെ തന്നെ നിങ്ങൾ അതിൽ നിന്നു വിട്ടുമാറാനാകാത്ത അവസ്ഥയിലാകും. അപ്പോൾ നിങ്ങളുടെ മനസ്സിലെ നൈരാശ്യങ്ങളും വൈരാഗ്യവും മാറി അനിർവചനീയമായ മന ശ്ശാന്തിയും തന്മൂലം ജീവിതത്തിൽതന്നെ ദൃശ്യമായ പരിവർത്തനവും സംഭവിക്കുന്നതായി ബോധ്യപ്പെടും. ഇങ്ങനെ അനുഭവം ഉണ്ടാകുന്നെ ങ്കിൽ നാമജപത്തിനുള്ള സമയം കൂട്ടാം. നാമജപത്തിന്റെ പ്രാധാന്യം നിങ്ങൾ ഗ്രഹിക്കണം; ആത്മീയ പ്രഭാഷണങ്ങളിൽ പങ്കെടുക്കണം, സാധുജനസമ്പർക്കം നേടണം. ഇതൊന്നുമായില്ലെങ്കിൽ നിശ്ശബ്ദനാ യിരുന്ന് ഭഗവന്മഹിമയെപ്പറ്റി ചിന്തിച്ചു ധ്യാനിക്കുക. വിവിധ സ്കന്ധ ങ്ങളിലായി അനേകം ശിക്ഷണങ്ങളും സാധനകളും വിവരിക്കപ്പെട്ടി ട്ടുണ്ട്. അവയിലൊന്നും തന്നെ നിങ്ങൾക്ക് സ്വീകാര്യമായില്ലെങ്കിൽ, 'ആസന്നവിധി'യായ 'കലിയുഗ വിധി' 20-21 നൂറ്റാണ്ടുകളിലേക്ക് ഏറ്റവും ഉതകുന്നതായി കരുതി സ്വീകരിക്കുക; അനുഭവിക്കുക, ഫലം നേടുക. നിങ്ങൾക്കുവേണ്ടി വാതിൽ തുറക്കാൻ ഭഗവദനുഗ്രഹം കാത്തിരിക്കുന്നു.

114. നാം ആത്മീയാന്വേഷണത്തിന്റെ സമാപ്തിയിൽ എത്തിയിരിക്കുന്നു. നവമം മുതൽ ദ്വാദശം വരെയുള്ള സ്കന്ധങ്ങളിൽ സാധനയെ

ക്കുറിച്ചു പറഞ്ഞ മുഖ്യവിഷയങ്ങളെ ഒന്ന് അനുസ്മരിക്കുന്നത് പ്രയോജനകരമായിരിക്കും.

1. അന്യർ തന്നെ നശിപ്പിക്കാൻ പ്രകടമായി ശ്രമിച്ചാലും ഒരു യഥാർത്ഥ ഭക്തൻ പ്രതികരിക്കുകയില്ല; അഭ്യർത്ഥിച്ചില്ലെങ്കിൽക്കൂടി ഭഗവാൻ അത്തരം ഭക്തനെ നിശ്ചയമായും രക്ഷിക്കും. കാരണം അയാൾ തന്നെ ദ്രോഹിച്ചയാളിനോട് അപ്രിയമോ വിരോധമോ ശത്രുതയോ ഒന്നും വച്ചുപുലർത്തുകയില്ല.

2. ഒരു സാധകൻ ലൗകികന്മാരുമായുള്ള സഹവാസം എല്ലായ്പോഴും ഒഴിവാക്കും; തന്റെ ഇന്ദ്രിയങ്ങളെ പ്രപഞ്ച വിഷയങ്ങളിലേക്ക് തിരിച്ചുവിടുകയുമില്ല. തികഞ്ഞ ഏകാന്തതയിൽ വസിക്കുകയും ഈശ്വരനെ നിരന്തരം സ്മരിക്കുകയും എന്തെങ്കിലും സഹവാസം വേണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ തന്നെ സാധുക്കളുമായുള്ള സമ്പർക്കം മാത്രം പുലർത്തുകയും ചെയ്യുന്നതാണ്.

3. നെയ്യ് ഒഴിച്ചാലെന്നപോലെ ആളിക്കത്തുന്നതാണ് മാംസ നിബദ്ധ മായ ആഗ്രഹങ്ങൾ. മാതാവായാലും സഹോദരിയായലും പുത്രി യായാലും ഒരു സ്ത്രീയുമായുള്ള സഹവാസം സദാ പുലർത്തരുത്. എത്ര ദൃഢചിത്തനായ മനുഷ്യൻ പോലും ശക്തമായ വികാരങ്ങ ളാൽ വഴിതെറ്റിപ്പോകാൻ ഇടയുണ്ട്.

4. മനുഷ്യരാശിക്കുവേണ്ടി സ്വജീവൻ പോലും ബലികഴിക്കാൻ സന്നദ്ധനായ മഹാരാജാവ് രന്തിദേവൻ ഭരണകർത്താക്കളിൽ ഒരു വ്യത്യസ്ത ഭരണാധിപനായിരുന്നു. സ്വയം മരണമുഖത്തായിരു ന്നിട്ടുപോലും അന്യരുടെ സങ്കടവും സന്താപവും ഏറ്റെടുത്ത് അവർക്ക് സുഖം നല്കാൻ അദ്ദേഹം ആഗ്രഹിച്ചു.

5. ശ്രീകൃഷ്ണ ഭഗവാന്റെ കഥ ഒരു പുരാണവിഷയം മാത്രമാണെന്ന് നാം നിസ്സാരമായി തള്ളി വിചാരിച്ചാലും, ഭഗവാൻ മനുഷ്യരൂപത്തിൽ അവതരിച്ചതിന്റെ കഥയാണെന്ന സത്യത്തിൽ നിന്നും നമുക്ക് അകലാനാവില്ല. ഭഗവത് കഥകൾ കേൾക്കുന്ന സാധകന് വാസന



കളെ നിരോധിക്കാനും സമാധിയുടെ അതീതമായ ഉപബോധ തലത്തിലേക്ക് അനായാസം ഉയരാനും ക്രമേണ സാധിക്കുന്നതാണ്.

6. ശരീരവും ഇന്ദ്രിയങ്ങളും ഒരേ പ്രാരബ്ധങ്ങളിൽ (കർമവും വിധിയും) ഏർപ്പെട്ടിരിക്കെ, ആത്മീയ പരിണാമം സിദ്ധിച്ച ഒരാൾ എല്ലാത്തിനും കേവലം സാക്ഷിബോധം പുലർത്തിക്കൊണ്ടിരിക്കയും താൻ ചെയ്യുന്നു എന്ന അഹംബുദ്ധി ലേശവും ഇല്ലാതിരിക്കയും ചെയ്യും.

7. സ്വപ്രയത്നംകൊണ്ടു മാത്രം ഈശ്വരസാക്ഷാത്കാരം നേടാമെന്ന് ഒരു സാധകൻ ഒരിക്കലും വിചാരിക്കരുത്. ഈശ്വരാനുഗ്രഹമില്ലെ ങ്കിൽ ഒന്നും നേടാനാവില്ല. അതിന് പ്രാർത്ഥിക്കണം. സദാ പ്രാർത്ഥന യിൽ നിരതനാകണം.

8. ഭഗവാന്റെ ചോരണാദി സാഹസിക കഥകൾ മാത്രം കേട്ടാൽ പോലും, മനസ്സ് ഏകാഗ്രമാകയും ആ ശ്രദ്ധ സ്തേയ യോഗത്തി ലേക്ക് – മുക്തിയിലേക്ക് നയിക്കയും ചെയ്യും.

9. ഭഗവദനുഗ്രഹത്തിനായുള്ള നിരന്തരവും പ്രഗാഢവുമായ പ്രാർത്ഥന; സന്തോഷ സന്താപങ്ങൾ ഉളവാക്കുന്ന പ്രാരബ്ധാനുഭവങ്ങൾ; ഹൃദയപൂർവ്വം ഈശ്വര പ്രണാമം, മനോ വാക് കായങ്ങളാലുള്ള ഈശ്വര ചിന്ത – ഇത് ത്രിമുഖ സാധനയാണ് എന്ന് ബ്രഹ്മാവിന്റെ ഭഗവത് സ്തുതിയിൽ പ്രസ്താവിക്കുന്നു, അതിന് പ്രേരിപ്പിക്കുന്നു.

10. ഭഗവാന്റെ സുഖസന്തോഷാദികളിൽ ആഹ്ലാദിക്കുകയും തനിക്കു പ്രിയപ്പെട്ട ഭഗവാന്റെ വിഷമാവസ്ഥയിൽ തകരുകയും ചെയ്യുന്ന താണ് ഭവ്യമായ ഭക്തിക്കു തെളിവ്. ഇതിന് ഏറ്റവും നല്ല മാതൃക യാണ് ഗോപികമാർ.

11. 'രാസക്രീഡാ' കഥ, പ്രത്യേകിച്ചും, വർണിക്കുന്ന ഭാഗങ്ങൾ ആലപി ക്കയോ ശൃംഗാര ഭാവങ്ങൾ കേൾക്കുകയോ ചെയ്താൽ പൂർണ ലൗകിക മനുഷ്യർ പോലും ഭഗവാനിലേക്ക് ആകർഷിക്കപ്പെടുകയും

ഹൃദയത്തിലെ സമസ്ത 'രോഗ'ങ്ങളെയും ദൂരീകരിക്കയും ചെയ്യുന്നതാണ്.

12. ഒരു ജീവാത്മാവ് ഭഗവാന്റെ സ്തുതികൾ കേൾക്കാനിടയാകയാണെങ്കിൽ, അത് പരമാത്മാവുമായി ലയിച്ചുചേരാൻ ആത്മാർത്ഥമായും ആഗ്രഹിക്കും. ഈ ജന്മത്തിലോ ജന്മാന്തരങ്ങളിലൂടെയോ അവസാനം ആ ലക്ഷ്യം പ്രാപിക്കയും ചെയ്യും ഇതാണ് രുഗ്മിണി ഭഗവാന് അയയ്ക്കുന്ന സന്ദേശത്തിലും സ്വയംവരത്തിലും പ്രതീകവത്കൃതമായിരിക്കുന്നത്.

13. ഭഗവാനെ നിരന്തരം ഹൃദയപൂർവം ധ്യാനിക്കണം; അത് പ്രേമഭക്തികളോടുകൂടി ആയിരിക്കണമെന്നില്ല. ഭഗവാന്റെ നേർക്ക് കടുത്ത വൈരവും ശത്രുതയും സദാ പുലർത്തിയാൽ പോലും അത് മോക്ഷപ്രദമാകാം.

14. പരിശുദ്ധ ഭക്തിയിൽ കവിഞ്ഞൊന്നും ഭഗവാൻ ഭക്തനോട് ആവശ്യപ്പെടുന്നില്ല. ഒരു പർണം, ഒരു ഫലം, ഒരു ജലകണം എന്തും ഭക്തിപൂർവം സമർപ്പിച്ചാൽ മതി, ഭഗവാൻ സന്തോഷിക്കും.

15. നിമി രാജാവിന്റെ സന്ദേഹങ്ങൾ പരിഹരിക്കുന്നതിനിടയിൽ നവയോഗീശ്വരന്മാർ ഈശ്വരസാക്ഷാത്കാരത്തിന് സഹായകമായ ഏതാനും നിഷ്ഠകൾ വിവരിക്കുന്നുണ്ട്.

i. യഥാർത്ഥത്തിൽ ഇല്ലാത്ത ശരീരവുമായി നാം സാത്മ്യം നേടുകയും ഭയശോകാദികൾക്ക് അധീനപ്പെടുകയും ചെയ്യുന്നു. വിശ്വാത്മാവായ ഭഗവാനോട് പ്രാർത്ഥിച്ചു മാത്രമേ നമുക്ക് ഈ ഭയശോകങ്ങളിൽ നിന്നു മോചനം നേടാനാകൂ.

ii. നാം മനോവാക്കായങ്ങൾ കൊണ്ടും ഇന്ദ്രിയങ്ങൾ കൊണ്ടും ചെയ്യുന്ന സകല കർമങ്ങളും ഭഗവാനു സമർപ്പിക്കണം, ആ കർമങ്ങളുടെ യാതൊരു ഫലവും സ്വയം ആഗ്രഹിക്കാതെ. ഇങ്ങനെ ഭഗവത് സമർപ്പണമായി ചെയ്യുന്ന ഒരു കർമവും നമ്മെ ബന്ധിക്കുകയില്ല.



iii. ചഞ്ചലമായ മനസ്സിനെ നിയന്ത്രിക്കയും വിചാരമുക്തമാക്കുകയും വേണം.

iv. ഭഗവന്നാമങ്ങൾ യാതൊരു മടിയും കൂടാതെ ഉറക്കെ ജപിച്ചും സ്തുതികൾ പാടിയും കേട്ടും ജീവിത സംഗങ്ങളിൽ നിന്നും മുക്തനാവണം.

v. നദികളും സാഗരങ്ങളുമെല്ലാം പരമാത്മാവിന്റെ ആവിഷ്കാരങ്ങൾ തന്നെയാണെന്നു കരുതി അവയെ പ്രണമിക്കുന്നതുകൊണ്ട് നമുക്ക് അഹംഭാവരാഹിത്യത്തെ പരിപോഷിപ്പിക്കാം.

vi. ഭഗവാനെ നിരന്തരം ധ്യാനിക്കുന്നത് നമ്മിൽ ഭക്തി ഉളവാക്കും, നിർവികാരതയും ഭഗവദ്ജ്ഞാനവും നമ്മെ മോക്ഷപദത്തിൽ എത്തിക്കും.

vii. ഭക്തന്മാരിൽ ശ്രേഷ്ഠൻ –

എല്ലാ ജീവജാലങ്ങളും ആത്മസ്വരൂപങ്ങളാണെന്നും ഭഗവാൻ തന്നെയാണ് സർവാത്മാവ് എന്നും ധരിച്ച് എല്ലാറ്റിനെയും വീക്ഷിക്കണം, അങ്ങനെയുള്ളയാൾ; സ്വമനസ്സിൽ ഒരു ആഗ്രഹവും മുളയ്ക്കാതെ ഭഗവത് സമർപ്പണബുദ്ധിയോടെയിരിക്കുന്നയാൾ; ത്രിഭുവനങ്ങളിലെയും ഐശ്വര്യങ്ങളാൽ ആകൃഷ്ടനാകാതെ, ഒരു നിമിഷാർദ്ധം പോലും ഈശ്വരചിന്തയിൽ നിന്നും വ്യതിചലിക്കാതെയിരിക്കുന്നത് ആരാണോ അങ്ങനെയുള്ളയാൾ.

viii. സത്സംഗം ചെയ്ത്, സകലരോടും കാരുണ്യവും സൗഹൃദവും പരിപോഷിപ്പിച്ച്, സംശുദ്ധി, ക്ഷമ, വിനയം, മൗനം, ഋജുത, ശാസ്ത്രജ്ഞാനം, ബ്രഹ്മജ്ഞാനം, അഹിംസ, സമദർശനം, ഭഗവന്നാമജപം, ഭഗവദ് ധ്യാനം, സ്വകളത്രപുത്രാദികളെപ്പോലും ഭഗവദ് പാദങ്ങളിൽ സമർപ്പിക്കൽ എന്നിവയാൽ പ്രാപഞ്ചിക വിഷയങ്ങളിൽ നിന്നും മനസ്സിനെ സ്വതന്ത്രമാക്കി മായയിൽ നിന്നും മുക്തി നേടാം.

16. പ്രകൃതി മാതാവ് നമുക്ക് എത്രയോ ഗുരുക്കന്മാരെ കാണിച്ചു തരുന്നു; അവരിൽ നിന്ന് നമുക്ക് സാധകമായ ഒരു പാഠം പഠിക്കാം. അത് നമ്മെ പുരോഗമിപ്പിക്കും. അല്ലെങ്കിൽ എന്തെങ്കിലും പാടില്ല എന്നു മനസ്സിലാക്കിത്തന്ന് നമ്മുടെ ആത്മീയ പഥത്തിൽ നമ്മെ മുൻപോട്ട് നയിക്കും. ദത്താത്രേയ അവധൂതൻ 24 ഗുരുക്കന്മാരെ മാതൃകയാക്കുകയും ഭൂമിയിൽ നിന്നു ക്ഷമ പഠിച്ചതുപോലെ ഓരോ രുത്തരിൽ നിന്നും ഓരോ പാഠങ്ങൾ പഠിക്കാൻ സാധിക്കുന്നതെ ങ്ങനെയെന്നു വിവരിച്ചുതരികയും ചെയ്യുന്നു.

അവരിൽ പതിന്നാലു ഗുരുക്കന്മാർ - ഭൂമി, വായു, അന്തരീക്ഷം, ജലം, അഗ്നി, ചന്ദ്രൻ, സൂര്യൻ, മലമ്പാമ്പ്, സമുദ്രം, ശിശു, അമ്പ് ഉണ്ടാക്കുന്നയാൾ, എട്ടുകാലി, സർപ്പം, വേട്ടാവളിയൻ എന്നിവ സാധകപാഠങ്ങൾ പഠിപ്പിക്കുന്നു.

നാം ഒഴിവാക്കേണ്ട കാര്യങ്ങളാണ് ഏഴു ഗുരുക്കന്മാർ പഠിപ്പിക്കു ന്നത് - പ്രാവ്, ശലഭം, ഗജം, മാൻ, മത്സ്യം, കുരരപ്പക്ഷി, കന്യക.

അവശേഷിക്കുന്ന മൂന്നു ഗുരുക്കന്മാർ - പൂമ്പാറ്റ, മധുഹാരി, പിങ്ഗള എന്നിവർ സാധകവും നിഷേധകവുമായ പാഠങ്ങൾ പഠിപ്പിക്കുന്നു.

ഒരാൾ സ്വന്തം ശരീരത്തെയും നല്ല ഗുരുവായി കണക്കാക്കണമെന്ന് ഉപദേശിക്കുന്നു. വിവേചനവും നിസ്സംഗതയും പരിശീലിക്കാൻ സ്വയം നശിക്കുന്നതായ ശരീരം നിർവികാരത പഠിപ്പിക്കുന്നു; ഇന്ദ്രിയസുഖം ഉപേക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും പരമമായ മോക്ഷം നേടുന്നതിനുള്ള ഉപായവും മനസ്സിലാക്കിത്തരുന്നു.

17. അഭേദ്യമാംവിധം ഐക്യം പ്രാപിച്ചിട്ടുള്ള പ്രാപഞ്ചിക വസ്തു വിഷയാദികളിൽ നിന്നും മനസ്സിനെ എങ്ങനെയാണ് വേർപെടു ത്തുക എന്ന പ്രശ്നം ഒരു സാധകനെ വലയ്ക്കുന്നുണ്ടാവാം. ബ്രഹ്മാവിനും തത്പുത്രന്മാരായ സനകാദികൾക്കും ഭഗവാൻ തന്നെ നല്കിയ സമാധാനം ഇതായിരുന്നു : മനസ്സിനെയും പ്രാപഞ്ചിക





വസ്തുക്കളെയും ഒരുമിച്ചു തന്നെ ദൂരെയെറിയുക. താൻ പരമാ ത്മാവാണെന്നു കരുതി നിസ്സംഗനായി, അഹംഭാവരഹിതനായി ഭഗവാന്റെ എല്ലാ ഗുണങ്ങളും ഉണ്ടെന്ന് സ്വയം നടിച്ച് ജീവിക്കുക. ഇതാണ് സാധനയുടെ പരമമായ പാഠം.

18. മനസ്സിൽ ഒരു ചിന്തയുമില്ലാത്ത അവസ്ഥയാണ് മനുഷ്യന് യഥാർ ത്ഥമായുള്ളത്, പക്ഷേ, അങ്ങനെയൊരു അവസ്ഥയിൽ വിശ്വസി ക്കയോ അതുണ്ടാകണമെന്ന് ആഗ്രഹിക്കയോ ചെയ്യുന്നില്ല എന്നതാണ് ദുരന്തം. നാം നിത്യവും അല്പനേരമെങ്കിലും സാധന പരിശീലിക്കുകയാണെങ്കിൽ, മനസ്സിൽ ചിന്തകളൊന്നുമില്ലാതെ ബ്രഹ്മസ്വരൂപമെന്നോണം നിസ്സംഗമായി, ഒന്നിലും ഉൾപ്പെടാതെ, സർവകർമ്മ സ്വതന്ത്രനായി, ബാഹ്യാവബോധരഹിതനായി പൂർണ മനഃസ്വസ്ഥത നേടാനാകും.

19. യശസ്സ്, നന്മ, സത്യം തുടങ്ങിയവയിൽ നിന്നും ഭിന്നമായി ഭഗവാനോ ആത്മാവോ മാത്രമാണ് പരമജീവിത ലക്ഷ്യം, ഈശ്വര സാക്ഷാത്കാരമാണ് നേടേണ്ടത് എന്ന് ഭഗവാൻ പ്രഖ്യാപിക്കുന്നു.

20. സാധകന്റെ മനസ്സ് അഭ്യസ്തമാകുമ്പോൾ സമദർശന ഭാവം കൈവരും. ആത്മാഹ്ലാദം ലഭിക്കും. എല്ലാ പരിതഃസ്ഥിതികളും ചുറ്റുപാടുകളും സാധനയ്ക്ക് അനുകൂലമാകയും പൂർണമായ സന്തോഷം ലഭിക്കയും ചെയ്യും.

21. ലോകവിഷയങ്ങളെപ്പറ്റി മാത്രം ചിന്തിച്ചിരുന്നാൽ മനസ്സ് അവയിൽ മുങ്ങിപ്പോകും; പരമസത്യത്തെപ്പറ്റി, ഈശ്വരനെപ്പറ്റി മാത്രം ചിന്തിച്ചിരുന്നാൽ മനസ്സ് പൂർണമായും ഭഗവന്നിഷ്ഠമാകും. പുരുഷൻ സ്ത്രീയെയും സ്ത്രീ പുരുഷനെയും സന്തത സമ്പർക്ക ത്തിന് സ്വീകരിക്കാതിരിക്കുക, അങ്ങനെ ചെയ്യുന്നവരുടെ സഹ വാസവും ഒഴിവാക്കുക, അല്ലെങ്കിൽ വിഷമകരമായ സംഗബുദ്ധി യുണ്ടാകും. ഫലപ്രദമായ ഈശ്വരധ്യാനത്തിന് ഈ സഹവാസം ഒഴിവാക്കുക തന്നെ വേണം.

22. ജന്മാന്തരങ്ങൾക്കുശേഷം നമുക്കു ലഭിച്ച ഈ മനുഷ്യദേഹം സംസാരസാഗരം കടക്കാനുള്ള ഏറ്റവും ഉത്തമമായ നൗകയാണ്. ഗുരുവിനെ തോണിക്കാരനാക്കുക, അദ്ദേഹം നമ്മെ സമുദ്രം കടക്കാൻ സഹായിക്കും. തോണിക്ക് സുഗമമായി സഞ്ചരിക്കാൻ അനുകൂലമായ കാറ്റാണ് ഈശ്വരാനുഗ്രഹം. ഇങ്ങനെ വിശിഷ്ടമായ ഈ ശരീരവും അവസരവും മേൽപ്രകാരം വിനിയോഗിക്കാതിരിക്കുന്നത് ആത്മഹത്യക്കു സമാനമാണ്.

23. വിവിധ യോഗമാർഗങ്ങളെപ്പറ്റി ഉദ്ധവർക്ക് ചിന്താക്കുഴപ്പം ഉണ്ടായപ്പോൾ യോഗകാഠിന്യമൊന്നുമില്ലാതെ ഭഗവാനെ പ്രാപിക്കാനുള്ള ഒരു സുഗമ മാർഗം ഉപദേശിച്ചുതരാൻ ഭഗവാനോട് അഭ്യർത്ഥിച്ചു. ശ്രീകൃഷ്ണൻ പറഞ്ഞു:

i. ഭഗവത് സ്മരണയോടുകൂടി സ്വധർമങ്ങൾ അനുഷ്ഠിക്കയും അവയെല്ലാം ഭഗവാനു സമർപ്പിക്കുകയും ചെയ്യുക. ഭക്തന്മാരും സാധുജനങ്ങളും ഒത്തുകൂടുന്ന തീർത്ഥസ്ഥാനങ്ങൾ സന്ദർശിക്കുക. ദീപാവലി തുടങ്ങിയ ഉത്സവങ്ങൾ ഭഗവത് സങ്കീർത്തനാലാപത്തോടും നാമജപത്തോടുംകൂടി ആഘോഷിക്കുക.

ii. സർവ കർമങ്ങളും പൂർണമായി ഭഗവാനു സമർപ്പിക്കുന്നയാൾക്ക് ഭഗവത്കാരുണ്യവും അനശ്വരത്വവും ഭഗവത്പദവും സിദ്ധിക്കും.

24. ഭീഷണമായ ഈ കലിയുഗത്തിൽ, ഭഗവൽ സ്തുതികൾ ആലപിച്ചും ഭഗവന്നാമം ജപിച്ചും കേട്ടും ഈശ്വരസാക്ഷാത്കാരം നേടാം. നിത്യജീവിതത്തിലെ സകല കർമങ്ങളും ചെയ്തുകൊണ്ടുതന്നെ അനായസമായി നമുക്ക് ഭഗവത്പ്രാപ്തി നേടാൻ എത്രയും ലളിതമായ ഒരു ഉപായം ലഭിച്ചിരിക്കുന്ന നാം എത്ര ഭാഗ്യശാലികൾ!

115. ശ്രീമദ് ഭാഗവതം കേവലം ഒരു ഗ്രന്ഥമല്ല. ശബ്ദ (വാഗ്) രൂപത്തിലുള്ള ഭഗവദാവിഷ്കാരം തന്നെയാണ്. ഈശ്വരൻ അനന്തരൂപിയാണ്. ഭഗവത് ശബ്ദത്തിന് ബഹുവിധ അർത്ഥങ്ങളാണുള്ളത്, അതെല്ലാം



ശരിയുമാണ്; അവ സാധകന്റെ അഭിരുചിക്കും വാസനകൾക്കും കഴിവിനും അനുസൃതമായി വിവിധ തലത്തിലാണ് അവയുടെ അർത്ഥം കൈക്കൊള്ളേണ്ടത്. ഹിമാലയ സാനുക്കളിൽ, ഉത്തരപ്രദേശിൽ വസിഷ്ഠ ഗുഹയിൽ, ഗുരുവിന്റെ നിർദ്ദേശം അനുസരിച്ച് 1957–ൽ ഞാൻ ഭാഗവത സപ്താഹം ആരംഭിച്ചു. ഗുരുദേവന്റെ വർധിച്ച കാരുണ്യത്താൽ, വർഷം തോറും ഭാഗവത പാരായണം ആവർത്തിച്ചു നടത്തുന്തോറും പുതിയ അർത്ഥങ്ങൾ എന്റെ മനസ്സിൽ ഉദിച്ചുവരാൻ തുടങ്ങി. എന്റെ പല സുഹൃത്തുക്കളും പ്രേരിപ്പിച്ചതനുസരിച്ച് ഭാഗവത ചിന്തകളെ സമാഹരിച്ച് എഴുതാൻ ശ്രമിച്ചതിന്റെ ഫലമാണീ ഗ്രന്ഥം. എന്റേതായ ചില വ്യാഖ്യാനങ്ങൾ ചിലേടത്ത് ചേർത്തിട്ടുള്ളത് എന്റെ പരിമിതമായ ശാസ്ത്രജ്ഞാനത്തിന്റെയും വിവിധ സാധുക്കളിലും ഭക്തരിലും നിന്ന് സഹവാസവേളയിൽ ലഭിച്ച അറിവിന്റെയും അടിസ്ഥാനത്തിലാണ്. നമുക്ക്, ശ്രീമദ് ഭാഗവതത്തിലെ അവസാന ശ്ലോകം സ്മരിച്ചുകൊണ്ട് സർവ പാപങ്ങളും ഇല്ലാതാക്കുന്ന ഭഗവന്നാമം ജപിച്ചുകൊണ്ടും സകല സങ്കടങ്ങളും ക്ലേശങ്ങളും പരിഹരിച്ചുതരുന്ന ഭഗവാന് സമർപിച്ചുകൊണ്ടും ഇന്ദ്രിയാതീത ഈശ്വര സ്വരൂപമായ ഹരിയെ നമസ്കരിക്കാം.

**" നാമസങ്കീർത്തനം യസ്യ സർവപാപപ്രണാശനം**
**പ്രണാമോ ദുഃഖശമനസ്തം നമാമി ഹരിം പരം."**

**(ഭാഗവതം XII-13-23)**

☆